# മാസാദ്യവെള്ളിയാഴ്ച ധ്യാനങ്ങൾ.

824

x

14190.

✠

# മാസാദ്യ വെള്ളിയാഴ്ച ധ്യാനങ്ങൾ.

ക. നി. മൂ. സ.
തിരുഹൃദയ. ഇഗ്നാസിയോസച്ചൻ
ഭാഷാന്തരംചെയ്തതു്.

MANNANAM.
PRINTED AT THE ST. JOSEPH'S PRESS.
1949.

BR. ★ NATIONAL BOOK STALL ★ KOTTAYAM
SPCS LTD.

Reimprimatur

† James Kalacherry

Bp. Changanacherry.

*Changanacherry,*
*9—11—'48.*

# പ്രസ്താവന.

എല്ലായിടവകകളിലും ഒട്ടധികം വ്യക്തികളിലും ആധുനികകാലത്തു പ്രചരിച്ചിരിക്കുന്ന ഒരു ഭക്തികൃത്യമാണല്ലൊ ആദ്യവെള്ളിയാഴ്ച അനുഷ്ഠാനം. ഇതിൽ ധ്യാനം ഒരു പ്രധാനസ്ഥാനം വഹിക്കണം. ധ്യാനം ആത്മാവിന്റെ ജീവനാണ്. മനുഷ്യൻ നല്ലതെന്നു കാണുന്നതിനെ സ്വീകരിക്കയും തിന്മയെന്നു കാണുന്നതിൽനിന്നു അകലുകയും ചെയ്യുന്നു. നല്ലതേതാണെന്നും തിന്മയേതാണെന്നും അറിയുന്നതിനു സത്യങ്ങളെ ആരായണം. ഇതാണു ധ്യാനം. ധ്യാനം വഴിയായി നാം നമ്മുടെ അധോവസ്ഥയും ബലഹീനതയും ഗ്രഹിക്കയും അതിന്റെ പരിഹാരത്തിനുള്ള ആവശ്യകത അറിയുകയും ചെയ്യുന്നു. ഇതിനാണു ഈ ആദ്യവെള്ളിയാഴ്ച ധ്യാനങ്ങൾ ഉദ്ദേശിച്ചിരിക്കുന്നത്. ഇതുള്ള ധ്യാനപുസ്തകങ്ങൾ വിലക്കൂടുതൽകൊണ്ടു എല്ലാവർക്കും വാങ്ങിച്ചുപയോഗിക്കാൻ സാദ്ധ്യമല്ലാത്തതുകൊണ്ടും അതിൽനിന്നു വ്യത്യസ്തരീതിയിലുള്ള ഈ ധ്യാനങ്ങൾ ആ വലിയ പുസ്തകമുള്ളവർക്കും ഉപകരിക്കുമെന്നു കരുതിയു ഇതു പ്രസിദ്ധം ചെയ്യുന്നു. ഇതു വായിച്ചു ധ്യാനിച്ചു എല്ലാവരും അവരുടെ കടമകളെ നിർവ്വഹിക്കാൻ ദൈവം സംഗതിയാക്കട്ടെ. ഇതുപയോഗിക്കുന്നവർ ഈ പരിഭാഷകനുവേണ്ടിയും രണ്ടുവാക്കു നമ്മുടെ കർത്താവിനോടു ബോധിപ്പിക്കാറാകണമെന്നും അപേക്ഷിച്ചുകൊണ്ടു പ്രസ്താവന അവസാനിപ്പിക്കുന്നു.

## ഈശോമിശിഹാ കർത്താവിന്റെ പരിശുദ്ധതമ ഹൃദയത്തെ സംബന്ധിച്ച സംക്ഷിപ്ത വിജ്ഞാപനം.

സൽസ്വഭാവിയും സുകൃതനും ഉത്തമധർമ്മങ്ങളെ അനുഷ്ഠിക്കുന്നവനുമായ ഏതൊരു മനുഷ്യനും ഒരു ഉത്തമഹൃദയമുണ്ടായിരിക്കും എന്നു മാത്രമല്ല, അങ്ങനെയുള്ളവൻ അയാളിലുള്ള സൽഗുണങ്ങളെ ശേഷം മനുഷ്യരിലും ചിന്തുന്നതിനു പ്രയാസപ്പെട്ടുകൊണ്ടുമിരിക്കും. "നല്ല മനുഷ്യൻ തന്റെ ഹൃദയത്തിലുള്ള നല്ല നിക്ഷേപങ്ങളിൽനിന്നു നല്ലവയെ പുറപ്പെടുത്തുന്നു" എന്നെഴുതപ്പെട്ടിരിക്കുന്നു. (*) (ലൂക്കാ. ൬- അ. 45 വാ.) അപ്പോഴെ നന്മ ചെയ്യുവാനായി ഈ ലോകത്തിലേക്കു അവതരിക്കയും മനുഷ്യർക്കു നാനാവിധോപകാരങ്ങളെ ചെയ്യുവാനായി അവരോടുകൂടെ സഞ്ചരിക്കയും ചെയ്ത സർവ്വനന്മയും സൽഗുണങ്ങളും തന്നെയായിരിക്കുന്ന ദൈവവും മനുഷ്യനുമായ നമ്മുടെ കർത്താവീശോമിശിഹാ നമുക്കു ചെയ്യുന്ന അനുഗ്രഹങ്ങൾ എത്രയോ അളവില്ലാത്തതായിരിക്കും. ആകയാൽ സർവ്വഗുണങ്ങൾ നിറഞ്ഞതും എല്ലാവിധോപകാരങ്ങളെയും ചെയ്യുവാൻ വശമുള്ളതുമായ ഈശോയുടെ ദിവ്യഹൃദയത്തിൽ നിന്നു അതിന്റെ ഭക്തന്മാർക്കു അശിപ്പാൻ പാടില്ലാത്ത നന്മ ഏതാണുള്ളത്?

ഈ ആശംസയ്ക്കുള്ള ഒന്നാമത്തെ കാരണം, സ്നേഹം നിറഞ്ഞ ഈശോയുടെ ദിവ്യഹൃദയത്തിന്റെ സ്വഭാവം തന്നെയാകുന്നു. ഈശോയുടെ ദിവ്യഹൃദയം എന്താകുന്നുവെന്ന് നീ വല്ലപ്പോഴും ആലോചിച്ചിട്ടുണ്ടോ? അത് മനുഷ്യനായ ദൈവത്തിന്റെ ഹൃദയമാണ്. അത് അ

---

(*) Bonus homo de bono thesauro cordis sui profert bonum. (Luc. VI. 45)

...ന്റുത്തി പ്രകാരം ദൈവവചനത്തോടുതന്നെയും യോജിച്ചിരിക്കുന്ന ഒരു ഹൃദയമാണ്. അതു അനാദി മുതൽ ആ ദിവ്യവചനത്തിൽ മനുഷ്യരുടെ നേരെ കത്തിജ്വലിക്കുന്നതും മനുഷ്യരോടുകൂടെ സഹവസിച്ചു അവരിൽ ഒരുവനായി തീരുവാൻ തക്കവണ്ണം ഈ ലോകത്തിലേക്കു് ആ ദൈവയാളെ വരുത്തിയതുമായ പരിപൂൎണ്ണമായതും അറുതിയില്ലാത്തതുമായ സ്നേഹത്താൽ തിങ്ങി നിറഞ്ഞുകത്...കൊണ്ടിരിക്കുന്ന ഒരു ഹൃദയമാണ്. അതു ഈശോയുടെ ഏററം പരിശുദ്ധമായ ആത്മാവിന്റെ പവിത്രമായതും ഏററമുന്നതങ്ങളുമായ പക്ഷങ്ങളുടെ സ്വഭാവത്തിനടുത്തതും ...ത്തിനടുത്തതുമായ ഒരു കരുവാകുന്നു. ഈശോയ്ക്കു നമ്മുടെ നേരെ ജ്വലിച്ചെരിഞ്ഞിരുന്ന ആ പരിപൂൎണ്ണ സ്നേഹത്തിന്റെ സ്വാഭാവിക ഇളക്കങ്ങളെ പ്രത്യക്ഷീകരിക്കുന്ന ഒരു ഹൃദയമാണതു ...തിനാൽ അതു് നമ്മുടെ ദുഃഖങ്ങളെയും കഷ്ടതകളെയും നമുക്കു വന്നുകൂടുന്ന എല്ലാവക നിൎഭാഗ്യങ്ങളെയും ഗ്രഹിക്കയും നമ്മോടുകൂടെ സഹതപിക്കയും നമ്മെ ഏററം സ്നേഹിക്കയും നമ്മുടെ ഭാഗ്യത്തിന്മേൽ വളരെ താല്പൎയ്യം വസ്സുകയും ചെയ്യുന്ന ഒരു ഹൃദയമാണ്. ഈശോയുടെ ഹൃദയം നമ്മോടു ഏററം സ്നേഹവും വാത്സല്യവും ഔൽസുക്യവുമുള്ള പിതാവിന്റെയും, വിശ്വസ്ഥനായ സ്നേഹിതന്റെയും, സഹോദരന്റെയും, മണവാളന്റെയും ഹൃദയമാണ്. അതു സ്വൎഗ്ഗത്തിന്റെയും ഭൂമിയുടെയും രാജാവിന്റെ ഹൃദയമായിരിക്കകൊണ്ടു് ഇതുവരെയുമുണ്ടായിട്ടില്ല; ഇനി ഒരിക്കലും ഉണ്ടാകുവാൻ പാടില്ലാത്തവിധം മഹത്വവും, വല്ലഭത്വവും, ഔദാൎയ്യവും ഉള്ള ഒരു ഹൃദയമാണ്. ആകയാൽ അമിതമായും ഹൃദയപൂൎവ്വമായും മണവാട്ടിയെ സ്നേഹിക്കുന്ന മണവാളന്റെയും, പുത്രനെ സ്നേഹിക്കുന്ന പിതാവിന്റെയും, സ്നേഹിതനെ സ്നേഹിക്കുന്ന ബന്ധുവിന്റെയും, ഹൃദയത്തെക്കാൾ നമ്മുടെമേൽ ഏററം താല്പൎയ്യമുള്ളതും നമ്മുടെ മേലുള്ള സ്നേഹത്തിൽ നിലനിൽപ്പുള്ളതുമായ ഒരു ഹൃദയമാണ്. നമുക്കു എല്ലാ

ആത്മാത്തിലുമുള്ള ഉപകാരങ്ങളും ചെയ്തുതരുന്നതിന് ഏററം ഉത്സാഹമുള്ളതും അവയെ യാതൊരു വിഘ്നങ്ങളും വകവെയ്ക്കാതെയും ധാരാളമായും ചെയ്തുതരുവാൻ വശമുള്ളതുമായ ഒരു ഹൃദയമാണ്. അതു നിത്യപിതാവിന്റെയും ദിവ്യപുത്രന്റെയും പരിശുദ്ധ സ്നേഹമായിരിക്കുന്ന റൂഹാദ്ക്കുദാശായാൽ രൂപീകരിക്കപ്പെട്ട ഒരു ഹൃദയമാണ്. ആ ഹൃദയം സ്നേഹത്തിന്റെ ഏററം സൂക്ഷ്മമായതും ഫലസിദ്ധിയുള്ളതുമായ ചൈതന്യങ്ങളെ കൈക്കൊള്ളുവാൻ വേണ്ടി ഉണ്ടാക്കപ്പെട്ടതാകുന്നു. അതിൽ കത്തിയെരിഞ്ഞിരുന്ന സ്നേഹാഗ്നിയെ അടക്കിക്കൊള്ളുവാൻ വശമില്ലാതെ പുറത്തേക്കു കടത്തുന്നതിന് ഒരു വഴി കണ്ടെത്തുമാറു തുറക്കപ്പെടുന്നതിനും ആ തുറവിവഴിയായി അതിന്റെ ജ്വാലയെ ലോകമെങ്ങും വ്യാപിപ്പിച്ചു പരീക്ഷയിലും ദുഃഖങ്ങളിലും മനസ്താപത്തിലുമിരിക്കുന്ന മനുഷ്യാത്മാവുകൾക്കു ഒളിയൊളിപ്പാനുള്ള ഒരു ആശ്രയസ്ഥലവും, ആനന്ദസ്ഥാനവും, സമാധാനത്തിന്റെ തുറയുമായി തീരുവാൻ തക്കവണ്ണം ഒരു കുന്തത്താൽ കുത്തിത്തുറക്കപ്പെട്ടുവാൻ തിരുമനസ്സായ ഒരു ഹൃദയമാണ്. "ഞങ്ങൾ നിന്റെ വിലാവിൽ പ്രവേശിക്കുന്നതിനും, ലോകകലക്കങ്ങളിൽനിന്നു വേർപെട്ടു നിന്റെ ഹൃദയത്തിലും നിന്നിലും നിവസിക്കുന്നതിനും വേണ്ടി നിന്റെ തിരുച്ചങ്കു കുത്തിത്തുറക്കപ്പെട്ടു. ( * ) (കർത്താവിന്റെ കഷ്ടാനുഭവ പ്രസംഗകർത്താവു 3-ാം അദ്ധ്യായം.) ഇത്ര വലിയ ന്യായങ്ങളും ഗ്രഹിക്കുവാൻ പാടില്ലാത്തതും അളവില്ലാത്തതും ശക്തിയേറിയതുമായ സ്നേഹത്തിന്റെ ഉറവകളും ഒന്നിച്ചുചേർന്നു നില്ക്കുന്ന ദൈവത്തിന്റെ ഹൃദയത്തിൽനിന്നു ഒരു ക്രിസ്ത്യാനിക്കു ആശിപ്പാൻ അവകാശമില്ലാത്ത സംഗതി എന്താണുള്ളത്? നാം ഈശോയുടെ യോഗ്യതകളിൽ ശരണം പ്രാപിക്കുന്നു. ഈശോയുടെ ഹൃദയത്തിന്റെ

---

( * ) Ad hoc perforatum est Latus tuum, ut nobis patescat introitus, Ad hoc vulneratum

സ്നേഹംകൊണ്ടും, താഴ്മകൊണ്ടും, ക്ഷമകൊണ്ടും, അനുസരണകൊണ്ടും അവിടുന്നു നമുക്കായി സമ്പാദിക്കാത്ത യോഗ്യത എന്താണുള്ളതു്? നാം മ്ശിഹായുടെ കഷ്ടാനുഭവങ്ങളിൽ ആശ്വസിക്കുന്നു. അങ്ങുന്നു, പ്രത്യേകം അങ്ങേ ദിവ്യഹൃദയം നമുക്കുവേണ്ടി അനുഭവിക്കാത്ത പാടുകൾ എന്താണുള്ളതു്? മിശിഹാ അങ്ങേ തിരുശ്ശരീരത്തിൽ അനുഭവിച്ച മഹാപീഡകളൊക്കെയും അങ്ങുന്നു് അങ്ങേ ഹൃദയത്തിൽ അനുഭവിച്ച പാടുകളോടും പ്രാണവേദനകളോടും താരതമ്യപ്പെടുത്തുന്നതായാൽ ഏററം നിസ്സാരങ്ങളാണെന്നു പറയേണ്ടിയിരിക്കുന്നു. നാം അങ്ങേ തിരുരക്തത്തിൽ ആശ്രയിക്കുന്നു. എന്നാൽ അങ്ങേ തിരുശ്ശരീരം മുഴുവനും വ്യാപിച്ചിരുന്നതും അങ്ങുന്നനുഭവിച്ച ദുഃഖാധിക്യത്താൽ ജലധാരകണക്കെ ഒഴുകിയിരുന്നതും തൻെറ രക്തനാഡികളിൽനിന്നു പ്രവഹിച്ചിരുന്നതുമായ ആ ദിവ്യരക്തത്തിൻെറ ജീവനുള്ള വററാത്തയുറവ അങ്ങേ ദിവ്യഹൃദയമല്ലയോ? നാം മ്ശിഹായുടെ തിരുമുറിവുകളിൽ അഭയം പ്രാപിക്കുന്നു. അവിടത്തെ തിരുവിലാവിലെയും തിരുഹൃദയത്തിലെയും മുറിവുകളേക്കാൾ അവിടുത്തെ ദിവ്യപിതാവിൽനിന്നു പാപമോചനവും വരപ്രസാദവും ലഭിച്ചുതരുന്നതിനു ഏററം ശക്തിയുള്ളതും രക്ഷാകരവുമായ മുറിവു ഏതാണുള്ളതു്? ഈ മുറിവു് ഒരുപ്രകാരത്തിൽ നമുക്കുവേണ്ടി പ്രതിവാദിക്കയും ദീർഘശ്വാസം വിടുകയും ചെയ്യുന്നു. ആകയാൽ ഈ ഹൃദയത്തെ അറിഞ്ഞു്, അതിനെ സ്നേഹിച്ചു്, വിശ്വസ്തതയോടെ അതിനെ സംബന്ധിച്ച ഭക്തികൃത്യങ്ങളെ അനുസരിച്ചുവരുന്നവൻ ഭാഗ്യവാൻ. ഇങ്ങനെ ചെയ്യുന്നവൻ ഈ ലോകത്തിൽ ഉണ്ടായിട്ടുള്ളതിലും അഥവാ ഉണ്ടാകുവാൻ പാടുള്ളതിലും ഏററം മഹാനും

---

est Cor tuum, ut in illo et in te, ab exterioribus perturbationibus absoluti habitare possimus.

*(Auct. Sermo. de Pass: Dom. Cap. III)*

ദാനശീലനുമായ ഒരു രാജാവിൻെറയും, മുഴുഹൃദയത്തോടെ സ്നേഹിക്കുകയും ഉപകാരം ചെയ്കയും വിശ്വസ്തനായിരിക്കുകയും ചെയ്യുന്ന സ്നേഹിതൻെറയും, മണവാളൻെറയും, സഹോദരൻെറയും ഹൃദയത്തെ കണ്ടെത്തുന്നു. ഈ ഹൃദയം നാം അതിൻെറ അംഗങ്ങളായിരിക്കുന്ന, തിരുസഭയുടെ തലവൻെറ ഹൃദയമായിരിക്കകൊണ്ടു നമ്മുടെ ഹൃദയം തന്നെയായിരിക്കുന്നു; നമ്മുടെ ഹൃദയം ദൈവത്തെ സ്നേഹിക്കുന്നതിനു അതിമാന്ദ്യമുള്ളതായിരിക്കുന്നുപക്ഷം, യോഗ്യമാംവണ്ണം ദൈവത്തെ സ്നേഹിക്കുന്നതിനും സ്വീകരിക്കപ്പെടുവാൻ തക്കവണ്ണം ദൈവത്തോടു പ്രാർത്ഥിക്കുന്നതിനും യോഗ്യതയുള്ളതായിരിക്കുന്ന ഒരു ഹൃദയം നമുക്കുണ്ടായിരിക്കും. എൻെറ ദൈവത്തെ പ്രാർത്ഥിക്കുന്നതിനു എനിക്കു ഒരു ഹൃദയത്തെ ഞാൻ കണ്ടെത്തി., (രാജ. 2–ാം പുസ്തകം. 7–ാം അ. 27–ാം വാ.) "ഒരു രാജാവും സഹോദരനും ദയാശീല സ്നേഹിതനുമായ ഈശോയുടെ ഹൃദയത്തെ ഞാൻ കണ്ടെത്തി. തൻെറ ഹൃദയം എൻെറതായിരിക്കുന്നു. എന്തുകൊണ്ടെന്നാൽ മിശിഹായായിരിക്കുന്നു എൻെറ ശിരസ്സ്." (✻) (അതേ കർത്താവു, അവിടെതന്നെ.)

നമ്മെ ഈ ഭക്തിക്കു ആകർഷിക്കേണ്ട രണ്ടാമത്തെ ന്യായം ഈ ഭക്തിയുടെ ശ്രേഷ്ഠതയാണ്. ഇതു് അതിൻെറ സ്വഭാവത്താൽ സകലവിധ വരപ്രസാദങ്ങളും നൽകുവാൻ മിശിഹാകർത്താവിനെ നിർബന്ധിക്കുന്നതിനു് ഏററം തക്കതാകുന്നു. സാക്ഷാൽ ഈ ഭക്തിയുടെ താല്പര്യം എന്താകുന്നു? പ്രധാനമായ ഒന്നു്, ഉപമയില്ലാത്ത ദാനമായ പരിശുദ്ധ കുർബ്ബാനയെന്ന ദിവ്യകൂദാശയോടു പ്രതിനന്ദിയും സ്നേഹവും കാണിക്കുന്നതാകുന്നു. എന്നാൽ ഒരു സ്നേഹിതനിൽ നിന്നു കൈക്കൊണ്ടിരിക്കുന്ന ഉപകാരങ്ങളെക്കുറിച്ചു നന്ദി കാണിക്കുന്നതുപോലെ, പ്രത്യുതായ മനോഗുണങ്ങളെയും നന്മകളെയും ചെയ്തുതരുന്നതിനു

---

(✻) Inveni Cor meum ut orem Deum meum.

സ്നേഹിതനെ ഉത്സാഹിപ്പിക്കുന്നതും മറെറാന്നുമല്ല. ഈ പ്രതിനന്ദിയാണ് ഒരു സ്നേഹിതൻ അവനു ചെയ്ത ഉപകാരങ്ങൾക്കു പ്രതിസമ്മാനമായി പാത്തിരിക്കുന്നതു്. ഇതാണു് അവൻെറ അനുഗ്രഹങ്ങൾ സന്തോഷത്തോടെ കൈക്കൊണ്ടിരിക്കുന്നു എന്നു കാണിക്കുന്നതു്. ചുരുക്കത്തിൽ ഇതത്രെ സ്നേഹിതൻെറ സ്വഭാവത്തെയും ഹൃദയത്തെയും വിശാലമാക്കുകയും അതിൻെറ ഫലമായി അവൻെറ പ്രത്യേക ദാനങ്ങൾക്കും വരങ്ങൾക്കും നമ്മെ പാത്രവാന്മാരും യോഗ്യന്മാരുമാക്കിത്തീക്കുകയും ചെയ്യുന്നതു്. ഇതു് ഒന്നാമതായി നാം വല്ലതും ചെയ്യുന്നതിനു മുമ്പുതന്നെ നമ്മെ സ്നേഹിക്കുകയും അങ്ങേക്കുള്ള സവ്വവും ഇങ്ങേയററം [illegible]ത്തന്നെയും നമുക്കു തരികയും, അങ്ങേ സൃഷ്ടികളിൽനിന്നു സ്നേഹവും നന്ദിയുമല്ലാതെ മററു യാതൊരു പ്രതിഫലവും ഇച്ഛിക്കാതിരിക്കുകയും ചെയ്യുന്ന ദൈവത്തേയും ഈശോയുടെ ദിവ്യഹൃദയത്തേയും സംബന്ധിച്ചിടത്തോളം എത്രയോ വാസ്തവമായിരിക്കും. ആയതിനാൽ ആ ദിവ്യഹൃദയത്തോടു നന്ദിയുള്ളവരായിരിക്കുന്നുവെന്നതിൻെറ സാക്ഷ്യമായി നല്ലമനസ്സോടെ തൻെറ ദിവ്യദാനങ്ങളെ കൈക്കൊള്ളുകയും വിലവയ്ക്കുകയും ചെയ്യണം. അവിടുന്നു നമുക്കു ചെയ്ത അനുഗ്രഹങ്ങളെ ഫലിപ്പിക്കാതിരിക്കയില്ലാ എന്നു പ്രത്യക്ഷീകരിക്കുവാൻവേണ്ടി അവയെ ശേഷംപേക്കും ദാനം ചെയ്തുകൊണ്ടു് അവയ്ക്കു അനുയോജ്യമായി പ്രവത്തിക്കണം. അവിടുന്നു് നമ്മിൽ നിന്നു ആഗ്രഹിക്കുന്നതു് ഇതാണ്. ഈ അങ്ങേ ആഗ്രഹമനുസരിച്ചു നാം പ്രവത്തിക്കുന്നു എന്നുള്ള സംതൃപ്തി ഉണ്ടാകുവാൻവേണ്ടി നമ്മുടെ സ്നേഹത്തേയും നന്ദിയേയും അവിടുന്നു പ്രോത്സാഹിപ്പിപ്പാൻ ശ്രമിക്കയാണു ചെയ്യുന്നതു്.

---

*( 2 Reg. VII 27, )* Et ego inveni Cor regis, fratris et amici benigni Jesu. Cor illius meum est, quia caput meum Christus est. *(Id auct ibid.)*

ഈ ഭക്തിയുടെ വേറൊരു ഉദ്ദേശം, ഈശോയുടെ ദിവ്യഹൃദയത്തെ അതിന്റെ വ്യാകുലതയിലും സന്താപത്തിലും ആശ്വസിപ്പിക്കുന്നതാകുന്നു. ഒരു പിതാവു സന്താപത്തിലിരിക്കുന്നുവെന്നും, ആ സന്താപത്തിൽ സകലരും അയാളെ കൈവിട്ടുപേക്ഷിച്ചിരിക്കുന്നുവെന്നും വിചാരിക്കുക. ആ സ്ഥിതിയിൽ അവന്റെ ഒരു വാത്സല്യപുത്രൻ അതിൽ പങ്കുകൊള്ളുകയും ആ താപദ്വയങ്ങളിൽ അവന് ഇടവിടാതെ കൂട്ടായിരുന്ന് അവനെ ആശ്വസിപ്പിക്കുന്നതിനു ഓരോരോ ന്യായങ്ങളേയും ഉപശാന്തികളേയും കണ്ടെത്തുന്നതിനു പ്രയാസപ്പെടുകയും, അവനെ ആശ്വസിപ്പിക്കയും സഹായിക്കയും അതിനു വേണ്ട പോംവഴികളെ പ്രയോഗിക്കുന്നതിനു നിരന്തരം താല്പര്യപ്പെടുകയും ചെയ്യുന്നത് ആ പിതാവു അറിഞ്ഞാൽ ആ പുത്രന്റെ മേൽ പിതാവിന് ഒരു വിശേഷസ്നേഹവും വാത്സല്യവും തോന്നുകയില്ലയോ? നിശ്ചയമായി തോന്നും. എന്നുമാത്രമല്ല അവനുള്ള സ്വത്തുക്കൾ ഭാഗിക്കുമ്പോൾ ഈ വാത്സല്യമകനു ഒരു വിശേഷ ഓഹരി കൊടുക്കുകയും ചെയ്യും. ഇപ്രകാരം ദുഃഖങ്ങളുടെയും പീഡകളുടെയും സമുദ്രത്തിൽ എന്നപോലെ വ്രണപ്പെട്ടും യാതൊരു ആശ്വാസമില്ലാതെയും നന്ദിഹീനന്മാരായ തന്റെ മക്കളാൽ ഉപേക്ഷിക്കപ്പെട്ടുമിരിക്കുന്ന ഈശോയുടെ ദിവ്യഹൃദയം അതിനോടു സംഭാഷിക്കുന്നതിനും, അതിനെ ആശ്വസിപ്പിക്കുന്നതിനും അതിന്റെ സന്താനങ്ങളിൽ ഒരുവൻ ചെല്ലുന്നതായാൽ ആ മകനെ അതിന്റെ അളവില്ലാത്ത നിക്ഷേപങ്ങൾക്കും സ്നേഹവാത്സല്യങ്ങൾക്കും പങ്കുകാരനാക്കാതിരിക്കുന്നതല്ല.

ഈശോയുടെ ദിവ്യഹൃദയത്തിന്റെ ദൈവികസുകൃതങ്ങളെ കണ്ടുപിടിച്ചനുകരിക്കുന്നത് ഈ ഭക്തിയുടെ മുഖ്യോദ്ദേശ്യങ്ങളിൽ ഒന്നാണ്. ഈശോയുടെ ദിവ്യഹൃദയത്തിന്റെ സാധുത്വത്തെയും, താഴ്മയേയും, ദൈന്യതയെയും, സന്മനസ്സിനെയും, സ്നേഹത്തെയും തങ്ങളുടെ ഹൃദയത്തിൽ പകത്തുന്നതിനു താല്പര്യപ്പെടുന്നവരുടെ മേൽ ഈശോ പ്രത്യേക കടാക്ഷം വയ്ക്കുമെന്നതിനു സം

ശയമില്ല. അപ്രകാരം ചെയ്യുന്നവരുടെ ഹൃദയങ്ങളെ ഒരു മനോഹര പൂന്തോപ്പായി അവിടുന്നു കരുതും; അതിൽ വികസിക്കുന്ന പുഷ്പങ്ങളുടെ സൌരഭ്യം ഘ്രാണിച്ചു ആസ്വദിച്ചു രസിക്കും; അങ്ങേ തിരുവിലാവിൽനിന്നു പുറപ്പെടുന്ന അത്ഭുതജലംകൊണ്ട് അവിടുന്നുതന്നെ അതിന്നെ നനച്ചുവളർത്തുകയും, നാശത്തിൽനിന്നു കാത്ത് എല്ലായ്പോഴും വാടാത്തതും സുഗന്ധം വീശുന്നതുമായി കാക്കുകയും ചെയ്യും.

അവസാനമായി പറയാനുള്ളത്, ഈശോയുടെ തിരുഹൃദയഭക്തൻ, അത് പ്രത്യേകം, പീഠത്തിലെ ദിവ്യകൂദാശയിൽ ദിവസംപ്രതി സഹിക്കുന്ന നിന്ദാപമാനങ്ങളെയും ഉപദ്രവങ്ങളെയും പരിഹരിക്കുന്നതിന്നു കടപ്പെട്ടിരിക്കുന്നു. തിരുഹൃദയഭക്തന്റെ ചുമതല ഈ ദിവ്യഹൃദയത്തെ എത്രയോ അവന്നു അനുകൂലമുള്ളതാക്കിത്തീർക്കുകയും അവന്റെമേൽ അതിന്റെ അനുഗ്രഹങ്ങളെ പൊഴിയുന്നതിന്നു പ്രേരിപ്പിക്കുകയും ചെയ്യും. നമുക്കു വല്ല നാശമോ, വിപത്തോ, നമ്മുടെ സ്വത്തുക്കൾക്കൊ മാനത്തിനൊ ഏതെങ്കിലും ഹാനിയൊ വന്നുകൂടിയെന്നിരിക്കട്ടെ, ആ സന്ദർഭത്തിൽ നമ്മുടെ ഒരു ബന്ധു നമുക്കു വന്നുകൂടിയ നഷ്ടങ്ങളെ തീർക്കുന്നതിന്നും വിപത്തിനെയും മററും ഒഴിക്കുന്നതിന്നുമുള്ള ചുമതല അവന്റെമേൽ ഏററുവെന്നു വന്നാൽ, അവനെ നാം നമ്മുടെ സാക്ഷാലുള്ള ബന്ധുവായും പ്രത്യേക സ്നേഹിതനായും ഗണിക്കാതിരിക്കയില്ല. ഈ സ്നേഹിതന്റെ അതിശയനീയമായ യഥാർത്ഥ സ്നേഹത്തിന്നു യോഗ്യമായ പ്രതിസ്നേഹം കാണിപ്പാൻ നമ്മാൽ അസാദ്ധ്യമായിരിക്കയിൽ അയാൾക്കു ഇതുപോലെയുള്ള നാശങ്ങൾ നേരിട്ടാൽ, എന്തെല്ലാം കഷ്ടനഷ്ടങ്ങൾ നാം സഹിക്കേണ്ടിവന്നാലും, അവന്റെ മാനത്തെയും സ്ഥിതിയെയും അവനെത്തന്നെയും, പ്രതിപകരമായി ആദരിപ്പാൻ കടപ്പെട്ടവരായി വിചാരിക്കുമെന്നുള്ളതിന്നു സംശയമില്ല. അപ്രകാരം തന്നെ ആ മഹാ നന്ദികേടിനെക്കുറിച്ചു നമ്മെ കുററപ്പെടുത്തുകയും, മററൊന്നുകൊണ്ടുമ

ല്ലായെങ്കിൽ ദുഷ്ടാത്മാവെന്നു പറയപ്പെടാതിരിപ്പാൻവേണ്ടിയെങ്കിലും ഒരുപ്രകാരം യോജിക്കത്തക്ക വിധത്തിൽ പ്രതിനന്ദി കാണിക്കാൻ നാം നിർബന്ധിതരാകും. ഇപ്രകാരം നിചമനുഷ്യരായ നാം വിചാരിക്കയും പ്രവൃത്തിക്കയും ചെയ്യുന്നുവെങ്കിൽ കൂടെക്കൂടെ ഈശോയെ ചെന്നു സന്ദർശിക്കയും ഭക്തിയോടുകൂടെ അങ്ങേ കൈക്കൊള്ളുകയും പള്ളിക്കടുത്ത വസ്ത്രാദികളെയും അലങ്കാരങ്ങളെയും അതിമോടിപിടിപ്പിച്ചുകൊണ്ടു അങ്ങേ പുറമേയുള്ള സ്തുതിയെ വർദ്ധിപ്പിക്കയും വിശ്വാസികളുടെ ഹൃദയങ്ങളിൽ അങ്ങയെക്കുറിച്ചു കൂടുതൽ ബഹുമാനം വരുത്തുകയും ചെയ്തുകൊണ്ട് അങ്ങേ തിരുഹൃദയം നാനാവിധത്തിലും, പ്രത്യേകം ഈ കാലങ്ങളിലും, സഹിക്കുന്ന നിന്ദാപമാനങ്ങളെ പരിഹരിപ്പാൻ താല്പര്യപ്പെടുന്നവരോടു കുറഞ്ഞ നന്ദിയെ കാണിക്കയുള്ളുവെന്നു വിചാരിപ്പാൻ പാടുണ്ടോ? നിശ്ചയമായി അവിടുന്ന് നമ്മെക്കാൾ കുറഞ്ഞ പ്രത്യുപകാരം ചെയ്യുന്നവനായി കാണപ്പെടുവാൻ മനസ്സാകുകയില്ല. പിന്നെയോ, നമ്മെ നമ്മുടെ അവശ്യങ്ങളിൽ അങ്ങേ ദിവ്യഹൃദയത്തിൽനിന്നു പുറപ്പെടുന്ന സന്തോഷാധിക്യത്തെ നല്കിക്കൊണ്ടെങ്കിലും പ്രത്യുപകാരം ചെയ്യും; നിശ്ചയം. ആ സന്തോഷമാകട്ടെ, നിലനില്പാത്തതും വ്യാജമായതുമായ ഈലോകഭാഗ്യങ്ങളൊക്കയുംകാൾ കൂടുതൽ ആനന്ദത്തെ നൽകുന്നതായിരിക്കും.

അതിനാൽ ധൈര്യപ്പെടുവിൻ; ഈ തിരുഹൃദയഭക്തികൃത്യങ്ങളെ അനുസരിപ്പാൻ തുടങ്ങുവിൻ; ഈ ഹൃദയം എത്രയോ മാധുര്യവും സ്നേഹവും നിറഞ്ഞതാണെന്നു ഒരു പ്രാവശ്യമെങ്കിലും പരീക്ഷിച്ചു നോക്കുവിൻ, ആരംഭിപ്പിൻ, മനോവിശ്വാസംവെപ്പിൻ, ധൈര്യം അവലംബിപ്പിൻ, അതെ തൻെറ വാഗ്ദത്തത്തിന്മേൽ സ്വല്പംപോലും അവിശ്വാസം കാണിക്കുന്നേതു് തന്നോടു പ്രവർത്തിക്കുന്ന വലിയ നിന്ദയാണ്, അതു തൻെറ തിരുഹൃദയത്തെ വളരെ വേദനപ്പെടുത്തുന്നതാകുന്നു. ഈ ഭക്തിയിൽ നിന്നുള്ള അനവധിയായ ഫലങ്ങളെ കൈക്കൊ

ള്ളുന്നതിനു ഞാൻ ഉപദേശിക്കുന്ന അവസാനമാൎഗ്ഗം ഈ വിശുദ്ധ ദൃഢവിശ്വാസമാണ്. ഈശോമിശിഹാതന്നെ അങ്ങേ പരിശുദ്ധതമഹൃദയത്തോടു ഭക്തിയായിരിക്കുന്നവൎക്കു എല്ലാവിധത്തിലുമുള്ള ധാരാളമായ വരപ്രസാദങ്ങളെ വാഗ്ദാനം ചെയ്തിട്ടുണ്ടു്. ഇതിൽ കൂടുതൽ എന്താണ് ആവശ്യമുള്ളതു്. ഏതെല്ലാന്തരം വരപ്രസാദങ്ങളാണ് താൻ പറഞ്ഞൊത്തിരിക്കുന്നതെന്നു നിങ്ങൾ ചോദിക്കുമായിരിക്കും. അവയിൽ ചിലതു ചുവടെ കാണിക്കുന്നു:— അനുഗ്രഹത്തിന്റെ ആ ഉറവയിലേക്കു ഓടിച്ചെല്ലുന്ന പാപികളുടെ മനസ്സുതിരിവു. "എന്റെ ഹൃദയം, മനുഷ്യരെ നിത്യനാശത്തിൽനിന്നു മാററത്തക്ക ദൈവേഷ്ടപ്രസാദങ്ങളടക്കികൊള്ളുന്ന നിക്ഷേപമാകുന്നു; അതുകൊണ്ടു അവരെ സമ്പന്നരാക്കുവാൻവേണ്ടി അവൎക്കു അതിനെ പ്രത്യക്ഷമാക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു" എന്നു വിശുദ്ധ മൎഗ്ഗരീത്ത അലക്കോക്കിനോട്ട് ഈശോകത്താവു അരുളിച്ചെയ്യുകയുണ്ടായി. (ജീവചരിത്രം ൧൦-ാം പുസ്തകം ൭൧-ാം നിൎത്തു.) സ്വൎഗ്ഗീയസ്നേഹത്തിന്റെയും നിത്യരക്ഷയുടെയും പുണ്യപൂൎണ്ണതയുടെയും വരപ്രസാദങ്ങൾ ഇതാ അവിടുന്നുതന്നെ അങ്ങേ ദാസിയോടു കല്പിക്കുകയും "എന്റെ ഹൃദയത്തിൽ സ്നേഹത്തിന്റെയും ദൈവവരപ്രസാദങ്ങളുടെയും അനുഗ്രഹത്തിന്റെയും പുണ്യപൂൎണ്ണതയുടെയും നിത്യരക്ഷയുടെയും നിക്ഷേപങ്ങൾ അവർ കണ്ടെത്തും" (൬-ാം പുസ്തകം ൩൫-ാം നിൎത്തു.) ശേഷമ്പേരെ മനസ്സുതിരിക്കുവാനും പുണ്യപ്പെടുത്തുവാനുമുള്ള വരങ്ങൾ. ആ വിശുദ്ധതന്നെ പറയുന്നു. "ആത്മരക്ഷയ്ക്കുവേണ്ടി വേല ചെയ്യുന്നവൎക്ക് ഈശോയുടെ ദിവ്യഹൃദയത്തോടു ഒരു നേൎമ്മയായ ഭക്തിയുണ്ടായിരുന്നാൽ ഏററം കഠിനഹൃദയങ്ങളെ ഇളക്കുന്നതിനും അതിശയിക്കത്തക്ക ഫലം വരുത്തുന്നതിനുമുള്ള വിദ്യ പ്രാപിക്കുന്നതാകുന്നു. (൩-ാംപുസ്തകം ൪-ാംപുറം.) കാലത്തിനടുത്ത വരങ്ങളും ഇതു വഴിയായി ലഭിക്കും. "ലൌകികൎക്കു ഇതുവഴിയായി അവരുടെ കടമകളുടെ നിവൃത്തിക്കു ആവ

ശ്യമായ സഹായങ്ങളും കുടുംബങ്ങളിൽ സമാധാനവും, കഷ്ടതകളിൽ ആശ്വാസവും അവരുടെ എല്ലാ പ്രവൃത്തികൾക്കും സ്വർഗ്ഗീയാശീർവ്വാദങ്ങളും ലഭിക്കും." *(അവിടത്തന്നെ) "ആയുസ്സിന്റെ എല്ലാസമയങ്ങളിലും പ്രത്യേകം മരണസമയത്തും ആവശ്യമായിരിക്കുന്ന മനോഗുണങ്ങൾ കിട്ടും. ഈ ആരാധനയ്ക്കു പാത്രമായ ഹൃദയത്തിൽ അവരുടെ ജീവിതകാലത്തും പ്രധാനമായി മരണസമയത്തും ഒരാശ്രയസ്ഥലം അവർ കണ്ടെത്തും. നമ്മെ വിധിപ്പാനിരിക്കുന്ന അങ്ങെ പരിശുദ്ധ തമഹൃദയത്തോടു ഒരു സ്ഥിരമായ ഭക്തി വച്ചിട്ടു മരിക്കുന്നതു എത്രയോ മധുരമുള്ളതായിരിക്കും." (അവിടെത്തന്നെ) എന്തിനധികം വിസ്തരിക്കുന്നു. എല്ലാവിധന്മകളും ഈ ഭക്തിവഴിയായി പ്രാപിക്കും. അങ്ങേ ദാസിയോടു ഈശോകർത്താവു കല്പിച്ചതായതു്. "എന്റെ പരിശുദ്ധ ഹൃദയത്തോടു് ഭക്തിയായിരിക്കുന്നവരുടെമേലും വിശിഷ്യാ ഈ ഭക്തി പ്രചരിപ്പിക്കുന്നവരുടെമേലും എല്ലാവിധാനുഗ്രഹങ്ങളും ഞാൻ വർഷിക്കും, എന്നു ഞാൻ വാഗ്ദത്തം ചെയ്യുന്നു."

അപ്പോഴൊ നമ്മുടെ പുണ്യപൂർണ്ണതയും രക്ഷയും അനുഗ്രഹിക്കയും ഫലപ്രദമായി അതിനെ ദാനം ചെയ്കയും ചെയ്യുന്ന ഒരു ഹൃദയം ഇതാകുന്നുവെന്നു ഓർത്തുകൊണ്ടു മനോവിശ്വാസത്തോടെ ഈ ദിവ്യഹൃദയത്തോടു് അടുക്കുക. എന്നാൽ നിത്യസമാധാനവും ആശ്വാസവും ആനന്ദവും നാം കണ്ടെത്തും "നിന്റെ ഹൃദയത്തെ ഓർത്തു ഞങ്ങൾ നിന്റെ പക്കലേയ്ക്കു് അടുക്കുന്നു. അതു വഴിയായി ഞങ്ങൾ ആനന്ദിക്കയും സന്തോഷിക്കയും ചെയ്യും." * (കർത്താവിന്റെ കഷ്ടാനുഭവ പ്രസംഗകർത്താവു ൩-ാം അദ്ധ്യായം.)

---

* Accedamus ergo ad Te et exultabimus et leatabimur in Te, memores Cordis tui (*Auct. de Pass. Dom. Cap III.)*

# മാസാദ്യവെള്ളിയാഴ്ച ധ്യാനങ്ങൾ.

അനുഷ്ഠിക്കേണ്ടും ക്രമം.

ആണ്ടുവട്ടത്തിൽ വരുന്ന വെള്ളിയാഴ്ചകളിൽ വച്ചു അതാതു മാസത്തിന്റെ ആദ്യവെള്ളിയാഴ്ച ഈശോയുടെ തിരുഹൃദയത്തെ പ്രത്യേകവിധത്തിൽ ബഹുമാനിക്കുന്നതിനായിട്ടു നിയമിക്കപ്പെട്ടിട്ടുള്ള ഒരു ദിവസമാകുന്നു. അതിനാൽ ആദ്യവെള്ളിയാഴ്ചയുടെ തലേദിവസം തിരുഹൃദയഭക്തിയെയൊ കർത്താവിന്റെ കഷ്ടാനുഭവങ്ങളെയൊ പററി വിവരിക്കുന്ന ഏതെങ്കിലും ഒരു പുസ്തകം വായിച്ചുകൊണ്ടും ദിവ്യകാരുണ്യസന്നിധിൽ ആരാധന ചെയ്തുകൊണ്ടും അതിനായിട്ടു ആയത്തമാകേണ്ടതാകുന്നു. വെള്ളിയാഴ്ച രാവിലെ ഉണന്നാലുടനെ ആ ദിവസത്തിലെ നമ്മുടെ സകല പ്രവൃത്തികളെയും ഈശോയിക്കു കാഴ്ചവസ്തുകയും ആ തിരുഹൃദയത്തിന്റെ സ്തുതിക്കും ബഹുമാനത്തിനുമായി എല്ലാം പ്രതിഷ്ഠിക്കുകയും ചെയ്യണം; അനന്തരം കഴിയുന്നത്ര വേഗത്തിൽ ദേവാലയത്തിൽചെന്നു, ആരാധനയ്ക്കു പാത്രമായ ദിവ്യകാരുണ്യത്തിൽ ഈശോ അനുഭവിച്ചുവരുന്ന നാനാവിധ അപമാനങ്ങളെയും നിന്ദകളെയും പററി ഒരു വലിയ സഹതാപം, നാം ഈശോയെ വാസ്തവത്തിൽ സ്നേഹിക്കുന്നുവെങ്കിൽ, നമ്മിൽ വരുത്തുവാൻ പ്രയാസമുണ്ടാകുകയില്ല. അങ്ങനെ നാം സ്നേഹിക്കേണ്ടതിനുള്ള കാരണങ്ങളെ കുറഞ്ഞൊന്നു ഉററുചിന്തിക്കുന്നപക്ഷം, ആ സ്നേഹം നമ്മിൽ എളുപ്പം ഉജ്ജ്വലിക്കും. ആരാധനീയ പരിശുദ്ധ ദിവ്യകാരുണ്യം നിമിത്തം സർവ്വോപരി സ്നേഹത്തിനു യോഗ്യനായ ദിവ്യരക്ഷി

താവിൻെറ സന്നിധിയിൽ, നാം പ്രവത്തിച്ചിട്ടുള്ള തെററുകളെയും, ആ ദിവ്യകൂദാശയെ സന്ദശിക്കുന്നതിലും സ്വീകരിക്കുന്നതിലും നാം കാണിച്ചിട്ടുള്ള ഉപേക്ഷകളെയുംപററി പ്രത്യേകം കുററപ്പെടുത്തി കുമ്പസാരിക്കണം. പിന്നെ ആ പരിശുദ്ധ ദിവ്യകാരുണ്യത്തിൽ ഈശോ കത്താവിനോടു പാപികൾ പ്രവത്തിക്കുന്ന നിന്ദാപമാനങ്ങളെയെല്ലാം പരിഹരിക്കുകയും ഇല്ലാതാക്കുകയും ചെയ്യണമെന്നുള്ള പ്രത്യേകോദ്ദേശത്തോടെ ദിവ്യകാരുണ്യം ഉൾക്കൊള്ളണം. ഇതായിരിക്കണം ആദ്യവെള്ളിയാഴ്ചയിലെ ഭക്തികൃത്യങ്ങളുടെ ആത്മാവു അഥവാ പ്രധാനസംഗതി. ഇതിനുമുമ്പു ഈ ലഘുപുസ്തകത്തിലുള്ള ധ്യാനവിഷയങ്ങളെ വായിച്ചു ധ്യാനിക്കുന്നതു ഉത്തമമായിരിക്കും. അതിൻെറശേഷം ഇതിൻെറ അവസാനത്തിൽ ചേത്തിരിക്കുന്ന പരിഹാരജപം ചൊല്ലുന്നതു നല്ലതാണ്. ഇവകൾക്കും പുറമെ, അന്നേദിവസം താഴെപറയുന്ന കറിമാനങ്ങൾക്കായി ദിവ്യകാരുണ്യത്തിൽ എഴുന്നള്ളിയിരിക്കുന്ന ഈശോയെ അഞ്ചുപ്രാവശ്യം സന്ദശിക്കണം.

൧-ാമത്തെ സന്ദശനത്തിൻെറ ഉദ്ദേശം, ഈശോ ദിവ്യകാരുണ്യം സ്ഥാപിച്ചതിനാൽ നമ്മോടു കാണിച്ച അറുതിയില്ലാത്ത സ്നേഹത്തെക്കുറിച്ചു തനിക്കു ഉപകാരസ്മരണ ചെയ്യുന്നതിനും,

൨-ാമത്തെ കറിമാനം ഇത്രയധികംപ്രാവശ്യം ദിവ്യകാരുണം ഉൾക്കൊള്ളുവാൻ ഇടവരുത്തിയതിനെക്കുറിച്ചും അതുവഴിയായി നമുക്കു സിദ്ധിച്ച വിശേഷഉപകാരങ്ങളെക്കുറിച്ചും അങ്ങേക്കു സ്തോത്രം ചെയ്യുന്നതിനും,

൩-ാമത്തേതിൻെറ ഉദ്ദേശം അവിശ്വാസികളും പാഷാണ്ഡികളും അങ്ങയോടു കാണിക്കുന്ന പാപാക്രമങ്ങളെ പരിഹരിക്കുന്നതിനും,

൪-ാമത്തേതു വിശ്വാസികൾ തന്നെയും, അങ്ങയോടു കാണിക്കുന്ന ഭക്തിഹീനതയ്ക്കും ദൈവദ്രോഹത്തിനും പരിഹാരം ചെയ്യുന്നതിനായിട്ടും,

൫ ാമത്തെ സന്ദർശനം ദിവ്യകാരുണ്യം സ്ഥാപിച്ചിരിക്കുന്ന ദേവാലായത്തിൽ എഴുന്നള്ളിയിരിക്കുന്ന ഈശോമിശിഹായോടു കാണിക്കുന്ന സ്നേഹബഹുമാനാദി ഭക്തിക്കുറവുകളെ പരിഹരിക്കുന്നതിനായിട്ടും ആയിരിക്കണം.

കൂടാതെയും പരിശുദ്ധതമദിവ്യകാരുണ്യത്തിൽ ഈശോകർത്താവു നാനാപ്രകാരത്തിൽ അനുഭവിച്ചതും അനുഭവിച്ചു വരുന്നതുമായ ഉപദ്രവങ്ങളുടെയും മേനികേടുകളുടെയും പരിഹാരാർത്ഥം പ്രതിദിനം നീ അനുഷ്ഠിച്ചുവരുന്ന സൽകൃത്യങ്ങളോടുകൂടെ ഏതെങ്കിലും ദാനധർമ്മമോ, പ്രായശ്ചിത്തപ്രവൃത്തികളൊ അന്നേദിവസം ചെയ്യുന്നതു ഉത്തമമായിരിക്കും. നമ്മുടെ നന്ദികേടുകളെ തൃക്കൺ പാർത്തിട്ടും അതുകളെ അവഗണിച്ചുകൊണ്ടു നമുക്കു ഉപകാരപ്രദമായവകളെതന്നെ പ്രവർത്തിക്കുന്നതിനുമാത്രം ആലോചിക്കുന്ന അവിടത്തെ ഹൃദയമാഹാത്മ്യത്തെ അന്നേദിവസം കൂടക്കൂടെ ഓർത്തു ചിന്തിക്കണം. ഇതുകൾക്കെല്ലാം എത്രമാത്രം ആവശ്യമുള്ളവയാണു ഏകാന്തവും പരചിന്തയില്ലായ്കയും എന്നു പറയേണ്ടതില്ലല്ലൊ.

ഇവകൾക്കുപുറമേ, ഈശോയുടെമേലുള്ള സ്നേഹത്തിന്റെ സാധാരണഫലമായ പരസ്നേഹം, എല്ലാവർക്കുംവേണ്ടിയും പ്രത്യേകം തിരുഹൃദയ സഭാംഗങ്ങൾക്കുവേണ്ടിയും പ്രാർത്ഥിക്കാൻ ഈശോയുടെ തിരുഹൃദയത്തിന്മേൽ സ്വല്പമെങ്കിലും ഭക്തിയുള്ള സകലരേയും കടപ്പെടുത്തുന്നു. ആകയാൽ ഈ ഭക്തി അനുഷ്ഠിച്ചുവരുന്ന വട്ടക്കാരെല്ലാവരും തിരുഹൃദയഭക്തന്മാരായ ആ തെരഞ്ഞെടുക്കപ്പെട്ട ആത്മാക്കളുടെ സകല ആവശ്യങ്ങൾക്കായിട്ടും കുർബാന കാഴ്ചവെച്ചുകൊണ്ടും, ഈശോയെ സ്നേഹിക്കുന്നവരുടെ എണ്ണം പ്രതിദിനം വർദ്ധിച്ചുവരുന്നതിനും അവിടത്തെ പരമാർത്ഥമായി സ്നേഹിക്കുന്നവരുടെ ഹൃദയങ്ങളിൽ അവിടത്തെമേലുള്ള സ്നേഹം അധികമധികമായി ഉജ്ജ്വലിപ്പി

ക്കുന്നതിനായിട്ടും അപേക്ഷിച്ചുകൊണ്ടും പ്രതിമാസം ഓരോ കുർബാന ചൊല്ലണം. പട്ടക്കാരല്ലാത്തവർ ഈ യുദ്ദേശങ്ങൾക്കായി എല്ലാമാസവും ഓരോ കുർബാന കൈക്കൊള്ളപ്പാടു നടത്തണം. ഈ പ്രകാരം ചെയ്യുന്നതിനാൽ ആ പരസ്നേഹപ്രവൃത്തികൾക്കുള്ള യോഗ്യതയ്ക്കും പുറമെ, അധിഭക്തന്മാരും വലിയ എരിവോടുകൂടെ ഈശോയെ സ്നേഹിക്കുന്നവരും ആയ അനേകായിരം ജനങ്ങളും തങ്ങൾക്കുവേണ്ടി പ്രതിമാസം പ്രാർത്ഥിക്കുമെന്നുള്ള ഈ ഉപകാരംകൂടി തങ്ങൾക്കു സിദ്ധിക്കുന്നതാണ്. ഈ പരസ്നേഹപ്രവൃത്തിയിൽ ഈലോകത്തിലായിരിക്കയിൽ ഈ ഭക്തി അനുഷ്ഠിച്ചുവന്നശേഷം, ഇപ്പോൾ ശുദ്ധീകരണസ്ഥലത്തിൽ വേദന അനുഭവിക്കുന്ന ആത്മാക്കളെയും ഓർത്തു അവരുടെ ആശ്വാസത്തിനായിട്ടും കുർബാന ചൊല്ലുകയും സ്വീകരിക്കുകയും വേണം.

ഈ ഭക്തിയുടെ പ്രധാനോദ്ദേശം ഈശോയെ പരിപൂർണ്ണമായും തീഷ്ണമായും സ്നേഹിക്കുന്നതും അവിടത്തോടും ആരാധനയ്ക്കു യോഗ്യമായ ദിവ്യകാരുണ്യത്തോടും ചെയ്യപ്പെട്ടതും പ്രതിദിനം ചെയ്യപ്പെടുന്നതുമായ നിന്ദാപമാനങ്ങളെ കഴിയുന്നത്ര പരിഹരിക്കുന്നതും ആകുന്നു. ഇവ ശേഷംദിവസങ്ങളിലും അനുഷ്ഠിക്കാൻ മേലാത്തവണ്ണം ഒരു പ്രത്യേകദിവസത്തേക്കു മാത്രമായിട്ടുള്ളവയല്ലായെന്നും ഗ്രഹിച്ചിരിക്കേണ്ടതാണ്. ഈശോ എന്നും എല്ലാപ്പോഴും സ്നേഹിക്കപ്പെടേണ്ടവനാകുന്നു. അതുപോലെതന്നെ അവിടുന്നു ആ ദിവ്യകൂദാശയിൽ മനുഷ്യരാൽ നിന്ദിക്കപ്പെടുകയും അവിടത്തോടു മനുഷ്യർ അനാചാരം പ്രവർത്തിക്കുകയും ചെയ്യുന്നു. ആയതിനാൽ എല്ലാപ്പോഴും ഏതു സന്ദർഭത്തിലും ഏതുവിധ നിന്ദാപമാനപരിഹാരപ്രവൃത്തികളും അനുവർത്തിക്കുന്നതു യോഗ്യമായിട്ടുള്ളതാകുന്നു. ആകയാൽ മാസാദ്യവെള്ളിയാഴ്ച ഇവ ചെയ്യുവാൻ തരപ്പെടാതെ വരുന്നപക്ഷം മാസത്തിലെ ആദ്യ കുർബാന സ്വീകരണദിവസത്തിൽ ആദ്യവെള്ളിയാഴ്ച

നിറവേററുവാൻ അസാധ്യമായി ഭവിച്ച ആ സൽകൃത്യങ്ങളെ അനുവൎത്തിച്ചുവരുന്നതു ഒരു ക്രിസ്ത്യാനിക്കു യോജിക്കുന്നതായിരിക്കും.

---

## ധ്യാനവിഷയങ്ങൾ.

### 1-ാംധ്യാനം— ആരാധനജീവിതവൃത്തി.

വിഷയരൂപീകരണം— നമ്മുടെ ദിവ്യരക്ഷിതാവു് മഹാഭക്തിവണക്കത്തോടെ അങ്ങേ നിത്യപിതാവിൻെറ സന്നിധിയിൽ, അങ്ങെ തിരുമുഖം നിലത്തു പതിച്ചുകൊണ്ടു സാഷ്ടാംഗംവീണു കിടക്കുന്നതായി രൂപീകരിക്കുക.

ധ്യാനജപം— ദൈവദൂതന്മാർ ആരാധിക്കുകയും സ്വൎഗ്ഗീയശക്തികൾ അങ്ങേ സന്നിധിയിൽ വിറക്കുകയും ചെയ്യുന്ന പരമദൈവമെ, ഞാൻ അങ്ങെ സന്നിധാനത്തിൽ എപ്പോഴും ജീവിക്കുന്നതിനും ചരിക്കുന്നതിനും അനുഗ്രഹം നൽകുമാറാകണമെ.

1. ദൈവത്തെ ദൈവമായിട്ടു ആരാധിക്കണം. 2. ഈശോ മാത്രമേ; യോഗ്യമാംവണ്ണം ദൈവത്തെ ആരാധിക്കുന്നുള്ളു. 3. ഈശോയേയും നാം ആരാധിക്കണം.

1-ാം നിത്തു്. ദൈവത്തെ ആരാധിക്കയെന്നതു് അങ്ങെ അമിതമഹത്വവും അറുതിയില്ലാത്ത ഗുണസംപൂൎണ്ണതയും ഗ്രഹിക്കുന്നതും, അങ്ങേ മഹത്വത്തെ ഭക്തിപുരസ്സരം അനുസരിച്ചു നമസ്കരിക്കുന്നതും, അതേസമയം നമ്മുടെ ക്ഷീണതയേയും ഇല്ലായ്മയേയും സമ്മതിച്ചു പ്രവൎത്തിക്കുന്നതുമാകുന്നു. ഈവിധ ആരാധന സൎവ്വസചേതന സൃഷ്ടികളുടെയും മുഖ്യമായ കടമയാണു്. "നിൻെറ ദൈവമായ കൎത്താവിനെ നീ ആരാധിക്ക" (മത്തായി ൪).

(1) എന്നാൽ ദൈവത്തിൻെറ സ്വഭാവംനിമിത്തവും, നമ്മുടെ അവസ്ഥകൊണ്ടും നമ്മുടെ മേൽ ചുമത്തപ്പെട്ടിരിക്കുന്ന ഈ കടമയെ പരമാൎത്ഥമായി നിൎവ്വഹിക്കാൻ വിചാരപ്പെട്ടുന്നവർ ആരാണുള്ളത്? മഹോന്നത ദൈവമെ! എത്രയോ പരിതാപകരമായ കാഴ്ചയാണു ഭൂലോകം പ്രദൎശിപ്പിക്കുന്നത്. "ജ്ഞാനിയും ദൈവത്തെ അന്വേഷിക്കുന്നവനും ഉണ്ടോ, എന്നു കാണുന്നതിനു ദൈവം മനുഷ്യപുത്രന്മാരുടെമേൽ ആകാശത്തിൽനിന്നു സൂക്ഷിച്ചുനോക്കി. ഒരുത്തനേയും കണ്ടില്ല. സകലരും സത്യത്തിൻെറ വഴിയിൽനിന്നു തെററി വ്യൎത്ഥന്മാരായിത്തീൎന്നു" (2) എന്നു രാജൎഷിദീൎഘദൎശി പറയുന്നു. ഇപ്പോഴും ഭൂലോകത്തിൽ കാണുന്ന ദുഃഖകരമായ കാഴ്ച ഇതുതന്നെയല്ലയോ? ലോകത്തിൻെറ ചതുൎഭാഗങ്ങളിലേക്കു നിങ്ങളുടെ നേത്രങ്ങളെ ഒന്നുതിരിക്കുക. അവിടെ നിവസിക്കുന്ന അജ്ഞാനികളുടെയും, വിഗ്രഹസേവകന്മാരുടെയും, അവരുടെ അബദ്ധങ്ങളിൽ തിരുസഭ വിലപിക്കുന്ന പതിതരുടെയും, മതഭിന്നന്മാരുടെയും എണ്ണം അനവധിയാണ്. അവരോടുവേണ്ട അസംഖ്യമായുള്ള കത്തോലിക്കരോടു, അവർ അവരുടെ ചിന്ത എന്തിൽ വച്ചിരിക്കുന്നുവെന്നും അവർ എന്തു അന്വേഷിച്ചാണു നടക്കുന്നതെന്നും ചോദിക്കുക. ഹാ! ദുഃഖമെ, "എല്ലാവരും സത്യത്തിൻെറ വഴിയിൽനിന്നു തെററി വ്യൎത്ഥന്മാരായിതീൎന്നു" വെന്നു ഗ്രഹിക്കാൻ സംഗതിയാകും. വിശ്വസ്തതയുള്ള ആത്മാവേ! ഈ മഹാ അധൎമ്മത്തെക്കുറിച്ചു നിനക്കു പരിതാപം തോന്നുന്നില്ലയോ? സൃഷ്ടികൎത്താവിനോടു കാണിക്കുന്ന ഇത്ര വലിയ കൃതഘ്നതയെ പരിഹരിക്കാൻ നീ ഉൽസുകനാ

---

(1) Dominum Deum tuum adorabis.

(Math. IV.)

(2) Dominus de coelo perspecit super filios hominum ut videat si est intelligens et requirens Deum. Omnes declineverunt simul inutiles facti sunt. (Ps. . III.)

കാതിരിക്കുമോ? ഓ! എന്റെ ദൈവമെ, അങ്ങേ സാന്നിധ്യം സർവ്വത്ര വ്യാപിച്ചിരിക്കുന്നുവെങ്കിലും മനുഷ്യൻ അങ്ങെ വിസ്മരിക്കുന്നു; അങ്ങെ നിന്ദിക്കുന്നു; അങ്ങെ അവഗണിക്കുന്നു; അവിടുന്നു സദാ എന്നെ ഓർത്തുകൊണ്ടിരിക്കുന്നു. ഞാനോ എന്നാൽ നന്നാ അപൂർവ്വമായിട്ടുമാത്രമെ അങ്ങേ ഓർക്കുന്നുള്ളു. അങ്ങേ അത്യുന്നതമഹത്വസാന്നിധ്യത്തിലത്രെ ഞാൻ വ്യവഹരിക്കുന്നതെങ്കിലും അങ്ങേക്കു ദൈവാരാധന ചെയ്യേണ്ട എന്റെ കടമയെ വിസ്മരിച്ചു കാലംകഴിക്കുന്നു. ഫലങ്ങൾ:— ദൈവസന്നിധാനത്തിന്റെഓർമ്മ... വിനയം (modesty) ... നിങ്ങളുടെ വിനയം സകലരുടെയും നേത്രങ്ങൾക്കും പ്രത്യക്ഷമാകട്ടെ; എന്തുകൊണ്ടെന്നാൽ കർത്താവു സന്നിധനായിരിക്കുന്നു. (1)

2—ാംനിത്തു— യോഗ്യമാംവണ്ണം ദൈവത്തെ ബഹുമാനിക്കാൻ മനുഷ്യനെന്താണ്. ദൈവത്തിന്റെ അറുതിയില്ലാത്ത മഹത്വത്തേയും സൃഷ്ടിയുടെ ഇല്ലാഴ്മയേയും പരിപൂർണ്ണമായി ഗ്രഹിക്കുന്നവൻ ഒരു ദൈവമല്ലാതെ ആരുമില്ല. ഒരു ദൈവത്തിനു മാത്രമേ, ദൈവത്തിന്റെ അത്യുന്നതഗുണങ്ങൾക്കും സൃഷ്ടിയുടെ നികൃഷ്ടാവസ്ഥക്കും അനുരൂപമായ വിധത്തിൽ എളിമപ്പെടുവാൻ സാധിക്കുകയുള്ളു. ഇതാണു ഈശോ അങ്ങേ ഐഹികജീവിതത്തിൽ നിവൎത്തിച്ചതും ദിവ്യകാരുണ്യത്തിൽ ഇപ്പോഴും നിവൎത്തിച്ചുവരുന്നതും. ദിവ്യപീഠത്തിന്മേൽ ഈശോ എന്താണു ചെയ്യുകൊണ്ടിരിക്കുന്നതു? അങ്ങേ ദിവ്യഹൃദയം എന്തിലാണു ഉദ്യോഗപ്പെട്ടിരിക്കുന്നത്? അവിടുന്നു ആരാധിക്കുന്നു, ഇടവിടാതെ ആരാധിക്കുന്നു. രാവും പകലും അവിടുന്നു ആരാധിക്കുകയും കാലങ്ങളുടെ അവസാനംവരെയും ഈ ആരാധന പ്രവൎത്തി നിൎവ്വഹിക്കുകയും ചെയ്യും. ആ ആരാധന അതിനെ പ്രേരിപ്പിക്കുന്ന പക്ഷങ്ങൾകൊണ്ടു പൂർണ്ണമായതും അവിടത്തെ സജീവ അംഗങ്ങളും

(1) Dominus prope est. (Phil. IV. 5.)

യുള്ള സകല മനുഷ്യരുടെയും ശ്രേഷ്ഠമുള്ളതായതുകൊണ്ടു പൊതുവായതും അങ്ങേ താഴ്മ അറുതിയില്ലാത്തതായതുകൊണ്ടു അറുതിയില്ലാത്ത യോഗ്യതയുള്ളതും ആകുന്നു. ഈശോയുടെ ആരാധനയ്ക്കു ഒരു ദൈവികതത്വവും അവസ്സന്നീയയോഗ്യതയുമുണ്ടായിരിക്കുന്നു. ആയതിനാൽ ദൈവത്തെ യോഗ്യമാംവണ്ണം ആരാധിക്കാത്തതിനാൽ വിലപിക്കുന്ന ദൈവത്തെ സ്നേഹിക്കുന്ന ആത്മാവെ നീ ആശ്വസിക്കുക. ഈ അത്യുന്നതമായ ഉദ്യോഗം നിർവ്വഹിക്കാൻ യോഗ്യതയുള്ള ഒരു ഹൃദയം ഇതാകുന്നു. ആരാധനക്കാരൻ എന്നുള്ള നാമത്തിനു അർഹതയുള്ള ഹൃദയമാകുന്ന ഈശോയുടെ ഹൃദയം. നിന്റെ ആരാധന വിലയും നിലയും യോഗ്യതയും ഉള്ളതായി തീരുന്നതിനു അങ്ങേ ആരാധനയോടുകൂടെ നിന്റെ ആരാധനകളെ യോജിപ്പിക്കുക. ഓ! എന്റെ ദൈവമെ, അങ്ങേ ദിവ്യപുത്രനായ ഈശോമിശിഹാ വഴിയായി അങ്ങേ ഞാൻ ആരാധിക്കുന്നു. ഞാൻ അങ്ങേ അത്യുന്നത ആധിപത്യത്തേയും, നിസ്സീമപരിപൂർണ്ണതയേയും ആരാധിക്കുന്നു. സർവ്വഥാ (എല്ലാവിധത്തിലും) പരിശുദ്ധവും നീതിയുള്ളതുമായ അങ്ങേ ദിവ്യനിർദ്ദേശങ്ങളെ ഞാൻ ആരാധിക്കുന്നു. അങ്ങേ ദിവ്യബോധജ്ഞാനത്തിന്റെ ആദർശങ്ങളെയും അങ്ങേ ദിവ്യപരിപാലനയുടെ വ്യവസ്ഥകളെയും ഞാൻ ആരാധിക്കുന്നു. സ്തുതിയും ബഹുമാനവും അങ്ങേയ്ക്കു മാത്രമുള്ളതാകുന്നു.

3—ാംനിത്ത്— ഈശോമിശിഹായും നമ്മുടെ ആരാരാധനാവിഷയമാകേണ്ടതാകുന്നു. "മൂന്നു രാജാക്കന്മാർ ആരാധിച്ച ഈശോയെ തന്നെയാണ്, ഭൂലോകത്തിലേക്കുള്ള അങ്ങേ ആദ്യപ്രവേശനത്തിൽ മാലാഖമാർ ആരാധിക്കണമെന്ന് ആജ്ഞാപിക്കപ്പെട്ട ആ ദൈവത്തെ തന്നെയാണ് ദിവ്യകാരുണ്യത്തിൽ നാം ആരാധിക്കുന്നത് . . ." എന്നു ത്രെന്തോസ് പൊതുവാലോചനസംഘം നിർണ്ണയിച്ചിരിക്കുന്നു. എന്നാൽ പരിതാപമേ! ഈ സ്നേഹപൂരിതനായ രക്ഷകനെക്കുറിച്ചു വിചാരിക്കുന്ന ക്രിസ്ത്യാ

നികൾ എത്ര നന്നാ അപൂൎവ്വം. അവിടുന്നു നമ്മുടെ മദ്ധ്യേ സ്ഥിതിചെയ്യുന്നുവെങ്കിലും നാം അവിടത്തെ അറിയുന്നില്ല. അങ്ങേ തിരുഹൃദയം ഇടവിടാതെ നമ്മെ പ്രതിചലിക്കുന്നുവെങ്കിലും, അങ്ങേപററി നാം ചിന്തിക്കാൻപോലും മനസ്സാകുന്നില്ല. ഇല്ല, ഈശോമിശിഹായെ അറിയപ്പെടുന്നില്ല; അങ്ങെ സ്നേഹിക്കുന്നില്ല; അങ്ങേ സന്ദൎശിക്കുന്നില്ല; അങ്ങേ ബഹുമാനിക്കുന്നുമില്ല. അവിടുന്നു ലോകത്തിൻെറ വെട്ടവും, ദുഃഖിതരുടെ ആശ്വാസവും, സകലവിധ നിൎഭാഗ്യവാന്മാരുടെ സങ്കേതവും, ക്രിസ്ത്യാനികളുടെ ആയുസ്സും ആകുന്നു. എന്നു വരികിലും എല്ലാവരാലും ഉപേക്ഷിക്കപ്പെട്ടും, വിസ്മരിക്കപ്പെട്ടും തനിയെ ഇരിക്കുന്നു. പകലും തനിയെ; രാത്രിയിലും തനിയെ. ഈ ഏകാന്തവാസം കുഗ്രാമങ്ങളിൽ മാത്രമല്ല, ജനബാഹുല്യമുള്ള പട്ടണങ്ങളിലും അവിടുന്നു കഴിച്ചുകൂട്ടുന്നു. അങ്ങേ സന്നിധിയിൽ സഹായത്തിനുവേണ്ടി ചെല്ലുന്നവർ നന്നാ ചുരുക്കം, ഇവൎക്കു പകരം ഓ, ഈശോയേ! അങ്ങേ ആരാധിക്കാൻ ഞാൻ ഉദ്ദേശിക്കുന്നു. അങ്ങേ കൂടക്കൂടെ സന്ദൎശിക്കാനും എൻെറ അഭ്യൎത്ഥനകളെ അങ്ങയോടു ഉണൎത്തിക്കാനും ഞാൻ വരും. അതിൽ എൻെറ ആശ്വാസവും ശക്തിയും തേടിവന്ന് അങ്ങേ തിരുഹൃദയത്തിൽ പ്രവേശിക്കും. സാക്ഷാൽ ഒരു ആരാധനക്കാരനാകുവാൻ ഞാൻ മനസ്സായിരിക്കുന്നു, സത്യത്തിലും ആത്മാവിലും അന്തരംഗമായും ബാഹ്യമായും ഞാൻ അങ്ങേ ആരാധിക്കും.

ക്രിസ്ത്യാനി ആത്മാവേ, "നിൻെറ സൎവ്വശക്തിയോടെ ഈശോമ്ശിഹായെ സ്നേഹിക്കുന്നതിനും ആരാധിക്കുന്നതിനുമായി നിന്നിൽതന്നെ പലപ്പോഴും പ്രവേശിച്ച് ബോധം അടക്കി സംഭാഷിക്കുന്നതിനു നിൻെറ ഹൃദയത്തിൽ ഈശോയുടെ മേലുള്ള സ്നേഹത്തിൻെറ ഒരു പീഠം നിൎമ്മിക്കുക." (വി. മൎഗ്ഗരീത്താ അലക്കോക്കിൻെറ ജീവചരിത്രം.)

നീ ഈശോയെ ആരാധിക്കുന്ന ആരാധന കൂടുതൽ ഫലപ്രാപ്തിയുള്ളതായി തീരുന്നതിനുവേണ്ടി അങ്ങേ മാതാവായ മറിയത്തിൻെറ ആരാധനയോടുകൂടി ചേൎത്തു കഴിക്കുക. അവളുടെമേലുള്ള ആദരവുകൊണ്ടു അവളുടെ (മറിയത്തിൻെറ) അഭ്യൎത്ഥന ഫലസിദ്ധിയുള്ളതായിരിക്കും മാതാവിൻെറ അഭ്യൎത്ഥന പുത്രൻ സ്വീകരിക്കും. (വി. ബെൎന്നാർദ്ദ്) (1)

ധ്യാനഫലം— ദേവാലയത്തിലും പ്രാൎത്ഥനസമയത്തും വലിയ വിനയവും ഭക്തിയും ആചരിക്കുക. കുരിശു വരയ്ക്കുന്നതും മുട്ടുകുത്തുന്നതും മററും ബാഹ്യാരാധനയ്ക്കുടുത്ത ശേഷം പ്രവൃത്തികളും മഹാ വണക്കത്തോടും ഭക്തിയോടുംകൂടി ചെയ്യുക.

വായന. ക്രിസ്ത്വാനുകരണം 3-ാം പുസ്തകം 4-ാം അദ്ധ്യായം; 4-ാം പുസ്തകം 11-ാം അദ്ധ്യായം.

## 2-ാം ധ്യാനം- പരിഹാരജീവിതവൃത്തി.

വിഷയരൂപീകരണം- നമ്മുടെ പാപങ്ങൾ നിമിത്തം ജാതമായ ദുഃഖാധിക്യത്താൽ ഈശോമിശിഹാ ഗെത്സെമേൻ തോട്ടത്തിൽ മരണപ്രമാദം അനുഭവിക്കുന്നതായി രൂപീകരിക്കുക.

ധ്യാനജപം- ഓ, ഈശോയേ! ഞങ്ങളുടെ പാപങ്ങൾ അങ്ങുന്ന് കണ്ടപ്പോൾ അവിടുന്നു അനുഭവിച്ച ദുഃഖത്തിൻെറയും അതികഠിനവേദനയുടെയും ഒരു പങ്ക് എൻെറ ഹൃദയത്തിൽ ഞാനും അനുഭവിക്കുന്നതിനു കൃപ ചെയ്യണമെ.

(1) ഈശോയുടെ ദിവ്യഹൃദയം ദൈവത്തിനു യോഗ്യമായ പരിഹാരം ചെയ്യുന്നു. (2) ആ പരിഹാരം നിരന്തരമായതാണ്. (3) ആ ദിവ്യഹൃദയത്തോടു

---

(1) Exaudietur et ipsa pro reverentia sua exaudiet utique matrem Filium.

 14190.

ചെയ്യപ്പെടുന്ന നിന്ദാപമാനങ്ങളെ പരിഹരിക്കാൻ നാം ഉദ്യമിക്കണം.

1-ാംനിത്ത്— മനുഷ്യന്റെ പാപംമൂലം ഭൂമി ദുഷിച്ചു. സർവ്വത്ര പാപാക്രമം പ്രബലപ്പെട്ടു. ദൈവനീതിയെ ഉജ്ജ്വലിപ്പിക്കുകയും മനുഷ്യവർഗ്ഗത്തിന്മേൽ ഭയങ്കര ശിക്ഷകളെ വിളിച്ചുവരുത്തുകയും ചെയ്തിരുന്നു. തന്നിമിത്തം മനുഷ്യജാതിയുടെ രക്ഷണാർത്ഥം ഒരു പരിഹാരം അത്യാവശ്യമായി വന്നു ദൈവത്തെ ശാന്തതപ്പെടുത്താൻ തക്കവനായി ആരാണുള്ളതു? മനുഷ്യൻ പ്രകൃത്യാ ഇല്ലാഴ്മയും പ്രവൃത്തികൊണ്ടും മനസ്സുകൊണ്ടും ഒരു നികൃഷ്ട പാപിയുമാകുന്നു. തന്നിമിത്തം അവൻ ദൈവത്തിന്റെ ശത്രുവായിരിക്കകൊണ്ടു സ്വന്ത പാപങ്ങൾക്കുപോലും പരിഹാരം ചെയ്യുവാൻ അയോഗ്യനായിരിക്കുകയിൽ പലരുടെ പാപങ്ങൾക്കുവേണ്ടി എങ്ങനെയാണ് പരിഹാരം ചെയ്യുവാൻ സാധിക്കുന്നതു? കൂടാതെയും ദൈവത്തിനു യോഗ്യമായ പരിഹാരം ചെയ്യുവാൻ മനുഷ്യനെക്കൊണ്ടു സാധിക്കുന്നതുമല്ല. ആയതിനാൽ ദൈവപുത്രൻ നമ്മുടെ പ്രതിപുരുഷനായി നമ്മുടെ പാപത്തിനു പരിഹാരം വഹിച്ചു നമ്മെ രക്ഷിച്ചില്ലായെങ്കിൽ യാതൊരു നിവൃത്തിയുമില്ലാതെ നാം നശിക്കേണ്ടതായിരുന്നു. സർവ്വലോകത്തിന്റെയും രാജാവും, സകല മനുഷ്യരുടെയും പിതാവും, എല്ലാവരുടെയും ശിരസ്സും അഗ്രേസരനുമായ അവിടുന്നു നമ്മുടെ കാര്യം കയ്യേറ്റു. നമ്മുടെ എല്ലാവരുടേയുംപേർക്കു ഉത്തരവാദിയായിത്തീർന്നു. സകല മനുഷ്യരുടെയും പാപച്ചുമടു അങ്ങേമേൽ വഹിച്ചതിനാൽ അങ്ങെ ഹൃദയത്തെ അതു അത്യധികം ഭാരപ്പെടുത്തി. എന്റെയും പാപാക്രമങ്ങളുടെ ഭാരം അവിടുന്നു വഹിച്ചു. അവയെല്ലാം മഹാ വലിയ ഒരു ചുമടുപോലെ അങ്ങേ ഹൃദയത്തെ പീഡിപ്പിക്കയുണ്ടായി. ഇതിനാലാണു സങ്കീർത്തനക്കാരൻ "ഒരു മഹാഭാരംപോലെ അവ എന്റെമേൽ ചുമത്തപ്പെട്ടു" (1) എന്നു പറഞ്ഞിരിക്കുന്ന

---

(1) Sicut ouus gravitaverunt super me. (ps. 37.)

ളു്. അവിടുന്നു നമ്മുടെ പ്രതിപുരുഷനായി തീൎന്നതിനാൽ അവിടുത്തെ പരിഹാരം നമ്മുടെ എല്ലാവരുടേയും പേൎക്കുള്ളതായി തീൎന്നു. അവിടുന്നു പ്രകൃത്യാ പരിശുദ്ധനായിരിക്കുന്നതിനാൽ ആ പരിഹാരം അവശ്യം ദൈവത്തിനു അംഗീകാൎയ്യമായി ഭവിച്ചു. അവിടുന്നു ദൈവപിതാവിനോടു സമമുള്ളവനായിരുന്നാൽ ദൈവത്തോടു ചെയ്യപ്പെട്ട നിന്ദാപമാനങ്ങൾക്കു അനുരൂപവും സുസമ്മതവുമായ പരിഹാരമായിരുന്നു അതു്... അവിടുന്നു് പാപത്തിൻെറ തിന്മയും ഘനവും എല്ലാം നല്ലവണ്ണം അറിഞ്ഞിരുന്നു... അതിനാൽ അവയെപ്പററി അവിടുത്തേക്കുണ്ടായിരുന്ന ദ്വേഷവും മനസ്താപവും അവക്കു് അനുയോജ്യമായിരുന്നു. ഈശോ മഹാ അനുതാപിയായിരുന്നു; അങ്ങേ ജീവിതം മഹാ ഒരു പരിഹാരജീവിതമായിരുന്നു. കൎത്താവേ! അവിടുന്നു എൻെറ പാപങ്ങളെക്കുറിച്ചു് കണ്ണുനീർ ചിന്തി വിലപിച്ചു. ഞാനോ വിലപിക്കുന്നില്ല. അവിടുന്നു എൻെറ പാപങ്ങൾക്കുവേണ്ടി പരിഹാരം ചെയ്തു; ഞങ്ങളോ അവയെ വീണ്ടും വീണ്ടും ചെയ്തുകൂട്ടുന്നു. എൻെറ ദൈവമേ! അങ്ങുന്നു് ഈശോയെ തൃക്കൺപാൎത്തു് ഞങ്ങളോടു ക്ഷമിക്കേണമെ.

2-ാം നിൎത്ത്- അന്തമെ മനുഷ്യരുടെ പാപാക്രമങ്ങൾ അനവരതം വൎദ്ധിക്കുന്നു. അവ കാലംചെല്ലുന്തോറും പ്രവാഹസമം യാതൊരു ശമനവുമില്ലാതെ അധികരിച്ചുകൊണ്ടത്രെ വരുന്നതു്. തന്നിമിത്തം പരിഹാരവും നിരന്തരമായതായിരിക്കാൻ ആവശ്യം. ഇതിനാലാണു് ഈശോമ്ശിഹാ ദിവ്യകാരുണ്യത്തിൽ ഇപ്പോഴും കാലങ്ങളുടെ അവസാനംവരെയും താഴ്മയുടെയും ഇല്ലാഴ്മയുടെയും അവസ്ഥയെ അവലംബിച്ചിരിക്കുന്നതു്. അങ്ങേ സഹോദരന്മാരുടെ പാപങ്ങൾ ഒരുവിധം അവിടത്തെ സ്വന്തപാപങ്ങളായി തീൎന്നതിനാൽ അവകൾക്കുവേണ്ടി അങ്ങേ നിത്യപിതാവിനു എല്ലായ്പോഴും പരിഹാരം ചെയ്തുവരുന്നു. ഇതാണു ദിവ്യകാരുണ്യത്തിൽ നിത്യം ഈശോ പ്രവൎത്തിച്ചുകൊണ്ടിരിക്കുന്നതു്. ഭൂലോകം മുഴ

വനും അശുദ്ധമാകുന്ന പാപാക്രമങ്ങളുടെയൊക്കെയും ദൃക്സാക്ഷിമായി അവിടുന്നു സ്ഥിതിചെയ്യുന്നു. "ആ ദൈവമേ, അങ്ങേ പ്രമാണങ്ങൾ അനുസരിക്കാത്ത പാപികൾ നിമിത്തം ഞാൻ കുറയപ്പെട്ടവനായിതീൎന്നു എന്നു രാജദീഘദൎശി പ്രവചിച്ചിരിക്കുന്നു. (1) വിശ്വാസ്യതയുള്ള ആത്മാവെ, നിൻെറ മനോഭാവം ഇതുതന്നെയാണോ? നിൻെറ പാപംനിമിത്തം ഈശോമ്ശിഹാ അങ്ങേതന്നെ താഴ്ത്തുന്നു. അങ്ങേ ദുഃഖത്തെയും നിൻെറ സ്വന്ത നന്ദിഹീനതയെയും നീ അറിഞ്ഞിട്ടും നിർവ്വികാരനായിയാണൊ നീ വൎത്തിക്കുന്നതു്? മനുഷ്യരുടെ പാപങ്ങളെ പ്രതിയുള്ള ഉത്തരവാദിത്വം അവിടുന്നു ഏറ്റു വീട്ടിക്കൊണ്ടിരിക്കെ അങ്ങയോടുകൂടി യോജിച്ച പരിഹാരപ്രവൃത്തി ചെയ്യുവാൻ നീ മനസ്സാകാതെ വ്യഥാ ഇരിക്കുമോ? അതെ ഞാൻ ഒരു പരിഹാരജീവിതം നയിക്കാൻ മനസ്സായിരിക്കുന്നു. ഒരു ക്രിസ്ത്യാനിയുടെ ജീവിതം നിരന്തര പ്രായശ്ചിത്ത ജീവിതമായിരിക്കണമെന്നത്രെ തിരുസംഘം നിർദ്ദേശിച്ചിരിക്കുന്നതു്. എന്നാൽ വാസ്തവതപസ്സ് ഉള്ളുകൊണ്ടുള്ളതായിരിക്കണം. ഹൃദയത്തിനുള്ളിലുള്ള പശ്ചാത്താപവും, ദുഃഖവും, അറപ്പും, വെറുപ്പും. ഇതിൻെറ ഫലമായി ഞാൻ ചെയ്യേണ്ട പ്രതിജ്ഞകൾ:— 1. ചാവുദോഷങ്ങളെ മാത്രമല്ല അല്പപാപങ്ങളെയും, അങ്ങേ ഹൃദയത്തെ ദുഃഖിപ്പിക്കാൻ പാടുള്ള സകലത്തെയും വൎജ്ജിക്കണം. 2. "നിൎഭാഗ്യവശാൽ വല്ല അബദ്ധത്തിലും വീണുപോയാൽ തൽപരിഹാരാൎത്ഥം അതിനു എതിരായ ഈശോയുടെ തിരുഹൃദയത്തിൻെറ സുകൃതത്തെ കാഴ്ചവെക്കാനും" പ്രതിജ്ഞചെയ്യുക. (വി. മൎഗ്ഗരീത്താ മറിയം.)

3-ാം നിത്തു-പരിഹാരകൻ എന്നുള്ള നിൻെറ ധൎമ്മനിൎവ്വഹണത്തിനു, താഴ്ത്തപ്പെട്ടവനും പ്രായശ്ചിത്ത

---

(1) Defectio tenuit me pro peccatoribus derelinquentibus legem tuam. (Ps. 118.)

ക്കാരനും ആയ ഈശോയോട്ടു നീ യോജിച്ചാൽ പോരാ, പിന്നയോ ക്രിസ്ത്യാനി എന്ന നാമത്തിനുപോലും അനൎഹന്മാരായ അനവധി മനുഷ്യരുടെ പരിഹാസവിഷയ്മായിതീൎന്നിരിക്കുന്ന ഈ ദിവ്യരക്ഷിതാവിനോട്ടു ചെയ്യപ്പെടുന്ന നിന്ദാപമാനങ്ങളെ പരിഹരിക്കാനും നീ കടമപ്പെട്ടിരിക്കുന്നു. ദിവ്യകാരുണ്യത്തിൽ നമ്മോടുകൂടെ എഴുന്നള്ളിയിരിക്കുന്ന അങ്ങയോട്ടു ചെയ്യപ്പെടുന്ന നിന്ദാപമാനങ്ങൾക്കു കയ്യും കണക്കുമില്ല. നമ്മുടെ ദിവ്യപീഠങ്ങളിൽ കപാലമലയിലെ ബലി ആവൎത്തിക്കപ്പെടുന്ന അവസരങ്ങളിൽ അവിടന്നു സ്ലീവായിൽ തൂങ്ങിക്കിടന്നപ്പോൾ ശത്രുക്കൾ കാണിച്ചതുപോലെയുള്ള അനാദരവും ദൈവദൂഷണവുമല്ലയൊ അങ്ങയോട്ടു ചിലർ പ്രവൎത്തിക്കുന്നതു്? അവിടുന്നു, അങ്ങേ നമുക്കു ദിവ്യകാരുണ്യത്തിൽ ആഹാരമായിട്ടു തരുമ്പോൾ യൂദായുടെ പാതകത്തെ അനുകരിച്ചു ദൈവദോഷമായി അങ്ങെ സ്വീകരിച്ചു തങ്ങളുടെ ഉള്ളിൽ സ്വീകരിക്കുന്നവർ എത്രയൊ അധികം. ഓ! കൎത്താവെ, അങ്ങുന്നു സൎവ്വതും അവൎക്കുവേണ്ടി ബലികഴിച്ച അങ്ങയോട്ടു് ഇപ്രകാരമല്ലയൊ അങ്ങേ സ്നേഹത്തിനു പ്രതികാരം ചെയ്യുന്നതു്. ഓ! സഹതാപമെ! ഞാനും ഈ കൂട്ടത്തിൽപെട്ട നന്ദിഹീനന്മാരിൽ ഒരുവനായിരുന്നു പ്രവൎത്തിക്കയുണ്ടായിട്ടില്ലയൊ? അതിനാൽ പരിഹാരക്കാരൻെറ ജോലി ഉത്തമാംവണ്ണം നിൎവ്വഹിക്കാൻ കൂടുതൽ കടമപ്പെട്ടവനാകുന്നു ഞാൻ. മനസ്താപത്തിൻെറ കണ്ണുനീൎക്കുകളെ ചൊരിഞ്ഞുകൊണ്ടും എൻെറ രക്തം ചിന്തിക്കൊണ്ടും അങ്ങയോട്ടു ചെയ്യപ്പെടുന്ന നിന്ദകളെ പരിഹരിക്കാനും അപമാനങ്ങളെ തടയുവാനും പാടായെങ്കിൽ എത്രയൊ നന്നായിരുന്നു. എൻെറ കഴിഞ്ഞ തെറ്റുകളേയും നിൎഭാഗ്യവാന്മാരായ ശേഷം ഇത്രയധികം പാപികളുടെ അക്രമങ്ങളെയും അവിടുന്നു മറക്കത്തക്കവണ്ണം ഞാൻ അങ്ങേ സ്നേഹിക്കുകയും ബഹുമാനിക്കുകയും അങ്ങയോട്ടു വിശ്വസ്തതയുള്ളവനായിരിക്കുകയും ചെയ്തിരുന്നുവെങ്കിൽ എത്രയൊ ഭാഗ്യവാനായിരുന്നു ഈവിധ

അനുഗ്രഹംനിസ്സംശയം ഈശോയുടെ ഹൃദയത്തിനു സ്വീകാര്യവും ഇഷ്ടവുമുള്ളതായിരിക്കും.

ദിവ്യകാരുണ്യം നീ സന്ദർശിക്കുകയും ഉൾക്കൊള്ളുകയും ചെയ്യുമ്പോൾ പരിഹാരചൈതന്യാവസ്ഥ നീ ധരിക്കുകയും, ഇടവിടാതെ അങ്ങയോടു ചെയ്യപ്പെടുന്ന നിന്ദാപമാനങ്ങളെ പരിഹരിക്കാനുള്ള വലിയ അനുഗ്രഹം നിന്നിൽ ഉജ്ജ്വലിപ്പിക്കുകയും ചെയ്യുക.

ഓ, മറിയമേ! അകമാനപാപപരിഹാരിണിയേ! ഞങ്ങൾക്കുവേണ്ടി, പാപികളായ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ. നിൻെറ തിരുകുമാരനോടു ചെയ്യപ്പെടുന്ന നിന്ദാപമാനങ്ങളെ പരിഹരിക്കാൻ ഞങ്ങളെ പഠിപ്പിക്കുകയും സഹായിക്കുകയും ചെയ്യണമെ.

"നമ്മുടെ തിരുപീഠങ്ങളിൽ ദിവ്യകാരുണ്യത്തോടു ചെയ്യപ്പെടുന്ന നിന്ദാപമാനങ്ങളെപ്രതി ദൈവത്തോടു താഴ്മയോടെ പൊറുതി ചോദിക്കാൻ പ്രത്യേകവിധത്തിൽ ഉദ്യോഗപ്പെട്ടവർ ചിലരുണ്ടായിരിക്കണമെന്നു കർത്താവു് ആവശ്യപ്പെടുന്നു." (വി. മർഗ്ഗരീത്താ അലക്കോക്ക്.)

ഈ ധ്യാനത്തിൽനിന്നു എടുക്കേണ്ട ഫലം— കൂടുതൽ ഭക്തിയോടും വണക്കത്തോടും പതിവിൽ കൂടുതലായും ദിവ്യകാരുണ്യത്തെ സന്ദർശിക്കുക. ദിവ്യപീഠത്തിൻമുമ്പാകെ ചെന്നു നിൻെറ അനുഗ്രഹംപോലെ ഈശോയെ ആരാധിക്കാൻ സാധിക്കാത്തപക്ഷം, നിൻെറ പേർക്ക് അങ്ങേ ആരാധിക്കുന്നതിനു അവിടെ സന്നിധരായിരിക്കുന്ന പരിശുദ്ധന്മാരോടു അപേക്ഷിക്കുക.

(വായന. ക്രിസ്ത്വാനുകരണം 1-ാം പു. 22; 4-7.)

## 3-ാം ധ്യാനം— പ്രാർത്ഥനാജീവിതവൃത്തി.

സ്ഥലരൂപീകരണം— അവൻ ദൈവത്തോടുള്ള പ്രാർത്ഥനയിൽ രാവു കഴിച്ചിരുന്നു എന്നു വി. ലൂക്കാ എഴുതി

യിരിക്കുംപ്രകാരം (1) ഈശോ ഒരു വിജനപർവ്വതമുകളിൽ പ്രാർത്ഥനയിൽ രാവു കഴിക്കുന്നതായിട്ടു രൂപീകരിക്ക.

ധ്യാനജപം— പ്രാർത്ഥിക്കാൻ കർത്താവെ ഞങ്ങളെ പഠിപ്പിക്കണമെ. (2)

1. അങ്ങുടെ ഐഹിക ജീവിതത്തിൻെറ എല്ലാ ഘട്ടങ്ങളിലും ഈശോ മനുഷ്യർക്കുവേണ്ടി പ്രാർത്ഥിച്ചുവന്നു. 2. ഇപ്പോഴും ഈശോ ദിവ്യകാരുണ്യത്തിൽ ഒരു പ്രാർത്ഥകൻെറ ഉദ്യോഗം നിർവ്വഹിക്കുന്നു. 3. അങ്ങേ അനുകരിച്ചു ഞാനും അതു നിർവ്വഹിക്കണം.

1—ാം നിത്തു— ദൈവവരപ്രസാദം കൂടാതെ സ്വർഗ്ഗീയസമ്മാനത്തിന്നർഹതയുള്ളതായി നമ്മെക്കൊണ്ടു ഒന്നും പ്രവർത്തിക്കാൻ സാധിക്കുകയില്ലായെന്നുള്ളതു വിശ്വാസസത്യമാണ്. പ്രാർത്ഥിക്കുന്നവർക്കല്ലാതെ ദൈവം വരപ്രസാദങ്ങൾ സാമാന്യം കൊടുക്കാറില്ലായെന്നുള്ളതും തീർച്ചയാണ്. ആയതിനാൽ പ്രാർത്ഥന എല്ലാവർക്കും ആവശ്യമാണ്. പിന്നെ എന്തുകൊണ്ടാണ്, നിത്യരക്ഷയും പുണ്യപൂർണ്ണതയും പ്രാപിക്കുന്നതിനു എളുപ്പവും അപകടമററതുമായ ഈ മാർഗ്ഗം ഉപയോഗിക്കുന്നവർ നന്നാ ചുരുക്കം മാത്രമായിരിക്കുന്നതു? അതിനുള്ള കാരണങ്ങൾ 1. നാം നമ്മുടെ ഏററം വലിയ ബലഹീനതയും നമ്മുടെ ആത്മാവിൻെറ ക്ഷീണതയും ദൈന്യതയും സന്താപാവസ്ഥയും വേണ്ടിടത്തോളം ഗ്രഹിക്കാഞ്ഞിട്ടും, 2. ദൈവവരപ്രസാദത്തെ നാം വേണ്ടവിധം വിലവയ്ക്കാത്തതിനാൽ അതു ലഭിക്കാൻ വേണ്ടി സഹിക്കേണ്ട പ്രയാസങ്ങളെ സഹിക്കാൻ നമുക്കു മനസ്സില്ലാഞ്ഞിട്ടും. 3. ഈശോമ്ശിഹായുടെ നാമത്തിൽ ചോദിക്കുന്നതൊക്കെയും നമുക്കു ലഭിക്കും എന്നു അവിടുന്നു ചെയ്തിട്ടുള്ള വാഗ്ദാനത്തിൽ പൂർണ്ണമായ മനോവിശ്വാസം നമുക്കില്ലാ

---

(1) Erat pernoctans in oratione Dei. (Luc 6)

(2) Domine doce me orare (Luc. 11.)

ഞ്ഞിട്ടും, ആണ്. അതെ ഇവയും മററുചിലതുമാണ് നാം ഒരു പ്രാർത്ഥനാജീവിതം നയിക്കുന്നതിനു നമുക്കു തടസ്ഥമായി നില്ക്കുന്നതു്. ഇവിടെ ഈശോയുടെ കൃപാലുത്വത്തെ കുറിച്ചു എത്രയോ നാം അതിശയിക്കണം. നമ്മുടെ അമാന്തത്താൽ നാം ഉപേക്ഷിക്കുന്നതിനെ അവിടുന്നു നമ്മുടെ പേർക്കായി നിവർത്തിക്കുന്നു... നമ്മുടെ ആവശ്യങ്ങൾ അവിടുന്നു അറിഞ്ഞു നമുക്കുവേണ്ടി അങ്ങേ പിതാവിനോടു വാദിക്കുന്നു. അവിടുന്നു സകല മനുഷ്യരെയും സ്നേഹിക്കുന്നതുകൊണ്ടു സകലർക്കും വേണ്ടി പ്രാർത്ഥിക്കുന്നു. അങ്ങേ പ്രാർത്ഥന അങ്ങേ സ്നേഹത്തിൻെറ പ്രതിധ്വനിയും, അങ്ങേ ഹൃദയത്തിൻെറ നിലവിളിയും ആഗ്രഹവും നെടുവീർപ്പും പോലെയാകുന്നു. ഈശോ നിരന്തരം നമ്മെ സ്നേഹിക്കുകയും നമുക്കു സൽഭാഗ്യം സിദ്ധിക്കണമെന്നു് ആഗ്രഹിക്കയും ചെയ്തിരുന്നതുകൊണ്ടു, അങ്ങേ ഈ ലോകജീവിതകാലത്തിൻെറ ആദ്യക്ഷണം മുതല്ക്കു സ്ലീവാമേൽ അന്ത്യശ്വാസം വിടുന്നവരെക്കും അവിടുന്നു നമുക്കു വേണ്ടി പ്രാർത്ഥിച്ചിരുന്നു. അതെ അവിടുന്നു അങ്ങേ സഹോദരന്മാരായ നമ്മുടെ വാത്സല്യസ്നേഹിതനാകുന്നു. ആയതിനാൽ ഇപ്പോഴും അങ്ങേ ജനത്തിനൊക്കെയും വേണ്ടി പ്രാർത്ഥിക്കുന്നു. ഓ! പ്രാർത്ഥനയുടെയും നല്ല ആശകളുടെയും പവിത്രമായ ജീവിതമെ, എത്ര തുഛമായിട്ടാണു മനുഷ്യർ നിന്നെ വിലമതിക്കയും സ്നേഹിക്കുകയും അനുഷ്ഠിക്കുകയും ചെയ്യുന്നതു്! ഓ! മാധുര്യപൂരിതവും, ശക്തിയേറിയതും അനുഗ്രഹങ്ങളെ വർഷിക്കുന്നതുമായ നമസ്കാരജീവിതമെ നിന്നെ മനുഷ്യർ അറിയാത്തതെന്തു്?

2-ാം നിത്തു- ഈശോയുടെ അനിത്യജീവിതാവസാനത്തോടെ അങ്ങേ ഹൃദയത്തിൽ നമ്മുടെ മേലുണ്ടായിരുന്ന സ്നേഹത്തിനു കുറവു വരികയാകട്ടെ, നമ്മുടെ ആവശ്യങ്ങൾ അവസാനിക്കുകയാകട്ടെ ചെയ്തിട്ടില്ല. ആയതിനാൽ ഇപ്പോഴും, നമുക്കുവേണ്ടിയുള്ള അവിടത്തെ പ്രാ

ത്ഥന ദൈവതിരുസിംഹാസനത്തിങ്കലേക്ക ഇടവിടാതെ ചെന്നുകൊണ്ടിരിക്കുന്നു. ഇതിനു ശ്ലീഹന്മാർ തന്നെയും ഞെ ഉറപ്പുതരുന്നതു. "ഈശോമിശിഹാ നമുക്കുവേണ്ടി മാദ്ധ്യസ്ഥം നിവ്വഹിച്ചുകൊണ്ടു ജീവിക്കുന്നു" (എബ്രു. 7) എന്നു പൌലോസും, "പിതാവിൻെറ പക്കൽ നമുക്കു വേണ്ടി പ്രതിവാദിക്കുന്നവനായി നീതിമാനായ ഈശോമിശിഹാ നമുക്കുണ്ടു്" (7 യൊ 2) എന്നു വി. യോഹന്നാനും സാക്ഷീകരിക്കുന്നു. ദിവ്യകാരുണ്യത്തിൽ അങ്ങേ സ്നേഹത്തിൻെറ സിംഹാസനം സ്ഥാപിച്ചുകൊണ്ടു നമ്മോടുകൂടെയും ആ ദിവ്യപീഠത്തിലും ഇടവിടാതെ പ്രാത്ഥനയുടെ നിലയെ അവിടുന്നു അവലംബിക്കുന്നു. അങ്ങേ ദിവ്യഹൃദയം നമ്മുടെ സകല ആവശ്യങ്ങളും അറിയുകയും അങ്ങേ വദനം സകല മനുഷ്യരുടേയും ആവശ്യങ്ങൾ ബോധിപ്പിക്കുകയും, നമ്മുടെ സകല നിർഭാഗ്യങ്ങളെ സംബന്ധിച്ചുള്ള നെടുവിപ്പ് സ്വർഗ്ഗത്തിലേക്കു ഉയരുകയും ചെയ്യുന്നു. ഒരിക്കൽ അങ്ങേ ശിഷ്യരുടെ മദ്ധ്യേയിരുന്നു് "സ്വർഗ്ഗസ്ഥിതനായ ഞങ്ങളുടെ പിതാവേ" എന്നുള്ള ആ നല്ല ഉത്തമപ്രാത്ഥന പ്രാത്ഥിച്ചതുപോലെ അങ്ങേ മക്കളായ നമ്മുടെ മദ്ധ്യേയിരുന്നുകൊണ്ടു നമ്മുടെപേക്കു, ആ ഉത്തമപ്രാത്ഥന അങ്ങേ പിതാവിൻെറ പക്കലേക്കു ഉയത്തുന്നു. എന്നാൽ പ്രാത്ഥനകൊണ്ടു ആവശ്യമില്ലാത്തവനായി അവിടുന്നു മാത്രമെയുള്ളുവെങ്കിലും അവിടുന്നു ഇടവിടാതെ പ്രാത്ഥിക്കുന്നു. അവിടത്തോടുകൂടെ ഞാനും പ്രാത്ഥിക്കാൻ മനസ്സാകുന്നു. ഒരു പ്രാത്ഥനാജീവിതം കഴിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവനീതിയെ ഉപശമിപ്പിക്കാൻ വിചാരപ്പെടാത്ത ഇത്ര വളരെ പാപികൾക്കുവേണ്ടി ദൈവാനുഗ്രഹത്തെ ഇടവിടാതെ യാചിക്കാൻ ഞാൻ നിശ്ചയിച്ചിരിക്കുന്നു. പാവപ്പെട്ട വിഗ്രഹസേവകന്മാരെ, നിർഭാഗ്യന്മാരായ പതിതരെ, എല്ലാവിധ നിർഭാഗ്യന്മാരെ നിങ്ങളെല്ലാവരും എൻെറ സഹോദരങ്ങളാകുന്നു; നിങ്ങൾക്കെല്ലാവക്കും വേണ്ടി ഞാൻ പ്രാത്ഥിക്കും.

൩-ാം നിശ്ചയം— ഈശോമ്ശിഹാ പ്രാർത്ഥിക്കുന്ന വിധം ആലോചിക്കുക. ഉള്ളെയും പുറമെയുമുള്ള വലിയ വണക്കത്തോടെ ഈശോ പ്രാർത്ഥിക്കുന്നു. തന്നിമിത്തമാണ് അവിടത്തെ പ്രാർത്ഥന കേൾക്കപ്പെട്ടതു എന്നു വി. പൌലോസ് സാക്ഷികരിച്ചിരിക്കുന്നു. "അവന്റെ വണക്കം നിമിത്തം കേൾക്കപ്പെട്ടു" (എവ്രായ. 5). നിലനില്പോടെയും അവിടുന്നു പ്രാർത്ഥിച്ചുവരികയും, രാത്രിസമയങ്ങളിൽക്കൂടെയും മുഴുവനും പലപ്പോഴും പ്രാർത്ഥനയിൽ അവിടുന്നു കഴിച്ചുവരികയും ചെയ്തു. "അവൻ ദൈവ പ്രാർത്ഥനയിൽ രാത്രി കഴിച്ചുവന്നു" (ലൂക്കാ. 6. 12) അവിടുന്നു മഹാ തീക്ഷ്ണതയോടെയും കണ്ണുനീർ ചിന്തിക്കൊണ്ടും പ്രാർത്ഥിച്ചുവന്നു. അവിടുന്നു ദൈവതിരുമനസ്സിനു കീഴ്വഴങ്ങിക്കൊണ്ടു അപേക്ഷിച്ചുവന്നു. (ഹെബ്രാ. 5.) "പിതാവേ! അങ്ങേ തിരുചിത്തമുണ്ടായിരുന്നാൽ ഈ പാനപാത്രം എന്നിൽനിന്നു മാററണമെ; അങ്ങേ ഇഷ്ടംപോലെ മതി; എന്റെ ഇഷ്ടപ്രകാരം വേണ്ട". അവിടുന്നു മഹാ മനോവിശ്വാസത്തോടെ പ്രാർത്ഥിച്ചുവന്നു. "എന്റെ പിതാവേ! എന്റെ പ്രാർത്ഥന നീ എപ്പോഴും കേൾക്കുന്നു എന്നു ഞാൻ അറിയുന്നു". ഈ പ്രകാരമുള്ള ഈശോയുടെ പ്രാർത്ഥനയാണ് തിരുസഭയെ പരിരക്ഷിക്കുന്ന പരിച; ഇതാണ് നമ്മുടെ പാപം നിമിത്തം നമ്മോടു കോപിച്ചിരിക്കുന്ന ദൈവനീതിയെ ശാന്തപ്പെടുത്തുകയും, സ്വർഗ്ഗവാതിൽ തുറന്നു്, നമ്മുടെ ഹൃദയത്തെ നവീകരിച്ചു ഫലവത്താക്കിത്തീർക്കുന്ന ആ അമൂല്യവരപ്രസാദങ്ങളെ വർഷിപ്പിക്കുകയും ചെയ്യുന്നതു്. നിന്റെ പ്രാർത്ഥന ഈ ലക്ഷണങ്ങളോടുകൂടിയതാണോ? ഈ വിഷയം സംബന്ധിച്ചു നിന്നെത്തന്നെ നല്ലവണ്ണം ശോധന ചെയ്യുക. നിന്റെ പ്രാർത്ഥന ഈശോമിശിഹായുടെ പ്രാർത്ഥന ഉളവാക്കിയ ഫലത്തെ താരതമ്യേന ഉളവാക്കുന്നുണ്ടോ? നിന്റെ പ്രാർത്ഥന ഫലപ്രദമാകണമെന്നു നിനക്കു ആഗ്രഹമുണ്ടെങ്കിൽ ഈ ദിവ്യരക്ഷിതാവിനോടു ചേർന്നുകൊണ്ടും അങ്ങേക്കൂടെയും അങ്ങേ നാമത്തിലും പ്രാ

ത്ഥിക്കുക. ഈശോമ്ശിഹായെ വിസ്മരിച്ചുകളയുന്ന നിർഭാഗ്യവാന്മാരായ പാപികൾക്കു വേണ്ടിക്കൂടെയും അപേക്ഷിച്ചുകൊണ്ടു അമ്മേ പക്കൽ നീ പ്രാർത്ഥകൻെറ ഉദ്യോഗം നിർവ്വഹിക്കണം. നീതിമാൻെറ നിർബന്ധപൂർവ്വമായ പ്രാർത്ഥന ദൈവത്തിൻെറ പക്കൽ എത്രയോ ശക്തിയുള്ളതായിരിക്കും. "നീതിമാൻെറ നിർബന്ധപരമായ പ്രാർത്ഥന വളരെ ഫലസിദ്ധിയുള്ളതാകുന്നു." (യാക്കോ 5.) (1)

ശ്ലീഹന്മാരുടെ ദൃഷ്ടാന്തം അനുകരിച്ചു നിൻെറ പ്രാർത്ഥന മറിയത്തോടു യോജിച്ചു നിർവ്വഹിക്കുക. "അവരെല്ലാവരും ഈശോയുടെ മാതാവായ മറിയത്തോടുകൂടെ ഏകമനസ്സായി പ്രാർത്ഥനയിൽ നിലനിന്നിരുന്നു" (2)

ഈശോയുടെ പക്കൽ നിനക്കു ഒരു മദ്ധ്യസ്ഥ ഉണ്ടാകേണ്ടതിലേക്കു മറിയത്തിൻെറ പക്കലേക്കു നീ ചെല്ലുക. (വി. ബെർണ്ണാർദ്ദ്) (3)

ഈ ധ്യാനത്തിൽനിന്നു നേടേണ്ട ഫലം— നിൻെറ ഭക്തികൃത്യങ്ങളിലുള്ള കുറവുകളെ— പ്രത്യേകം നമസ്കാരത്തിലുള്ള ന്യൂനതകളെ പരിഹരിക്കുക.

വായന- ക്രിസ്ത്വാനുകരണം ൧-ാം പു. 30-ം, 50-ം അദ്ധ്യായങ്ങൾ.

## 4-ാം ധ്യാനം. കൃതജ്ഞതാജീവിതവൃത്തി.

സ്ഥലരൂപീകരണം— ഈശോമ്ശിഹാ അങ്ങെ നേത്രങ്ങൾ ആകാശത്തിലേക്കു ഉയർത്തിയും കരങ്ങളെ

(1) Multum valet deprecatio justi assidua. (Jac. 5, 16.)

(2) Omnes erant perseverantes unanimiter in orationi cum ...... Maria Matre Jesu (act. apost. 1.)

(3) Advocatum habere vis et ad Ipsum (Jesum) ad Mariam recurre. (S. Bernard)

പൊക്കിപിടിച്ചുംകൊണ്ടു "പിതാവേ! അങ്ങേക്കു ഞാൻ സ്തോത്രം ചെയ്യുന്നു" (യോ. 11.) എന്നു പറയുന്നതായി ത്സപീകരിക്കുക.

ധ്യാനജപം— ദിവ്യകാരുണ്യത്തിലിരിക്കുന്ന ഈശോമ്ശിഹായുടെ തിരുപാദത്തുങ്കൽ ആത്മനാ സാഷ്ടാംഗം വീണു ദൈവാനുഗ്രഹങ്ങൾ അറിയുന്നതിനും, വിലമതിക്കുന്നതിനും അങ്ങയോടു കൃതജ്ഞനായിരിക്കുന്നതിനുമുള്ള വരം യാചിക്ക.

1. ദൈവാനുഗ്രഹങ്ങൾ ഈശോമ്ശിഹാ വഴിയായിട്ടത്രെ നമുക്കു ലഭിക്കുന്നത്. 2. ഈശോമ്ശിഹാ വഴിയായി ദൈവത്തിനു നാം കടപ്പെട്ട നമ്മുടെ കൃതജ്ഞതാസ്തോത്രം ചെലുത്തണം. 3. ഈ ദിവ്യഹൃദയം നമ്മുടെ കൃതജ്ഞതാസ്തോത്രവിഷയമാകണം.

1–ാം നിത്ത്— കർത്താവേ! അവിടുന്നു അങ്ങേ കരങ്ങൾ വിടർത്തി സകല സൃഷ്ടികളേയും അനുഗ്രഹത്താൽ പൂരിക്കുന്നു (1) എന്നു രാജർഷിഃദശി പറയുന്നു, ദൈവം മനുഷ്യർക്കു ചെയ്യുന്ന ഉപകാരം അനവധിയാണ്. അവയുടെ ഉൽകൃഷ്ടതയും, അവ നല്കപ്പെടുന്ന സ്നേഹവും നിമിത്തം അവ പ്രശസ്യതമങ്ങളും സീമാതീതങ്ങളുമായിരിക്കുന്നു എന്നു മാത്രമല്ല അവ പ്രതിക്ഷണം നല്കപ്പെട്ടും വരുന്നു. സൂര്യൻ അതിൻെറ രക്ഷാകരങ്ങളായ കിരണങ്ങളെ സർവ്വദാ എങ്ങും വ്യാപിപ്പിച്ചുകൊണ്ടിരിക്കുന്നതുപോലെയും, നീരുറവ അതിൽനിന്നു വെള്ളം പുറപ്പെടുത്തിക്കൊണ്ടു അരുവികളെ സദാ പോഷിപ്പിച്ചുകൊണ്ടിരിക്കുന്നതുപോലെയും ദൈവം ഇടവിടാതെ അങ്ങേ വെളിവുകൾക്കും വരപ്രസാദങ്ങൾക്കും ജീവനും നമ്മെ ഭാഗഭാക്കുകളാക്കുകയും അങ്ങേ നിക്ഷേപങ്ങളെല്ലാം നമുക്കു പ്രദാനം ചെയ്യുകയും ചെയ്യുന്നു. എന്നാൽ ഈ അനുഗ്രഹങ്ങളെല്ലാം ആർ മുഖേനയാണ് നമുക്ക് അവിടുന്നു

---

(1) Aperuit manum tuam et implevit omne animal benedictione. (ps. 145.)

ന്നൽകുന്നതു്? ഈശോമ്ശിഹാ വഴിയായിട്ടല്ലാതെ മററാരും വഴിയായിട്ടല്ല. തിരുസഭ മുഴുവനേയും ജീവിപ്പിക്കുന്ന സ്വഭാവാതീതജീവൻെറ ഉറവ ഈശോമ്ശിഹായുടെ തിരുഹൃദയമാകുന്നു. അങ്ങേ തിരുക്കുമാരനെപ്പോലും ഒഴിച്ചുവയ്ക്കാതെ അദ്ദേഹത്തെത്തന്നെ നമുക്കു ദൈവം തന്നതിനോടെ എങ്ങനെ അങ്ങേ തിരുക്കുമാരനോടുകൂടെ ശേഷം സകലതും നമുക്കു തരാതിരിക്കും? (1) ഇത്ര അമൂല്യദാനത്തെപ്രതി മനുഷ്യൻ എന്താണു ചെയ്യേണ്ടിയിരുന്നതു്? ഇടവിടാതെ അവൻെറ കൃതജ്ഞതാ സൂചകമായ ധ്വനിയെ സ്വർഗ്ഗത്തിലേക്കു ഉയർത്തിക്കൊണ്ടിരിക്കേണ്ടതായിരുന്നു. പക്ഷെ അതിനു പകരം അവൻ ചെയ്യുന്നതു്, അവനെ അനുഗ്രഹിക്കുന്ന ആ ദൈവകരങ്ങളെ പലപ്പോഴും വിസ്മരിച്ചുകളയുന്നു. സൃഷ്ടികളിൽനിന്നു ലഭിക്കുന്ന ലഘുതരങ്ങളായ സഹായങ്ങൾക്കുപോലും നന്ദികാണിക്കുന്നതിൽ സശ്രദ്ധനായിരിക്കുന്ന അവൻ സ്രഷ്ടാവിനോടു കൃതഘ്നനായിട്ടത്രെ വർത്തിക്കുന്നതു്. അതെ, അവനെ ഏററം വാത്സല്യത്തോടെ സ്നേഹിക്കുന്ന ആ ഹൃദയത്തെ അവൻ അനാദരിക്കുകയും സ്രഷ്ടാവിൻെറ സ്നേഹത്തെ നിന്ദ്യമായ അനഭിജ്ഞതയും, അതിലും കവിഞ്ഞു് ക്രൂടെക്കൂടെയുള്ള ദ്വേഷവും നിന്ദയുംകൊണ്ടു് പ്രതികാരം ചെയ്യുകയും ചെയ്യുന്നതല്ലാതെ മറെറാന്നും ചെയ്യുന്നില്ല. ഓ! വിലക്ഷണ നന്ദിഹീനത!... ഈ വിഷയത്തിൽ ആക്ഷേപയോഗ്യമായ ഒന്നും എന്നിലില്ലയോ? ഇതഃപര്യന്തം ദൈവം എനിക്കുവേണ്ടി ചെയ്യാത്തതെന്തു്? ഞാൻ ദൈവത്തിനുവേണ്ടി എന്താണ് ചെയ്തിട്ടുള്ളതു്? നിരുപയോഗവും നിഷ്ഫലവുമായ ഒരു ജീവിതമാണ് ഞാൻ നയിച്ചതു്. എൻെറ ഹൃദയം തണുത്തതും ചൈതന്യമററതുമായിതീൎന്നു. എൻെറ ദൈവമേ! അങ്ങേ സ്നേഹിക്കാൻ എന്നു ഞാൻ പഠിക്കും?

---

(1) Qui proprio Filio suo non peperit sed pro nobis omnibus tradidit illum. (Rom. VIII)

2-ാം നിത്ത്- അറുതിയില്ലാത്ത അനുഗ്രഹങ്ങൾക്ക് അറുതിയില്ലാത്ത കൃതജ്ഞതയാണ് പ്രദശിപ്പിക്കേണ്ടതു്. സൃഷ്ടികളൊക്കെയും ഒന്നിച്ചുചേൎന്നു് ദൈവത്തെ വാഴ്ത്തിയാലും, സകല നാവുകളും ഉപകാരസ്മരണയുടെ ഗാനങ്ങളെ ഇടവിടാതെ പാടിയാലും സീമാതീതമായ ദൈവമഹത്വസന്നിധിയിൽ എന്തു വിലയാണ്, എന്തു യോഗ്യതയാണ് അവയ്ക്കുള്ളതു്? അവ ഒന്നുമില്ല. നന്നാത്തുഛമായതേ ആയിരിക്കുകയുള്ളു

ഓ! ഈശോയേ, ഞങ്ങളുടെ അപ്രാപ്തിയെ തിക്കാൻ ഞങ്ങളുടെ വശഹീനതയുടെ പരിഹാരാൎത്ഥം അവിടുന്ന് എഴുന്നരുളണമെ. അങ്ങേ പിതാവിനെ യോഗ്യമാംവണ്ണം സ്തുതിക്കാൻ പ്രാപ്തനായവൻ അങ്ങുന്നു മാത്രമേയുള്ളു. ദാതാവിൻെറ മഹത്വത്തേയും ദാനം കൈക്കൊള്ളുന്നവൻെറ അധോവസ്ഥയും ദാനങ്ങളുടെ ഗുണോൽക്കൎഷങ്ങളും ശരിയായി ഗ്രഹിക്കുന്നവൻ അങ്ങുന്നു മാത്രമാണ്. ശുദ്ധവും, പവിത്രവും, നിരന്തരവും, ദൈവികവും, സ്വീകാരയോഗ്യവും ഞങ്ങൾക്കു ഉപകാരം ചെയ്യുന്ന ആ ദൈവമഹത്വത്തിനു പാത്രവും ആയ കൃതജ്ഞത ചെലുത്തുവാൻ അങ്ങേകൊണ്ടുമാത്രമേ സാധ്യമാകയുള്ളു. ഈശോയുടെ തിരുഹൃദയത്തിൽനിന്നാണ് ഈ പരിമളപൂരിതമായ സുഗന്ധധൂമം ഉത്ഭവിക്കുന്നതു്. ഈ അൎച്ച്യതിരുഹൃദയം സകലരുടെയുംപേക്ഷ ദൈവത്തിനു സ്തോത്രം ചെയ്യുന്നു. ഓ! ഈശോയെ! എൻെറ വശഹീനതയെ ഞാൻ അറിയുന്നു. “അവൻ വഴിയായി പിതാവായ ദൈവത്തെ സ്തുതിച്ചുകൊണ്ടു” (കലസ. 3. 17.) എന്നുള്ള വി. പൌലോസിൻെറ ഉപദേശാനുസരണം അങ്ങേ വഴിയായും അങ്ങെയോടുകൂടെയും അങ്ങെ പിതാവിനെ ഞാൻ സ്തുതിക്കുന്നു. അങ്ങെയോടുകൂടെയും അങ്ങയോടു യോജിച്ചുകൊണ്ടും ഒരു കൃതജ്ഞതാജീവിതം നയിക്കാൻ ഞാൻ മനസ്സായിരിക്കുന്നു. അതേ, എൻെറ ദൈവമേ! അങ്ങുന്നു എനിക്കു ചെയ്തുതന്ന സകല ഉപകാരങ്ങൾക്കും ഉപകാരസ്മരണാസ്തോത്രം നിറവേററു

വാൻവേണ്ടി അങ്ങേ വാത്സല്യ തിരുക്കുമാരനെ അങ്ങേ ക്കു ഞാൻ കാഴ്ചവെക്കുന്നു. (വി. മർഗ്ഗരീത്താം അലക്കോക്ക്) ദൈവത്തോടുള്ള മനുഷ്യരുടെ നന്ദിഹീനതയെ പരിഹരിക്കാൻ കുമതലയേററിയിരിക്കുന്നവനായി നിന്നെ പരിഗണിക്കുക. ഈ ഉദ്ദേശാർത്ഥം, പരിശുദ്ധ ദിവ്യകാരുണ്യത്തിൽ നിബദ്ധനായിരിക്കുന്ന ഈശോയെ കൂടെക്കൂടെ ദൈവത്തിനു കാഴ്ചവയ്ക്കുക.

3-ാം നിത്ത് — എന്നാൽ ഈ ദിവ്യരക്ഷിതാവു തന്നെയും നമ്മുടെ കൃതജ്ഞതയ്ക്കു പാത്രമല്ലയൊ? നാം അങ്ങെ വഴിയായിയല്ലയൊ സകലവിധ നൽവരങ്ങളിലും സമ്പന്നരാക്കപ്പെട്ടിരിക്കുന്നതു്? "അയാളിൽ നിങ്ങൾ സർവ്വത്തിലും സമ്പന്നരാക്കപ്പെട്ടിരിക്കുന്നു" (1 കോറി. 1.) (1) എന്നു വി. പൌലോസ് സാക്ഷികരിച്ചിരിക്കുന്നു. ഈ അർച്ച്യഹൃദയത്തിൽ നിന്നല്ലയോ നാം പാപമോചനവും, സമാധാനവും, പ്രത്യാശയും, വരപ്രസാദങ്ങളുടെ നിക്ഷേപങ്ങളും, നിത്യമഹത്വദാനവും പ്രാപിക്കുന്നതു്? വിശ്വസിക്കുന്ന ആത്മാവുകളെ സ്നേഹത്തിൻെറ ഈ പവിത്രസ്ഥാനത്തിങ്കലേയ്ക്കും അനുഗ്രഹത്തിൻെറ ഈ സിംഹാസനത്തിങ്കലേയ്ക്കും നിങ്ങൾ അടുക്കുക. നിങ്ങൾക്കുവേണ്ടി ഇത്രയൊക്കയും ചെയ്യുകയും, പ്രത്യേകം നിങ്ങളുടെ ഉപകാരാർത്ഥം ഇത്ര അധികം അത്ഭുതങ്ങൾ പ്രവത്തിക്കുകയുംചെയ്ത കത്താവിനെ സങ്കീത്തനക്കാരനോടുകൂടി "കത്താവിൻെറ സകല ദാസന്മാരെ കത്താവിനെ ഇപ്പോൾ വാഴ്ത്തുവിൻ" (സങ്കീത്തനം. 82.) (2) എന്നു പാടി സ്തുതിപ്പിൻ. ഈ കടമയെ നിവ്വഹിക്കാതിരിക്കുന്ന അനവധി മനുഷ്യരുടെപേക്ക്, നിൻെറ ഹൃദയം ആ കടമയെ നിവ്വഹിക്കുന്നതായിരിക്കട്ടെ. മനുഷ്യക്കെല്ലാവക്കും ചെയ്തി

---

(1) In omnibus divites facti estis in illo (1 Corin· 1· 5.)

(2) Ecce nunc benedicite Dominum omnes servi Domini· (132)

ട്ടുള്ള ഉപകാരങ്ങൾക്കായി അങ്ങയോടു നന്ദി പ്രദർശിപ്പിക്കുകയും തിരുസഭയോടുകൂടി "അതെ, കർത്താവേ! എല്ലായ്പോഴും എവിടെയും അങ്ങയോടു ഞങ്ങൾ കൃതജ്ഞത പ്രകടിപ്പിക്കേണ്ടതു വാസ്തവമായി യോഗ്യമായതും നീതിയുള്ളതും രക്ഷാകരമായതും ആകുന്നു" (1) എന്നു പ്രഘോഷിക്കുകയും ചെയ്യുക. നമ്മുടെ ജീവിതം യഥാർത്ഥത്തിൽ കൃതജ്ഞതയുടെ ഒരു ജീവിതമായിരിക്കട്ടെ. അതെ; "ഞാൻ എല്ലായ്പോഴും കർത്താവിനെ സ്തുതിക്കുകയും, എന്റെ അധരങ്ങൾ അവന്റെ സ്തോത്രങ്ങളെ സദാ പ്രതിധ്വനിക്കുകയും ചെയ്യും", (സങ്കീർത്തനം 32.) (2) കൃതഘ്നത, വരപ്രസാദയുറവയെ ഉണക്കിക്കളകയും, കൃതജ്ഞത, അതിനെ ധാരാളമായി പ്രവഹിപ്പിക്കുകയും ചെയ്യും. "നീ പ്രാപിച്ച അനുഗ്രഹങ്ങൾക്കു നീ കൃതജ്ഞനായിരിക്കുക. എന്നാൽ അതിലും വലിയ അനുഗ്രഹങ്ങൾക്കു നീ യോഗ്യനായി ഭവിക്കും." (ക്രിസ്ത്വാനുകരണം 2 പു. 10 അ.)

മറിയത്തോടുകൂടെ ദൈവത്തെ സ്തുതിക്കുകയും, അവളോടുകൂടെ "എന്റെ ആത്മാവ് കർത്താവിനെ മഹത്വപ്പെടുത്തുന്നു" എന്നു പറയുകയും ചെയ്യുക. അതെ, എന്റെ ആത്മാവു കർത്താവിനെ പുകഴ്ത്തുന്നു; എന്റെ ഹൃദയം എന്റെ രക്ഷിതാവായ ദൈവത്തിൽ ആനന്ദിക്കുന്നു.

ധ്യാനഫലം— ഊണിനു മുമ്പും പിമ്പും ശ്രദ്ധാപൂർവ്വം നമസ്കരിക്കുകയും, ദിവ്യകാരുണ്യസ്വീകരണശേഷം ഏകാഗ്രതയോടെ ഉപകാരസ്മരണ ചെയ്യുകയും ചെയ്ക. ഈ സമയം ഉപകാരപ്രദമാക്കാൻ അറിയാവുന്നവർക്ക് മ

(1) Vere dignum et justum est aequum et salutare, nos ubique gratiam agere.

(2) Benedicam Domino in omni tempore semper laus ejus in ore meo. (ps. 32.)

ന്ദഗ്ഗുണന്മാക്കും, അശ്രദ്ധന്മാക്കും സിദ്ധിക്കാത്ത എത്രയോ മഹാ അനുഗ്രഹങ്ങളാണ് ലഭിക്കുന്നത്.

വായന, ക്രിസ്ലാനുകരണം 2 പു. 10 അ., 3 പു. 22 അ.

## 5-ാം ധ്യാനം. പരിശുദ്ധജീവിരവൃത്തി.

വിഷയരൂപീകരണം— പരിശുദ്ധ ദിവ്യകാരുണ്യത്തിൽ സ്ഥിതിചെയ്യുന്ന ഈശോയുടെ അർച്ച്യഹൃദയത്തെ ദൈവവും മനുഷ്യരും തമ്മിലുള്ള സമാധാനം പരിരക്ഷിക്കുന്ന വാഗ്ദത്തത്തിൻെറ പെട്ടകമായി ആത്മനാ രൂപീകരിക്കുക.

ധ്യാനജപം— കർത്താവേ! ഞങ്ങളുടെ സഹോദരനായി തീൎന്ന അങ്ങേ അഭിഷിക്തനെ ഓർത്ത് ഞങ്ങളോടു ക്ഷമിച്ചരുളണമെ.

1. ഈശോയുടെ തിരുഹൃദയം മാദ്ധ്യസ്ഥം വഹിക്കുന്നു. 2. എന്തിലാണ് അവിടുത്തെ മാദ്ധ്യസ്ഥം സ്ഥിതിചെയ്യുന്നത്. 3. അങ്ങേപക്കൽ ഞാനും മാദ്ധ്യസ്ഥനാകണമെന്നു അവിടുന്നു ആഗ്രഹിക്കുന്നു.

1—ാം നിൎത്ത്— പാപം വന്നുകൂടിയശേഷം സ്വൎഗ്ഗവും ഭൂമിയും ഛിദ്രിച്ചു. പ്രകുപിതനായ ദൈവം മറുതലിച്ച മനുഷ്യനെ അവിടുത്തെ പക്കൽ നിന്നു അകററുകയും മറുതലിച്ച മനുഷ്യൻ ദൈവത്തെ ഉപേക്ഷിക്കുകയും ചെയ്തു . . . നാശകരമായ വിയോഗം . . . ആ വിയോഗം ഇന്നും നില്ക്കുന്നു. . . ലോകത്തെ ഒന്നു സൂക്ഷിച്ചു നോക്കുക. . . നിൻെറ ഹൃദയത്തെ തന്നെ ഒന്നു ആരായുക. . . ദൈവവും അതേസമയം മനുഷ്യനുമായ ഈശോ മനുഷ്യനെ ദൈവത്തോടു രമ്യപ്പെടുത്തുവാൻവന്നു. അങ്ങേ പ്രത്യേക ഉദ്യോഗമാണ് മദ്ധ്യസ്ഥൻ എന്നുള്ളത്. "ദൈവത്തിൻെറയും മനുഷ്യരുടെയും ഏകമദ്ധ്യസ്ഥൻ മനുഷ്യനായ ഈശോമ്ശിഹായാകുന്നു" (1 തിമ. 2.) എന്നു

വി. പൌലോസു പറയുന്നു. (1) എന്നാൽ ഈ ശ്രേഷ്ഠമായ മദ്ധ്യസ്ഥം എവിടെയാകുന്നു് ധാരുവാകുന്നതു (നടക്കുന്നതു്)? ഈശോയുടെ തിരുഹൃദയത്തിൽ... ഇതാണു ദൈവവും അവിടത്തെ ജനവും തമ്മിൽ ഐക്യപ്പെടുന്ന കേന്ദ്രസ്ഥാനം. ഇവിടെയാണു് അനുഗ്രഹവും സത്യവും തമ്മിൽ സംയോജിക്കുന്നതും, നീതിയും സമാധാനവും പരസ്പരം ചുംബനം ചെയ്യുന്നതും. അതു ഒരു ദൈവത്തിന്റെയും മനുഷ്യന്റെയും ഹൃദയമാകുന്നു. അതു സീമാതീതമായ പരിശുദ്ധതയുള്ള ഒരു ഹൃദയമാകുന്നു. തന്നിമിത്തം ദൈവമഹത്വത്തിനു യോഗ്യമായ പരിഹാരം ചെയ്യുവാൻ പാത്രമായതാകുന്നു. ഈയുദ്ദേശസാദ്ധ്യത്തിനായിട്ടാണു് അതു ഭൂമിയുടെയും സ്വർഗ്ഗത്തിന്റെയും ദൈവത്തിന്റെയും പാപികളായ മനുഷ്യരുടെയും മദ്ധ്യസ്ഥിതിചെയ്യുന്നതു്... ഈശോ ദിവ്യകാരുണ്യത്തിൽ ദൈവത്തോടു നമ്മെ ഐക്യപ്പെടുത്തുന്ന പ്രവൃത്തി തുടൎന്നുകൊണ്ടിരിക്കുന്നു. ഇവിടെ, മുമ്പൊരിക്കൽ സ്ലീവാമരത്തിന്മേൽ ചെയ്തതുപോലെ മനുഷ്യൎക്കുവേണ്ടിയും എനിക്കുവേണ്ടിയും അങ്ങേ നിരന്തരം ബലികഴിക്കുകയും, ഉടമ്പടിയുടെ പ്രമാണത്തിനു അങ്ങെ ദിവ്യരക്തംകൊണ്ടു ഒപ്പുവയ്ക്കുകയും ചെയ്യുന്നു. എന്റെ ആത്മാവെ ധൈര്യപ്പെടുക. നിന്റെ പാപങ്ങളുടെ എണ്ണം ഒട്ടധികമായിരുന്നാലും നിനക്കു ഒരു രക്ഷകനും, പുനൎത്രാതാവും, സംരക്ഷകനും ഉണ്ടെന്നു നീ ഒരിക്കലും വിസ്മരിച്ചുകളയരുതു്. ഈശോ കൎത്താവുതന്നെ അങ്ങേ ദാസിയായ വി. മറിയം അലക്കൊക്കായോടു അരുളിച്ചെയ്തതു നീ കേട്ടാലും: "കരുണ (ക്ഷമിക്കുന്നതിനു) ലഭിക്കാനായിട്ടു, സകലരുടെയും പാപങ്ങൾക്കുവേണ്ടി ബലി ഇടപ്പെട്ട സ്നേഹത്തിന്റെ ഒരു ബലിയായി നമസ്കാരംകൊണ്ടും നല്ല പ്രവൃത്തികൾകൊണ്ടും നിന്റെ ഹൃദയത്തേയും കരങ്ങളേയും ആകാ

---

(1) Unus mediator Dei et hominum homo christus Jesus (1 Tim. II)

ശത്തിലേക്കയത്തി പാപാക്രമങ്ങൾ നിമിത്തം പാപിക ളെ ശിക്ഷിക്കാതിരിക്കുന്ന ദൈവനീതിയെ തട്ടത്തുനിത്ത ത്തക്കതായ ഒരു ശക്തിയേറിയതും ഉറപ്പുള്ളതുമായ കോട്ട പോലെ എന്നെ നിത്യപിതാവിനു കൂടക്കൂടെ നീ കാഴ്ച വയ്ക്കണം" (വിശുദ്ധയുടെ എഴുത്തുകൾ). ഓ! ഈശോയെ അങ്ങെ കണ്മിഴിയെപ്പോലെ എന്നെ കാക്കണമേ, അങ്ങെ ചിറകുകളുടെയിടയിൽ എന്നെ സംരക്ഷിക്ക ണമെ. (1)

2-ാം നിത്ത്- മദ്ധ്യസ്ഥൻെറ ജോലി രണ്ടു വ്യത്യ സ്തങ്ങളായ പ്രവൃത്തികൾ നിവ്വഹിക്കുന്നതിലാണ് അട ങ്ങിയിരിക്കുന്നതു്. ഇവരണ്ടും ഈശോമ്ശിഹാ നിവ്വഹി ക്കുന്നു. മനുഷ്യനെ അവൻെറ സ്രഷ്ടാവായ ദൈവത്തിനും, ദൈവത്തെ സ്നേഹിച്ചു അനുഭവിക്കേണ്ടവനായ മനുഷ്യ നു ദൈവത്തേയും കൊടുക്കുന്നു. ഇവ രണ്ടും ഒന്നുപോലെ വിലമതിക്കപ്പെടേണ്ടതായിരിക്കുന്നു. ദൈവത്തിനു യശ സ്സും മനുഷ്യനു സമാധാനവും രക്ഷയും സാധിച്ചു. . ക്രമം പുനഃസ്ഥാപിതമായി. . . ഈശോമ്ശിഹായിൽ മനുഷ്യ സ്വഭാവം ശുദ്ധീകൃതവും നവീകൃതവും പവിത്രവും ആയി ഭവിച്ചു. ഈ ദിവ്യരക്ഷിതാവാണ് നമ്മുടെ ജ്ഞാനവും, നീതിയും, നമ്മുടെ പരിശുദ്ധതയും രക്ഷയും. (1. കോറി 1.) സ്വഭാവേന പരിശുദ്ധനായ അവിടുന്നു എനിക്കുവേ ണ്ടിയുള്ള വിശുദ്ധിയുടെ മൂലകാരണമായി ഭവിച്ചു. "വാസ്ത വത്തിൽ അവരും പരിശുദ്ധന്മാരായി തീരുവാൻ വേണ്ടി അവക്കുവേണ്ടി എന്നെത്തന്നെ ഞാൻ ശുദ്ധമാക്കുന്നു. (യോം. 16.) (2) എന്നു് വി. യോഹന്നാൻ എഴുതിയിരി ക്കുന്നു. ഈശോ എൻെറ പാപങ്ങൾക്കുവേണ്ടി ഉത്തരിക്കു ന്നു. അങ്ങേ പുണ്യങ്ങളാൽ എന്നെ സമ്പന്നനാക്കുന്നു; അ

---

(1) Custodi me ut pupellum oculi sub umbra alarum tuarum protege me. (Ps. 16-18)

(2) Pro eis sanctifico meipsum ut sint sancti-ficati in veritate. (Joh. 17-19)

ങ്ങേ ഭാഗ്യംഭാഗ്യത്തിനു എന്നെ ഓഹരിക്കാരനാക്കുന്നു. ദൈവം നമ്മെ സ്നേഹിക്കുന്നതിൽ അത്ഭുതപ്പെടുവാനില്ല. “പിതാവു് നമ്മെ സ്നേഹിക്കുന്നു”വെന്നു് അവിടുന്നു അരുളിച്ചെയ്യുന്നു (യോ. 16) (1) എന്നു മാത്രമല്ല “അവന്റെ പക്കൽ ഞങ്ങൾ വന്നു് അവനിൽ ഞങ്ങൾ വസിക്കും” എന്നും പറയുന്നു. (1. യോഹ 3) (2) ദൈവവും നാമും തമ്മിലുള്ള ഗാഢമായ സംബന്ധത്തെ നമ്മെ ഗ്രഹിപ്പിക്കാൻവേണ്ടി അതിലും ഉപരിയായ ഒരു ഉപമയാണു് പരിശുദ്ധാത്മാവ് ഉപയോഗിച്ചിരിക്കുന്നതു്. നമ്മെ പുത്രന്മാരായി ഗണിക്കും എന്നാണു് “നാം ദൈവത്തിന്റെ പുത്രന്മാരെന്നു വിളിക്കപ്പെടുവാനും ആയിരിക്കാനും അത്രയും കൂടുതലായി ദൈവം നമ്മെ സ്നേഹിച്ചുവെന്നു നിങ്ങൾ കാണുവിൻ” (1. യോ 3.) (3) ദൈവത്തോടു നമ്മെ യോജിപ്പിക്കുന്ന ബന്ധം മ്ശിഹായാകുന്നു. ഇതിനാലാണു് വി. പൗലോസ് “അവൻ നമ്മുടെ സമാധാനമാകുന്നു” (എപ്പ. 2) എന്നു പറയുന്നതു്. നാം ഈശോമ്ശിഹായുടെ ഹൃദയം വഴിയായിട്ടാണു് ദൈവത്തെ സ്നേഹിക്കുന്നതു്. ഇതിനാലാണു് നമ്മുടെ നമസ്കാരങ്ങളുടെ അന്ത്യത്തിൽ “ഞങ്ങളുടെ കർത്താവീശോമ്ശിഹായെക്കുറിച്ചു” എന്നു ചേർത്തു പ്രാർത്ഥിക്കാറുള്ളതു്. ഈശോമ്ശിഹാ നിമിത്തമാണു് ദൈവവും നമ്മെ സ്നേഹിക്കുന്നതു്. ഇങ്ങനെയാണു് ഈശോ നമ്മുടെ മദ്ധ്യസ്ഥനായിരിക്കുന്നതു്. ഈശോമ്ശിഹായെ അനുകരിക്കാൻ നീ ആഗ്രഹിക്കുന്നോ? ആഗ്രഹിക്കുന്നുവെങ്കിൽ രാജർഷിദാവീദുവഴിയായും (സങ്കീർത്തനം 369) വി. പൗലോസുവഴിയായും (2 കൊ. 15.) പരിശുദ്ധാത്മാവ് ഉപദേശിക്കുന്നതു പ്രവർത്തിക്കുക.

---

(1) Ipse enim Pater amat vos. (Joh. 16-27.)
(2) Apud eum veniemus et mansionem apud eum faciemus.
(3) Videte qualem charitatem dedit nobis Pater ut filii Dei nominemur et simus (1. Joh. 3. 1)

"ജീവിക്കുന്നവർ തങ്ങൾക്കുവേണ്ടിയല്ല ജീവിക്കേണ്ടതു് പിന്നയോ അവക്കുവേണ്ടി മരിക്കയും പുനരുത്ഥാനം ചെയ്യുകയും ചെയ്യുവനുവേണ്ടി (മ്ശിഹാസ്സുവേണ്ടി) ജീവിക്കുന്നു" (1)

3-ാം നിത്തു- ഈശോമിശിഹാ എന്നെയും അങ്ങെ മാദ്ധ്യസ്ഥ്യത്തിൽ ഭാഗഭാക്കാക്കാൻ ചിന്തമായി. ഇതിനാലത്രെ വി. പൌലോസ് "നമ്മെ പുനർയോജിപ്പിന്റെ ശുശ്രൂഷകരാക്കി (2. കൊ. 7.) (2) എന്നു പറഞ്ഞിരിക്കുന്നതു്. എന്നാൽ ഇതിനുവേണ്ടി എന്താണു ചെയ്യുന്നതു്? മിശിഹായുടെ സ്നേഹത്തിലേക്കു എന്റെ സഹോദരങ്ങളെ കൊണ്ടുവരുവാൻ ഞാൻ ഉത്സാഹിക്കുന്നുണ്ടോ? പാപികളുടെ പാപങ്ങളെല്ലാം പൊറുക്കണമെന്നു ഈ ദിവ്യരക്ഷിതാവിനോടു അപേക്ഷിക്കാൻ ഈ സ്നേഹം നിറഞ്ഞ ദിവ്യരക്ഷിതാവിന്റെ പക്കൽ ഞാൻ ചൊല്ലുന്നുണ്ടോ, മനുഷ്യരോടു ദൈവകാര്യങ്ങളെപ്പററി പറയുകയും ദൈവത്തോടു മനുഷ്യരുടെ ആവശ്യങ്ങളെ ബോധിപ്പിക്കുകയും ചെയ്യുന്നുണ്ടോ? ഓ ശ്രേഷ്ഠമായ ഉദ്യോഗം! അധർമ്മത്തോടു എതിർത്തു യുദ്ധംചെയ്തു അരില്ലാരാക്കുക. ധർമ്മത്തിന്മേൽ സ്നേഹം ജനിപ്പിച്ചു അതിനെ ചെയ്യിക്കുക, വാക്കാലെന്നതിനെക്കാൾ പ്രവൃത്തികളാൽ ഉപദേശിക്കുക എന്നിവകളാണു മദ്ധ്യസ്ഥന്റെ കടമകൾ. ദിവ്യപീഠത്തിന്മേൽ ഉററു സൂക്ഷിച്ചു ഈശോമ്ശിഹായെപോലെ അതു നിവ്വഹിക്കാൻ പഠിക്കുക. നീ വിശ്വസ്ഥനായ മദ്ധ്യസ്ഥനായിരിക്ക, എന്നാൽ കർത്താവ് നിന്റെ മദ്ധ്യസ്ഥനായിരിക്കുമെന്നു അവിടുന്നു ഉറപ്പു തരുന്നു. (വി. മറിയം അലക്കോക്കു.) "നീ ഇഷ്ടനല്ലെങ്കിൽ ഇഷ്ടപ്പെടുത്താൻ

---

(1) Qui vivunt jam non sibi vivant, sed ei qui pro ipsis mortuus est et resurrexit. (Cor. 5. 15)

(2) Dedit nobis ministerium reconciliationis. (Cor. 5. 18.)

സാധിക്കുകയില്ല" എന്നു വി. ബെൎന്നാർദ്ദ പറയുന്നു. (1) അതിനാൽ ദൈവകോപത്തെ ശമിപ്പിക്കാൻ നീ കൈക്കൊള്ളപ്പെട്ടവനായിരിക്കണം എന്നുള്ളതു എപ്പോഴും നിന്റെ ഓൎമ്മയിലുണ്ടായിരിക്കട്ടെ. അതിനായിട്ടു ഈ മാസാരംഭത്തിൽ തന്നെ നല്ല ആയത്തത്തോടെ പാപസങ്കീൎത്തനം ചെയ്തു നിന്റെ മനസ്സാക്ഷിയെ സകല മലിനതകളിൽനിന്നും വെടിപ്പുവരുത്തുക. നിന്റെ ഹൃദയം എത്രകൂടുതൽ ശുദ്ധിയുള്ളതായിരിക്കുമോ, അത്രയും നിന്റെ അഭ്യൎത്ഥന ദൈവത്തിന്റെ പക്കൽ ഫലസിദ്ധിയുള്ളതായിരിക്കും. ദൈവകുമാരന്റെ തിരുഹൃദയത്തിന്റെ സാദൃശത്തിനു നീ എത്ര യോജിച്ചതു ആയിരിക്കുമോ അത്രയും സുലഭമായി നീ അങ്ങേ നാമത്തിൽ പാപികൾക്കുവേണ്ടി പ്രാൎത്ഥിക്കുന്ന അനുഗ്രഹം അവിടുന്നു നല്കും.

മദ്ധ്യസ്ഥനായ ഈശോയുടെ മുമ്പാകെ തന്നെയും നമുക്കു ഒരു മദ്ധ്യസ്ഥനെയോ മദ്ധ്യസ്ഥയേയോകൊണ്ടു ആവശ്യമുള്ളു. അതിനു മറിയത്തേക്കാൾ കൂടുതൽ യോഗ്യതയുള്ള ഒരുവനുണ്ടായിരിക്കയില്ല. "നമ്മുടെ മദ്ധ്യസ്ഥനായ മിശിഹായുടെ പക്കൽ നമുക്കു ഒരു മദ്ധ്യസ്ഥനെക്കൊണ്ടു ആവശ്യമുണ്ട്. എന്നാൽ അതിനു മറിയത്തെക്കാൾ ഉപകാരപ്രദയായി മറ്റാരുമില്ല" എന്നു വി. ബെൎന്നാർദ്ദ പറയുന്നു. (2)

ധ്യാനഫലം ഈ മാസത്തിൽ നിന്റെ ഇന്ദ്രിയങ്ങളുടെ പ്രത്യേകാൽ കണ്ണുകളുടെ ഉപയോഗത്തിൽ ഉള്ള ക്രമക്കേടുകളെ തീൎക്കാൻ പ്രതിജ്ഞ ചെയ്യുക. തോന്ന്യവാസം നോക്കാതിരിക്കുക. ഇതുവഴിയായി എത്രയോ അന്യ ചിന്തകളും പരീക്ഷകളും ഇല്ലാതാകുകയും സുകൃതങ്ങൾക്കു അവസരം സിദ്ധിക്കുകയും ചെയ്യും.

വായന: ക്രിസ്താനുകരണം 1 പു. 7; 2 പു. 3.

---

(1) Simon places n. n placeas.

(2) Opus est enim mediatore ad mediatorem christum, nec alter nobis utilior quam Maria. (S. Bernard.)

## 6–ാം ധ്യാനം. അജ്ഞാതവും താഴ്മയുള്ളതുമായ ജീവിതവൃത്തി.

വിഷയരൂപീകരണം— ആത്മനാ ദിവ്യകാരുണ്യകേതനത്തിൽ പ്രവേശിച്ച് ഈശോ അവിടുന്നു രക്ഷിക്കാൻ വന്ന മനുഷ്യരാൽ ഉപേക്ഷിതനും വിസ്മരിതനുമായും, അവരിൽ ഭൂരിപക്ഷം അങ്ങേ പററി ചിന്തിക്കപോലും ചെയ്യാതെയും സംവത്സരങ്ങളും ശതാബ്ദങ്ങളും താഴ്മയിലു മൌനത്തിലും ഏകാന്തത്തിലും കഴിച്ചുകൂട്ടുന്നതായി രൂപീകരിക്കുക.

ധ്യാനജപം— മാധുര്യവും എളിയ ഹൃദയവുമുള്ള ഈശോയെ അങ്ങേ ഹൃദയത്തിനു തുല്യമായ ഒരു ഹൃദയം എനിക്കു നൽകാറാകണമെ.

ഈശോയുടെ ഹൃദയം 1. എളിമയുടെ ദൃഷ്ടാന്തവും, 2 എളിമയുടെ ഉപാദ്ധ്യായനും, 3 എളിമയുടെ ഉല്പത്തിസ്ഥാനവും ആകുന്നു.

1–ാം നിത്തു– സൃഷ്ടികളുടെമേൽ ചുമത്തപ്പെട്ടിരിക്കുന്ന കടമകളിൽവച്ചു ഏററവും പ്രധാനമായ ഒന്നു സ്വന്ത ഇല്ലാഴ്മയറിഞ്ഞു അതനുസരിച്ചു പ്രവർത്തിക്കുന്നതാകുന്നു. സകല സുകൃതങ്ങളിലുംവച്ചു മനുഷ്യന് പ്രത്യേകം, ഒരു പാപിയായ മനുഷ്യനു എല്ലായിലും ആവശ്യമായിരിക്കുന്ന ധർമ്മം എളിമയാകുന്നു. ഈശോയുടെ തിരുഹൃദയത്തിന്റെ പ്രകർഷമായ പ്രത്യേക പുണ്യമിതായിരുന്നു. ഈ ദിവ്യരക്ഷിതാവു് മനുഷ്യനായി അവതരിച്ചതിനോടെ തന്നെ, നികൃഷ്ടാവസ്ഥയിൽ ഒന്നുകൂടി സൂക്ഷ്മമായി പറയുന്നുവെങ്കിൽ ഇല്ലാഴ്മയിൽ അങ്ങെയാക്കി. "തന്നെത്തന്നെ ഇല്ലാഴ്മപ്പെടുത്തി". ഈ അത്യധോവസ്ഥയിൽനിന്നു ഒന്നുകൂടി അങ്ങേ താഴ്ത്തുവാൻ തിരുമനസ്സായി, ഒരു തൊഴുത്തിൽ പിറക്കപ്പെടുവാനും, അഗതികളുടെയിടയിൽ അഗതിയായിട്ടു ഗണിക്കപ്പെടുവാനും അജ്ഞാതനും, നിന്ദിതനും, കുററാരോപിതനും, പീഡിതനും ആയി കാലം ക

ഴിക്കാനും മാത്രമല്ല ഒരു മഹാ പാതകനെപോലെ രണ്ടു ദുഷ്ടന്മാരുടെ മദ്ധ്യേ സ്ലീവാമേൽ ആണികളാൽ തറയ്ക്കപ്പെട്ടു മരിക്കാനുംകൂടി ചിത്തമായി. കവാല മലയിലെ താഴ്മയേക്കാൾ കൂടുതലായി അങ്ങേ താഴ്ത്തുവാൻ സാദ്ധ്യമായതെന്താണുള്ളതു? ഒന്നും കണ്ടെത്തുവാൻ നമ്മാൽ സാദ്ധ്യമല്ലെങ്കിലും, അവിടത്തെ സ്നേഹവും ദിവ്യബോധജ്ഞാനവും അതിനുള്ള മാർഗ്ഗം കണ്ടെത്തുകയുണ്ടായി. ദിവ്യകാരുണ്യത്തിൽ അങ്ങേ സ്ഥാപിച്ചുകൊണ്ടു സാദ്ധ്യമായിടത്തോളം അതു നിവർത്തിച്ചു. ഇങ്ങനെ ചെയ്തുകൊണ്ടു മനുഷ്യരുടെ എല്ലാവരുടെയുംപേക്ഷ് ദൈവത്തെ ബഹുമാനിക്കുകയും സൃഷ്ടികൾക്കു യോജിക്കുന്നതായ എളിമ അതിൻെറ പൂർണ്ണതയിൽ അനുഷ്ഠിച്ചുചരിക്കയും ചെയ്യുന്നു. ബോധത്താലുള്ള എളിമ "എൻെറ പിതാവിൽ നിന്നു ഞാൻ പഠിച്ചതു ഞാൻ പഠിപ്പിക്കുന്നു." (യോഹ. 7.) ഹൃദയംകൊണ്ടും മനസ്സുകൊണ്ടും ഉള്ള എളിമ. . . "എൻെറ പിതാവിനു പ്രസാദിക്കുന്നതു ഞാൻ എപ്പോഴും ചെയ്യുന്നു" (യോഹ. 8) ഞാൻ എൻെറ സ്തുതിയല്ല അന്വേഷിക്കുന്നതു, പിന്നയോ എന്നെ അയച്ചവൻെറ സ്തുതിയത്രെ ഞാൻ തേടുന്നത്, ഇതാണു ഈശോ ചെയ്തതു്, ഞാനും പ്രാപിക്കേണ്ടതു ഇതാണ്.

2–ാം നിത്ത്– നിത്യപിതാവിനോടു ഒരു ശിഷ്യനെപ്പോലെ വർത്തിക്കുന്ന ഈശോമ്ശിഹാ നമുക്കു ഗുരുവാകുന്നു. അവിടുന്ന് നമ്മോടു കല്പിക്കുന്നതു് "ഞാൻ മാധുര്യവും ഹൃദയ എളിമയുമുള്ളവനാകുന്നു. നിങ്ങൾ എന്നോടു പഠിച്ചുകൊൾവിൻ" എന്നാണല്ലോ. ഈശോയുടെ ദിവ്യഹൃദയത്തെ ബഹുമാനിക്കാൻ ആഗ്രഹിക്കുന്ന നിങ്ങൾക്കു അതിനുള്ള രഹസ്യം ഇപ്പോൾ മനസ്സിലാകുന്നില്ലേ? അദിവ്യാധരങ്ങൾതന്നെയാണ് ഇതു നിങ്ങളോടു ഉപദേശിക്കുന്നതു്. അങ്ങേ ജീവിതഘട്ടത്തിലെ എല്ലാ അവസ്ഥാന്തരങ്ങളും ഈ പാഠം തന്നെയാണ് നമ്മെ അനുസ്മരിപ്പിക്കുന്നതു്. അങ്ങേ സുവിശേഷത്തിൻെറ എല്ലാ താളും ഇതു നമ്മെ ഉപദേശിക്കുന്നു, അങ്ങേ യഥാർത്ഥ ശിഷ്യ

രാകുവാൻ നിങ്ങൾക്കു ആഗ്രഹമുണ്ടെങ്കിൽ എളിമയും മാധുര്യവും ഉള്ളവരായിരിക്കുക. ഒരു പക്ഷി അതിൻെറ കൂട്ടിൽ എന്നപോലെ വിശുദ്ധ പീഠത്തിലെ ദിവ്യകേതനത്തിൽ, അടക്കപ്പെട്ടും, യാതൊരു ചലനതയും, പ്രാഭവവും, ബാഹ്യാഡംബരങ്ങളും ഇല്ലാതെയും ഇരിക്കുന്ന ദിവ്യഗുരുവിനെ ഉററു ചിന്തിക്കുക. ഓ! ദൈവമേ! എൻെറ വിചാരങ്ങൾ അങ്ങേ വിചാരങ്ങളിൽനിന്നു എത്രയോ വ്യത്യസ്തങ്ങളും വിപരീതങ്ങളും ആയിരിക്കുന്നു. സൃഷ്ടികളുടെ സ്നേഹത്തിനു ഞാൻ അർഹനല്ലായെന്നു ഞാൻ നല്ലവണ്ണം അറിയുന്നുവെങ്കിലും അതു ഞാൻ ആഗ്രഹിക്കുകയും അന്വേഷിച്ചു വ്യാപരിക്കുകയും, നിന്ദകളും അപമാനങ്ങളും എനിക്കു വരേണ്ടതാണെന്നു ഞാൻ അറിയുന്നുവെങ്കിലും അവകളിൽനിന്നു ഒഴിഞ്ഞുമാറുകയും ഓടിയൊളിക്കുകയും ചെയ്യുന്നു. ഈശോയെ സ്നേഹിക്കുന്നുവെന്നു ഭാവിക്കുന്ന ആത്മാവുകളെ, ഇതു നിങ്ങൾ നല്ലവണ്ണം ധരിച്ചിരിക്കുക. ഇത്രയും വലിയ എളിമയുള്ള ഈ അങ്ങേ ഹൃദയത്തെ എളിമയുള്ള ഹൃദയത്തിനാലല്ലാതെ ബഹുമാനിക്കാൻ സാദ്ധ്യമല്ല. ഇതു നല്ലവണ്ണം ഗ്രഹിച്ചിരിക്കുന്നവന്, നിന്ദിക്കപ്പെടുന്നതു് അസഹ്യമായി തോന്നുകയില്ല; ശേഷമെല്ലാവരും തന്നെക്കാൾ നല്ലവരാണെന്നു എളുപ്പം കരുതും.., നല്ലവണ്ണം ഉററുചിന്തിച്ച് ഈവിധമാണോ നിൻെറ വിചാരങ്ങളും ചരിതകളുമെന്നു ഓർത്തു നോക്കുക.

3–ാം നിരൂ് – ഈശോമ്ശിഹാ ഈ സുകൃതത്തിൻെറ ദൃഷ്ടാന്തങ്ങളും അനുശാസനങ്ങളും തന്നതുകൊണ്ടു മാത്രം മതിയെന്നു വയ്ക്കാതെ അങ്ങേ ദൃഷ്ടാന്തപ്രേരകത്തോടും ശാസനയുടെ ഗൗരവത്തോടും അതിൻെറ അനുസരണം എളുപ്പമുള്ളതാകുമാറു് അങ്ങേ വരപ്രസാദങ്ങളും നമുക്കു നൽകുവാൻ തിരുമനസ്സായി. അങ്ങേ ദിവ്യഹൃദയം എളിമയുടെ ദൃഷ്ടാന്തമായിരുന്നതിനേക്കാൾ കുറഞ്ഞ വിധത്തിലല്ല, എളിമയുടെ ഉല്പത്തിസ്ഥാനം ആയിരിക്കുന്നതു്. അവിടുന്നു കല്പിക്കുന്നു: നിങ്ങൾ ഭയപ്പെടേ

ണ്ടു; ഞാൻ നിങ്ങളോടു പ്രസംഗിക്കുന്ന എളിമ ദുഃഖകരവും വിഷാദപൂരിതവും ആയ ഒന്നല്ല; പിന്നയൊ ആനന്ദകരമായ ഹൃദയ എളിമയാകുന്നു; അതു നിങ്ങളുടെ ഹൃദയത്തിൽ കലക്കവും സമാധാനമില്ലായ്മയും ജനിപ്പിക്കുന്നതിനു പകരം മഹാ സമാധാനവും ആനന്ദവും വരുത്തും...എന്റെ ഹൃദയ പാഠശാലയിലേക്കു നിങ്ങൾ വരുവിൻ; നിങ്ങൾക്കു ഉപദേശം തന്ന ഉപാദ്ധ്യായനായ ഞാൻ, സ്നേഹത്തോടെ അതു അനുസരിച്ചുപോരുന്നതിനുള്ള ശക്തിയും തരും. "എന്റെ പക്കലേക്കു നിങ്ങൾ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം" (1) എന്നു അവിടുന്നു അരുളിച്ചെയ്യുന്നു. ഓ! പവിത്രവും വിലതീരാത്തതുമായ എളിമയേ! ഇനിമേലാൽ നീ എന്റെ വിചാരങ്ങളുടെയും പ്രവൃത്തികളുടെയും പ്രമാണമായിരിക്കട്ടെ. ഇന്നുമുതൽക്കു ഈശോമ്ശിഹായെ അനുകരിക്കുന്നതും അങ്ങേ ചിഹ്നം വഹിക്കുന്നതും അങ്ങേ നിന്ദാപമാനങ്ങളിൽ പങ്കുകൊള്ളുന്നതും എന്റെ മഹത്വം ആയിരിക്കും. അജ്ഞാതനും, ഒന്നുമല്ലാത്തവനും ആയി വിചാരിക്കപ്പെടുന്നതിൽ, ഞാൻ സന്തോഷിക്കും. എന്നാൽ കഴിയുന്നതു ഏററം താന്ന അവസ്ഥയെ ഞാൻ എപ്പോഴും തേടുകയും, ഉയർന്നതു എന്റെ സഹോദരനു ഒഴിഞ്ഞുകൊടുക്കുകയും ചെയ്യും. എളിമയുടെ അഭ്യസനത്തിൽ ഞാൻ സുസ്ഥിരനായിരിക്കുകയും അതു വിശ്വാസ ചൈതന്യത്തോടെ നിവ്വഹിക്കുന്നതിനു ഞാൻ ശ്രമിക്കുകയും ചെയ്യും. "ശിഷ്യൻ ഗുരുവിനേക്കാൾ വലിയവനല്ല." (2) ഈശോയുടെ ശിഷ്യനായവനെ, ഈശോയുടെ സ്നേഹ കളരിയിൽ ചെന്നു പഠിച്ചു അഭിവൃദ്ധി പ്രാപിക്കാൻ ആഗ്രഹിക്കുന്നവരുടെമേൽ അങ്ങേ ഹൃദയം വളരെ ഇഷ്ടപ്പെടുന്നുവെന്നു ഓക്കുക. പക്ഷേ ഗുരുവിനെ കേൾക്കു

---

(1) Venite ad me et ego reficiam vos.

2) Non est discipulus super magistrum.

ന്നതിനുള്ള ഏകാഗ്രതയും, അങ്ങേ ഉപദേശം സ്വീകരിക്കുന്നതിനുള്ള വിനയവും, ശിഷ്യന്റെ ലക്ഷണങ്ങളായിരിക്കേണ്ടതാണ് എന്ന് വിസ്മരിച്ചു കളയരുത്. "കത്താവേ! കല്പിക്കുക; അങ്ങേ ശിഷ്യൻ കേൾക്കുന്നു. (1)

മറിയത്തിന്റെ പുത്രനായ നീ, നിന്റെ മാതാവായ മറിയത്തെ കണ്ടുപഠിക്കുക. ആ അമ്മ എത്ര ഉൽക്കണ്ഠയോടെയാണ് അവൾ കേട്ട വചനങ്ങൾ അവളുടെ ഹൃദയത്തിൽ സംഗ്രഹിച്ചിരുന്നതും, ചിന്തിച്ചിരുന്നതും. "ആ വചനങ്ങളെല്ലാം സംഗ്രഹിച്ചുവച്ചു ഹൃദയത്തിൽ അവൾ ചിന്തിച്ചിരുന്നു." (2)

ധ്യാനഫലം– നവീകരണം (പ്രവൃത്തി) കഴിയുന്നത്ര മൌനം കാക്കുക; വാക്കുകളിലും, പ്രവൃത്തികളിലും ബാഹ്യാചാരങ്ങളിലും, പ്രത്യേകാൽ ഉള്ളിന്നടുത്ത മൌനം പാലിക്കുക.

വായന– ക്രിസ്ത്വാനുകരണം 1-ാം പു. 2; 3-ാം പു. 15.

## 7-ാം ധ്യാനം. അനുസരണ ജീവിതവൃത്തി.

വിഷയരൂപീകരണം– ഈശോമിശിഹാ ഈ ലോകത്തിലേക്കു അവതരിക്കാനിരിക്കയിൽ "എന്റെ ദൈവമേ! ഇതാ അങ്ങേ കല്പന, എന്റെ ഹൃദയാഭ്യന്തരത്തിൽ, ഇതാ ഞാൻ മനസ്സായി" (സങ്കീർത്തനം 39) (3) എന്നീ വാക്യങ്ങളെ ഉച്ചരിച്ചുകൊണ്ടു, അങ്ങേ നിത്യപിതാവിന്റെ തിരുമനസ്സിനു അങ്ങേ സമർപ്പിക്കുന്നതായി രൂപീകരിക്കുക.

---

1) Loquere Domine quia audit servus tuus.
2) Maria conservabat omnia verba haec in corde suo.
3) Ecce deus meus volui, et legem tuam in medio cordis mei. (Ps. 39)

ധ്യാനജപം— "കർത്താവേ! അങ്ങുന്നു എന്റെ ദൈവമായിരിക്കകൊണ്ടു അങ്ങേ തിരുമനസ്സു നിറവേററുന്നതിന്നു എന്നെ പഠിപ്പിക്കുമാറാകണമെ" (സങ്കീർത്തനം 142) എന്ന വാക്യാനുസൃതം കർത്താവേ! അങ്ങേ ചിത്തം നിറവേററുവാൻ എന്നെ പഠിപ്പിക്ക എന്നു നീയും അപേക്ഷിക്കുക.

1. ഈശോയുടെ കീഴ്വഴക്കം. 2. ഈ കീഴ്വഴക്കത്തിന്റെ ഗുണവിശേഷത. 3, ഈശോയോടുള്ള എന്റെ അനുസരണം ഏതുവിധത്തിലുള്ളതായിരിക്കണം.

1-ാം നിത്തു— കീഴ്വഴക്കത്തേക്കാൾ മനുഷ്യനു കൂടുതൽ ആവശ്യമായതും, എന്നാൽ അതേസമയം മോശമായി അനുവർത്തിക്കപ്പെടുന്നതുമായ സുകൃതം വേറൊന്നുമില്ല. "ഞാൻ നിന്റെ ദൈവമായ കർത്താവാകുന്നു" (പുറപ്പാടു 20) (1) എന്നുള്ള വേദോക്താനുസൃതം ദൈവം നമ്മുടെ അധിരാജനാകുന്നു; "ഞാൻ നിന്റെ ദാസനാകുന്നു" (സങ്കീർത്തനം 118.) എന്നുള്ളതുകൊണ്ടു അവിടുന്നു നമ്മുടെ സ്രഷ്ടാവുമാകുന്നു; മനുഷ്യൻ അവന്റെ ഹൃദയത്തിന്റെ ദുരാശകളെ പിഞ്ചെന്നു നേർവ്വഴിയിൽ നിന്നു തെററി പോകാതിരിക്കണമെങ്കിൽ അവന്റെ പ്രവൃത്തികളൊക്കെയും തെററുവരാത്ത ഏകപ്രമാണമായ ദൈവതിരുമനസ്സിനോടു യോജിച്ചവയായിരിക്കണം; എന്നീ മൂന്നു ന്യായങ്ങളാൽ മനുഷ്യൻ ദൈവത്തിനു കീഴ്വഴങ്ങുവാൻ കടപ്പെട്ടിരിക്കുന്നു. നിങ്ങളുടെ സ്വന്ത മനസ്സു ഉപേക്ഷിക്ക; എന്നാൽ നരകം ഉണ്ടായിരിക്കുകയില്ല എന്നു വി. ബെർണ്ണാർദ്ദു പറയുന്നു... മനുഷ്യരുടെ കീഴ്വഴക്കമില്ലായ്മയെ പരിഹരിക്കാൻ വേണ്ടിയാണ് ഈശോമിശിഹാ ദാസന്റെ രൂപം എടുക്കാനും, അതിന്റെ കടമകളെ നിർവ്വഹിക്കാനും തിരുമനസ്സായതു്. അങ്ങേ ഹൃദ

1) Ego sum Dominus Deus tuus. (Er. 20,)

യം നിരന്തരം അങ്ങേ പിതാവിൻെറ ചിത്തത്തിനു വി ധേയമായിരുന്നു. "പിതാവിൻെറ ആജ്ഞാനുസൃതം ഞാൻ പ്രവൎത്തിക്കുന്നു" (യോഹ. 14.) (1). അ തിരുചി ത്തത്തിൻെറ അല്പാല്പ ലാഞ്ചനകൾക്കുപോലും അവിടു ന്നു കീഴ്പെടുന്നു. "ശ്രോത്രേന്ദ്രിയത്താൽ നീ എന്നെ പൂ രിപ്പിച്ചു" (സങ്കീൎത്തനം 39.) (2). അങ്ങേ ആഹാരവും പോഷണവും കീഴ്വഴക്കമായിരുന്നു. "എൻെറ ഭോജ നം, എന്നെ അയച്ചവൻെറ ചിത്തം നിറവേററുന്നതാകു ന്നു" (യോ. 4.) എൻെറ ആത്മാവേ, നീ നിൻെറ ഗുരു വും ആദൎശവുമായ ഈശോയെ സൂക്ഷിക്കുക. ഇനി നീ കീഴ്വഴങ്ങുവാൻ മനസ്സാകാതെയിരിക്കുമോ? വൈഷമ്യ ങ്ങളും, ഉപദ്രവങ്ങളും, വിരോധങ്ങളും, നേരിടട്ടെ എ ന്നാലും ഞാൻ കീഴ്വഴങ്ങും. അതെ എൻെറ ദൈവ മേ! ഞാൻ മനസ്സാകുന്നു എപ്പോഴും മനസ്സാകും.

2-ാംനിൎത്ത- ഈശോയുടെ തിരുഹൃദയത്തിൻെറ കീഴ്വഴക്കം നിരന്തരവും, പ്രതിക്ഷണം അനുവൎത്തിച്ചു വന്നതും ആയിരുന്നു. "അവനു (പിതാവിനു) ഇഷ്ടമായ തിനെയാണ് ഞാൻ എല്ലായ്പോഴും ചെയ്യുന്നതു്" (യോ ഹ. 8.) യാതൊന്നും ഒഴിക്കാതെ, സകലത്തിലും, അവി ടുന്നു കീഴ്വഴങ്ങിയിരുന്നു. "സ്വയം ഞാൻ ഒന്നും പ്രവ ൎത്തിക്കുന്നില്ല:" അങ്ങേ കീഴ്വഴക്കം പ്രവീരത്വമുള്ളതും, ഏററം ഉദാരമുള്ളതുമായിരുന്നു; അവിടുന്നു മരണത്തോളം അതു് സ്ലീവാമരണത്തോളം കീഴ്വഴങ്ങി. "അവൻ അവൎക്കു കീഴ്വഴങ്ങിയിരുന്നു" എന്ന വാക്യത്താൽ സൂചിപ്പിച്ചിരിക്കുംവണ്ണം മറിയത്തിനും യൌസേപ്പി നും മാത്രമല്ല, ശേഷം സൃഷ്ടികൾക്കും, ന്യായരഹിത

---

1) Sicut mandatum dedit Pater sic facio. (Joh. 20.)

2) Aures autem perfecit mihi. (Ps. 39.)

മായി അങ്ങേ കുററംവിധിച്ച വിധിയാളന്മാക്കം, കൊല പാതക്കം, അവിടുന്നു കീഴ്‌വഴങ്ങി. അവിടുന്നു, സ്നേഹം നിമിത്തമാണു കീഴ്‌വഴങ്ങിയതു്. അതിനാലാണു "ഞാൻ പിതാവിനെ സ്നേഹിക്കുന്നുവെന്നും, പിതാവു എന്നോടു കല്പിച്ചതുപോലെ ഞാൻ ചെയ്യുന്നുവെന്നും, ലോകം അറിയുവാൻവേണ്ടി നിങ്ങൾ എഴുന്നേല്ക്കുക" (യോ. 14.) എന്നു അവിടുന്നു അരുളിച്ചെയ്തതു്. അവസാനമായി അവിടത്തെ കീഴ്‌വഴക്കം ദിവ്യകാരുണ്യം എന്ന ദിവ്യരഹസ്യം വഴിയായി, ലോകാവസാനത്തോളം സതതമായതുമാകാൻ തിരുമനസ്സായി. അതിൽ പൂൎണ്ണമായും പൎയ്യാപ്തമായും പട്ടക്കാരനു വിധേയനായി വൎത്തിക്കുന്നു. അതു കീഴ്‌വഴങ്ങുവാൻ നല്ലവണ്ണം ഈശോ പഠിച്ചിരുന്നു. ഇപ്പോഴും ലോകത്തിൽ നടന്നുകൊണ്ടിരിക്കുന്നതായ ഈ ദൃഷ്ടാന്തം ഉണ്ടായിട്ടും, അതിനെക്കുറിച്ചു ചിന്തിക്കുന്നവരും അതിൽനിന്നു ഫലമെടുക്കുന്നവരും എത്രയൊ ചുരുക്കം. ഈ വിഷയം സംബന്ധിച്ചു ഞാൻ എത്രയോ അധികം ലജ്ജിക്കേണ്ടിയിരിക്കുന്നു. എൻെറ അനുസരണയിൽതന്നെ എത്രയോ കുറവുകൾ, വൈഷമ്യം നേരിടുമ്പോൾ എൻെറ ക്ഷീണത എത്രയോ വലിയതു്. എൻെറ സ്വഭാവം എന്തുമാത്രം മറുതലിക്കുന്നു. സേവയ്ക്കും സ്നേഹത്തിനും ദൈവത്തേക്കാൾ യോഗ്യനായ ഒരു യജമാനനെ കണ്ടെത്താൻ സാദ്ധ്യമോ? ദൈവത്തെ സേവിക്കുന്നതു നിരന്തരം വാഴുകയാണു്.

3-ാം നിൎണ്ണ- ഈശോ അങ്ങേ നിത്യപിതാവിൻെറ ആദേശങ്ങളെ എങ്ങനെ സ്വീകരിച്ചോ അതേപ്രകാരം ഞാനും ഈശോയുടെ ആദേശങ്ങളെ സ്വീകരിക്കേണ്ടിയിരിക്കുന്നു. പിതാവു എന്നെ അയച്ചതുപോലെ നിങ്ങളെ ഞാൻ അയക്കുന്നുവെന്നാണു (യോ. 20.) അവിടന്നു അരുളിച്ചെയ്തുയുണ്ടായതു്. ഈശോയുടെ ഹൃദയമായിരിക്കണം എൻെറ ഹൃദയവ്യാപാരത്തിൻെറയും പ്രവൃത്തികളുടെയും മൂലപ്രമാണം. ആ തിരുഹൃദയത്തെ

നോക്കിവേണം ഞാൻ എൻെറ ആശകളെ ക്രമീകരിക്കാനും, എൻെറ ഉദ്ദേശങ്ങളെ ശുദ്ധീകരിക്കാനും, എൻെറ ശക്തിയെ (വാശത്തെ) നയിക്കാനും എൻെറ പ്രവൃത്തികളെ ആദേശിക്കാനും. എനിക്ക അഭിരുചി തോന്നുന്ന കാര്യങ്ങളിലും അഭിരുചി തോന്നാത്ത കാര്യങ്ങളിലും, വലിയ കാര്യങ്ങളിൽ എന്നപോലെ, ചെറിയ കാര്യങ്ങളിലും, കീഴ്വഴങ്ങുകയാണ് ഞാൻ ചെയ്യേണ്ടത്. അവിടുന്നു ചിത്തമാകുന്നതെല്ലാം ചെയ്യുവാനും, അവിടുന്നു അയക്കാൻ തിരുമനസ്സാകുന്നതെല്ലാം സ്വീകരിച്ചു സഹിക്കാനും, സന്നദ്ധനായിരിക്കണം. ഞാൻ ദൈവത്തിൻെറ ദാസൻ, മിശിഹായുടെ ദാസൻ ഇതായിരിക്കണം ഞാൻ പ്രശംസിക്കേണ്ട മനോഭാവം. ദിവ്യകാരുണ്യത്തിൽ പ്രസന്നനായിരിക്കുന്ന എൻെറ ദിവ്യനാഥൻെറ മുമ്പാകെ പതിവിൽ കൂടുതലായി ചെന്നു, അവിടുത്തെ ആദേശങ്ങളെ സ്വീകരിക്കുന്നതിനായി എന്നെ ഞാൻ സമർപ്പിക്കും. അങ്ങുന്നു എന്നെ വിളിച്ചു; ഇതാ ഞാൻ വന്നിരിക്കുന്നു; ഞാൻ എന്തുചെയ്യണമെന്നാണ് അങ്ങേ ചിത്തം? അവിടുത്തെ ദിവ്യചിത്തം നിറവേറുവാൻ സന്നദ്ധനായി ഉഷസ്സിൽ എന്നെ ഞാൻ അവിടുത്തേയ്ക്കു കാഴ്ചവെക്കും. "ഹൃദയതാഴ്മയുള്ളവർ അങ്ങേ സേവിക്കുന്നതു ഈശോയ്ക്കു ആനന്ദകരമാകുന്നു. അവരുടെ പരിശ്രമങ്ങളിൽ അവിടുത്തെ അനുഗ്രഹങ്ങൾ ധാരാളമായി വർഷിക്കും. (വി. മറിയം അലക്കോക്ക) അല്പകാര്യങ്ങളിൽ വിശ്വസ്തനായിരിക്കുന്നത്, പുണ്യപൂർണ്ണതയിൽ അഭിവൃദ്ധി പ്രാപിക്കുന്നതിനും, അസാമാന്യ വരങ്ങളെ പ്രാപിക്കുന്നതിനുമുള്ള ഉത്തമ പോംവഴിയാകുന്നു. "വിശ്വസ്തനായ നല്ല ദാസാ! നീ ചെറിയ കാര്യങ്ങളിൽ വിശ്വസ്തനായിരുന്നതുകൊണ്ടു വലിയ കാര്യങ്ങളിൽ നിന്നെ ഞാൻ ആക്കും." (മത്ത. 25.) "ഇതാ ഞാൻ കർത്താവിൻെറ ദാസി അങ്ങേ വചനംപോലെ എനിക്കു സംഭവിക്കട്ടെ" (ലൂക്ക. 3.) എന്നു മറിയം പറയുന്നു. ഞാൻ ഈശോമിശിഹായോടു അനുവർത്തിക്കേണ്ട കി

ഴ്വഴക്കത്തിന്റെ ഒരു ഉത്തമ ആദർശമാണു, ഈശോയമ്മ.

ധ്യാനഫലം— കീഴ്‌വഴങ്ങുന്നവിധം സംബന്ധിച്ച ന്യൂനതകളെ പരിഹരിക്കുക. കീഴ്‌വഴങ്ങുന്നതിനും, സ്വഭാവത്തിനും, സ്വേഷ്ടത്തിനും, തോന്നുന്ന വിരോധങ്ങളെ പ്രത്യേകം ജയിക്കുക.

വായന— ക്രിസ്ത്വാനുകരണം 18. 9; 3. പു. 1.

## 8-ാം ധ്യാനം. യാഗജീവിതവൃത്തി.

വിഷയരൂപീകരണം— മാനുഷരക്ഷണാർത്ഥം ബലിയിടപ്പെട്ട കറയില്ലാത്ത ഒരു ബലിവസ്തുവായി ഈശോയെ രൂപീകരിക്കുക. "ദിവ്യചെമ്മരിയാട്ടിൻകുട്ടി കൊല്ലപ്പെട്ടതായി സ്ഥിതി ചെയ്യുന്നത് ഞാൻ കണ്ടു." (വെളിപാട് 5.)

ധ്യാനജപം— അങ്ങേ യാഗജീവിതത്തിൽ പങ്കുകൊള്ളുവാനുള്ള വരം പ്രാർത്ഥിക്കുകയും, ദിവ്യകേതനത്തിൽ ഇരിക്കുന്ന രക്ഷിതാവിനോടു അടുത്തു ആത്മീയവിധത്തിൽ നിന്നെ സ്ഥാപിക്കുകയും ചെയ്യുക.

1. ഈശോയുടെ ഈലോകജീവിതം ഒരു യാഗജീവിതമായിരുന്നു.

2. ദിവ്യകാരുണ്യത്തിലും അവിടുന്നു ഒരു യാഗവസ്തുവായി സ്ഥിതിചെയ്യുന്നു.

3. അങ്ങേ അംഗങ്ങളായ നാമും, യാഗപാത്രങ്ങളാകണമെന്നു അവിടുന്നു ആഗ്രഹിക്കുന്നു.

1-ാംനിത്തു— അവിടത്തെ ഐഹിക ജീവിതം അത്യന്തം ഒരു ബലിയായിരുന്നു. ദൈവനീതിക്കു ഉത്തരിക്കാനും, മനുഷ്യരുടെ പാപങ്ങളെ പരിഹരിക്കാനുമായിട്ടാണു അവിടുന്നു മനുഷ്യനായി അവതരിച്ചതു്. ഇരുകക്ഷികളുടെയും മദ്ധ്യസ്ഥനായിരിക്കാൻ അവിടുന്നു ഏററ ഉദ്യോ

ഗവും, ഭാരവാഹിത്വവും നിമിത്തം അങ്ങേ ബലിവസ്തുവാകാൻ അവശ്യമായിരുന്നു. ദൈവകോപത്തെ ശമിപ്പിക്കത്തക്ക ഏകബലി അവിടുന്നുമാത്രമേയുള്ളൂ, സകല പാപങ്ങൾക്കുംവേണ്ടി ഉള്ളതും, സകല അക്രമങ്ങളെയും പരിഹരിക്കത്തക്കതും, ആയ ഒരു അകമാനബലി അവിടുന്നു മാത്രമായിരുന്നു. അതിനാൽ അവിടത്തെ ഈലോകജീവിതം ആദ്യന്തം, അതിദീർഘവും പീഡാകരവുമായ ഒരു വേദസാക്ഷിത്വം ആയിരുന്നു. അങ്ങേ ഈലോകജീവിതത്തിന്റെ ആദ്യദശമുതല്ക്കേ അങ്ങേ പീഡകൾ ആരംഭിച്ചു. അങ്ങേ മാതാവിന്റെ ഗർഭാശയത്തിൽവച്ചു തുടങ്ങിയ വ്യഥ, കപാലമലയിൽ മൂർദ്ധന്യാവസ്ഥയെ പ്രാപിച്ചവരെയും ദീർഘിച്ചിരുന്നു. അങ്ങേ എല്ലാ അവയവങ്ങളും ബലിയായിത്തീരുകയും, അങ്ങേ ദിവ്യ ആത്മാവുപോലും എല്ലാവിധ ദുഃഖങ്ങളാലും പീഡിക്കപ്പെടുകയും ചെയ്തു. അങ്ങേ ജീവിതത്തിലെ എല്ലാ മാത്രകളും അവിടുന്നു ഒരു ബലിയായായിട്ടാണു കഴിച്ചതു്. ദൈവകോപത്തിന്റെ എല്ലാ പ്രയോഗങ്ങളും അങ്ങേ ഹൃദയത്തെ വ്രണപ്പെടുത്തുകയും സകല മനുഷ്യരുടെയും എല്ലാ പാപാക്രമങ്ങളും അങ്ങേ ഹൃദയത്തെ ഭാരപ്പെടുത്തുകയും ചെയ്തു. "കർത്താവു നമ്മുടെ പാപങ്ങളെല്ലാം അയാളുടെമേൽ ചുമത്തി." (ഏശയ്യാ. 53). വിശ്വാസിയായ ആത്മാവേ! സ്ലീവാമേൽ തറക്കപ്പെട്ടു തൂങ്ങിക്കിടക്കുന്ന നിന്റെ കർത്താവിനെ ഉററുനോക്കുക. ആ അത്ഭുത പുസ്തകത്തെ വായിച്ചുപഠിക്കുക. ഓ! എന്റെ ഈശോയെ, എനിക്കുവേണ്ടിയും, എന്റെയും സഹോദരങ്ങളുടെയും പാപങ്ങളെപ്രതിയുമല്ലയോ അവിടുന്നു അങ്ങേ ചോരയൊക്കെയും ചിന്തിയതു്. തിരുസ്ലീവായെ! എത്രയോ വലിയ സത്യമാണു നീ എന്നെ പ്രബോധിപ്പിക്കുന്നതു്. എനിക്കുവേണ്ടി യാഗമായി തീരുകയും എന്റെമേലുള്ള സ്നേഹം നിമിത്തം നിഗ്രഹിതനാകുകയും ചെയ്ത ഈശോയുടെ തിരുഹൃദയമേ എങ്ങനെ-ഞാൻ അങ്ങേ സ്നേഹിക്കാതിരിക്കും.

2–ാം നിത്ത് – നമ്മുടെ ദിവ്യപീഠങ്ങളിലും ഈശോ ഒരു ബലിയായിട്ടാണ് വൎത്തിക്കുന്നത്. കപാലമലയിൽ ഈശോ അങ്ങേ ബലികഴിച്ചതിനോടെ നമ്മുടെ സകല പാപാക്രമങ്ങൾക്കുവേണ്ടി ഉത്തരിക്കുകയും, നമുക്കു എല്ലാ വിധ വരപ്രസാദങ്ങളും സമ്പാദിക്കുകയും ചെയ്തു. എന്നാൽ നമ്മെ ഒരു പാഠം പഠിപ്പിക്കാനും, ലോകാവസാനംവരെ അങ്ങേ ബലിവസ്തുവാക്കാനും, നമ്മുടെ പീഠങ്ങളിൽ ആ അനിൎവ്വാച്യ ബലി അനവരതം പുതുപ്പിക്കപ്പെടുന്നതിനും തിരുമനസ്സായതിനാൽ, ഒരുപ്രാവശ്യം സ്ലീവാമേൽ മരിച്ചതുകൊണ്ട് മതിയെന്നുവയ്ക്കാതെ, അങ്ങേ സ്നേഹത്തിന്റെ ക്രൂദാശയിൽ നിരന്തരം അങ്ങേതന്നെ ഒരുവിധം ബലികഴിക്കുന്നു. ഇവിടെ സജ്ജീവനും, മഹത്വപ്പെട്ടവനും, അവിടുന്നു ആണെങ്കിലും ശൂന്യാവസ്ഥയിലും മരിച്ചവനെപ്പോലെയും വൎത്തിക്കുന്നു. അതിൽ മനുഷ്യരിൽനിന്നുള്ള നിന്ദാപമാനങ്ങളും, ദൈവദൂഷണങ്ങളും, ദൈവദോഷപരമായ അതിക്രമങ്ങളും, അങ്ങേ ഹൃദയത്തെ മുറിപ്പെടുത്തി പുതുതായ പാടുപീഡകളെ അനുഭവിപ്പിക്കുകയല്ലയൊ ചെയ്യുന്നത്? ഓ! അഗ്രാഹ്യ നന്ദിഹീനതയെ! ഓ! അഗ്രാഹ്യമായ സ്നേഹമേ! ഇവിടെ ഈശോ, അങ്ങേ സ്നേഹിതന്മാൎക്കും, അങ്ങേ ശത്രുക്കൾക്കും വേണ്ടിയും എനിക്കുവേണ്ടിയും ഒരു ബലിവസ്തുവായിരിക്കുന്നു. വിശ്വാസിയായ ആത്മാവേ! രക്ഷിതാവിന്റെ ശിഷ്യനേ! സ്ലീവാമേൽ തറയ്ക്കപ്പെട്ടു തൂങ്ങിക്കിടക്കുന്ന നിന്റെ കൎത്താവിനെ സൂക്ഷിച്ചശേഷം, ദിവ്യപീഠത്തിലേക്കു നിന്റെ കണ്ണുകളെ തിരിക്കുക. പ്രതിദിനം ദിവ്യപൂജയിൽ പരിത്യാഗത്തിന്റെ സാരമേറിയതും, മഹാ വിലിയതും, ആയ പാഠം നീ പഠിക്ക. നോക്കി സൂക്ഷിച്ചു. അനുകരിക്കുക. ഇന്നും അതു പ്രവൃത്തിയിൽ വരുത്തുന്നതിനുള്ള അവസരം വന്നുകൂടും. നിന്റെ ആത്മാവിനെ സന്നദ്ധയാക്കി എല്ലാം, സന്തോഷത്തോടെ സ്വീകരിക്കുക.

3-ാം നിത്ത് - ഈശോയുടെ അംഗങ്ങളായിരിക്കുന്ന നാമും ബലിവസ്തുവാകണമെന്നാണ് അവിടുന്നു ആഗ്രഹിക്കുന്നത്. പാടുകളും കഷ്ടതകളും സഹിച്ചും, താഴ്ത്തപ്പെട്ടും ബലിയായിത്തീർന്നും ഈലോകജീവിതത്തിൽ മരിച്ച്, വരപ്രസാദജീവിതം ജീവിക്കുക. ഇതാണ് പാപിയായ മനുഷ്യന്റെ ഏററം വലിയ കർത്തവ്യകർമ്മം.... ഇതാണ് ക്രിസ്തീയജീവിതത്തിന്റെ സംഗ്രഹം. ഈശോയുടെ അവയവത്തിന്റെ ഗതി, അതിന്റെ ശിരസ്സിന്റെ ഗതി തന്നെയായിരിക്കേണ്ടതാണ്. ഇതാണ് പുണ്യത്തിലേക്കു കൊണ്ടുചെല്ലുന്ന മാർഗ്ഗം. അങ്ങേ പ്രേഷിതവൃത്തിയുടെ പ്രത്യേക ലക്ഷണമായി അവിടുന്നു നിർദ്ദേശിച്ചിരിക്കുന്നതും ഇതാണ്: ഇതത്രേ ഭാഗ്യത്തിനുള്ള നിശ്ചയമായ അച്ചാരം. 'സ്ലീവായിലാണ് രക്ഷ; സ്ലീവായിലാണ് ആയുസ്സ്; സ്ലീവായിലാണ് ഉന്നത മാധുര്യത്തിന്റെ ലബ്ധി" (ക്രിസ്താനുകരണം). മഹത്വപ്രാപ്തിക്കുള്ള അപരിത്യാജ്യവ്യവസ്ഥ; ഇതാണ്. "നാം അങ്ങയോടുകൂടി പീഡയനുഭവിക്കുമെങ്കിൽ നാം മഹത്വം പ്രാപിക്കും" (റോമാ. 8). ഈ സത്യത്തിൽ എനിക്കു പൂർണ്ണവിശ്വാസമുണ്ടോ? പ്രത്യേകവിധത്തിൽ ഈമാസം എന്നെ ബലിവസ്തുവാക്കണമെന്നു ഈശോ ആഗ്രഹിക്കുന്നു. ഈ ഉദ്ദ്യേശം നിർവ്വഹിക്കാൻ എനിക്കു പൂർണ്ണ സന്നദ്ധതയുണ്ടോ? ഇതിനുവേണ്ടി എന്തു പ്രായശ്ചിത്ത പ്രവൃത്തികളാണ് ഞാൻ അനുഷ്ഠിക്കാനിരിക്കുന്നത്? ഏതു വരമാണ് ഞാൻ അപേക്ഷിക്കേണ്ടതു്? എന്റെ ശരീരത്തെക്കുറിച്ചുള്ള ഉല്ക്കണ്ഠ തെല്ലു മിതം കടന്നതല്ലയോ? നിദ്രയിലും, ആഹാരത്തിലും, ആശ്വാസത്തിലും, കുറയ്ക്കേണ്ടതായിട്ടു ഒന്നുമില്ലയോ? ഉള്ളിനടുത്തതും പുറമേയുള്ളുമായ ചില പ്രായശ്ചിത്ത പ്രവൃത്തികളെങ്കിലും അനുഷ്ഠിക്കാൻ സാധിക്കുമോ?

ഈശോമിശിഹായ്ക്കുള്ളവർ തങ്ങളുടെ ശരീരത്തേയും അതിന്റെ ആശാപാശങ്ങളേയും സ്ലീവായിലാക്കിയിരിക്കുകയാണ് (പരിത്യജിച്ചിരിക്കുകയാണ്) എന്നു വി.

പൌലോസു പറയുന്നു: "എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നവർ തങ്ങളെത്തന്നെ പരിത്യജിച്ചു തൻെറ സ്ലീവായെ എടുക്കട്ടെ" എന്നു കർത്താവുതന്നെ അരുളിച്ചെയ്യുന്നു ഈശോയെ അനുകരിക്കേണ്ടതിലേക്കു ഈ കാര്യത്തിൽ എന്തെല്ലാമാണ് നീ ചെയ്യേണ്ടതു് എന്നു നല്ലവണ്ണം പരിശോധിച്ച് ദൈവത്തോടും നിൻെറ ആത്മനിയന്താവിനോടും ആലോചിച്ചു തീർച്ചപ്പെടുത്തുക. 'ദൈവസ്തുതിക്കായി കത്തി ഇല്ലാതാകുതീരുന്ന മെഴുകുതിരിക്കുസമം, ഈശോയിക്കു നിന്നെ സമർപ്പിക്കുക.' (വി. മർഗ്ഗരീത്താ അലക്കോക്കിൻെറ എഴുത്തുകൾ.).

"നിൻെറ ഹൃദയത്തെതന്നെ, വാൾ വിച്ഛേദിപ്പിക്കും" (ലൂക്കാ 2.) എന്ന വേദോക്താനുസൃതം, വ്യാകുലത അനുഭവിച്ച മാതാവേ! ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കുക. ഈശോയോടുകൂടെ പ്രത്യേകവിധത്തിൽ മറിയവും ബലിയായി. മുഖ്യമായ ഈ പാഠം അവളിൽനിന്നു പഠിക്കുക.

ധ്യാനഫലം— ദിവ്യപൂജ കാണുന്നതിൽ നിനക്കുള്ള ന്യൂനതകൾ പരിഹരിക്കുക. കുർബാന ചൊല്ലുന്നതു് അല്ലെങ്കിൽ കാണുന്നതു്, ദിവസത്തിലെ ഒരു മഹാ വലിയ പ്രവൃത്തിയാണ്. സാധിക്കുന്നപക്ഷം പ്രതിദിനം കുർബാനയിൽ സംബന്ധിക്കുന്നതിനു ഉപേക്ഷയായിരിക്കരുതു്. കാണുമ്പോഴൊക്കെയും സജീവ വിശ്വാസത്തോടെ കാണുക.

വായന— ക്രിസ്ത്വാനുകരണം 4–ാംപു. 8; 3–ാംപു. 56.

## 9–ാംധ്യാനം. തീക്ഷ്ണതാപരവും വിനിയോഗിതവും ആയ ജീവിതവൃത്തി.

വിഷയരൂപീകരണം— ഈശോകർത്താവു്, സ്നേഹാഗ്നിജ്വാലകൾ വമിക്കുന്ന അങ്ങേ ദിവ്യഹൃദയം കാണി

ച്ചുകൊണ്ട്, ലോകത്തിൽ അഗ്നിയിട്ടുവാനായി ഞാൻ വന്നു; അതു പററിയെരിയണമെന്നല്ലാതെ വേറൊന്നും ഞാൻ ആഗ്രഹിക്കുന്നില്ല എന്നു അരുളിച്ചെയ്യുന്നതായി രൂപീകരിക്കുക.

ധ്യാനജപം— ഞങ്ങളെ എത്രയുമധികമായി സ്നേഹിക്കുന്ന ഈശോയേ! ഞങ്ങളും അങ്ങേ അധികമധികം സ്നേഹിച്ചുവരുവാൻ കൃപ ചെയ്യേണമെ എന്നു പ്രാത്ഥിക്കുക.

1. ഈശോയുടെ തീക്ഷ്ണതയും, 2. ആ തീക്ഷ്ണതയുടെ ഫലങ്ങളും, 3. ആ തിരുഹൃദയത്തിന്റെ ബഹുമാനാത്ഥം എങ്ങനെയാണ് ആ തീക്ഷ്ണതയെ നാം തന്നെ അഭ്യസിക്കേണ്ടതു് എന്നും ആലോചിക്കുക.

1-ാംനിത്തു്— ദൈവമഹത്വത്തിന്മേലും മനുഷ്യരുടെ രക്ഷയിന്മേലും ഈശോയിക്കു മഹാ തീക്ഷ്ണത അഥവാ ഉൽക്കണ്ഠ, വാസ്തവത്തിൽ ഉണ്ടായിരുന്നു. തീക്ഷ്ണത സ്നേഹത്തിൽനിന്നാണ് ഉത്ഭവിക്കുന്നതും, അതു സ്നേഹത്തിന്റെ ആവശ്യമായ നിഗമനവും, ആകുന്നു. സ്നേഹത്തിന്റെ പ്രവൃത്തികൾ രണ്ടാകുന്നു; ഒന്നു സ്നേഹിതനു വരുത്താവുന്ന നന്മകൾ വരുത്തുന്നതും, മറേറതു അയാൾക്കു വന്നുകൂടാവുന്ന തിന്മകളെ ഒഴിക്കുന്നതും. തീക്ഷ്ണത ദൈവദ്രോഹങ്ങളെ തടയുന്നതിനു ഉത്സാഹിക്കുകയും, ദൈവത്തെ എല്ലാവരും അറിഞ്ഞു സ്നേഹിക്കുന്നതിനു പരിശ്രമിക്കുകയും ചെയ്യുന്നു... ദൈവമഹത്വീകരണവും, വിശുദ്ധന്മാരുടെ ബഹുമാനവും, ശുദ്ധീകരണസ്ഥലത്തിൽ കിടക്കുന്നവരുടെ രക്ഷയും, കത്താവിനോടു ചെയ്യപ്പെടുന്ന നിന്ദാപമാനങ്ങളെ പരിഹരിക്കുന്നതും, പാപികളുടെ മാനസാന്തരവും, പാപമില്ലാത്തവരെ പാപരഹിതന്മാരായി പാലിക്കുന്നതും, നീതിമാന്മാരുടെ പരിപൂണ്ണതയും, മററു തത്തുല്യങ്ങളായ പുണ്യകരണങ്ങളുമാണ് ഇതിന്റെ സാമാന്യ പ്രവൃത്തികൾ.

ഈവിധ പ്രവൃത്തികളിലാണ് ഈശോ അങ്ങേ ഇഹലോക ജീവിതകാലങ്ങളിൽ ഉദ്യുക്തനായിരുന്നത്. ദിവ്യകാരുണ്യത്തിൽ ഇരുന്നുകൊണ്ട് ഇപ്പോഴും ഇതാണ് അവിടുന്നു ചെയ്യുന്നത്. ഈശോയുടെ തിരുഹൃദയത്തിൻെറ നിരന്തരമായ ആഗ്രഹം കണ്ടാലും. അങ്ങേ തിരുഹൃദയത്തിൽനിന്നാണ് സകല പരിശുദ്ധന്മാരിലും ജ്വലിച്ചിരുന്ന തീക്ഷ്ണത അവർ പ്രാപിച്ചത്. ഈ അഗ്നിയിൽ എന്തുകൊണ്ടാണ് ഞാനും എരിയാത്തത്? അങ്ങേ സ്തുതിക്കായിട്ടല്ലാത്ത ആഗ്രഹങ്ങളെ എത്രനാൾ ഞാൻ പോഷിപ്പിക്കും? മന്ദിച്ചതും തണുത്തതുമായ ആത്മാവേ! പിശാചും അവൻെറ ദൂതന്മാരും ആത്മാക്കളെ നിത്യനരകത്തിലേക്ക വലിച്ചുകൊണ്ടുപോകുന്നതിനു ചെയ്യുന്ന പ്രയത്നങ്ങളെ നീ ആലോചിക്കുക. അവകളെ രക്ഷിക്കുന്നതിനു ഈശോമിശിഹാ എത്ര വലിയ പാടുകളും കഷ്ടതകളും സഹിക്കയുണ്ടായി എന്നു നോക്കുക. ഈ ഉദ്ദേശത്തിനു വേണ്ടിത്തന്നെ വിശുദ്ധന്മാർ സഹിച്ച ക്ലേശങ്ങളും കഷ്ടതകളും ഓർമ്മിക്കുക. അവരെ അനുകരിക്കുന്നതിനും നിൻെറ ദൈവത്തോടുള്ള നിൻെറ സ്നേഹത്തെ പ്രത്യക്ഷീകരിക്കുന്നതിനും നീ ചെയ്യുവാൻ കരുതിയിരിക്കുന്നത് എന്ത്? ഒരു ഏക ആത്മാവ് എത്ര വിലപിടിച്ചതാണെന്നു നീ മനസ്സിലാക്കിയിട്ടുണ്ടോ? ഒരു നിത്യഭാഗ്യം അല്ലെങ്കിൽ ഒരു നിത്യനിർഭാഗ്യം എന്താണെന്നു നീ ആലോചിച്ചിട്ടുണ്ടോ? ഇടുങ്ങിയ ചെറിയ ഹൃദയമേ, നിന്നെ വിശാലമുള്ളതാക്കുക. ഈശോതന്നെയാണ് അതു നിന്നോടു അവശ്യപ്പെടുന്നത്.

2-ാം നിത്ത്– ഇത്ര മഹാ തീക്ഷ്ണത, ഈശോയുടെ ഹൃദയത്തിൽ ഉജ്ജ്വലിപ്പിച്ചത് എന്തായിരിക്കാം. ഈശോ അരുളിച്ചെയ്ത ഒരു തിരുവാക്യം സകലവും നമുക്ക വെളിപ്പെടുത്തുകയും നമ്മുടെ ദിവ്യ ഗുരുവിനുണ്ടായിരുന്ന ശക്തിമത്തായ തീക്ഷ്ണതയെന്ന ആ പുണ്യത്തെപ്പററിയുള്ള ഉന്നതബോധം നമുക്ക നൽകുകയും ചെ

യ്യുന്നു. അവിടുന്നു അങ്ങേ പിതാവിനോടു 'പിതാവേ! നിന്റെ വീട്ടിന്മേലുള്ള തീക്ഷ്ണത എന്നെ ഗ്രസിച്ചു'' എന്നു അരുളിച്ചെയ്യുകയുണ്ടായി. ഇതിനാൽ സൂചിപ്പിക്കുന്നതു്, ഈ ആശയാണു അവിടുത്തെക്കൊണ്ടു സകലവും ചെയ്യിപ്പിച്ചതെന്നും, എല്ലാം ആ ദിവ്യജ്വാലയ്ക്കു ഇരയായി തീർന്നുവെന്നും, അവിടുന്നു ചെയ്യേണ്ടതു യാതൊന്നും ഉപേക്ഷിക്കാതെ സകലവും ചെയ്തു നിറവേററിയെന്നും, ആകുന്നു. നമ്മുടെ രക്ഷയ്ക്കായി അങ്ങേ നിത്യകൂടാരത്തിൽ നിന്നിറങ്ങി പാടുപീഡകൾക്കു പാത്രമായ മനുഷ്യനായി തീരുന്നതിനു അവിടുന്നു ശങ്കിച്ചില്ല. "മനുഷരായ നമ്മേപ്രതിയും നമ്മുടെ രക്ഷയെപ്രതിയും അവിടുന്നു സ്വർഗ്ഗത്തിൽനിന്നിറങ്ങി മാംസം ധരിച്ചു." നമ്മുടെ ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടി അങ്ങേ മഹത്വത്തെ ബലികഴിക്കുകയും, നല്ല മനസ്സായി നിന്ദ്യമായ സകലവും സഹിക്കുകയും ചെയ്തു. "നിന്റെ വീട്ടിന്റെ തീക്ഷ്ണത എന്നെ ഗ്രസിച്ചു" ആത്മാവുകളുടെ രക്ഷാർത്ഥം അങ്ങേ ശക്തിയേയും അങ്ങേ പ്രഭാവത്തേയും അങ്ങേ ചേഷ്ടകളേയും അങ്ങേ പ്രവൃത്തികളേയും ലോകാവസാനംവരെ ദിവ്യകാരുണ്യത്തിൽ അങ്ങേ സത്വത്തേയും അവിടുന്നു ബലികഴിച്ചു... ഇങ്ങനെ അങ്ങേ തീക്ഷ്ണത, വാസ്തവത്തിൽ അങ്ങേ വിഴുങ്ങുകയും ദഹിപ്പിക്കയുംചെയ്തു. ആത്മാവുകളുടെ രക്ഷയെപററിയായിരുന്നു അവിടുത്തെ നിശ്വാസമൊക്കെയും. എന്നാൽ ഞാൻ ഈ ഉദ്ദേശത്തിനുവേണ്ടി ഇതുവരെയായിട്ടും എന്താണു ചെയ്തിട്ടുള്ളതു്? ഇത്ര ശ്രേഷ്ഠമായ കാര്യത്തിനായി എന്റെ നേരവും, ശക്തിയും, ബുദ്ധിപ്രഭാവവും ഉപയോഗിക്കയുണ്ടായോ? ദൈവം എനിക്കു നൽകുവാൻ പ്രസാദിച്ച ജ്ഞാനവും ദാനങ്ങളും ഇതിലേയ്ക്കു ഞാൻ വിനിയോഗിച്ചോ? ദൈവത്തിനും, ഈശോമിശിഹായ്ക്കും ആത്മാക്കൾക്കുംവേണ്ടി എന്താണു ഞാൻ ചെയ്തിട്ടുള്ളതു്? ഒരുവേള ഇതുവരെയും ഒന്നും ഞാൻ ചെയ്തിട്ടില്ലായിരിക്കാം. ഈ മാസത്തിൽ എന്തുചെയ്യുവാനാണു് ഞാൻ തീർച്ചപ്പെടുത്തിയിരിക്കുന്നതു്.

൭-ാം നിത്ത്യ്- തീക്ഷ്ണകൻെറ ഉദ്യോഗം നീ നിൎവ്വഹിക്കാൻ ഈശോ നിന്നെ ഈ മാസത്തേക്കു തെരഞ്ഞെടുത്തിരിക്കുകകൊണ്ടു, തിരുഹൃദയഭക്തി പ്രചരിപ്പിക്കാനും പ്ര വൎദ്ധിപ്പിക്കാനും നീ ഉത്സാഹിക്കേണ്ടിയിരിക്കുന്നു. ഈശോയേയും അവിടുന്നു നമ്മെ സ്നേഹിക്കുന്ന സ്നേഹത്തേയും അറിയുവാൻ ഇടവരുത്തുന്നതിനെക്കാൾ കൂടുതൽ ന്യായവും നീതിയും ആത്മാക്കൾക്കു ഉപകാരപ്രദവും നമുക്കു മഹത്വവുമുള്ളതായി എന്താണുള്ളത്? ആ ദിവ്യഹൃദയത്തെ കൂടുതൽ പ്രസാദിപ്പിക്കാൻ വേണ്ടി നിൻെറ കടമകളെ അനലസതമായും സൂക്ഷ്മതയോടെയും നിൎവ്വഹിക്കുന്നതിൽ പ്രത്യേകം ഈ തീക്ഷ്ണത പ്രകാശിപ്പിക്കുക. ഇതു പ്രകാശിപ്പിക്കേണ്ടതു ദൈവമഹത്വത്തിനായി നിരന്തരവും അനുപേക്ഷിതവും ആയ ക്ലേശങ്ങൾ സഹിക്കേണ്ടിവന്നാലും സഹിച്ചുകൊണ്ടുവേണം. സ്നേഹം പ്രത്യേകം പ്രവൃത്തികൊണ്ടാണു പ്രത്യക്ഷപ്പെടുന്നതു്. സ്നേഹം എവിടെയുണ്ടോ അവിടെ അതു പ്രവൎത്തിക്കുകയും, വലിയ സ്നേഹമുള്ളപ്പോൾ വലിയ കാൎയ്യങ്ങൾ പ്രവൃത്തിക്കുകയും ചെയ്യുമെന്നു വി. ഗ്രെഗോരി വചിച്ചിരിക്കുന്നു. വി. ത്രേസ്യായോടു നമ്മുടെ രക്ഷിതാവു് അരുളിച്ചെയ്യതു കേട്ടാലും. "മേലാൽ ഒരു സുധൎമ്മ മണവാട്ടിയെപ്പോലെ എൻെറ ബഹുമാനത്തിന്മേൽ നീ എരിവുള്ളവളായിരിക്കണം" ഇതാണു നിന്നോടും അവിടുന്നു ആവശ്യപ്പെടുന്നതു്. എനിക്കുവേണ്ടി മനുഷ്യനായി പിറക്കാനും, പാടുകൾ സഹിക്കാനും, പുനരുത്ഥാനം ചെയ്യുവാനും തിരുമനസ്സായ ഈശോയെ! അങ്ങേക്കുവേണ്ടി ക്ലേശങ്ങളും, കഷ്ടതകളും, സഹിക്കാനും, ഞാൻ മനസ്സായിരിക്കുന്നു. തങ്ങളുടെ ശക്തി മുഴുവനും പ്രയോഗിച്ചു ആ ദിവ്യഹൃദയത്തെ അറിയുവാനും സ്നേഹിപ്പിക്കാനും കഷ്ടപ്പെട്ടു പ്രയാസപ്പെടുന്നവൎക്കു അവിടുന്നു ചെയ്തിട്ടുള്ള വാഗ്ദാനങ്ങളെ ഓൎക്കുക. പ്രതിദിനം തിരുഹൃദയത്തിൻെറ ബഹുമാനാൎത്ഥം ഒരു തീക്ഷ്ണ പ്രവൃത്തിയെങ്കിലും ചെയ്തുവരിക. മററു

നിൻെറ സകല പ്രവൃത്തികളുടെയും പ്രേരക കാരണം ഈ ായിരിക്കട്ടെ.

ഈശോയുടെ ദിവ്യഹൃദയം കഴിഞ്ഞാൽ പിന്നെ മറിയത്തിൻെറ ഹൃദയമാണ് തീക്ഷ്ണതയാൽ അത്യധികം ജ്വലിക്കുന്ന ഒന്ന്. പുണ്യവാന്മാരുടെ തീക്ഷ്ണത മറിയത്തിൻെറ ഹൃദയത്തിൽ എരിഞ്ഞിരുന്ന തീക്ഷ്ണതയുടെ മുമ്പാകെ ഒന്നുമില്ലാത്തതായിരുന്നു. ഓ! ശ്ലീഹന്മാരുടെ രാജ്ഞിയെ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമെ.

നിൻെറ പ്രവൃത്തികളിലുള്ള ന്യൂനതകളെ തീക്കുക, അവ സശ്രദ്ധം ചെയ്യുക. നിൻെറ ഔദാര്യത്തെ ഉദ്ദീപിപ്പിച്ചു നിൻെറ അന്തസ്സിൻെറ കടമകളെ പരിപൂണ്ണമായി നിർവ്വഹിക്കുക.

വായന– ക്രിസ്ത്വാനുകരണം 1-ാം പു. 18-ാം അ; 3-ാം പു. 47-ാം അ.

## 10–ാം ധ്യാനം വിശ്വാസത്തിൻെറ ജീവിതവൃത്തി.

വിഷയരൂപീകരണം– ഈശോയുടെ തിരുഹൃദയത്തെ സകല സുകൃതങ്ങളുടെ യഥാത്ഥ ദപ്പണമായും, "നോക്കി പ്രമാണമായി സ്വീകരിച്ചു പ്രവത്തിക്കുക" (പുറപ്പാട് 25) എന്ന വാക്യത്തിൻവണ്ണം, നീ അനുകരിക്കേണ്ട ഉത്തമ ആദശമായും രൂപീകരിക്കുക.

ധ്യാനജപം– കത്താവേ! എന്നിൽ ഒരു നിഷ്കളങ്കഹൃദയത്തെ നിമ്മിക്കുകയും ഒരു ചൊവ്വുള്ള ചൈതന്യത്തെ എനിക്കു നല്കുകയും ചെയ്യുക. "ശുദ്ധ ഹൃദയത്തെ എന്നിൽ സൃഷ്ടിക്കുക ദൈവമെ!" (സങ്കീത്തനം)

ഈശോയുടെ ദിവ്യഹൃദയത്തിൽ സ്വഭാവാതീതമായ ജീവിതത്തിൻെറ; 1. മൂലപ്രമാണതത്വവും; 2. ദ്ദ

ഷ്ടാന്തവും; 3. അതു പ്രാപിക്കുന്നതിനുള്ള മാർഗ്ഗവും നാം കണ്ടെത്തുന്നു.

1–ാം നിത്ത് – ഈശോയുടെ ദിവ്യഹൃദയം സ്വഭാവാതീത ജീവിതത്തിൻെറ പ്രമാണം ആയിരിക്കുന്നു. ഭൂമിയിലെ ചെളികൊണ്ടുണ്ടാക്കപ്പെട്ട ആദ്യമനുഷ്യൻ അസകലം ഭൌമികമായിരുന്നു. അവൻെറ സന്താനങ്ങളും തത്തുല്യന്മാരായിരുന്നു. “യഥാ ഭൌമിജഃ തഥാ ലൌകികാഃ” പാപം ഉദ്ഭൂതമായശേഷം അദ്ധ്യാത്മ ജീവിതത്തെ ഇന്ദ്രിയാത്ഥ ജീവിതം വശംവദമാക്കിതീത്തു; ദൈവവരപ്രസാദം, ദൂഷിച്ച സ്വഭാവത്തിനു കീഴ്പ്പെട്ടു; ശരീരേന്ദ്രിയങ്ങളെ ഭരിക്കേണ്ടിയിരുന്ന ആത്മാവ്, അവസ്സു അടിമയായി. എത്രയോ തകിടംമറിച്ചിലാണ് ദൈവമേ! ലോകമെങ്ങും നടന്നുകൊണ്ടിരിക്കുന്നത്. ദുരാശകളുടെ മായസന്തോഷങ്ങളിൽ നിമഗ്നന്മാരായി നിദ്രചെയ്യുന്ന മനുഷ്യരെ ബാധിച്ചിരിക്കുന്ന അന്ധകാരം എത്രയൊ ഗംഭീരമാണ്. ഏതു ആദശം ആണ് അവരെ നായിക്കുന്നതു്? എന്തു അന്വേഷിച്ചാണ് അവർ നടക്കുന്നതു്? ലോകത്തിൽ എന്തിന്മേലാണ് അവർ അത്യാശ വച്ചിരിക്കുന്നതു്? “മാനുഷപുത്രരെ, നിങ്ങൾ എത്രകണ്ടു് കഠിന ഹൃദയന്മാരായിരിക്കുകയും, മായങ്ങളെ സ്നേഹിക്കുകയും, അവാസ്തവത്തെ അന്വേഷിച്ചു നടക്കുകയും ചെയ്യും” (സങ്കീത്തനം 4). (1) ഈവിധ തകരാറു എൻെറ സ്വന്ത ഹൃദയത്തിലും, എൻെറ വിചാരങ്ങളിലും, എൻെറ ആശകളിലും, എൻെറ വിധികളിലും, എൻെറ താല്പര്യങ്ങളിലും ഞാൻകാണുന്നു. ഞാൻ എത്രയോ വലിയ അന്ധൻ. ഞാൻ അനാദരിക്കുകയും ദ്വേഷിക്കുകയും ചെയ്യേണ്ടവയെ ഞാൻ ആദരിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നു. ഞാൻ അന്വേഷിച്ചു സമ്പാദിക്കേണ്ടവയിൽനിന്നു

---

1) Filii hominum, usquequo gravi corde, et quid deligitis vanitatem et quaeritis mendacium.

ഒഴിഞ്ഞുമാറുന്നു, അപ്പോൾ ഇതാ ഈശോ പ്രത്യക്ഷപ്പെടുന്നു. അങ്ങേ മുമ്പാകെ അന്ധകാരം അപ്രത്യക്ഷമാകുന്നു. അവിടുന്നു അരുളിച്ചെയ്യുന്നു:– "ഞാൻ ലോകത്തിൻെറ പ്രകാശമാകുന്നു; എന്നെ പിഞ്ചെല്ലുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല, പിന്നയോ ആയുസ്സിൻെറ വെട്ടം അവനു പ്രകാശിക്കും." (യോഹ. 8). നമ്മുടെ ജീവിതസംസ്കാരത്തിൻെറ ആദർശമായി അങ്ങേ ഹൃദയം നമുക്കു നല്കപ്പെട്ടിരിക്കുന്നു. അങ്ങേ ഹൃദയത്തെ ആദർശമാക്കി എൻെറ ഹൃദയത്തെ സംസ്കരിക്കാനും നവീകരിക്കാനും ഞാൻ മനസ്സായിരിക്കുന്നു. "നിങ്ങൾക്കു ഒരു പുതിയ ഹൃദയത്തെ ഞാൻ തരും" (എസെക്കിയേൽ 36). എന്ന് കർത്താവ് അരുളിച്ചെയ്യുന്നു. എന്നാൽ ഈ പുതിയ ഹൃദയം നിനക്കു പ്രാപ്യമാകണമെങ്കിൽ, കല്ലുപോലെയിരിക്കുന്നതും, തണുത്തതും, അനുകമ്പയില്ലാത്തതും, വ്യർത്ഥവും, ദുഷിച്ചതുമായ നിൻെറ ഹൃദയത്തെ പുതുതാക്കുവാൻ ആവശ്യമാകുന്നു. "നിങ്ങളിൽ നിന്ന് കല്ലുകൊണ്ടുള്ള ഹൃദയത്തെ ഞാൻ മാററും" ഒരു ശുദ്ധ ഹൃദയത്തെ എന്നിൽ സൃഷ്ടിക്കണമെ. എൻെറ കർത്താവേ, ഒരു ചൊവ്വായ ചൈതന്യത്തെ എനിക്കു നല്കണമെ. അങ്ങേ ദിവ്യപ്രകാശത്താൽ എന്നെ പ്രകാശിപ്പിച്ചു, കാണാറാക്കണമെ. "കർത്താവേ, എനിക്കു കാഴ്ച നല്കണമെ." സകലതും വിശ്വാസത്തിൻെറ വെട്ടത്തിൽ നിരീക്ഷിക്കുവാൻ എനിക്കു കൃപചെയ്യണമെ. മറിച്ചു പ്രവർത്തിക്കുന്നതു അന്ധകാരത്തിൽ വ്യാപരിക്കുകയാണ് എന്നു എനിക്കു പൂർണ്ണബോദ്ധ്യമുണ്ടോ?

2–ാം നിത്ത് – ഈശോയുടെ ദിവ്യഹൃദയം ഞാനും ജീവിക്കേണ്ട സ്വാഭാവാതീത ജീവിതത്തിൻെറ ദൃഷ്ടാന്തമാകുന്നു. രണ്ടാമത്തെ ആദമായ ഈശോയ്ക്കു തുല്യന്മാരായിരിക്കണം അങ്ങേ മക്കളായ നാമും. "(അവിടുന്നു) സ്വർഗ്ഗീയനായിരുന്നതുപോലെ (നാമും) സ്വർഗ്ഗീയന്മാരായിരിക്കണം" (1.കോറി. 15) ഈശോയുടെ വിചാരങ്ങളും വിധി

കളും എത്തുവിധം? അങ്ങേ ഹൃദയത്തിൻെറ ആഗ്രഹങ്ങളും പക്ഷങ്ങളും ഏതുതരത്തിൽ? ലോകത്തെയും, ലൌകിക നന്മകളെയും, ബഹുമാനങ്ങളെയും, ജഡഭോഗങ്ങളെയും, അവിടുന്നു എങ്ങനെ ഗണിക്കുന്നു? ദാരിദ്ര്യത്തിനും, ക്ലേശങ്ങൾക്കും, താഴ്മക്കും, മാനഭംഗത്തിനും, എന്തുവിലയാണ് അവിടുന്നു കല്പിക്കുന്നത്? അങ്ങേ സുവിശേഷം ഇവ സംബന്ധിച്ച എന്തു പ്രബോധനമാണ് എനിക്കു നല്കുന്നത്? അങ്ങേ ജീവിതവും കഷ്ടാനുഭവങ്ങളും എന്താണു എന്നോടു പ്രസംഗിക്കുന്നത്? അങ്ങേ സ്നേഹം, അങ്ങേ ബന്ധിതനാക്കിയിരിക്കുന്ന ആ ദിവ്യകൂടാരത്തിൻെറ അഗാധത്തിൽനിന്നു എന്നെ അറിയിക്കുന്നതു എന്തു? സകല പുണ്യപൂർണ്ണതയുടെയും സംഗ്രഹമായിരിക്കുന്ന അങ്ങേ ദിവ്യഹൃദയമെന്ന പുസ്തകത്തിൽ ഞാൻ എന്താണു വായിക്കുന്നതു? ലോകത്തിനു ദുരിതം; ധനികന്മാരെ നിങ്ങൾക്കു ദുരിതം... കഷ്ടപ്പെടുന്നവർ ഭാഗ്യവാന്മാർ... ഞെരുക്കപ്പെടുന്നവർ ഭാഗ്യവാന്മാർ... ലോകം മുഴുവൻ നേടിയിരുന്നാലും അവൻെറ ആത്മാവിനു നാശം സംഭവിക്കുന്നുവെങ്കിൽ, മനുഷ്യനു എന്തുപകാരം? ഒരു കാര്യം മാത്രമേ ആവശ്യമുള്ളു- എൻെറ ആത്മാവെ, ഈ സത്യങ്ങളെ നീ വിശ്വസിക്കുന്നുവോ? അവ അനുസരിച്ചു നീ പ്രവത്തിക്കുന്നുണ്ടോ? ഈശോയുടെ തിരുഹൃദയം ക്ഷണഭംഗുരങ്ങളായ ഈലോകവിഷയങ്ങൾക്കു മരിച്ചതായും, ഒരുവിധം പറഞ്ഞാൽ, ഭൂമുഖത്തിൽ വിദേശിയായിട്ടും, ദൈവത്തിനുവേണ്ടിയല്ലാതെ മറ്റൊന്നിനും വേണ്ടി ജീവിക്കാത്തവനായിട്ടും കഴിച്ചുകൂട്ടുന്നു. ഞാൻ അതിനെ അനുകരിക്കണം. "നാം ഭൗമിക മനുഷ്യൻെറ ദൃഷ്ടാന്തത്തെ അനുകരിച്ചതുപോലെ സ്വർഗ്ഗീയ മനുഷ്യൻെറ ദൃഷ്ടാന്തത്തെ അനുകരിക്കണം." (1 കോറി. 15) ഒരു നവീകരണത്തിനു എത്രയൊ വിസ്താരമായ സംഗതികൾ നമുക്കുണ്ടു്. അതിനാൽ "കാണപ്പെടുന്നവ നശ്വരങ്ങളും, കാണപ്പെടാത്തവ നിത്യങ്ങളുമായിരിക്കകൊണ്ടു്, കാണുന്നവയെ ഗണ്യമാക്കാതെ, കാണാത്തവയെ മുൻനിറുത്തി

പ്രവൎത്തിക്കുക" (2. കോറി. 4.) എന്ന ശ്ലീഹായുടെ ഉപദേശാനുസൃതം, കാണുന്നവകളിൽ പ്രസക്തി വയ്ക്കാതെ വിശ്വാസംവഴിയായി നാം അറിയുന്ന വാസ്തവങ്ങളിൽ അനുരാഗം വയ്ക്കുക,

3-ാം നിൎത്ത്- ഈശോയുടെ തിരുഹൃദയത്തോടുള്ള ഭക്തിവിശ്വാസം ജീവിതത്തിനു എത്തുന്നതിനുള്ള പോം വഴിയാകുന്നു. ഈ ദിവ്യഹൃദയത്തിൽ സംഗ്രഹിക്കപ്പെട്ടിരിക്കുന്ന അനുഗ്രഹങ്ങൾക്കും വരപ്രസാദങ്ങൾക്കും കൈയ്യും കണക്കുമില്ല. "ആദ്ധ്യാത്മ ജീവിതത്തിൽ, ഒരു ആത്മാവിനെ, ശീഘ്രത്തിൽ ഏററം ഉന്നത പരിപൂൎണ്ണതയിലേക്കു ഉയൎത്തുന്നതിനും, ഈശോയെ സേവിക്കുന്നതിലുള്ള യഥാൎത്ഥമാധുൎയ്യം ആസ്വദിക്കുന്നതിനും, ഇതിനെക്കാൾ എളുപ്പമായ ഭക്താഭ്യാസം വേറെയേതെങ്കിലും ഉള്ളതായി ഞാനറിയുന്നില്ല." എന്നു വി. മൎഗ്ഗരീത്താ അലക്കോക്കു അവരുടെ 224-ാം എഴുത്തിൽ പറയുന്നു. ഈ ദിവ്യഹൃദയത്തെ നിങ്ങൾ ബഹുമാനിച്ചുവരിക, എന്നാൽ നിങ്ങൾ അചിരേണ ലോകചിന്തകളിൽനിന്നു വിമുക്തന്മാരായി അദ്ധ്യാത്മ വിഷയചിന്തകന്മാരായി ഭവിക്കും. "വക്രത പ്രവൎത്തിക്കുന്നവരെ- ഹൃദയത്തിലേക്കു തിരിയുക" എന്നു ഏശായായുടെ ഉപദേശാനുസരണം, പാപികളേ നിങ്ങളുടെ ഹൃദയപരിശോധനയ്ക്കുശേഷം ഈശോയുടെ തിരുഹൃദയത്തിലേയ്ക്കു തിരിച്ചു, ആ ഹൃദയത്തെ ആരായുക. ആ തിരുഹൃദയത്തെ ആരാധിക്കുക. അപ്പോൾ നിങ്ങളുടെ വിചാരങ്ങളും, ആഗ്രഹങ്ങളും, അനുരാഗങ്ങളും, ആശയങ്ങളും, ഉദ്ദേശങ്ങളും, ആ ദിവ്യഹൃദയത്തിന്റേതിൽനിന്നു എത്രയോ വ്യത്യസ്തങ്ങളായവയാണെന്നു കണ്ടു ലജ്ജിച്ചു ആ ദിവ്യഹൃദയവും നിങ്ങളുടെ ഹൃദയങ്ങളും തമ്മിലുള്ള വ്യത്യാസങ്ങളെ ദൂരീകരിക്കുന്നതിനു ഉത്സാഹിക്കുകയും, അതു സ്നേഹിക്കുന്നവയെ നിങ്ങളും സ്നേഹിക്കുകയും, അതു വിലയും നിലയുമുള്ളതായി ഗണിക്കുന്നവയെ നിങ്ങളും വിലയും നിലയുമുള്ളതായി വിചാ

രിക്കുകയും, ഇവകളിൽ അഭിവൃദ്ധി പ്രാപിച്ചുവരികയും ചെയ്യും. ഇങ്ങനെ ചെയ്യുന്നപക്ഷം ആ ദിവ്യഹൃദയം നിങ്ങളുടെ ജീവിതാദർശമായിട്ടു മാത്രമല്ല, തീരാനിരിക്കുന്നത്. പിന്നയെം ആ ഹൃദയം നിങ്ങളുടേതായിട്ടു ഒരുവിധം പറഞ്ഞാൽ, രൂപാന്തരപ്പെടുകയും, അതുവഴിയായി നിങ്ങൾ, നവവും, പരിശുദ്ധവും, സ്വഭാവാതീതവും, ദൈവികവും, ആയ ഒരു ജീവിതം നയിക്കുന്നതിനു സംഗതിയാക്കുകയും ചെയ്യും. തിരുഹൃദയഭക്തിയുടെ ഉദ്ദേശം ഇതാണ്. നിങ്ങളിൽ അതു ജനിപ്പിക്കേണ്ട ഫലവും ഇതാകുന്നു. നിങ്ങൾ ആകാംക്ഷിക്കേണ്ട പരിപൂർണ്ണതയും ഇതാണ്. ഓ! ഉൽകൃഷ്ടജീവിതമേ! ഇതുമാത്രമേ പരമാർത്ഥത്തിൽ ഒരു ക്രിസ്ത്യാനിയുടെയും, ഒരു സന്യാസിയുടെയും ഒരു പട്ടക്കാരന്റെയും ജീവിതമെന്നു പറയപ്പെടുവാൻ പാടുള്ളു, "എന്റെ നീതിമാൻ വിശ്വാസംകൊണ്ടു ജീവിക്കുന്നു" (എബ്ര. 10.) എന്നു വി. പൌലോസ് പറഞ്ഞിരിക്കുന്നതിന്റെ സാരവും ഇതാണ്. ഈവിധമാണോ എന്റെ ജീവിതം. അങ്ങനെയായിരുന്നുവെങ്കിൽ എത്രയോ ഉത്തമം. അതിനെ അപ്രകാരം ആക്കുവാൻ വേണ്ടി എന്റെ താഴ്ക്കജീവിതത്തോടും, ഐന്ദ്രിയ ജീവിതത്തോടും, സ്വാഭാവികജീവിതത്തോടും, പൊരുതാനും സകല സംഭവങ്ങളും വിശ്വാസത്തിന്റെ വെട്ടത്തിൽ വിധിക്കാനും, ഞാൻ പരിശീലിക്കും. നിന്റെ മൃഗീയവും ഐന്ദ്രീയവും ആയ ജീവിതം ഏതെല്ലാം പ്രവൃത്തികളിലാണ് ഉപായേന പ്രവേശിക്കുന്നത് എന്നു പരിശോധിക്കുക.

ഈശോയുടെ ഒരുത്തമ സ്വരൂപം കാണാൻ നിന്റെ ആഗ്രഹിക്കുന്നപക്ഷം, മറിയത്തെ നീ സൂക്ഷിക്ക. വി. ബർണ്ണാർദ്ദ് പറയുന്നു "ഒരു പുരുഷനും സ്ത്രീയും വഴിയായി സകലതും സഞ്ജീവീകരിക്കപ്പെടുന്നു. (1) അവളും നിന്റെ ആദർശമായിരിക്കാൻ അപേക്ഷിക്കുക.

---

(1) Per unum hominem et mulierem omnia restavarantur (St. Bernard, 12. act.)

നിൻെറ സംഭാഷണങ്ങളിലും, നിൻെറ ആശ്വാസ രീതികളിലും, വന്നുകൂടുന്ന ന്യൂനതകളെ പരിഹരിക്കുക. എത്രയോ അവിവേകവും, നിരുപയോഗവും, അതിവിസ്തീർണ്ണവും, വ്യർത്ഥവും ആയ വാക്കുകൾ.... നീ നിൻെറ സഹോദരങ്ങൾക്ക് ഒരു ദൃഷ്ടാന്തമായിരിക്കട്ടെ.

വായന— ക്രിസ്ത്വാനുകരണം 3–ാം പുസ്തകം. 1. അ.

## 11–ാം ധ്യാനം. ദൃഢമനോവിശ്വാസത്തിൻെറ ജീവിതവൃത്തി.

വിഷയരൂപീകരണം— നമ്മുടെ ദിവ്യരക്ഷിതാവു അങ്ങേ അനുഗ്രഹത്തിൻെറ സിംഹാസനമായി സ്ഥാപിച്ചിരിക്കുന്ന ദിവ്യകാരുണ്യ മണ്ഡപത്തിൻെറ ഉള്ളിൽനിന്നു, വരപ്രസാദത്തിൻെറ ഉത്പത്തിസ്ഥാനമായ അങ്ങേ ദിവ്യഹൃദയം കാണിച്ചുകൊണ്ട് സമാധാനത്തെ അന്വേഷിച്ചു തിരിയുന്നു, എങ്കിലും ക്ലേശങ്ങളും കഷ്ടതകളുമല്ലാതെ മറെറാന്നും കണ്ടെത്താതിരിക്കുന്ന നിങ്ങൾ എല്ലാവരും എൻെറ പക്കൽ വരുവിൻ എന്നു് അരുളിച്ചെയ്യുന്നതായിട്ടു ആത്മനാ രൂപീകരിക്കുക.

ധ്യാനജപം— "അവിടുന്നു എൻെറ രക്ഷകനും, അഭയസ്ഥാനവുമായിരിക്കണമെ" (സങ്കീർത്തനം) എന്നു പ്രാർത്ഥിച്ച രാജർഷിഃദാവീദിനോടുകൂടി "ഈശോയെ, എൻെറ രക്ഷകനും അഭയസ്ഥാനവും അങ്ങുന്നായിരുന്നു് എന്നെ രക്ഷിക്കണമെ" എന്നു അപേക്ഷിക്കുക.

മൂന്നു സംഗതികളാണ് എന്നെ ആകുലചിത്തനാക്കുന്നതു്: കഴിഞ്ഞുപോയവകളുടെ സ്മരണയും, വർത്തമാനകാലത്തിലെ ക്ലേശങ്ങളും, ഭാവികാലത്തെക്കുറിച്ചുള്ള ഭയവും. അതായതു്, 1. എൻെറ പാപങ്ങളുടെ ഓർമ്മ, 2. ഈ ജീവിതത്തിൽ സഹിക്കേണ്ട കഷ്ടതകൾ, 3 എൻെറ

ബലഹീനതയും, ദൈവസേവയിൽ എനിക്കുള്ള അസ്ഥിരതയും. ഈ മൂന്നു അഹിതങ്ങൾക്കും ഈശോയുടെ ദിവ്യഹൃദയം ഫലപ്രദമായ പരിഹാരം നല്കുന്നു.

1-ാം നിത്ത്- ഈശോയുടെ ദിവ്യഹൃദയത്തിൽ പാപമോചനത്തെപററിയുള്ള ദൃഢമായ പ്രത്യാശ ജനിക്കുന്നു. എൻെറ പാപങ്ങളുടെ എണ്ണം ഒട്ടധികവും അവയുടെ ഘനം എത്ര ഗൌരവതരവുമായിരുന്നാലും "കഷ്ടപ്പെടുന്നവരും, ഭാരപ്പെടുന്നവരും ആരുതന്നെയായിരുന്നാലും അവർ എൻെറ പക്കൽ വരട്ടെ, ഞാൻ അവരെ ആശ്വസിപ്പിക്കാം" (മത്തായി 11) എന്നു ഈശോയുടെ അധരങ്ങളിൽനിന്നു പുറപ്പെട്ട ആശ്വാസജനകമായ വാക്കുകൾ എൻെറ കണ്ണുസ്ഫുടങ്ങളിൽ പ്രതിധ്വനിക്കുമ്പോളൊക്കെയും എൻെറ ഹൃദയം പ്രത്യാശയാൽ പൂരിതമാകുന്നു. പാപികളെ വരുവിൻ, എല്ലാവരും വരുവിൻ, പാപി അവൻെറ പാപാവസ്ഥയിൽ മരിക്കണമെന്നല്ല ഞാൻ ആഗ്രഹിക്കുന്നതു്; അവൻ മാനസാന്തരപ്പെട്ടു ജീവിക്കണമെന്നാണ് എൻെറ ആഗ്രഹം; ഞാൻ നീതിമാന്മാരെ വിളിക്കാനല്ല, പിന്നയോ പാപികളെ വിളിക്കാനാണു വന്നതു്... രോഗിക്കാണ് വൈദ്യനെക്കൊണ്ടുള്ള ആവശ്യം, രോഗമില്ലാത്തവനല്ല. എന്നൊക്കെയാണ് ഈശോമ്ശിഹാ അരുളിച്ചെയ്തിട്ടുള്ളതു്. ഈ വാക്യങ്ങൾ എത്രയോ വലിയ ആശ്വാസജനകമായ ഉറപ്പു നൽകുന്നു. ഓ, സത്യവാക്യങ്ങൾ! ആകാശവും ഭൂമിയും കടന്നുപോകും. എൻെറ വാക്കുകൾക്കു ഈഷൽഭേദംപോലും സംഭവിക്കുന്നതല്ല എന്നു അവിടുന്നു അരുളിച്ചെയ്യുന്നു. ഇപ്രകാരമുള്ള വാക്യങ്ങളാണ് ആ ദിവ്യകാരുണ്യമണ്ഡപത്തിൻെറ ഉള്ളിൽ ഇരുന്നുകൊണ്ടു ഈശോ എൻെറ ഹൃദയത്തോടു കല്പിക്കുന്നതു്. ദിവ്യചെമ്മരിയാട്ടിൻകുട്ടിയുടെ ചോരകൊണ്ടു നമ്മുടെ പാപം കഴുകപ്പെടുന്ന ശാന്തികരസ്ഥാനമായി നമ്മുടെ ബലിപീഠം സ്ഥിതിചെയ്യുന്നു. അതിന്മേൽ ദിവ്യചെമ്മരിയാട്ടിൻകുട്ടി പ്രതിദിനം പൂജിക്കപ്പെ

ട്ടകയും നിരന്തരം അപ്പിക്കപ്പെട്ടകയും, ഈശോയുടെ രക്തനാഡികളിൽനിന്നു ഒഴുകുന്ന രക്തം സദാ പാപമോചനത്തിനായിട്ടു നിലവിളിക്കുകയും ചെയ്യുന്നു. അവിടെനിന്നു അനുഗ്രഹപ്രവാഹം ലോകത്തിൻെറ നാനാഭാഗങ്ങളിലേക്കു ഒഴുകുകയും എൻെറ ആത്മാവു് ആസകലം ആ രക്തത്താൽ കഴുകി ശുദ്ധീകരിക്കപ്പെട്ടു മുഴുവനും നവീകരിക്കപ്പെട്ടകയും ചെയ്യുന്നു. കത്താവേ! അങ്ങുന്നു് എത്രയോ വലിയ സദ്ഗുണസമ്പന്നൻ! അങ്ങേ കാരുണ്യാധിക്യത്തിൻെറ ഓമ്മ എൻെറ ആത്മത്തെ വികസിപ്പിച്ച് എൻെറ ദൃഢമായ മനോവിശ്വാസം അങ്ങേമേൽ വയ്ക്കുന്നതിനു ഇടയാക്കിത്തീത്തിരിക്കുന്നു. എൻെറ ഈ ദൃഢവിശ്വാസം ഒരിക്കലും കുറയുന്നതുമല്ല. അങ്ങേമേൽ പ്രത്യാശ വയ്ക്കുന്നതു, അങ്ങേ ബഹുമാനിക്കുകതന്നെയാകുന്നു. ഈ ബഹുമാനം അങ്ങേ സ്നേഹത്തിനു കടപ്പെട്ടതും, അങ്ങേ ദിവ്യഹൃദയത്തിനു യോഗ്യമായ വണക്കത്തിൻെറ നിറവേററിപ്പുമാകുന്നു. "നിൻെറ പാപം മോചിക്കപ്പെട്ടിരിക്കുന്നു, സമാധാനത്തിൽ നീ പോകുക" (മക്കോസ് 2). എന്നു അവിടുന്നു അരുളിച്ചെയ്ത വചനങ്ങളുടെ മാധുര്യം എൻെറ ആത്മാവേ, നീ ആസ്വദിച്ചു നിൻെറ പാപംനിമിത്തം നിന്നെ ക്ലേശിപ്പിക്കുന്ന ഭാരത്തെ എറിഞ്ഞുകളഞ്ഞു്, ദൈവത്തെ സാനന്ദം സേവിക്കുക.

2-ാം നിത്തു് – നമ്മുടെ ജീവിതം നിരന്തരം അസംഖ്യം പരീക്ഷകളോടും ക്ലേശങ്ങളോടും കൂടിയതും കൈപ്പു നിറഞ്ഞതുമാകുന്നു. ക്ഷമയോടും ധൈര്യത്തോടും അവ സഹിച്ചുപോരുന്നതിനാവശ്യമായ ആശ്വാസവും ശക്തിയും ഈശോയുടെ ദിവ്യഹൃദയത്തിൽ ഞാൻ കണ്ടെത്തുന്നു. "ഇതാ എൻെറ രക്ഷകൻ ദൈവമാകുന്നു; ഞാൻ ധൈര്യത്തോടെ പ്രവത്തിക്കും; ഞാൻ ഭയപ്പെടുകയില്ല" (ഏശയ. 12). ഈ നശ്വര ജീവിതദശയിൽ, മനുഷ്യനു വന്നുകൂടുന്ന അഹിതങ്ങൾക്കും ക്ലേശങ്ങൾക്കും കയ്യും കണക്കുമില്ല. രോഗം, ക്ഷീണം, ദാരിദ്ര്യം, പരീക്ഷകൾ,

വിപത്തു്, പീഡ മുതലായതിനുംപുറമെ അമർച്ചയില്ലാത്ത നമ്മുടെ ആശാപാശങ്ങളോട്ടും നിരന്തരം പൊരുതുകൊണ്ടിരിക്കാനും നിർബന്ധപ്പെടുന്നു. ഒരു അഹിതത്തിൽനിന്നു വിമുക്തരാകുമ്പോൾ, മറെറാന്നു വന്നുകൂടുന്നു. നാം കാലു എടുത്തു വയ്ക്കുന്നിടങ്ങളിലെല്ലാം മുള്ളുകൾ മുളയ്ക്കുകയും അവ വൎദ്ധിക്കുകയും ചെയ്യുന്നു. ഇങ്ങനെ നമ്മുടെ ജീവിതകാലം മുഴുവനും കുരിശുകൾ വിതച്ചതായി ഭവിക്കുന്നു. ഓ, ദൈവമേ! ഞങ്ങളുടെ ജീവിതം എത്രയോ ദുഃഖകരമായതു്. കഷ്ടപ്രായമായ ഈ ഭൂമിയിൽ എന്റെ ആശ്വാസവും ശക്തിയുമെന്താണ്? അതു ഈശോയല്ലാതെ മററാരുമല്ല. എനിക്കു തുണയായിരിക്കാൻ വേണ്ടി അവിടുന്നു പിറന്നു. അതേ എന്റെ ഈ വിദേശവാസത്തിലെ ക്ലേശങ്ങളും അഹിതങ്ങളും അവിടുന്നു ഭാഗിച്ചെടുത്തുകൊണ്ടു അവകളുടെ ഭാരത്തെ ലഘൂകരിച്ചു. നമുക്കാവശ്യമായ ശക്തി കിട്ടുന്നതിനുവേണ്ടി അവിടുന്നു നമ്മുടെ ഭോജനമായിത്തീൎന്നു. നമ്മുടെ കടത്തെ വീട്ടുന്നതിനും നമുക്കു വരേണ്ടിയിരുന്ന ശിക്ഷയെ ഒഴിക്കുന്നതിനും നാം അർഹന്മാരായ മരണത്തെ അവിടുന്നു കൈവരിച്ചു. നമ്മെ സഹനശീലം പഠിപ്പിക്കാൻവേണ്ടി അവിടുന്നു പീഡകൾ സഹിക്കുകയും, അവിടുന്നു വാഴുന്ന സ്വൎഗ്ഗത്തിൽനിന്നു മോക്ഷകിരീടം കാണിച്ചുകൊണ്ടും, നിശ്ചയമായ പ്രതിസമ്മാനം വാഗ്ദാനം ചെയ്തുകൊണ്ടുംനമ്മെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

ഓ! ദൃഢമായ മനോവിശ്വാസം നമ്മിൽ ജനിപ്പിക്കുന്നതിനു പ്രേരകങ്ങളായ ശക്തിമത്തായ ന്യായങ്ങളെ അവിടുന്നു എന്നോടുകൂടെയും എന്നെക്കാളും, എനിക്കുവേണ്ടിയും അഹിതങ്ങളും കഷ്ടതകളും സഹിച്ചു. ഇനിയും ഞാൻ വിഷാദിച്ചും കലങ്ങിയും ഇരിക്കണമോ? വേണ്ട. അങ്ങയോടുകൂടെ ഞാനും അഹിതങ്ങളും കഷ്ടതകളും സഹിക്കാൻ മനസ്സായിരിക്കുന്നു. എന്റെ ആത്മാവേ, സ്ലീവായെ നോക്കുക; പീഠത്തെ നോക്കുക; ഈശോയുടെ

തിരുഹൃദയത്തെ നോക്കുക; ധൈര്യം അവലംബിക്കുക. വി. തോമ്മാ പറഞ്ഞതുപോലെ, നീയും, "നമുക്കും പോകാം; അങ്ങയോടുകൂടെ നമുക്കും മരിക്കാം" (യോഹ. 11.) എന്നു പറഞ്ഞ്, വന്നുകൂടുന്ന അഹിതങ്ങളെല്ലാം ക്ഷമയോടെ സഹിക്കാൻ സന്നദ്ധരായിരിക്കുക.

3-ാം നിത്ത്'- കർത്താവിനെ പരമാർത്ഥത്തിൽ സേവിക്കാൻ ആഗ്രഹിക്കുന്നവർക്കുള്ള ഏററവും ഭാരമായ ചുമട്, തങ്ങളുടെ ബലഹീനതയുടെയും, മന്ദതയുടെയും, ശൈഥില്യത്തിൻെറയും, അസ്ഥിരതയുടെയും, വിചാരമാണെന്നുള്ളതു മറച്ചുവെക്കാൻ പാടുള്ളതല്ല. ഇതാണു കർത്താവേ! ഭാവിയെപ്പററി എന്നെ ഭയപ്പെടുത്തുന്നത്. ഇവിടെയും ഈശോയുടെ തിരുഹൃദയം എൻെറ സഹായാർത്ഥം വരുന്നു. പാപങ്ങളെ വർജ്ജിക്കാനും സുകൃതങ്ങളെ അനുഷ്ഠിക്കാനും എന്നെക്കൊണ്ടുമാത്രം സാധിക്കുകയില്ലയെന്നുള്ളതു നിശ്ചയമാണ്. എന്നെക്കൂടാതെ യാതൊന്നും ചെയ്യാൻ നിങ്ങൾക്കു സാധിക്കുകയില്ല എന്നു ഈശോ അരുളിച്ചെയ്തപ്പോൾ അവിടുന്നുതന്നെ ഇതു പ്രകാശിപ്പിക്കയുണ്ടായി. വേറൊരിക്കൽ ധൈര്യം അവലംബിക്കുക, ഞാൻ ലോകത്തെ ജയിച്ചു... എനിക്കു സ്വർഗ്ഗത്തിലും ഭൂമിയിലും സർവ്വാധികാരവും നല്കപ്പെട്ടിരിക്കുന്നു... ഇതാ ഞാൻ ലോകാവസാനത്തോളം നിങ്ങളോടുകൂടി ഉണ്ടായിരിക്കും എന്നു അവിടുന്നു അരുളിച്ചെയ്തിട്ടുണ്ടല്ലൊ.

മനുഷ്യനെക്കൊണ്ടു സാധിക്കാത്തതു ദൈവത്തെക്കൊണ്ടു നിഷ്പ്രയാസം സാദ്ധ്യമാകും. ദൃഢവിശ്വാസം വയ്ക്കുന്നവനു സകലവും സാദ്ധ്യപ്രായമായിത്തീരുന്നു. ബലഹീനന്മാരും ഭയവിഹ്വലന്മാരുമായ ആത്മാക്കളെ! ഈ വാക്യങ്ങളെ കൂടക്കൂടെ ഉറവുചിന്തിക്കുക. അപ്പോൾ നിങ്ങൾ ധൈര്യവും മനോആശ്വാസവും പ്രാപിക്കും. ദിനവട്ടത്തിൽ വന്നുകൂടുന്ന നിൻെറ വീഴ്ചകളും തെററുക

ളും നിമിത്തം അധൈര്യപ്പെടാതെ ദൃഢവിശ്വാസത്തോടെയും സ്നേഹത്തോടെയും അവകളിൽനിന്ന ഉടനെ എഴുന്നേല്ക്കുന്നുണ്ടെന്നു പ്രതിജ്ഞ ചെയ്യുന്നതായിരിക്കട്ടെ ഈശോയുടെ തിരുഹൃദയത്തോടു ഈ മാസം നീ കാണിക്കുന്ന ആദരവും ബഹുമാനവും. "എന്നെ ശക്തിപ്പെടുത്തുന്നവനിൽ എന്നെക്കൊണ്ടു സകലത്തും സാധിക്കും" എന്നുള്ള വി. പൌലോസിൻെറ വാക്യം ആധാരമാക്കി, പ്രതിദിനം നിനക്കു വന്നുകൂടുന്ന കഷ്ടനഷ്ടങ്ങളും ക്ലേശങ്ങളും നല്ല മനസ്സോടെ സ്വീകരിക്കുക. വി. മർഗ്ഗരീത്താ അലക്കോക്ക് "ഈശോയുടെ ആരാധ്യ ഹൃദയത്തിൽ നിൻെറ വാസമുറപ്പിക്കുക; അവിടെ നിൻെറ തിന്മകൾക്കു, പ്രത്യൗഷധവും നിൻെറ ക്ഷീണതയെ പരിഹരിക്കത്തക്ക ബലവും, നിൻെറ അവശ്യങ്ങളിൽ സങ്കേതവും, നീ കണ്ടെത്തും" എന്നു പറയുന്നു (എഴുത്തുകൾ 214-ാം പക്ഷം).

തിരുസഭ, ഞങ്ങളുടെ ശരണമേ എന്നു വിളിച്ചുവരുന്ന ആ അമ്മയേയും നീ വിസ്മരിച്ചുകളയരുത്. അവൾ വഴിയായി ബലഹീനന്മാർ സ്വാസ്ഥതയും, ദുഃഖിതന്മാർ ആശ്വാസവും പാപികൾ പാപമോചനവും പ്രാപിക്കുന്നു, എന്നു വി. ബെണ്ണാർദ്ദ വചിച്ചിരിക്കുന്നു... രാജ്ഞിയെ നിനക്കു സ്വസ്തി, ദയനിറഞ്ഞ മാതാവേ, ഞങ്ങളുടെ മധുരമേ, ഞങ്ങളുടെ അയുസ്സേ നിനക്കു സ്വസ്തി.

നിൻെറ ആത്മശോധനയിലുള്ള കുറവുകളെ പരിഹരിക്കുക. വലിയ ദൃഢവിശ്വാസത്തോടെയും സ്നേഹത്തോടെയും പാപസങ്കീർത്തനത്തിനു അണയുക. ഈവിധം പ്രവർത്തിക്കുന്നപക്ഷം അവശ്യമായ മനസ്താപം നിശ്ചയമായി നിനക്കു ഉണ്ടാകും.

വായന- ക്രിസ്താനുകരണം 3-ാം പു. 30-ാം അ.

## 12-ാം ധ്യാനം. സ്നേഹത്തിന്റെ ജീവിതവൃത്തി.

വിഷയരൂപീകരണം— ജീവദായകങ്ങളായ ജ്വാലകളെയും, ശുദ്ധീകരിക്കുന്ന സതൃഷ്ണ കിരണങ്ങളെയും നാനാഭാഗത്തേക്കും വ്യാപിപ്പിച്ചുകൊണ്ടിരിക്കുന്ന ഒരു സൂര്യനു സാദൃശ്യമായി ഈശോയുടെ തിരുഹൃദയത്തെ രൂപീകരിക്കുക. ധ്യാനജപം— 'ഇന്ദ്രിയങ്ങൾക്കു പ്രകാശത്തെ ഉദ്ദീപിപ്പിക്കുകയും ഹൃദയങ്ങളിൽ സ്നേഹത്തെ ചിന്തുകയും ചെയ്യുക' എന്നു തിരുസഭ പ്രാർത്ഥിക്കുന്ന പ്രാർത്ഥനയോടു ചേർന്നു അങ്ങേദ സ്നേഹാഗ്നിയിലെ ഒരു ഓഹരിക്ക് നിന്നെയും ഭാഗഭാക്കാക്കണമെന്നു അപേക്ഷിക്കുക.

ഈശോയുടെ ദിവ്യഹൃദയം, 1. ദൈവത്തെയും, 2. അയൽക്കാരരേയും സ്നേഹിക്കാൻ പഠിപ്പിക്കുന്നു. 3. അവിടുന്നും നമ്മുടെ സ്നേഹവിഷയമാകണമെന്നു ഈശോ ആഗ്രഹിക്കുന്നു.

1-ാം നിത്ത്— ഈശോയുടെ തിരുഹൃദയത്തിനു ദൈവത്തോടുള്ള സ്നേഹം, നമുക്കുണ്ടാകേണ്ട സ്നേഹത്തിന്റെ ദൃഷ്ടാന്തമായിരിക്കേണ്ടതാകുന്നു. ദൈവം സ്നേഹമാകുന്നു. ദൈവം അങ്ങേദ സൃഷ്ടികളെ സ്നേഹിക്കുകയും സൃഷ്ടികളുടെ അത്യുന്നത പ്രതിസ്നേഹത്തിനു അർഹനായിരിക്കുകയും ചെയ്യുന്നു. എന്നുവരികിലും ഭൂവാസികളിൽ, നാം സ്നേഹമില്ലായ്മയും മന്ദതയും അനാസ്ഥയുമല്ലാതെ കാണപ്പെടുന്നില്ല. ദൈവസ്നേഹം അനാദരിക്കപ്പെട്ടും, അത്യുന്നത ദൈവലക്ഷണങ്ങൾ വിസ്മരിക്കപ്പെട്ടും പോന്നു. വിശുദ്ധ ദൈവദൂതന്മാരെ, നിങ്ങൾ അവിടത്തെ സ്നേഹിച്ചുവന്നു. എന്നാൽ നന്ദിഹീനന്മാരായ മനുഷ്യർ ദൈവത്തെ മറന്നും നിന്ദിച്ചും വർത്തിച്ചു ഓ! വിശുദ്ധ ദൈവദൂതന്മാരെ, നിങ്ങൾ ദൈവത്തെ സ്നേഹിച്ചുവന്നു

എന്നുള്ളതു വാസ്തവംതന്നെ. നിങ്ങളുടെ സ്നേഹത്തിനു ദൈവസമക്ഷം എന്തു വിലയാണുള്ളത്? ഈശോയെ! അവിടുന്നു എഴുന്നള്ളുക, അറുതിയില്ലാത്ത സ്നേഹത്താൽ സ്നേഹിക്കപ്പെടേണ്ടവനായ ദൈവത്തെ യോഗ്യമാംവണ്ണം സ്നേഹിക്കുന്നതിനു അവിടുന്നു മാത്രമേയുള്ളു. അങ്ങേ മർത്ത്യജീവിതകാലത്തിൽ ഈശോ എന്താണു ചെയ്തിരുന്നത്? അവിടുന്നു സ്നേഹിച്ചുവന്നു... അങ്ങേ ദിവ്യകാരുണ്യജീവിതത്തിലും അവിടുന്നു എന്താണു ചെയ്യുന്നത്? അവിടുന്നു സ്നേഹിക്കുകയും, അങ്ങേ ദിവ്യഹൃദയം, "നിൻെറ ഹൃദയം എല്ലാംകൊണ്ടും, നിൻെറ സർവ്വാത്മാവുകൊണ്ടും നിൻെറ മനസ്സു മുഴുവനുംകൊണ്ടും നിൻെറ കർത്താവായ ദൈവത്തെ സ്നേഹിക്കുക." (മത്തായി 22.) എന്നുള്ള സർവ്വപ്രധാനമായ ആജ്ഞയെ സകല മനുഷ്യരുടെയും പേർക്കായി നിറവേററുകയും ചെയ്തുവരുന്നു... ഈ കാര്യത്തിൽ മനുഷ്യരുടെയിടയിൽ എത്രയൊ വലിയ അനാസ്ഥയാണു കാണപ്പെടുന്നത്. ദൈവത്തോടു കാണിക്കേണ്ടതായ ഈ സ്നേഹത്തെ കാണിക്കുന്നതിനു മനുഷ്യരിൽ എത്രയോ വലിയ അമാന്തം. ഓ! എത്രയോ വലിയ കൃതഘ്നത! നിനക്കുള്ളതു സകലതും, നീ ആയിരിക്കുന്നതെല്ലാം, നിനക്കു നൽകിയ ദൈവം, നിൻെറ സ്നേഹത്തിനു അർഹനല്ലെന്നു വരുമോ? അവിടുത്തെക്കാൾ നിൻെറ സ്നേഹത്തിനു കൂടുതൽ പാത്രമായതു എന്താണുള്ളത്? നിൻെറ കർത്താവും പിതാവുമായ ദൈവം കല്പിക്കുന്നതു കേട്ടാലും: "മകനേ നിൻെറ ഹൃദയത്തെ എനിക്കു തരിക" ഓ! മധുരാതിരേകമായ വിളി. ഓ! സ്നേഹപൂരിതമായ കല്പന. എൻെറ ദൈവമെ എൻെറ ഹൃദയം അവിടുത്തേതാകുന്നു. അതു അങ്ങേക്കു ഏററം നിസ്സാരമായ ഒന്നാകുന്നുവെന്നു എനിക്കറിയാം. എന്നിരുന്നാലും ഞാൻ അങ്ങേ, ഈശോമിശിഹാ വഴിയായും ഈശോയോടുകൂടിയും സ്നേഹിക്കുന്നു. അങ്ങേക്കു ഞാൻ സമർപ്പിക്കുന്ന ഈശോയുടെ ഈ ഹൃദയം എൻെറ വശമഹീനതയെ പരിഹരിക്കുമാറാകട്ടെ. നിത്യമായി ഭവിക്കാനിരിക്കുന്ന എൻെറ

സ്നേഹജീവിതം ഇന്നുമുതൽക്ക ഞാൻ ആരംഭിക്കും. ഭയം നിമിത്തം യാതൊന്നും ചെയ്യാതെ എല്ലാം സ്നേഹത്തെ പ്രതി പ്രവൃത്തിക്കുന്നതായിരിക്കും, എൻെറ പ്രത്യേകോദ്ദ്യമം.

2-ാം നിത്തു- അയൽക്കാരൻെറ നേരെ ഈശോയിക്കുണ്ടായിരുന്ന സ്നേഹം നമുക്ക നമ്മുടെ സഹോദരന്മാരുടെ നേരെ ഉണ്ടാകേണ്ട സ്നേഹത്തിൻെറ ദൃഷ്ടാന്തമായിരിക്കണം. ദൈവപുത്രൻ എന്തിനുവേണ്ടിയാണു മനുഷ്യനായതു? അങ്ങേ പ്രവൃത്തികളുടെയും, അങ്ങേ കഷ്ടാനുഭവങ്ങളുടെയും, ക്ലേശഭൂയിഷ്ഠമായ ജീവിതരീതിയുടെയും, അങ്ങേ മരണത്തിൻെറയും, കാരണമെന്തു്? സൽപ്രസാദം വഴിയായി നമ്മോടുകൂടെ ഇരിക്കാൻ തിരുമനസ്സായതു എന്തിനു? എന്തുകൊണ്ടാണ് പുൽതൊഴുത്തിലെ ദാരദ്രിയവും, കാപാലമലയിലെ വ്യഥകളും പീഠങ്ങളിലെ വിലോപനങ്ങളും സഹിച്ചതു്? ഈ ചോദ്യങ്ങൾക്കും, മററു ഇതുപോലെയുള്ള പല ചോദ്യങ്ങൾക്കുമുള്ള ഏക ഉത്തരം "അവിടുന്നു എന്നെ സ്നേഹിക്കുകയും എനിവേണ്ടി അങ്ങേതന്നെ സമർപ്പിക്കുകയും" (ഗാല. 2.) ചെയ്തതിനാലാണ്. അങ്ങേ ശിശുപ്രായത്തിലെയും, അങ്ങേ പരസ്യജീവിതത്തിലെയും, അങ്ങേ കഷ്ടാനുഭവങ്ങളിലെയും, മഹത്വ ജീവിതത്തിലെയും, രഹസ്യങ്ങൾ സകലതും എനിക്കവേണ്ടിയാണു്. "ഇവയെല്ലാം എനിക്കവേണ്ടി" (1) (വി. ഇഗ്നാസിയോസ്), ഓ! മനുഷ്യരേ, നിങ്ങൾക്ക തമ്മിൽ തമ്മിൽ ഉണ്ടായിരിക്കേണ്ട പരസ്പരസ്നേഹത്തെ പഠിക്കാനായി ഈ പള്ളിക്കൂടത്തിലേക്ക വരുവിൻ, ദിവ്യഗുരുവിൻെറ ശാസനയെ കേൾപ്പിൻ. "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങൾ അന്യോന്യം സ്നേഹിപ്പിൻ. ഇതാണു എൻെറ കല്പ

(1) Et haec omnia propter me. (S. Ign).

ന്" (യോ. 15.) എന്നാണു അവിടുന്നു അരുളിച്ചെയ്തതു്. എങ്ങനെ, എത്രയധികം, അവിടുന്നു നിങ്ങളെ സ്നേഹിച്ചുവെന്നു നോക്കുവിൻ. അവിടുന്നു നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങൾ സ്നേഹിക്കണമെന്നാണു അവിടുന്നു ആവശ്യപ്പെടുന്നതു്. ഇതു നല്ലവണ്ണം മനസ്സിലാക്കുക. ഈശോ തന്റെ ആയുസ്സിനെ നമുക്കുവേണ്ടി ബലികഴിച്ചതുപോലെ നാമും നമ്മുടെ സഹോദരനുവേണ്ടി നമ്മുടെ ആയുസ്സിനേയും ബലികഴിക്കാൻ നാം സന്നദ്ധരായിരിക്കണം. "സഹോദരങ്ങൾക്കുവേണ്ടി നാമും നമ്മുടെ ആയുസ്സു വ്യയിക്കണം" എന്നു വി. യോഹന്നാൻ പറയുന്നു. (യോ. 3). മനസ്സിലാകുന്നുണ്ടോ? ആവശ്യപ്പെടുമ്പോൾ നിങ്ങളുടെ ആയുസ്സുപോലും ബലി കഴിക്കാൻ അമാന്തിക്കരുതു എന്നാണു്. എന്റെ ബലഹീനതയെ ദൈവം കടാക്ഷിച്ചു എന്റെ ആയുസ്സിനെ ബലികഴിക്കേണ്ട വിഷമഘട്ടത്തിൽ എന്നെ ആക്കിയിട്ടില്ലായെങ്കിലും ഞാൻ എല്ലായ്പോഴും സൌമ്യതയും ക്ഷമയും ഉള്ളവനുമായിരിക്കണമെന്നും, പാപികൾക്കുവേണ്ടി പ്രാർത്ഥിക്കണമെന്നും, വിരോധങ്ങളെ സഹിക്കണമെന്നും, ദുഃഖിതന്മാരെ ആശ്വസിപ്പിക്കണമെന്നും, ശേഷംപേരെ ഇഷ്ടപ്പെടുത്തുവാൻവേണ്ടി എന്റെ ഇഷ്ടത്തേയും എന്റെ അഭിലാഷങ്ങളേയും വാസനകളേയും ത്യജിക്കണമെന്നും, എല്ലായ്പോഴും എല്ലാ സന്ദർഭങ്ങളിലും മധുരാലാപനനും, ആചാരോപചാരമുള്ളവനും അനുവർത്തനും ആയിരിക്കണമെന്നും അയൽക്കാരനോടു ഒരിക്കലും അവനെ ദണ്ഡിപ്പിക്കുന്ന വാക്കുകൾ പറയരുതെന്നും, ആവശ്യപ്പെടുന്ന സഹായങ്ങളൊക്കെയും ചെയ്തുകൊടുക്കണമെന്നും ആണു് ദൈവം നിന്നോടു ആവശ്യപ്പെടുന്നതു്. ഇതൊക്കെയും നിന്നെക്കൊണ്ടു ചെയ്യുവാൻ സാധിക്കുന്നതാണു്. എന്നാൽ ഇതു നീ ചെയ്യുന്നുണ്ടോ? ഈശോയുടെ തിരുഹൃദയത്തെ സന്തോഷിപ്പിക്കാൻവേണ്ടി ഈ കാര്യങ്ങളിൽ എന്നിലുള്ള വീഴ്ചകളെ പരിഹരിക്കാൻ ഈമാസം പ്രത്യേകശ്രദ്ധ ഞാൻ പതിക്കുന്നുണ്ടു്.

3–ാം നിത്ത്– ഈശോമിശിഹാ വഴിയായും അ ങ്ങേ ആരാധ്യ തിരുഹൃദയം വഴിയായും ദൈവത്തെയും, ഈശോമിശിഹാ അയൽക്കാരനെ സ്നേഹിച്ചതുപോലെ, അയൽക്കാരനെയും സ്നേഹിക്കുക; ഇതാണു എന്റെ ധർമ്മം. എന്നാൽ ഇവ രണ്ടും നിറവേററുന്നതിനു ഞാൻ ഈ ദി വ്യരക്ഷിതാവിനെ സ്നേഹിക്കുകയും അങ്ങയോടു ഐക്യ പ്പെട്ടിരിക്കുകയും വേണം. ഈശോമിശിഹാ എന്റെ ര ക്ഷകനും, എന്റെ മിത്രവും, എന്റെ സഹോദരനും, എന്റെ പിതാവും, എന്റെ ആത്മഭരനും ആകുന്നു.

അവിടുന്നു എനിക്കു സമസ്തവുമാകുന്നു.. ഈശോമി ശിഹായെ 'സ്നേഹിക്കാത്തവൻ ശപിക്കപ്പെട്ടവനായിരി ക്കട്ടെ എന്നു വി. പൌലോസ് വിളിച്ചുപറയുന്നു. സാദ്ധ്യ മായിരുന്നാൽ, അവിടുന്നു നമ്മെ സ്നേഹിച്ചിടത്തോളം നാം അങ്ങേ സ്നേഹിക്കേണ്ടിയിരിക്കുന്നു... കുറഞ്ഞപക്ഷം നമ്മുടെ സ്നേഹം, ദൃഢമുള്ളതും, കാര്യസാധകവും, പര മാർത്ഥമായതുമായിരിക്കാൻ നാം കഴിയുന്നത്ര ഉത്സാഹി ക്കേണ്ടിയിരിക്കുന്നു... ഈശോ എനിക്കുവേണ്ടി ചെയ്യാത്ത തെന്ത്? എനിക്കുവേണ്ടി എത്രയോ മഹാ കഷ്ടാനുഭവങ്ങ ളെയാണ് അവിടുന്നു സഹിച്ചത്! എത്രയോ വലിയ വ രപ്രസാദങ്ങളെയാണു സമ്പാദിച്ചുതന്നിരിക്കുന്നത്; എ ത്രയൊ അധികം വിപത്തുകളിൽനിന്നാണ് എന്നെ സം രക്ഷിച്ചിരിക്കുന്നത്... എത്രയൊ വലിയ നന്മകളാണ് എനിക്കു നല്കിയിരിക്കുന്നതും, എനിക്കുവേണ്ടി സമ്പാദിച്ചി രിക്കുന്നതും, എന്നോടു വാഗ്ദാനം ചെയ്തിരിക്കുന്നതും! എ ന്റെ രക്ഷിതാവേ! അങ്ങേ സ്നേഹിക്കുന്നതിനുള്ള ന്യായ ങ്ങൾ എത്രയൊ അധികം. "ഞാൻ സർവ്വത്ര സ്നേഹത്താൽ ആവൃതനായിരിക്കുന്നുവെങ്കിലും സ്നേഹം എന്താണെന്നു ഞാൻ അറിയുന്നില്ല" (1) എന്നു വി. ബെർണ്ണാർദ്ദ പറയുന്നു.

---

1) Undeque me circumdat amor, et nescio quid sit amor. (Stim. amo.)

"സ്നേഹം വിഭജിക്കപ്പെട്ട ഒരു ഹൃദയംകൊണ്ടു തൃപ്തിപ്പെടുന്നില്ല, അതിനു ഒന്നുകിൽ മുഴുവൻവേണം അല്ലെങ്കിൽ ഒന്നുംവേണ്ട" എന്നു വി. മർഗ്ഗരീത്താ അലക്കോക്ക പറഞ്ഞിരിക്കുന്നു. നീ ഈശോയെ യഥാർത്ഥത്തിൽ സ്നേഹിക്കുന്നുണ്ടോയെന്നു നിനക്കു അറിയണമെങ്കിൽ, അങ്ങേ ദിവ്യചിത്തം നിറവേററുന്നതിൽ നീ വിശ്വസ്ഥനായിരിക്കുന്നോയെന്നു ആരാഞ്ഞാൽ മതിയായിരിക്കും. അവിടുന്നുതന്നെ, നമ്മോടു കല്പിച്ചിട്ടുള്ള പ്രമാണമാണിതു്. ഇതു അബദ്ധമായിരിക്കാൻ തരമില്ല. "എന്നെ സ്നേഹിക്കുന്നവർ എന്റെ കല്പനകളെ അനുസരിക്കും" (യോ. 14). ഇന്ദ്രിയവികാരങ്ങൾ വഞ്ചിക്കാം. പ്രവൃത്തികൊണ്ടാണു വസ്തുത വെളിപ്പെടുന്നതു്.

ഈശോമ്ശിഹായെ ഉത്തമമാംവണ്ണം ബഹുമാനിക്കാൻവേണ്ടി മറിയത്തോടു നീ യോജിച്ചിരിക്കുക. "പുണ്യവാന്മാർ എല്ലാവരുംകൂടി ഈശോയെ സ്നേഹിച്ചതിനെക്കാൾ കൂടുതലായി പരിശുദ്ധ കന്യകമറിയം അങ്ങേ സ്നേഹിച്ചു"എന്നു വി. ബൊനവെന്തുര വചിച്ചിരിക്കുന്നു. നിന്റെ തീക്ഷ്ണതയില്ലായ്മ മറിയത്തിന്റെ സ്നേഹവും ആ വിമല ഹൃദയത്തിന്റെ തീക്ഷ്ണതയും പരിഹരിക്കും.

ധ്യാനഫലം— ദിവ്യകാരുണ്യം സ്വീകരിക്കുന്നതിനുള്ള ഒരുക്കത്തിലും, സ്വീകരിച്ചശേഷമുള്ള ഉപകാരസ്മരണയിലുമുള്ള കുറവുകളെ പരിഹരിക്കുക. എത്ര നല്ലവണ്ണം അതിന്നായിട്ടു ഒരുങ്ങുകയും ഉപകാരസ്മരണ ചെയ്യുന്നതിൽ ശ്രദ്ധ പതിക്കുകയും ചെയ്യുമോ അത്രയും കൂടുതലായിരിക്കും അതിൽനിന്നു നിനക്കു സിദ്ധിക്കുന്ന നന്മകൾ.

വായന— ക്രിസ്സാനുകരണം 2–ാം പു. 7–ാം അ; 3–ാം പു. 5–ാം അ.

## ഈശോയുടെ
## തിരുഹൃദയ തിരുനാളിന്നു ഒരുക്കമായിട്ടുള്ള
# നവനാൾ

## ഒന്നാം ദിവസം.

### ഈശോയുടെ തിരുഹൃദയം നമ്മുടെ അമിത സ്നേഹത്തിന്നു പാത്രമായതാകുന്നു.

ഈശോയുടെ ദിവ്യഹൃദയം അതിന്റെ ഗുണവൈശിഷ്ട്യം നിമിത്തം സ്നേഹപാത്രമായതാകുന്നു. എന്തുകൊണ്ടെന്നാൽ അതു ജീവിക്കുന്നതും (സജീവവും), പീഡാരഹിതവും (രാഗദ്വേഷമില്ലാത്തതും), അമർത്ത്യവും, ഈശോയുടെ മഹത്വപ്പെട്ട ശരീരത്തോടു ബന്ധിക്കപ്പെട്ടിരിക്കുന്നതും, അവിടുത്തെ പരിശുദ്ധതമ ആത്മാവിനാൽതന്നെ ജീവിക്കുന്നതും, ദൈവത്തിന്റെയും നമ്മുടെയും നേരെയുള്ള നിഷ്കളങ്ക സ്നേഹത്താൽ ഉജ്ജ്വലിക്കുന്നതും, ചൈതന്യപ്പെടുന്നതുമായ ഒരു ഹൃദയമാകുന്നു. അതിനടുത്തപ്രകാരം ദൈവ വചനത്തോടു യോജിച്ചിരിക്കുന്നതും തന്നിമിത്തം അതിന്റെ മഹത്തായ ആശയങ്ങളും പ്രവൃത്തികളും ആ ദൈവചൈതന്യത്താൽതന്നെ ദൈവികങ്ങളായി ഭവിക്കുന്നതുമായ ഹൃദയമാണ്. ഈ അനിർവ്വാച്യ യോജിപ്പാൽ അറുതിയില്ലാത്ത പ്രതാപമുള്ള ഒരു ഹൃദയമാണ് അതു്. അതു ദൈവത്തിന്റെ ഹൃദയമായിരിക്കകൊണ്ടു്, അതിന്റെ ഗുണവൈശിഷ്ട്യങ്ങൾ അഗ്രാഹ്യങ്ങളാകുന്നു. ദൈവ വചനം വഴിയായി ദൈവത്തോടു യോജിച്ചിരിക്കുന്നതും ദൈവവചനത്താൽ പരിപൂർണ്ണമാംവണ്ണം സർവ്വ വരങ്ങളാലും ദാനങ്ങളാലും പൂരിതമായിരിക്കുന്നതും അതിന്റെ എല്ലാം ലാഞ്ഛനകൾ

ക്കും വിധേയമായതായിരിക്കുക നിമിത്തം ദൈവവചനം അതിൽ ആനന്ദിക്കുന്നതുമായ ഒരു ഹൃദയമാണ്. ഈ ഹൃദയത്തിന്റെ ഉന്നത യോഗ്യതയും പരിശുദ്ധതയും പ്രവൃത്തികളുടെ പരിപൂർണ്ണതയും ഗ്രഹിക്കാൻ ആരെക്കൊണ്ടാണ് സാധിക്കുന്നത്?

ഈശോയുടെ തിരുഹൃദയം അത്ര ജ്ഞാപകപ്പെടുത്തുന്നവകൾ നിമിത്തവും സ്നേഹപാത്രമായതാകുന്നു. അതു ദൈവവും മനുഷ്യനുമായ ഈശോമ്ശിഹായുടെ സ്നേഹത്തിന്റെ ചിഹ്നം (സംജ്ഞ) ആകുന്നു. അതു്, നിത്യകാലംമുതല്ക്കേ നമ്മുടെമേൽ വച്ച സ്നേഹം നിമിത്തം, നമ്മുടെ മാംസം അവിടുന്നു എടുക്കുകയും മനുഷ്യനാകുകയും ചെയ്ത ഒരു ഹൃദയമാണ്. നാം പാപികളും മറുതലക്കാരും ആയി വർത്തിക്കുകയും ഇപ്പോഴും അത്തരക്കാരാകുകയും ചെയ്യുന്നുവെങ്കിലും, സ്വർഗ്ഗത്തിലിരുന്നു നമ്മെ സ്നേഹിച്ചുവരുന്ന ഒരു ഹൃദയമാകുന്നു. അതു് ഈശോമ്ശിഹായ്ക്കു് നമ്മുടെ നേരെയുള്ള അതീവ സ്നേഹത്തിന്റെയും നമുക്കായി സ്വർഗ്ഗവാതിൽ തുറന്നുതരുന്നതിനു ഏററം നിഷ്ഠുരമരണം അനുഭവിക്കാനും, ഇഹത്തിൽ നമ്മുടെ ആത്മാവിനു ആഹാരമായിട്ടു് അങ്ങേ മുഴുവനും തരുവാനും തിരുമനസ്സായ സ്നേഹത്തിന്റെയും എല്ലാ ആവശ്യങ്ങളിലും അങ്ങേ പിതാവിന്റെ പക്കൽ നിരന്തരം വാദിച്ചുകൊണ്ടിരിക്കാൻ പ്രേരിപ്പിച്ച സ്നേഹത്തിന്റെയും അടയാളമാകുന്നു.

ഇത്ര സ്നേഹപാത്രമായ ഹൃദയത്തെ എങ്ങനെ സ്നേഹിക്കാതിരിക്കും? ഒരു നല്ല ഹൃദയത്തെ നാം സ്നേഹിക്കുന്നു; ഒരു സുകൃത (പുണ്യ) ഹൃദയത്തെ നാം സ്നേഹിക്കുന്നു; വിനയമുള്ളതും കരുണാർദ്രതയുള്ളതും ഏതു സഹായവും ചെയ്തുതരുവാൻ സന്നദ്ധമായിരിക്കുന്നതുമായ ഒരു ഹൃദയത്തെ മനുഷ്യർ സ്നേഹിക്കുന്നു. പിന്നെ എന്തുകൊണ്ടാണ് ഒരു ദിവ്യവും അതീവമായ എല്ലാ സദ്ഗുര

ങ്ങളുള്ളതും, സകല പരിശുദ്ധന്മാരും സകല സ്രാപ്പേന്മാരുംകൂടി നമ്മെ സ്നേഹിക്കുന്നതിനേക്കാൾ കൂടുതലായി നമ്മെ സ്നേഹിക്കുന്നതുമായ ഒരു ഹൃദയമുള്ള ഈശോയെ നാം സ്നേഹിക്കാത്തതു്; നാം അങ്ങേ അറിയാത്തതുകൊണ്ടാണ്. ചിന്തിക്കാതിരിക്കുന്നതുകൊണ്ടു, അങ്ങേ നാം അറിയുന്നില്ല. ചിന്തിക്കാത്തതു് അതിനെക്കുറിച്ചു ചിന്തിച്ചാൽ അതിൻെറ തന്മയത്വവും അതിൻെറ ഗുണപൌഷ്കല്യവും നാം ഗ്രഹിച്ചു, അതിനു പകരം, അതിനെ അനാദരിച്ചുകൊണ്ടു് (അതിനേക്കാൾ വിലവച്ചു) നാം സ്നേഹിക്കുന്ന സൃഷ്ടികളിൽ യാതൊന്നിനേയും സ്നേഹിക്കാതാകും എന്നു ഭയപ്പെട്ടിട്ടാണ്. ഓ, അനിർവ്വാച്യ സ്നേഹമേ! ഓ, ദൈവികമായ സ്നേഹമേ! ഞങ്ങളുടെ അന്ധത എത്രയോ വലിയതു്; എത്രയൊ വലിയ നന്ദിഹീനത. സൃഷ്ടികളെക്കൊണ്ടു അങ്ങേക്കു ഒരു ആവശ്യവും ഇല്ലാതിരിക്കെ അവയെ സ്നേഹിക്കുന്നതിൽ അറുതിവരുത്താത്ത, അങ്ങേ സ്നേഹിക്കുന്നതിൽ ഞങ്ങൾ കാണിക്കുന്ന അമാന്തം എത്രയൊ വിലപിക്കത്തക്കതു്.

## ജപം.

ഈശോയുടെ ദിവ്യതമഹൃദയമേ! അനന്ദ ഏകാന്ത വാസസ്ഥാനമേ! ലോക അലങ്കോലങ്ങളിൽനിന്നും സംരംഭങ്ങളിൽനിന്നും അങ്ങേയുള്ളിൽ, ഞാൻ അഭയംപ്രാപിക്കുന്നു. ആയുസ്സിൻെറ തുറയും സമാധാനത്തിൻെറ ആശ്രയവും അനന്ദത്തിൻെറയും പ്രകാശത്തിൻെറയും ഉല്പത്തിസ്ഥാനവുമേ! അങ്ങേ ഞാനിതുവരെയും അറിയാതിരുന്നതെങ്ങിനെ? ഇതിനുമുമ്പു സ്നേഹിക്കാതിരുന്നതെങ്ങിനെ? ഓ! പ്രിയതമഹൃദയമേ! അങ്ങുന്നു ഇത്ര സ്നേഹയോഗ്യമായതും, എൻെറ പിതാവിൻേറതും, എൻെറ ദൈവത്തിൻേറതും, എൻെറ ആത്മമണവാളൻേറതും ഹൃദയമായിരുന്നുവെന്നു ഞാൻ അറിഞ്ഞിരുന്നുവെങ്കിൽ, ഞാൻ അതിനെ ദണ്ഡിപ്പിക്കയില്ലായിരുന്നു. എൻെറ സമാധാ

നം നഷ്ടപ്പെടുത്തുകയില്ലായിരുന്നു; എനിക്കുതന്നെ നാശം വരുത്തുകയില്ലായിരുന്നു; കാട്ടിൽ വിഷസപ്പങ്ങളുടെയും വന്യമൃഗങ്ങളുടെയുംകൂടെ ജീവിതം കഴിക്കുകയില്ലായിരുന്നു; പിന്നയോ കട്ടില്ലാത്ത മാടപ്രാവിനെപ്പോലെ, നിർഭയത്തിൻെറയും ആനന്ദത്തിൻെറയും ഈ കൂട്ടിൽ വന്നു അഭയം പ്രാപിച്ചേനേ. സ്നേഹംനിറഞ്ഞ ഹൃദയമേ! പരമാത്ഥത്തിൽ അങ്ങേ യാചിച്ചുതേടുന്ന പാപിക്കുകൂടിയും എപ്പോഴും തുറക്കപ്പെട്ടിരിക്കുന്ന ഹൃദയമേ! ഞാൻ അങ്ങേ ഇപ്പോൾ കണ്ടെത്തി, ഇനി ഒരിക്കലും വിശ്വസ്സ അങ്ങേ ഹൃദയസ്ഥാനത്തെ വിട്ടുമാറുവാൻ അനുവദിക്കരുതേ. ഇതിൽനിന്നു ഞാൻ മാറിയാൽ എൻെറ നിത്യായുസ്സ് അപകടത്തിലാകും. എൻെറ ശത്രുക്കൾ എന്നെ കൊല്ലുവാൻ, എപ്പോഴാണ് ഞാൻ രക്ഷയുടേയും ആയുസ്സിൻെറയും ആശ്രയസ്ഥാനം വിട്ടുമാറുന്നതെന്നു നോക്കിയിരിക്കുകയാണ്. സീമാതീത സ്നേഹത്തിനു പാത്രമായ എൻെറ ഈശോയുടെ തിരുഹൃദയമേ! അങ്ങയോടുള്ള സ്നേഹത്തെ വിടുന്നതിനെക്കാൾ ഈ സ്നേഹാഗ്നിസാഗരത്തിൽ ദഹിച്ചില്ലാതാകുവാൻ ഞാനാഗ്രഹിക്കുന്നു. അപ്രകാരം ഭവിക്കട്ടെ.

ന്ന ആ. ന്ന നന്മ. ന്ന ത്രിത്വ.

മുമ്പൻ— ഞങ്ങളുടെമേലുള്ള സ്നേഹത്താൽ കത്തിയെരിയുന്ന ഈശോയുടെ തിരുഹൃദയമേ!

സഹായി— അങ്ങേമേലുള്ള സ്നേഹത്താൽ ഞങ്ങളുടെ ഹൃദയങ്ങളെ കത്തിക്കണമേ.

## പ്രാത്ഥിക്ക.

സവ്വശക്തനായ ദൈവമേ, അങ്ങേ പ്രിയപുത്രൻെറ ഹൃദയത്തിന്മേൽ അത്യന്തം പ്രമുദന്മാരായി അവിടുത്തെ സ്നേഹത്തിൻെറ മുഖ്യോപകാരങ്ങളെ അനുഗമി

ക്കുന്നു. ഞങ്ങൾ അവയെ പ്രയോജനപ്പെടുത്തുന്നതിനും അവയുടെ ഫലം അനുഭവിക്കുന്നതിനും ഞങ്ങളുടെ കർത്താവീശോമ്ശിഹായെക്കുറിച്ചു കൃപചെയ്യണമെ.

ഈശോയുടെ തിരുഹൃദയം നിന്നെ അങ്ങേ സ്നേഹത്തിലേക്കു ശക്തിമത്തായ പ്രേരകങ്ങളാൽ ക്ഷണിക്കുകയും, മഹാ സ്നേഹാർദ്രതമായ വചനങ്ങളാൽ വിളിക്കുകയും, ദൈവത്തെ എല്ലാററിനും ഉപരിയായും മുഴുഹൃദയത്തോടെയും സ്നേഹിക്കണമെന്നുള്ള വലിയ ഉപകാരപ്രദവും സൌന്ദര്യപൂരിതവുമായ ഒരു ആജ്ഞ നല്കിയിരിക്കുകയും ചെയ്യുന്നു. ആതിനു വിധേയനാകാൻ നീ വിസമ്മതിക്കുമൊ? ഒരിക്കലും ഇല്ല. അതിനാൽ വി. ഇഗ്നാസിയോടുകൂടെ "അങ്ങേ സ്നേഹവും നൽവരങ്ങളും എനിക്കു തരിക. ഞാൻ അത്യന്തം സംതൃപ്തനാകും" എന്നു നീ അങ്ങയോടു ബോധിപ്പിക്കുക.

## രണ്ടാം ദിവസം.

### ഈശോയുടെ ദിവ്യഹൃദയം, എല്ലാവരും അതിനെ സ്നേഹിച്ചുവരണമെന്നു ആഗ്രഹിക്കുന്ന ഒരു ഹൃദയമാകുന്നു.

സ്നേഹിക്കുന്നവരൊക്കെയും അവർ സ്നേഹിക്കുന്നവരുടെ സ്നേഹം പ്രത്യാശിക്കുന്നു. എന്നിരിക്കയിൽ, സീമാതീതമായി നമ്മെ സ്നേഹിക്കുകയും അങ്ങേ സ്നേഹത്തിന്റെ ദിവ്യോച്ചത്വവും നമ്മുടെ അധമസ്ഥിതിയും അറിഞ്ഞിരിക്കുകയും ചെയ്യുന്ന ഈശോയുടെ തിരുഹൃദയത്തിനു, നാം അങ്ങേ സ്നേഹിക്കാതിരുന്നാൽ കാണിക്കുന്ന അനാദരവു എത്രയോ വലിയതായിരിക്കും. കൂടാതെ അവിടുന്ന് നമ്മേ സ്നേഹിക്കുന്നതു നമ്മെ ഭാഗ്യവാന്മാരാക്കാനുമാണ്; അവിടുന്നു നമ്മുടെ നന്മയും, നമ്മുടെ നിത്യരക്ഷയും, സ്വ

ൎഗ്ഗത്തിൽ നമ്മുടെ സഹവാസവും ആഗ്രഹിക്കുന്നു. ഇതെല്ലാം നാം അങ്ങേ പ്രതിസ്നേഹിക്കാഞ്ഞാൽ പ്രാപിക്കുന്നതല്ല. നമ്മുടെ സുഖത്തിലാണ് അവിടുത്തെ ആനന്ദമൊക്കെയും വച്ചിരിക്കുന്നതു്. അതു നമുക്ക അങ്ങയോടുള്ള സ്നേഹത്തെയാണ് ആശ്രയിച്ചിരിക്കുന്നതു്. അതിനാൽ മനുഷ്യർ അങ്ങേ സ്നേഹിക്കുന്നില്ലായെന്നും, സ്നേഹിക്കാത്തതിനാൽ അവൎക്കു ലഭിക്കാനിരിക്കുന്ന നന്മകൾ അവൎക്കു ലഭിക്കാതെ നഷ്ടമാകുന്നു എന്നും, കാണുമ്പോൾ അവിടുത്തെ ഹൃദയം അനുഭവിക്കുന്ന വ്യസനം എത്ര വലിയതായിരിക്കുമെന്നു ഗ്രഹിക്കാൻ പാടുള്ളവനാർ?

നാം ഈശോയെ സ്നേഹിക്കാൻ നമ്മെ പ്രോത്സാഹിപ്പിക്കാനും, നാം ഭാഗ്യവാന്മാരായിരുന്നു കാണുന്നതിനുള്ള സംതൃപ്തി അനുഭവിക്കാനുംവേണ്ടി അവിടുന്നു ചെയ്യാത്തതെന്തു്? ഇതിനുവേണ്ടി വേണ്ടതും വേണ്ടതിൽ അധികവും അവിടുന്നു ചെയ്തിട്ടും മനുഷ്യർ പ്രതികാരമായി നിഃസ്നേഹവും അനാദരവും പ്രദൎശിപ്പിക്കുന്നതിനാൽ അങ്ങേ കഷ്ടാനുഭവത്തിങ്കൽ അവിടുന്നു അനുഭവിച്ചതിനെക്കാൾ കൂടുതൽ വ്യഥയും സങ്കടവുമാണ് അവിടുന്നു അനുഭവിക്കുന്നതെന്നു വി. മൎഗ്ഗരീത്താ അലക്കോക്കിനോടു അരുളിച്ചെയ്തു. മനുഷ്യർ, ഞാൻ അവരെ സ്നേഹിക്കുന്നതുപോലെ എന്നോടു് പ്രതിസ്നേഹം കാണിച്ചിരുന്നുവെങ്കിൽ, അവൎക്കുവേണ്ടി ഞാൻ അനുഭവിച്ച കഷ്ടതകളും പാടുകളും ഒന്നുമില്ല എന്നു ഗണിച്ച്, ആവശ്യമായിരുന്നാൽ അതിലും കൂടുതൽ സഹിച്ചേനേ" എന്നുകൂടി കല്പിക്കയുണ്ടായി. അങ്ങേ സ്നേഹിക്കണമെന്നു മാത്രം ആവശ്യപ്പെടുന്ന ഈ ദിവ്യ ഹൃദയത്തോടു അലക്ഷ്യവും, അനുരാഗമില്ലായ്കയും, കാണിക്കുന്ന മനുഷ്യഹൃദയത്തിൻെറ നിഷ്ഠുരത എത്രയോ വലിയതു്.

സ്നേഹം ചതുരതയുള്ളതാകുന്നു. നിത്യപിതാവിൻെറ ബോധജ്ഞാനം തന്നെയായ ഈശോയുടെ സ്നേഹം, ഈ

അവസാനകാലത്തു അങ്ങേ സ്നേഹിക്കുന്നതിനു് നമ്മുടെ ഹൃദയത്തെ വശീകരിക്കുന്നതിനുവേണ്ടി നവോപായങ്ങളേയും, പുതിയ മാൎഗ്ഗങ്ങളേയും, കണ്ടെത്തി അങ്ങേ അദൃശ്യസ്നേഹത്തെ നമ്മുടെ നേത്രങ്ങൾക്കുകൂടിയും ദൃശ്യമാക്കി. അവിടുത്തേയ്ക്കു നമ്മുടെനേരെയുള്ള അനിൎവ്വാച്യസ്നേഹവികാരങ്ങളെ നാം അറിഞ്ഞും നാം അങ്ങേ സ്നേഹിക്കണമെന്നുള്ള അവിടുത്തേയ്ക്കുള്ള അതിയായ ആഗ്രഹത്തെ നാം ഗ്രഹിച്ചും അങ്ങേ സ്നേഹിക്കുന്നതിനു നമ്മെ പ്രേരിപ്പിക്കുമാറു്, അങ്ങേ നെഞ്ചിൽനിന്നു ആ പരിശുദ്ധതമ ശങ്കിനെ ഒരുവിധം പറയുന്നതായാൽ പറിച്ചെടുത്തു നമ്മുടെ ദൃഷ്ടിക്കു വിഷയീഭവിക്കുന്നു ആ ഹൃദയത്തിൽനിന്നു ജ്വലിക്കുന്ന അഗ്നിജ്വാലകൾ അങ്ങേ സ്നേഹത്തേയും, അതിനെ ചുററിയിരിക്കുന്ന മുള്ളുകൾ, അങ്ങേ തീവ്ര പീഡകളേയും, ഓൎപ്പിക്കുന്നു. അതിൽ നാട്ടിയിരിക്കുന്ന സ്ലീവായും, അതിൽ കാണുന്നു മുറിവും, അതിൽനിന്നു വീണുകൊണ്ടിരിക്കുന്ന രക്തത്തുള്ളികളും, ഇവയൊക്കെയും അവിടുത്തെ ദിവ്യസ്നേഹം അനാദരിക്കപ്പെടുന്നതും, ക്രൂശിക്കപ്പെടുന്നതും, നമ്മേപ്രതി വ്രണപ്പെടുന്നതും, അനുസ്മരിപ്പിക്കുന്നു. ഇവയൊന്നുകൊണ്ടും ഈശോയെ സ്നേഹിക്കാൻ നാം മനസ്സാകയില്ലായെങ്കിൽ, നമ്മെ അതീവമായി സ്നേഹിച്ചിട്ടും നീചമായി നിന്ദിക്കപ്പെടുന്നതിനാൽ ഉജ്ജ്വലിപ്പിക്കുന്ന അങ്ങേ കോപത്തെയും പ്രതികാരത്തെയും നാം ഭയപ്പെടേണ്ടിയിരിക്കുന്നു.

## ജപം.

ഓ, ദിവ്യസ്നേഹമേ! ഞങ്ങൾ അങ്ങേ സ്നേഹിക്കണമെന്നു അവിടുന്നു അധികമായി ആഗ്രഹിക്കാൻ ഈ നിൎഗ്ഗ്യ സൃഷ്ടിയിൽ അവിടുന്നു കണ്ട ഗുണമെന്തു്? ഇതു അങ്ങേ മാഹാത്മ്യ ഹൃദയത്തിൻെറ അഗ്രാഹ്യമായ ഒരു അത്ഭുതമല്ലാതെ വേറൊന്നുമല്ല. "അങ്ങേ ഹൃദയത്തിനു യോഗ്യമാംവണ്ണം ഈ മഹാകാൎയ്യങ്ങളൊക്കയും അവിടു

ന്നു ചെയ്തു" (2. രാജ. 7. 21). ഇത്ര വലിയവനും മഹാ പ്രതാപവാനുമായ അങ്ങേ മഹത്വത്തെ ദീർഘകാലം സേവിച്ചതിൻെറ പ്രതിസമ്മാനമായിരിക്കേണ്ടതായി ഇത്ര (സ്നേഹം) ഒന്നാമതായി അവിടുന്നു അവശ്യപ്പെടുവാനുണ്ടോ? എന്നാൽ കഷ്ടാൽ കഷ്ടം! മനുഷ്യൻ അവനുതന്നെ നാശം വരുത്തുന്നതും, അവൻെറ നിത്യരക്ഷയ്ക്കു വിഘ്നം വരുത്തുന്നതുമായ, സൃഷ്ടികളെ സ്നേഹിക്കുന്നതിൽ യാതൊരു ലോഭവും പ്രദർശിപ്പിക്കാത്ത അവനിൽനിന്നു, അവൻെറ ഭാഗ്യത്തിനും അങ്ങേ സംതൃപ്തിക്കുമായി, ഒരു ചെറിയ സ്നേഹംപോലും സമ്പാദിക്കാൻ സാധിക്കാതെയായി വരുന്നതു അങ്ങേ സ്നേഹത്തോടു പ്രദർശിപ്പിക്കുന്ന എത്രയോ വലിയ അനാദരവാണ്. അങ്ങേ സ്നേഹിക്കാത്ത എല്ലാവരുടെയും അനാസ്ഥയെ പരിഹരിക്കുമാറു എൻെറ ഹൃദയത്തെ അങ്ങേക്കു ബലികഴിക്കുന്ന എൻെറ ഹൃദയബലിയോടുകൂടി കാഴ്ചവെക്കുന്നതിനു എല്ലാവരുടെയും ഹൃദയങ്ങളുടെമേലും എനിക്കു അധികാരമുണ്ടായിരുന്നുവെങ്കിൽ അതു എത്രയോ വലിയ ഭാഗ്യമായിരുന്നു. അതു എന്നെക്കൊണ്ടു സാധിക്കാത്തതിനാൽ അതിനുപകരം തൽസ്ഥാനത്തിൽ അങ്ങേ സ്നേഹാഗ്നിയാൽ കത്തി ഭസ്മമാകുവാൻവേണ്ടി എൻെറ ഹൃദയത്തെ ഒരു ദഹനബലിയായി അങ്ങേക്കു ഞാൻ കാഴ്ചവെയ്ക്കുന്നു. ഇതാ ഞാൻ അങ്ങേ മുമ്പാകെ സാഷ്ടാംഗം പ്രണാമം ചെയ്തു, എൻെറ നന്ദിഹീനതയെക്കുറിച്ചുള്ള മനസ്താപത്തിൻെറയും, ശേഷം മനുഷ്യർ അങ്ങയോടു കാണിക്കുന്ന വിശ്വാസഹീനതയെക്കുറിയുള്ള ദുഃഖത്തിൻെറയും, ബലിയായി എൻെറ ഹൃദയത്തെ അങ്ങേക്കു ഞാൻ സമർപ്പിക്കുന്നു. മനസ്താപിതവും എളിമപ്പെട്ടതുമായ ഈ എൻെറ ബലിയെ അങ്ങുന്നു കൈക്കൊള്ളുമാറാകണമെ. ഇങ്ങനെയുള്ള ഹൃദയബലി അവിടുത്തെ മുമ്പാകെ ഏററം സ്വീകാര്യമായതാണെന്നു അവിടുന്നുതന്നെ അങ്ങേ രാജർഷിദർശി വഴിയായി ഞങ്ങളെ പ്രബോധിപ്പിച്ചിട്ടുള്ളതാണല്ലൊ. ഇപ്രകാരം സംഭവിക്കട്ടെ.

ന്ന ആ...ശേഷവും. പ്രാർത്ഥിക്ക... ഒന്നാംദിവസത്തെ പോലെ.

നമ്മുടെ നേരെയുള്ള സീമാതീതമായ സ്നേഹാധിക്യത്താൽ എരിയുന്ന പരിശുദ്ധ തമഹൃദയത്തെ, തുറന്നിരിക്കുന്ന ഈശോയുടെ നെഞ്ചിൽ, സൂക്ഷിച്ചുനോക്കി നമ്മെ ഇത്രയധികം സ്നേഹിച്ച ഈശോയെ പ്രതിസ്നേഹിക്കാൻ നിന്നെ പ്രോത്സാഹിപ്പിക്ക. ഈശോ അരുളിച്ചെയ്യുന്നു: "മനുഷ്യരെ അത്യധികം സ്നേഹിച്ച ഹൃദയം നോക്കുക; അത് അത്യധികം മനുഷ്യരെ സ്നേഹിക്കുന്നുവെങ്കിലും മനുഷ്യർ അതിനെ സ്നേഹിക്കുന്നില്ല" എന്ന്. നിൻെറ നന്ദിഹീനതയെക്കുറിച്ചു പൊറുതി ചോദിക്കുക.

## മൂന്നാം ദിവസം

### ഉണ്ണിഈശോയുടെ തിരുഹൃദയം.

മഹാ ബോധജ്ഞാനമുള്ള ഈശോയുടെ ആത്മാവു, സൃഷ്ടിക്കപ്പെട്ട ക്ഷണംമുതല്ക്കേ മനുഷ്യരുടെ നേരെയുള്ള അമിത സ്നേഹത്താൽ ഉജ്ജ്വലിക്കാൻ തുടങ്ങിയതുപോലെതന്നെ, അവിടുത്തെ ഹൃദയവും അതു ഉദ്ഭൂതമായ ക്ഷണംമുതല്ക്കേ ആ ദിവ്യാത്മാവിൻെറ ഉജ്ജ്വലിക്കുന്ന ചൈതന്യങ്ങളെ പ്രത്യക്ഷവിധത്തിൽ പ്രതിബിംബിക്കുകയുണ്ടായി. ഈശോ ഉദ്വേഗതയോടെ മനുഷ്യരുടെ രക്ഷമേൽ ഉൽക്കണ്ഠയുള്ളവനായിരുന്നു. അവിടുത്തെ പിഞ്ചു ഹൃദയവും അവരുടെമേലുള്ള സ്നേഹത്താൽ കത്തിയിരുന്നു. തന്നിമിത്തം ആ പിഞ്ചു ഹൃദയം സ്നേഹാഗ്നിയാൽ ലയിച്ചുപോകാഞ്ഞതു ഒരു അത്ഭുതം തന്നെയാണ്. പരിശുദ്ധ കന്യകമറിയത്തിൻെറ വിശുദ്ധോദരത്തിൽ സ്ഥിതിചെയ്യേണ്ടിയിരുന്ന ആ ഒമ്പതുമാസം എത്രയൊ ദീർഘമായി അവിടുത്തേക്കു തോന്നിയിരിക്കണം. ഇസ്രായേലിലെ തെററിപോയ ആടുകളെ അന്വേഷിച്ചു പിടിച്ചു

കൊണ്ടുവരുന്നതിനായി അങ്ങേ മാതൃഉദരമെന്ന കാരാഗൃഹത്തിൽനിന്നു പുറപ്പെടുവാനുള്ള ആഗ്രഹത്താൽ എത്രയധികം പ്രാവശ്യം ആ ഹൃദയംകൂടി തുടിച്ചിരിക്കണം.

ഇങ്ങനെ തുടിച്ചിരുന്ന ആ ഹൃദയം ഒടുവിൽ വെളിക്കു വന്നപ്പോൾ സന്തോഷാധിക്യത്താൽ ക്രമാതീതമായി വികസിക്കുന്നു. ഒന്നാമതായി അങ്ങേ മാതാവിൻെറ തിരുമുഖം കണ്ടപ്പോൾ അങ്ങേക്കു ഉണ്ടായ ആനന്ദം ആരാൽ വർണ്ണിക്കാൻ സാധിക്കും. അങ്ങേ നേത്രങ്ങൾ അങ്ങേ മാതാവിൻെറ നേത്രങ്ങളെ ദർശിക്കുകയും, വി. യൌസേപ്പു സാഷ്ടാംഗപ്രണാമം ചെയ്തുകിടക്കുന്നതു കാണുകയും, ചെയ്തപ്പോൾ ആ പുൽക്കൂട്, ഒരു നവ നന്ദാവനമായിട്ടു അവിടുത്തേക്കു തോന്നുകതന്നെ ചെയ്തു. പാവപ്പെട്ട ഇടയന്മാർ, അവരുടെ ദാനങ്ങളും കാഴ്ചകളും കൊണ്ടുവന്നു അങ്ങേ പാദത്തുങ്കൽ സമർപ്പിച്ചപ്പോൾ, അവരുടെ കുററമില്ലായ്മയും ഭക്തിവണക്കവും, അവിടുന്നു കിടന്നിരുന്ന വൈക്കോലുകളുടെ ക്രൂരതയും അസ്വാസ്ഥ്യവും തോന്നിക്കാതാക്കിത്തീർത്തു. അവിടുത്തെ ദിവ്യ ചക്ഷുസ്സുകളെക്കൊണ്ടു അവിടുന്നു അവരുടെ ഹൃദയങ്ങളെ സൂക്ഷിക്കുന്നു. അവ അത്യാഗ്രഹമില്ലായ്മകൊണ്ടും, കലുഷമില്ലായ്കകൊണ്ടും സ്നേഹംകൊണ്ടും, അവിടുത്തെ ഹൃദയത്തോടു തുല്യമുള്ളവയായി കാണുന്നു. അതിനാൽ 'എൻെറ ഹൃദയത്തിനു ഒത്ത മനുഷ്യനെ ഞാൻ കണ്ടെത്തി.' (നടപടി 13). എന്നുള്ള വേദവാക്യതുല്യം, അവിടുന്നു എൻെറ ഹൃദയത്തെപോലെയുള്ള ഹൃദയങ്ങളെ ഞാൻ കണ്ടു എന്നു പറഞ്ഞു അവിടുന്നു സന്തോഷിച്ചിരിക്കണം.

അതേസമയം ഈശോയുടെ ഹൃദയത്തിനു ദുഃഖമില്ലാതായിയല്ലയിരിക്കുന്നതു്. ഗ്രാമവാസികളായ ഇടയന്മാർ എന്നെ വന്നാരാധിക്കുന്നു, എന്നുവരികിലും, ജേറുസലേം നഗരവാസികൾ, എന്നെ അറിയുന്നില്ല, എൻെറ ഭവനത്തിലേയ്ക്കു ഞാൻ വന്നു, എന്നാൽ എൻെറ ജനം

എന്നെ സ്വീകരിക്കയുണ്ടായില്ല. അവക്ക രക്ഷയും വഹിച്ചുകൊണ്ടു സ്വർഗ്ഗത്തിൽനിന്നു ഞാൻ ഇറങ്ങി. അവരാകട്ടെ നന്ദിഹീനന്മാരായി വൎത്തിച്ചു ഒരു തൊഴുത്തിൽ സങ്കേതം തേടുന്നതിനു നിർബന്ധിതനാക്കി. അവരുടെ ക്രൂരത്വം നിമിത്തം എന്റെ മാതാവും പിതാവും, അതിശയ കഷ്ടതകളും വിഷമതകളും സഹിക്കേണ്ടിവന്നു. എന്നാൽ അവർ മാത്രമല്ല, മനുഷ്യരെല്ലാവരുടെമേലും ദൈവാശിസ്സുകളും വരങ്ങളും, അവിടുത്തെ ഹൃദയത്തിൽനിന്നു ധാരാളമായി ചിന്തുന്നതിനു ആഗ്രഹിക്കുന്ന ഒരു ദൈവത്തോടു ക്രൂരത്വവും അനാദരവും കാണിക്കുന്നതു, പലരും ഈവിധം വൎത്തിക്കുന്നു സ്നേഹിക്കുന്ന ഒരു ഹൃദയത്തിനു അതിന്റെ നൽവരങ്ങൾ, ഇത്ര നിന്ദ്യമാംവണ്ണവും അനാദരവായും തിരസ്കരിക്കപ്പെടുന്നതു കാണുന്നതു, എത്രയോ വ്യസനകരമായിരിക്കും.

## ജപം.

ഏററം വലിയ സ്നേഹത്തിനു പാത്രമായ എന്റെ ഈശോയേ, എന്നെയും അന്നു അവിടുന്നു കാണുകയും എന്റെ നന്ദിഹീനത അങ്ങേ ഹൃദയത്തെ നൊമ്പരപ്പെടുത്തുകയും ചെയ്തു. എന്നിട്ടും അങ്ങുന്നു നാനാവിധ ഉപകാരങ്ങളെ എനിക്കു ചെയ്തുതന്നുകൊണ്ടു എന്റെ സ്നേഹത്തെ നേടുന്നതിനു ഉൽക്കണ്ഠയുള്ളവനായിരിക്കുന്നു. ഞാനാകട്ടെ അങ്ങേ ഉപകാരങ്ങളെക്കുറിച്ചു നന്ദിപറയുന്നതിനുപോലും അശ്രദ്ധനായിരിക്കുന്നു. അങ്ങുന്നു സൃഷ്ടിക്കുകയും, അങ്ങേ ഭവനമായിരിക്കേണ്ടതിലേക്കു അങ്ങേ വരങ്ങളാൽ പൂരിപ്പിക്കുകയും, ചെയ്തു എന്റെ ഹൃദയത്തെ സകല സൃഷ്ടികളുടെയും ലോകത്തിന്റെയും സ്നേഹത്തിന്റെ പാൎപ്പിടം ഞാനാക്കി; ദുരാശകൾക്കും പാപത്തിനും വാതൽ തുറന്നുകൊടുത്തു. അങ്ങേക്കുമാത്രം അതു അടച്ചുപൂട്ടുകയും, ഒരു മൂലപോലും അനുവദിക്കാതിരിക്കുകയും ചെയ്തു. ഇതാ ഇപ്പോൾ എന്റെ ബുദ്ധിഹീനതയെ

ഞാൻ ഗ്രഹിച്ച മനസ്സാപപ്പെട്ട എൻെറ വികൃത കഠിന വിസ്മൃതിയെ വെറുക്കുന്നു. ഓ! കർത്താവേ! അങ്ങേ തിരുഹൃദയത്തിൽനിന്നു ഒരു രശ്മി അയച്ച്, എൻെറ ഹൃദയത്തെ പ്രകാശിപ്പിക്കുകയും അങ്ങേമേലുള്ള സ്നേഹത്താൽ അതിനെ ഉജ്ജ്വലിപ്പിക്കുകയും ചെയ്യുവാൻ കൃപയുണ്ടാകണമെ. അങ്ങേ ഞാൻ അറിയുവാനും അറിഞ്ഞു കണ്ടെത്തുവാനും കണ്ടെത്തിയശേഷം സ്നേഹിക്കാനും എൻെറ ഹൃദയത്തിലേയ്ക്കുള്ള അങ്ങേ പ്രവേശനത്തെ ഇതുവരെയും തടഞ്ഞുനിറുത്തിയ ക്രമവിരുദ്ധങ്ങളായ പക്ഷങ്ങളെ എപ്പോഴത്തേയ്ക്കും വിട്ടുപേക്ഷിക്കാനും കൃപചെയ്യണമെ. എൻെറ ദൈവവും രക്ഷിതാവുമായ അങ്ങേ സ്നേഹിക്കാതെ കഴിച്ചുകൂട്ടിയ കാലങ്ങൾ ഞാൻ പാഴാക്കുകയല്ലെ ചെയ്തത്. അങ്ങേ സ്നേഹിക്കാത്ത കാലം ശപിക്കപ്പെട്ടതാകട്ടെ.

ന ആകാ... ശേഷവും. പ്രാർത്ഥിക്ക ഒന്നാംദിവസത്തെപോലെ.

"ഞാൻ മോക്ഷത്തിലേയ്ക്കു, ആനയിക്കുന്ന വഴിയും, സത്യവും, ആയുസ്സും ആകുന്നു" എന്നു ഈശോ അരുളിച്ചെയ്യുന്നു. അതേ അവിടുന്നു തെററിപോകാത്ത വഴിയും നിത്യസത്യവും നിത്യഭാഗ്യത്തിൻെറ ആയുസ്സുമാകുന്നു. അവിടുത്തെ അടുക്കലേക്കു നമ്മെ അടുപ്പിക്കുന്നതിനും, അങ്ങേ നിത്യസത്യങ്ങളെ നമ്മെ പഠിപ്പിക്കുന്നതിനും, ദൈവ വരപ്രസാദ ജീവൻ നമുക്കു തന്നു സ്വർഗ്ഗീയ പറുദീസായിലെ പരമാനന്ദങ്ങൾ നമ്മെ അനുഭവിപ്പിക്കുന്നതിനും ആയിട്ടു എന്തെല്ലാമാണു ആ സ്നേഹപൂരിതമായ ഹൃദയം പ്രവർത്തിക്കുകയും, സഹിക്കുകയും, അനുഭവിക്കുകയും ചെയ്തത്!

ഇത്ര വിലതീരാത്ത ഉപകാരങ്ങൾ ചെയ്ത അങ്ങേ ദിവ്യഹൃദയത്തെ ആരാധിക്കുകയും, അതിനെ സ്തുതിക്കുകയും ചെയ്യുക.

# നാലാം ദിവസം.

## ഈശോയുടെ തിരുഹൃദയവും മറിയം മഗ്ദലേത്തായും.

പാപിഷ്ടയായ മറിയംമഗ്ദലേത്താ അവളുടെ പാപങ്ങളെപ്പററി മനസ്താപിതയായി ഈശോയുടെ പാദത്തുങ്കലിരിക്കുന്നതു, ഈശോ കണ്ടപ്പോൾ ആ സ്നേഹംനിറഞ്ഞ ഹൃദയത്തിനുണ്ടായ സന്തോഷത്തെപ്പററി ചിന്തിക്കുക. അവൾ ആ ദിവ്യപാദങ്ങളെ ചുംബിച്ചു ചുംബിച്ചു ചുററിപിടിച്ചിരിക്കുന്നു; അവളുടെ കണ്ണുനീരുകളാൽ അവയെ കഴുകുന്നു; അവളുടെ കുന്തലുകളാൽ അവയെ തുടക്കുന്നു. അവളുടെ മുഖം നിലത്തു മുട്ടത്തക്കവണ്ണം കവിഴ്ന്നു വീണുകൊണ്ടും അവളുടെ അധരങ്ങൾ നിശ്ചഞ്ചലങ്ങളെങ്കിലും, നേത്രധാരകളെ ധാരാളം പുറപ്പെടുവിച്ചുകൊണ്ടും അവളുടെ പാപമോചന ലബ്ധിക്കായി ഹാർദ്ദവമായി പ്രാർത്ഥിക്കുന്നു. അവളുടെ മനസ്താപത്തെ സൂചിപ്പിക്കുന്നതായ അവളുടെ ദീർഘശ്വാസങ്ങൾ, ആ ദിവ്യഗുരുവിന്റെ അനുഗ്രഹസംപൂർണ്ണമായ ദിവ്യഹൃദയത്തിലേക്കു തുളച്ചുകയറുന്നു. മഗ്ദലേത്താ വിജയിച്ചു; അവളുടെ അനുഗ്രഹം സാധിച്ചു. ഈശോയുടെ ഏററം അനുകമ്പയുള്ള ഹൃദയം മനസ്താപപ്പെടുന്ന പാപിനിയുടെ ത്യാഗശീലഹൃദയത്തെ കണ്ടു് അവളെ ആനന്ദിപ്പിക്കാൻ താമസിക്കുന്നില്ല.

എന്നാൽ കർത്താവേ! മഗ്ദലേത്തായുടെ പാപങ്ങൾക്കു കയ്യും കണക്കുമില്ലല്ലോ. അതെ, അതു ശരിതന്നെ. എന്നാൽ അങ്ങേ അനുഗ്രഹവും നന്മയും അതിരില്ലാത്തവണ്ണം വലിയതാകുന്നു. എത്രയോ അധികം ആത്മാക്കളെയാണു് അവൾ അവളുടെ ദുർമ്മാതൃകകളാൽ അങ്ങേ ഹൃദയത്തിനു നഷ്ടപ്പെടുത്തിയിട്ടുള്ളതു്. അതും ശരിതന്നെ! എന്നിരുന്നാലും ഒന്നാമതായി അവൾ എന്റെ ഹൃ

ദയത്തിലേക്ക തിരിയുന്നതുകൊണ്ടു ഞാൻ സന്തുഷ്ടനായിരിക്കും. അവൾ അവളുടെ പാപങ്ങളെപ്രതി ഞങ്ങളുടെ ശരീരത്തെ പീഡിപ്പിക്കയാകട്ടെ, പ്രായശ്ചിത്തം ചെയ്യുകയാകട്ടെ ചെയ്തിട്ടില്ല. അതും വാസ്തവംതന്നെ. പക്ഷേ അവളുടെ അന്തരംഗത്തിൽ, അവളുടെ പാപാക്രമങ്ങളെപ്പററി മനസ്താപപ്പെടുന്നതിനാൽ, അതു ചെയ്യുവാൻ തുടങ്ങിയിരിക്കുകയാണ്. അവൾ എന്നെ അധികം സ്നേഹിക്കുന്നു; അതിനാൽ അവളുടെ സകല പാപങ്ങളും ഞാൻ പൊറുത്തിരിക്കുന്നു. മഗ്ദലേത്തായെ, നീ എൻെറ ഹൃദയത്തെ വശപ്പെടുത്തി; അതിനാൽ നീ സമാധാനത്തോടെ പോകുക. ഓ! ഈശോയുടെ ദിവ്യഹൃദയത്തിൻെറ അതിശയനീയമായ ദയയും അനുഗ്രഹവുമേ! ആർക്കാണ് കൂടുതൽ സന്തോഷം; അവളുടെ സകല പാപങ്ങളും മോചിക്കപ്പെട്ടിരിക്കുന്നുവെന്നു കാണുന്ന മഗ്ദലേത്തായ്ക്കോ, ഈ മഹാ പാപിനിയോടു ക്ഷമിച്ച ഈശോയുടെ ദിവ്യഹൃദയത്തിനോ?

ഇത്ര വലിയ ആമോദകരമായ ആനന്ദമദ്ധ്യേ വേറൊരുവശത്തു ഈശോയുടെ ഹൃദയത്തിനു വ്യഥയാണു അനുഭവപ്പെട്ടിരുന്നത്. പാപികളോടു അവിടുന്നു എപ്പോഴും വർത്തിക്കുന്നത് സദ്യക്കു വിളിക്കപ്പെട്ടവർ കണ്ടു എടന്നതും, ഫ്രീശന്മാർ മുറുമുറുക്കുന്നതും, അവിടുന്നു അറിയുന്നു. ഇവർ ആ ദിവ്യഹൃദയത്തിൻെറ സ്നേഹജന്യങ്ങളായ ഉപായങ്ങളെ ഗ്രഹിക്കുന്നില്ല, അവരുടെ പാപമോചനത്തെപ്പററി അവരിൽ പ്രത്യാശ ജനിപ്പിക്കുവാൻ വേണ്ടിയായിരുന്നു അവരുടെ മുമ്പാകെവച്ചു ഈശോ ആ മഹാ പാപിനിയെ മോചിച്ചത് ആ പട്ടണത്തിലുള്ള സകല പാപികൾക്കും അങ്ങേ അനുഗ്രഹത്തിന്മേൽ മനോവിശ്വാസം ഉണ്ടാകുവാൻവേണ്ടി ആ സംഭവം എങ്ങും കീർത്തിപ്പെടണമെന്നു അവിടുന്നു ആഗ്രഹിക്കുന്നു. സകലരുടെയും മാനസാന്തരം ആ ഹൃദയം ഹാർദ്ദമായി കാംക്ഷിക്കുന്നുവെന്നും സകലർക്കും പാപമോചനം സാധ

രം നൽകുവാൻ അവിടുന്നു സന്നദ്ധനായിരിക്കുകയാണെന്നും എല്ലാവരും അറിയുവാൻവേണ്ടി കാലാകാലത്തോളം ആസംഭവം അനുസ്മരിക്കപ്പെടണമെന്നു അവിടുന്നു തിരുമനസ്സായി. ഓ! ഈശോയുടെ വിസ്മരിക്കപ്പെടുന്ന ഹൃദയമേ അങ്ങേ അനുഗ്രഹങ്ങൾ, അനു ഉപകരിപ്പിച്ച പാപികൾ എത്രയോ ചുരുക്കം. അതിനെ ഫലപ്രദമാക്കാത്തവർ ഇന്നും എത്രയോ ദുർല്ലഭം

ജപം.

ഓ! സ്നേഹം നിറഞ്ഞ രക്ഷിതാവേ! പാപികളായ ഞങ്ങൾ അങ്ങേ അപമാനിക്കുകയും ദണ്ഡിപ്പിക്കുകയും മുറിവേല്പിക്കുകയും ചെയ്തിട്ടും, തുറന്നിരിക്കുന്ന അങ്ങേ വിലാവിലെ ആ മുറിവിൽനിന്നു ഞാൻ കേൾക്കുന്ന സ്വരം, പാപികളുടെ മാനസാന്തരത്തെ അവിട്ടുന്നു ദാഹിക്കുന്നുവെന്നല്ലാതെ മറെറാന്നുമല്ല. അങ്ങേ അത്യധികം പീഡിപ്പിക്കുന്ന ഈ ആഗ്രഹത്തെ നിവൃത്തിക്കുന്നതിന്, ശേഷമെല്ലാവറെറയും ഉപേക്ഷിക്കുന്നതിന് എന്നെക്കൊണ്ടു സാദ്ധ്യമായാൽ ഞാൻ എത്രയോ കൃതാൎത്ഥനായിരുന്നു. പാപിഷ്ഠരായ അനവധി ആത്മാക്കൾക്കു തുല്യമായ എന്റെ ആത്മാവിനെ ഇതാ അങ്ങേക്കു ഞാൻ സമൎപ്പിക്കുന്നു. എന്നാൽ എന്റെ ആത്മാവു അശുദ്ധം നിറഞ്ഞതും, നിഗളമുള്ളതും നന്ദിയില്ലാത്തതും, ദൈവദോഷങ്ങൾ പ്രവൎത്തിച്ചതും, പലക്കം ഇടൎച്ച വരുത്തിയതും ആകുന്നു. എന്നുമാത്രമല്ല വിശ്വസ്തതയോടെ അങ്ങേ സേവിച്ചുവന്ന പല ആത്മാക്കളെയും ആളു നരകവലയിൽ അകപ്പെടുത്തി നശിപ്പിച്ചിട്ടുമുണ്ട്. എന്നാലും മനസ്താപപ്പെട്ടുകൊണ്ടു അങ്ങേ ഹൃദയത്തിലേക്കു വരുവാൻ അഞ്ജുന്നു. തന്നെ ക്ഷണിക്കുന്നതുകൊണ്ട്, അവിടുന്നു അതിനോട്, എല്ലാ അക്രമങ്ങളും പൊറുക്കുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. വളരെ ഇത്രയധികം പ്രാവശ്യം അങ്ങയോടു അവിശ്വസ്തനായി വൎത്തിച്ചു, അതിനെ വി

ട്ടു ഒളിച്ചോടിപ്പോയ ഞാൻ എങ്ങനെ അതിൽ പ്രവേശിക്കാൻ ധൈര്യം അവലംബിക്കും. ആയതിനാൽ അങ്ങേ അനുഗ്രഹം അപേക്ഷിച്ചുകൊണ്ടു, മറിയം മഗ്ദലേത്തായെപ്പോലെ അങ്ങേ കാല്പാദത്തുങ്കൽ ഇതാ ഞാൻ നില്ക്കുന്നു. സ്നേഹംനിറഞ്ഞ എന്റെ ദിവ്യരക്ഷിതാവേ, എന്റെ പ്രേമ ദിവ്യഗുരുവേ! എന്റെ അധരങ്ങളാൽ അങ്ങേ കാല്പാദങ്ങളെ മുത്തുന്നതിനും, കണ്ണുനീരുകളാൽ അവയെ കഴുകുന്നതിനുമെങ്കിലും അവയെ നീട്ടിതരണമെ. ആ പാദങ്ങളിൽപോലും എന്റെ പാപാക്രമങ്ങളാൽ അങ്ങേക്കു വരുത്തിയ മുറിവുകളെ ഞാൻ കാണുന്നു. അവയിൽനിന്നൊഴുകുന്ന ചോരയെ എന്റെ കണ്ണുനീരുകളാൽ കഴുകുന്നതിനു കൃപചെയ്യണമെ. അവിടുന്നു, കത്തി തുറക്കപ്പെട്ടിരിക്കുന്ന വിലാവിൽനിന്നൊഴുകുന്ന ജലത്താൽ എന്റെ പാപാശുദ്ധങ്ങളിൽനിന്ന് എന്റെ ആത്മാവിനെ കഴുകുവാൻ ചിത്തമാകണമെ. മേലാൽ അങ്ങേ ദണ്ഡിപ്പിക്കാൻ ഞാൻ മനസ്സാകുകയില്ലെന്നു ഹൃദയപൂർവ്വം പ്രതിജ്ഞചെയ്യുന്നു. 'നീ സമാധാനത്തോടെ പോകുക' എന്ന് അങ്ങേ അധരങ്ങളിൽനിന്നു പുറപ്പെടുന്ന മധുരപൂരിതവും ആശ്വാസപ്രദവുമായ വാക്കുകളെ എന്റെ ഹൃദയത്തോടു പറയുന്നതു എന്നു ഞാൻ കേൾക്കും.

നാ ആകാ... ശേഷവും പ്രാർത്ഥിക്ക ഒന്നാം ദിവസത്തെപ്പോലെ.

ഈശോയുടെ ദിവ്യഹൃദയത്തെക്കുറിച്ചു, ഹൃദയശുദ്ധിമാന്മാർ അനുഭവിക്കുന്ന ഭാഗ്യം നീയും അനുഭവിക്കാൻ വേണ്ടി നിന്റെ ഹൃദയത്തിൽനിന്നു എല്ലാ പാപാശുദ്ധങ്ങളേയും നീക്കി അതിനെ കഴുകി ശുദ്ധീകരിച്ച് ചൊവ്വായ നിർമ്മല ഹൃദയത്തെ ജനിപ്പിക്കണമെന്നു ഈശോയോട് അപേക്ഷിക്കുകയും 'ഓ ഈശോയെ, നിർമ്മലമായതും ചൊവ്വുള്ളതുമായ ഒരു ഹൃദയത്തെ എന്നിൽ നിർമ്മിക്കുക എന്ന് എളിമയോടുകൂടിയ മനോവിശ്വാസത്തോടെ അങ്ങയോടു യാചിക്കുകയും ചെയ്യുക.

# അഞ്ചാം ദിവസം.

## ഈശോയുടെ തിരുഹൃദയവും ദിവ്യകാരുണ്യ സ്ഥാപനവും.

മനുഷ്യരക്ഷയുടെ പുനരുദ്ധാരണാർത്ഥം ഈശോ മരിക്കാൻ പോകുന്നു. ഭക്തിഹീനരും നന്ദിഹീനരുമായ മനുഷ്യർക്കുവേണ്ടി മരിക്കുന്നതിൽ കാണിച്ച അതിശയനീയമായ സ്നേഹത്തെക്കാൾ കൂടുതൽ സ്നേഹലക്ഷ്യം എന്താണു് ഊഹിക്കാൻ പാടുള്ളതു്? മനുഷ്യരോടുകൂടി സഹവസിക്കുന്നതിൽ, അവിടത്തെ സന്തോഷം വച്ചിരുന്ന അങ്ങേ ദിവ്യഹൃദയത്തിനു, അവരിൽനിന്നുള്ള ഈ വേർപാടു അത്യന്തം കൈപ്പുള്ളതായിരുന്നു. അതിനാലാണു, നമ്മോടു എപ്പോഴും സഹവസിക്കുന്നതിനും, നമുക്കു അങ്ങേ ചെന്നുകാണുന്നതിനു അവസരം തരുന്നതിനും, സ്നേഹവാത്സല്യത്തോടെ സംഭാഷിക്കുന്നതിനും, മനോഗുണം നിറഞ്ഞ അങ്ങേ ഹൃദയത്തിലെ നിക്ഷേപങ്ങളെല്ലാം നമ്മുടെ ആത്മാക്കളിന്മേൽ പൊഴിയുന്നതിനുമായിട്ടു, എപ്പോഴും നമ്മോടുകൂടെ ഇരിക്കത്തക്കവണ്ണം, അപ്പത്തിൻെറ സാദൃശ്യത്തിൽ ആരാധ്യദിവ്യകാരുണ്യമെന്ന ദിവ്യകൂദാശയെ അവിടുന്നു സ്ഥാപിക്കാൻ തിരുമനസ്സായതു്. സ്നേഹിക്കുന്നതിൽ അതിതൃാഗഗുണമുള്ള ഈശോയുടെ ദിവ്യഹൃദയം ഈ സ്നേഹാധിക്യംകൊണ്ടും തൃപ്തിപ്പെടാതെ ഈ ദിവ്യകാരുണ്യംവഴിയായി നമ്മുടെ ആഹാരമായി നമ്മുടെ നാവിന്മേൽ വെയ്ക്കപ്പെടുവാനും, നമ്മുടെ ഉള്ളിൽ ഇറങ്ങി, നമ്മുടെ അനാസ്ഥതയേയും തണുപ്പിനേയും ഉജ്ജ്വലിപ്പിക്കുമാറു് അങ്ങേ ഹൃദയത്തോടു നമ്മുടെ ഹൃദയവും അടുത്തിരിക്കുവാനും, തിരുമനസ്സായി. അങ്ങേ സ്നേഹത്തിനു പ്രതിസ്നേഹം കാണിക്കുന്ന ഒരാത്മാവിനെയെങ്കിലും കണ്ടുകിട്ടുമെന്നു വിചാരിച്ചു അവിടുന്നു ഈ കൂദാശ സ്ഥാപിച്ചതിനാൽ, എത്രയോ നിരാ

സങ്ങളും എത്ര മാനഭംഗങ്ങളും നിന്ദകളും ആണ് അവിടുന്നു അനുഭവിക്കുന്നത്. ഇവയൊക്കെയും അവിടുന്നു മുന്നുക്കൂട്ടി കണ്ടിരുന്നുവെങ്കിലും, അവയൊന്നും വകവയ്ക്കാതെ ആ ദിവ്യ ഹൃദയത്തിന്റെ സ്നേഹത്തിനും ഔദാര്യത്തിനും അനുയോജ്യമായി പ്രവർത്തിക്കുന്ന ഒരു ആത്മാവിനെയെങ്കിലും, കണ്ടെത്തുവാനുള്ള മോഹംകൊണ്ടു മഹാ മനസ്സുതയോടെ അവിടുന്നു പ്രാർത്ഥിച്ചു.

ഈ ദേവദ്രവ്യാനുമാനത്തിൽ, അങ്ങേ ശരീരത്തോടുകൂടി അങ്ങേ ദിവ്യഹൃദയത്തിന്റെ ഗാഢമായതും, സ്വാഭാവികമായതും, വാസ്തവമായതുമായ അനുഭവത്തെ നമുക്കു നല്കിയിരിക്കുന്നു. ഈശോയുടെ ശരീരത്തിന്മേലും ഹൃദയത്തിന്മേലും നമുക്കു ലഭിച്ചിരിക്കുന്ന ഈ കർതൃത്വം, പൂർണ്ണമായതും സീമയില്ലാത്തതും ആയിരിക്കുന്നു. അതിനെ, ദേവാലയത്തിൽ ചെന്നു സന്ദർശിക്കുകയൊ, നമ്മുടെ ഇഷ്ടംപോലെ അതിനോടു വർത്തിക്കുകയൊ, വീഥികളിൽ കൂടി കൊണ്ടുപോകുകയൊ, നമ്മുടെ ഭവനങ്ങളിലേക്കു കൊണ്ടുപോകയോ, കൈകൊണ്ടു തൊടുകയോ, ഇങ്ങേയററം നമ്മുടെ ആഹാരമാക്കുകയൊ ചെയ്യാം. ഏതുസമയത്തും നമ്മുടെ ഏതു ആവശ്യങ്ങളിലും ഉപയോഗിക്കത്തക്കവണ്ണമാണു അങ്ങേ ശരീരത്തിന്മേൽ നമുക്കു സിദ്ധിച്ചിരിക്കുന്ന കർതൃത്വം, ഈ ദിവ്യകാരുണ്യത്തിൽ അവിടുന്നു നമുക്കു സർവ്വവുമാകുന്നു. അവിടുന്നു നമ്മുടെ പിതാവും, സഹോദരനും, സഖാവും, ഗുരുവും, ഇടയനും, ഔഷധവും, വൈദ്യനും, ആഹാരവും, മാർഗ്ഗദർശിയുമായി സ്ഥിതിചെയ്യുന്നു. ഓ! പരമാർത്ഥമായി സ്നേഹിക്കുന്ന ദിവ്യ ഹൃദയത്തിന്റെ ധാരാളത്വമെ!

## ജപം.

ഓ! സ്നേഹംനിറഞ്ഞ എന്റെ ഈശോയേ, ദിവ്യകാരുണ്യം വഴിയായി അങ്ങേ ദൈവികത്വത്തോടും, ദിവ്യാത്മാവോടും, തിരുശരീരത്തോടുംകൂടി അങ്ങേ അമ്പ

ല്യ ദിവ്യഹൃദയവും എനിക്ക നല്കിയ അങ്ങേ അവണ്ണനീയ സ്നേഹത്തെപ്രതി സകല ദൈവദൂതന്മാരും, മനുഷ്യരും അങ്ങേ സ്തുതിക്കുകയും വാഴ്ത്തുകയും സ്തോത്രം ചെയ്യുകയും ചെയ്യുന്നു. അവിടുന്ന് എത്രയും വലിയ സ്നേഹവാത്സല്യത്തോടെ എന്റെ ഉദരത്തിൽ ശയിക്കുമ്പോൾ, എന്റെ ഹൃദയം സ്വകീയ പുണ്യങ്ങളുടെ പരിമളങ്ങളുടെ സുഗന്ധത്തെ സമപ്പിക്കുന്ന ഒരു ധൂപകലശമായിരിക്കാൻ ഞാൻ അപേക്ഷിക്കുന്നു. ഇത്ര വലിയ അങ്ങേ സ്നേഹത്തിനു അനുയോജ്യമായി പ്രവത്തിക്കുന്നതിനു അങ്ങേ ദിവ്യഹൃദയത്തിനു അനുരൂപമായ ഒരു ഹൃദയം എനിക്കുണ്ടായിരുന്നുവെങ്കിൽ അതു എത്രയോ വലിയ ഭാഗ്യമായിരുന്നു! ഒരിക്കലും കെടാത്ത നിത്യാഗ്നിയെ! ഏററം തണുത്ത ഹൃദയത്തെപ്പോലും ചൂടുപിടിപ്പിക്കുന്ന സ്നേഹമേ! അങ്ങേ തേജസ്കൊണ്ടു്, അങ്ങേക്കു ഇഷ്ടക്കേടും അരോചകവും വരുത്തുന്നതായി എന്റെ ഹൃദയത്തിലുള്ളതൊക്കയും ദഹിപ്പിച്ചുകളയാറാകണമെ. എന്റെ ഉള്ളിൽ അങ്ങേക്കു യോഗ്യമായ ഒരു നിവാസം ഞാൻ ഒരുക്കിയശേഷം എന്റെ മുഴുഹൃദയത്തോടെ, എന്റെ ഹൃദയമെന്ന ഭവനത്തിൽ അങ്ങേ ശത്രുക്കളാരുമില്ല, അതിനാൽ നിശ്ചയം അവിടേയ്ക്കു എഴുന്നരുളണമെ എന്നു എനിക്കു പറയാവുന്ന ഭാഗ്യദിവസം എന്നു വന്നുഭവിക്കും? ഏററവും മഹാനുഭാവംനിറഞ്ഞ ഈശോയുടെ തിരുഹൃദയമെ എപ്പോൾ എന്നെ മുഴുവനും അങ്ങേക്കുള്ളതാക്കും? അവിടുന്നാണ് എന്റെ ഹൃദയത്തിന്റെ ദൈവവും എന്റെ നിത്യത്വത്തിലെ അവകാശവും (1) എന്നു എനിക്കു പറയുവാൻ എപ്പോൾ സാധിക്കും.

നാ ആകാ... ശേഷവും. പ്രാത്ഥിക്ക ഒന്നാം ദിവസത്തെപ്പോലെ.

ഈശോയുടെ ദിവ്യ ഹൃദയം പ്രത്യേകം ദിവ്യകാരുണ്യം വഴിയായി നമ്മോടുകൂടിയിരുന്നു അനന്ദിക്കാൻ അ

---

1) Deus cordis mei et pars mea in aeternum.

ഗ്രഹിക്കുന്നു. ഇതിൽ അവിടുന്നു നമുക്കു അങ്ങേ പരിശുദ്ധ മവും കറയില്ലാത്തതും ആയ ശരീരത്തെ ആഹാരമായും, അങ്ങേ ദിവ്യരക്തത്തെ പാനീയമായും, തരുന്നു. ഇതുവഴിയായി നാം പോഷിക്കപ്പെട്ടു ശക്തിപ്രാപിച്ചു അങ്ങേ, പ്രതി:സ്നേഹിക്കുന്നതിനു പ്രേരിപ്പിക്കുകയാണു ചെയ്യുന്നതു. ദിവ്യകാരുണ്യം ഉൾക്കൊള്ളുന്നതിനു നീ ചെയ്യുന്ന ഒരുക്കം ഏതുവിധം? സ്നേഹം എങ്ങനെയുള്ളതു? അതിന്റെ ഫലം എന്തു? ദിവ്യകൂദാശയിലിരിക്കുന്ന ഈശോയുടെ മുമ്പാകെ നീ സ്ഥിതി ചെയ്യുമ്പോൾ നിന്റെ വണക്കവും ആചാരവും ഏതുവിധത്തിലാണു?

## ആറാം ദിവസം.

### ഗെദസേമാൻ തോട്ടത്തിൽ നമസ്കരിക്കുന്ന ഈശോയുടെ തിരുഹൃദയം.

നമസ്കരിക്കാനായി ഗെത്സേമാൻ തോട്ടത്തിൽ സാഷ്ടാംഗം വീണുകിടക്കുന്ന ഈശോ, നമ്മുടെ സകലരുടെയും പാപങ്ങൾ അങ്ങേമേൽ ചുമത്തപ്പെട്ടിരിക്കുന്നു എന്നു കണ്ടപ്പോൾ അവിടുത്തേക്കുണ്ടായ അവജ്ഞനീയ സംഭ്രമവും വ്യഥയുമേ! നിർദ്ദോഷവും പരിശുദ്ധതയും തന്നെയായിരിക്കുന്ന ഈശോയുടെമേൽ മോഷണവും, നരഹത്യയും, ദൈവദൂഷണവും, കള്ളയാണയും, ചാരിത്ര്യഭംഗവും ആരോപിക്കപ്പെടുന്നു. ലോകാരംഭംമുതൽ ലോകാവസാനംവരെയുള്ള വിഗ്രഹാരാധകന്മാരുടെയും, യൂദന്മാരുടെയും, മഹമ്മദീയരുടെയും, പാഷണ്ഡികരുടെയും, സാമാന്യക്രിസ്ത്യാനികളുടെയും, സന്യാസികളുടെയും, എല്ലാ തരക്കാരായ മനുഷ്യരുടെയും, എന്റെയും പാപാക്രമങ്ങളുടെ ഭാരം അങ്ങേ ഭാരപ്പെടുത്തുന്നു. മനുഷ്യരുടെമേൽ അവിടുത്തേക്കുണ്ടായിരുന്ന സ്നേഹംനിമിത്തം, അവയൊക്കെയും അവിടുന്നുതന്നെ പ്രവർത്തിച്ച ഒരു കുററ

ക്കാരനെപ്പോലെ അവസ്ഥയുള്ള ശിക്ഷ, മനസ്സാലെ അവിടു ന്നു ഏററതിനാൽ അങ്ങേ നിത്യപിതാവു പ്രതികാരം ചെയ്യുവാൻ പോകുന്ന കാഴ്ച അങ്ങേ ഹൃദയത്തെ ദുഃഖ വും കലക്കവും, സംഭ്രമവുംകൊണ്ടു പൂരിപ്പിച്ചു.

ഈവിധ ദുഃഖാധിക്യത്താൽ ഭാരപ്പെട്ടു കുററക്കാര നെപ്പോലെ നിലത്തു സാഷ്ടാംഗം വീണുകിടക്കുന്ന ഈ ശോയുടെമേൽ, വിധിയാളനായ അവിടുത്തെ പിതാ വിൽനിന്നുണ്ടായ വിധി, അവിടുന്നു മരിക്കണം, സ്ലീവായി ൽ തറയ്ക്കപ്പെട്ടു മരിക്കണം' എന്നാകുന്നു.

അവിടുന്നു സീമാതീതമായി സ്നേഹിക്കുകയും, സ്നേ ഹിക്കപ്പെടുകയും ചെയ്യുന്ന പിതാവു, അങ്ങെ മരണത്തി നു വിധിച്ചിരിക്കുന്നുവെന്നു അറിയുന്നതു പുത്രൻെറ ഹൃദ യത്തിനു എത്രയൊ അവർണ്ണനീയ വ്യഥയെ ഉളവാക്കുന്ന താണ്. അതേ സമയം താമസിയാതെ അവിടുന്നു അനു ഭവിക്കാനിരിക്കുന്ന ഭീകര കഠിന പാടുകളും, സ്നേഹിത ന്മാരുടെ അകൽച്ചയും ദ്രോഹവും, ന്യായാസനത്തിലെ കുററം ആരോപിച്ചുള്ള വിധിയും, ജനങ്ങളുടെ പരിഹാ സവും, ചമ്മട്ടിയടികളും, മുൾമുടിയും, ആണികളും, കു രിശും, അങ്ങേ ബോധത്തിൽ വരുന്നു. എന്നാൽ ആർക്കുവേ ണ്ടിയാണ് ഈ മരണം? ഈ ചോരചിന്തൽ എത്രപേ ർക്ക് ഉപകരിക്കും? അങ്ങേ അമൂല്യ കഷ്ടാനുഭവങ്ങളുടെ സത്ഫലം അനുഭവിക്കാൻ മനസ്സാകാത്ത ഭൂരിപക്ഷം മനുഷ്യർക്കുവേണ്ടിയും, അവർക്കുവേണ്ടി ചിന്താൻപോകുന്ന ആ ദിവ്യരക്തത്തെതന്നെ ശപിക്കാനിരിക്കുന്ന ഇത്രയധി കംപേർക്കും വേണ്ടിയുമാകുന്നു.

ഈവിധ ഭീകരതവ്യാകുലതയിൽപെട്ടു അത്യധികം സംഭ്രമിക്കുന്ന അവിടുത്തേയ്ക്കു ആശ്വസിപ്പിക്കുന്ന സ്നേഹിത ന്മാരെ കാണുന്നതു ശോകശാന്തകമായിരിക്കും. കൂട്ടതൽ വിശ്വസ്തന്മാരായ, മൂന്നു ശിഷ്യന്മാരെ അങ്ങയോടുകൂടെ കൊണ്ടുപോയിട്ടുണ്ടായിരുന്നു. അങ്ങേ ഹൃദയത്തിലെ മ രണവേദനയിൽ ഒരു ആശ്വാസം ലഭിക്കുന്നതിനായിട്ടു, അവരുടെപക്കൽ ചെല്ലുന്നു. അവർ ഗാഢനിദ്രയിൽ മ

ഗന്മാരായിട്ടാണ് അനുഭവപ്പെടുന്നത്. അപ്പോളിതാ അങ്ങേ ചങ്കിൽ കെട്ടിനിന്നിരുന്ന ആ ദിവ്യരക്തം ദുഃഖാധിക്യത്താൽ സർവ്വാംഗം പ്രവഹിച്ചു, വിയർപ്പു സമം രക്തനാഡികളിൽക്കൂടി ചുറ്റുമുള്ള നിലം നനയുവാൻ തക്കവണ്ണം ഒലിക്കുന്നു. ആ ദുഃഖമെ, അപ്പോൾ ഈശോയുടെ ഹൃദയം, ക്ലേശാധികൃത്താൽ, ഉള്ളിൽ കിടന്നു ഉരുകിയ മെഴുകുപോലെ എന്റെ ഹൃദയം ആയിതീർന്നു. (1)

## ജപം.

എന്റെ ഈശോയുടെ വ്യാകുലപ്പെട്ട ഹൃദയമേ, അങ്ങേ ശിഷ്യന്മാരിൽ ആരുംതന്നെ അങ്ങേ ആശ്വസിപ്പിക്കുന്നില്ലാതിരിക്കെ, ഇതാ പാപിയായ ഞാൻ അങ്ങേ ആശ്വസിപ്പിക്കാൻ വരുന്നു. ഇതുവരെയും അവിടുന്നു എനിക്കുവേണ്ടി സഹിച്ച പാടുകളെ കൂട്ടാക്കാതെയും, നാശകൂപത്തിലേക്കുള്ള പ്രവൃത്തികളൊക്കെയും പ്രവർത്തിച്ചും, ഞാനും അങ്ങേ ഹൃദയത്തെ വിട്ടു അകന്നു കാലംകഴിച്ചു. എന്റെ നന്ദിഹീനതയെ ഞാൻ വെറുക്കുന്നു. സന്താപനിമഗ്നമായ അങ്ങേ ഹൃദയത്തിന്റെ പീഡകളെ പ്രവർദ്ധിപ്പിക്കുവാൻ ഞാൻ മനസ്സാകുന്നതല്ല. ആകയാൽ ഈശോയെ എന്റെ അവിശ്വസ്തതയെക്കുറിച്ചു മനസ്താപപ്പെട്ടുകൊണ്ടും, അങ്ങേ അനുഗ്രഹത്തോടു പൊറുതിയപേക്ഷിച്ചുകൊണ്ടും, സ്നേഹംനിറഞ്ഞ അങ്ങേ ഹൃദയദ്വാരത്തിലേക്കു ഞാൻ വരുന്നു. ഞാൻ എന്റെ പാപാക്രമങ്ങളാൽ കോപിപ്പിച്ച നിത്യപിതാവിന്റെ കോപത്തെ എനിക്കായി ശമിപ്പിക്കാറാകണമെ. എന്റെ പാപാക്രമങ്ങളെ പരിഹരിക്കുന്നതിനും, എനിക്കു വരേണ്ട ശിക്ഷകളെ ഒഴിക്കുന്നതിനും, ആയിട്ടു വേണ്ടതിൽ കൂടുതൽ

1) Factum est cor meum tanquam cera liquescens medio ventris mei.

ക്ലേശങ്ങൾ അവിടുന്നു അനുഭവിച്ചുവല്ലോ. അങ്ങേ കഷ്ടാനുഭവങ്ങൾക്കും, ക്ലേശങ്ങൾക്കും, എന്നെയും ഭാഗഭാക്കാക്കാറാകണമേ, അങ്ങേ ദുഃഖത്തിൻെറയും മരണവേദനയുടെയും ഓഹരി എനിക്കും കല്പിച്ചനുവദിക്കണമെ. ഈ ലോകത്തിൽ ഞാൻ വിലമതിക്കുന്ന സകലത്തേയുംകാൾ, അനത്ഥങ്ങളെ എൻെറ ഹൃദയം സ്നേഹിക്കാൻ കൃപചെയ്യണമെ. അങ്ങേ വിട്ടു അകലുന്നതിനേക്കാൾ ഈ ലോകത്തിൽ എനിക്കു അറപ്പും വെറുപ്പുമുള്ളതു ഒന്നുമുണ്ടാകാതിരിക്കട്ടെ. അങ്ങേ ഹൃദയത്തെ ആശ്വസിപ്പിക്കാനും, എൻെറ എണ്ണമില്ലാത്ത അക്രമ പാപങ്ങളാൽ അങ്ങേ ഏല്പിച്ച മുറിവുകളെ എൻെറ കണ്ണുനീരുകളാൽ കഴുകുവാനും, സാദ്ധ്യമാകുന്നപക്ഷം ഏതു പാടുകളും എനിക്കു ഇഷ്ടമുള്ളതായിരിക്കും.—

നാ ആകാ... ശേഷവും. പ്രാത്ഥിക്ക ഒന്നാംദിവസത്തെപ്പോലെ.

ഏതെങ്കിലും അനത്ഥങ്ങളൊ അഹിതങ്ങളൊ നീ അനുഭവിക്കാൻ ഈശോ സംഗതിയാക്കുന്നപക്ഷം, കഷ്ടാനുഭവത്തിങ്കൽ അങ്ങേ ഹൃദയം സഹിച്ച പാടുകളെ ഓത്തു അവ നീയും ക്ഷമയോടെ സഹിക്കുക.

നിങ്ങൾ ഈശോയോടുകൂടെ പാടുപെട്ടുമെങ്കിൽ നിങ്ങൾ ഈശോയോടുകൂടെ വാഴും.

## ഏഴാം ദിവസം.

### സ്ലീവാമേൽ പതിക്കപ്പെട്ടു കിടക്കുന്ന ഈശോയുടെ തിരുഹൃദയം.

സ്ലീവാമേൽ പതിക്കപ്പെട്ടു കിടക്കുന്ന ഈശോയുടെ ദിവ്യഹൃദയം നമ്മുടെമേലുള്ള സ്നേഹത്താൽ എത്രയധികം എരിയുന്നു! അവിടുന്നു നമ്മുടെയും സകല ലോകത്തിൻെറയും പാപങ്ങൾക്കുവേണ്ടിയുള്ള പരിഹാരബ

ലിയായി അങ്ങേ നിത്യപിതാവിനു മുഴുവനും സ്വയം സമപ്പിക്കുന്നു. അങ്ങേ ദിവ്യരക്തവും, അങ്ങേ പീഡകളും, അവിടുന്നു അനുഭവിച്ച നിന്ദാപമാനങ്ങളും, അങ്ങേ ജീവനും, അവിടത്തോടു ഭക്തന്മാരായി വത്തിച്ചിരുന്ന അവിടുത്തെ ശിഷ്യന്മാക്കുവേണ്ടി മാത്രമല്ല, അങ്ങേ പരിഹസിച്ചിരുന്ന ജനങ്ങൾക്കും, അങ്ങേ സ്ലീവാമേൽ തറച്ച ഘാതകന്മാക്കും, ഈ ദുഃഖകരാവസ്ഥയിലാക്കിയ ഹിംസകന്മാക്കുംവേണ്ടി ബലികഴിക്കുകയായിരുന്നു. അങ്ങേ കാല്ക്കൽ നിന്നിരുന്ന മഗ്ദലേത്തായുടെ കാഴ്ച, മനസ്സാപിതയായ ആ പാപിനിയുടെ പാപങ്ങൾ, അങ്ങേ പാടുകളാൽ പരിഹരിക്കപ്പെട്ടതിനെ ഓത്തു്, അവിടുത്തെ ഹൃദയം ആനന്ദിക്കുന്നു. അങ്ങേ വലത്തുഭാഗത്തു തൂങ്ങിക്കിടക്കുന്ന ആ പാതകൻ അങ്ങയോടു പ്രാത്ഥിക്കുകയും ആ അന്ത്യവിപത്തിൽ അങ്ങേ ദൈവമായിട്ടു അനുസരിച്ചു പറയുകയും ചെയ്യുന്നതു കേട്ടു, ആയാത്മാവിനെ സ്വർഗ്ഗത്തിലേക്കു നേടിയല്ലോ എന്നു കണ്ടു് അങ്ങേ ഹൃദയം അത്യധിക സന്തോഷത്താൽ തുടിക്കുന്നു.

അതേസമയം അവിടുത്തെ ഹൃദയത്തെ അത്യന്തം ദുഃഖിപ്പിക്കുന്ന വിപരീത കാഴ്ചയാണു് അനുഭവപ്പെടുന്നതു്. ചെവികൊടുക്കുമ്പോൾ, അങ്ങേ പക്കൽനിന്നു അമിതോപകാരങ്ങളെ കൈക്കൊണ്ട ജനത്തിൻെറ നിന്ദവാക്കുകളും ദൈവദൂഷണങ്ങളുമല്ലാതെ മറ്റൊന്നും കേൾക്കുന്നില്ല. ആ ദിവ്യനേത്രങ്ങൾ തുറന്നു ചുററും നോക്കുന്ന പക്ഷം, അങ്ങേ മരണപ്രമാദത്തിൽ കൂട്ടായിട്ടു നില്ക്കുന്ന യോഹന്നാനെ ഒഴിച്ചു അങ്ങേ ശിഷ്യന്മാരിൽ ആരെയും കാണുന്നില്ല. സ്ലീവായുടെ ചുവട്ടിൽ ദുഃഖാധിക്യത്താൽ നിശ്ചലയായി നില്ക്കുന്ന അങ്ങേ മാതാവിനെ കാണുന്നുണ്ടു്. പക്ഷേ മറിയത്തിൻെറ ചങ്കിനെ കുത്തി മുറിപ്പെടുത്തിയ ചവലം അങ്ങേ ഹൃദയത്തെ ഒന്നുകൂടി വ്യസനിപ്പിച്ചു ഒരു നവമുറിവു വരുത്തുകയാണു ചെയ്യുന്നതു്. അവിടുത്തെ ദിവ്യനേത്രങ്ങളെ ആകാശത്തേക്കു ഉയത്തുന്നു; ഹിംസകക്കു, തന്നെ ഏല്പിച്ചിരിക്കുന്ന കോപിച്ചിരി

ക്കുന്ന ഒരു പിതാവിനെ അവിടെ കാണുന്നു. ആ ദിവ്യനേത്രങ്ങളെ ഇടത്തുഭാഗത്തേക്കു തിരിക്കുമ്പോൾ ആ കള്ളനു സ്വർഗ്ഗവാതൽ തുറന്നു കൊടുക്കാൻവേണ്ടി രക്തമെല്ലാം ചിന്തി അവിടുന്നു മരിക്കുന്നുവെങ്കിലും ആ നിർഭഗൻ അങ്ങേ ദൂഷിക്കുകയും നരകപാതാളത്തിൽ വീഴാൻ പോകുകയും ചെയ്യുന്നതായി കാണുന്നു. ആ സ്ലീവായിൽ നിന്നു ഈശോ ഏശയ്യായുടെ വാക്കുകളാൽ വിളിച്ചുചോദിക്കുന്നു. ദുഃഖസങ്കടങ്ങൾ അനുഭവിക്കുന്നവരെ എന്റെ ഈ ഹൃദയം അനുഭവിക്കുന്നതുപോലെയുള്ള ദുഃഖം അനുഭവിക്കുന്നവർ വല്ലവരും ഉണ്ടോ എന്ന്. (1)

ഈശോ മരിക്കുകയും നമ്മെപ്രതി വേദനപ്പെടുന്ന അവസ്ഥ അവസാനിക്കുകയും ചെയ്തു. പക്ഷെ അങ്ങയോടുള്ള നിന്ദയ്ക്കു അവസാനം വന്നില്ല. ഒരു ഉന്മത്തനായ പടയാളി സ്ലീവാമേൽ പതിക്കപ്പെട്ടു മരിച്ചുകിടക്കുന്ന ഈശോയുടെ മൃതശരീരത്തിന്റെ വിലാപ്പുറത്തു ഒരു മൂർച്ചയുള്ള കുന്തം കുത്തികയററുന്നു. ആ കുത്തു സ്നേഹപൂരിതമായ അങ്ങേ ഹൃദയംവരെ കയറി അതിനെ വിഭേദിച്ചതിനാൽ അതിൽനിന്നു തൽക്ഷണം ചോരയുടെയും നീരിന്റെയും ഒരു ഉറവ പുറപ്പെടുന്നു. ഓ! പാപികളെ തുറക്കപ്പെട്ട ഈ മുറിവിൽകൂടി ഈശോയുടെ ഹൃദയത്തിലേക്കു നമുക്കു പ്രവേശിക്കാം. നമ്മുടെ പാപങ്ങൾ അതിനെ എത്രയോ വിശാലമാക്കിയിരിക്കുന്നു. തുറന്നിരിക്കുന്ന ആ മുറിവുകളിൽകൂടി അങ്ങേ ഹൃദയത്തെ സ്പർശിക്കുമാറു നിങ്ങളുടെ കൈകളെ ഇടുക. നിങ്ങളുടെമേലുള്ള അതിററ സ്നേഹത്താൽ ആ ഹൃദയം എത്രമാത്രം എരിയുന്നുവെന്നു സ്പർശിച്ചു പരീക്ഷിക്കുക. മേലാലെങ്കിലും അങ്ങേ അനുഗ്രഹത്തിന്മേൽ അവിശ്വസിക്കുകയും നിരാശപ്പെടുകയും ചെയ്യാതിരിക്കുക. 'നിന്റെ വിരലിനെ ഇ

1) Videte si est dolor similis sicut dolor meus.

തിലേക്കിട്ടു പരീക്ഷിക്കുക: ഇനി അവിശ്വാസിയാകാതെ
വിശ്വാസിയായിരിക്കുക; എന്നു അവിടുന്നു നമ്മുടെ പി
താവു വി. തോമ്മാശ്ലീഹായോടു കല്പിച്ച വചനങ്ങളെ
തന്നെ സ്ലീവായിൽ പതിക്കപ്പെട്ടിരിക്കുന്ന സ്നേഹപൂരിത
നായ ദിവ്യരക്ഷിതാവുതന്നെ നമ്മോടും അരുളിച്ചെയ്തു
കൊണ്ടു നമ്മെ ക്ഷണിക്കുന്നു.

ജപം.

എന്റെ ദിവ്യരക്ഷിതാവേ, എന്റെ കൈകളെ
അങ്ങേ വിലാവിലേക്കു ഇടുവാൻ, അങ്ങുന്നു എന്നെ ക്ഷ
ണിക്കുന്നു. ഇത്രവളരെ പാതകങ്ങളെ ചെയ്തുകൂട്ടിയ കൈ
കളെ അതിലേക്കിടുവാൻ ഞാൻ എങ്ങനെ മുതിരും. അ
ങ്ങേ ഹൃദയത്തെ സ്പർശിച്ചുനോക്കാൻ അവിടുന്നു കല്പിക്കു
ന്നു. അതിനെ മുറിപ്പെടുത്തിയ കരങ്ങൾകൊണ്ടു എങ്ങ
നെ അതിനെ സ്പർശിക്കും. ഞാൻ പരിത്യജിച്ച എന്റെ
ഉത്തമ പിതാവായ അങ്ങേ ഹൃദയത്തിലേക്കു എന്റെ ചു
ണ്ടുകളെ അടുപ്പിച്ചു സമാധാനത്തിന്റെ ചുംബനം ചും
ബിക്കാൻ എനിക്കു പാടായെങ്കിൽ അതുതന്നെ ഒരു മ
ഹാ ഭാഗ്യമായിരുന്നു. എന്നാൽ പരിതാപമേ! ഈ എ
ന്റെ ചുണ്ടുകളും അശുദ്ധ വചനങ്ങളും, മുറുമുറുപ്പും,
ദൈവദോഷവും, പ്രാക്കപെട്ട ദൈവദൂഷണവുംകൊ
ണ്ടു മലിനമായവയാകുന്നു. എങ്കിലും അങ്ങേ കരുണാധി
ക്യം എന്നെ ക്ഷണിക്കുന്നതുകൊണ്ടു, ഈ തുറന്ന വിലാ
വിൽക്കൂടി എന്റെ ആത്മാവിനെ അങ്ങേ ഹൃദയംവരെ
കയററും. ആ ദിവ്യ വിലാവിൽനിന്നു ഒഴുകുന്ന രക്ഷാക
രജലമേ, എന്റെ അശുദ്ധങ്ങളെ കഴുകണമെ, ഓ! വി
ലതീരാത്ത തിരുരക്തമെ, എന്റെ പാപാക്രമങ്ങളിൽ
നിന്നു എന്റെ ആത്മാവിനെ ശുദ്ധീകരിക്കണമെ; സ്നേ
ഹത്താൽ ഉജ്ജ്വലിക്കുന്ന ഹൃദയമേ ക്രമവിരുദ്ധവും പാ
പഹേതുകളുമായ എന്റെ ആത്മാവിന്റെ അനുരാഗങ്ങ
ളെല്ലാം ഭസ്മീകരിക്കണമെ; അങ്ങേ ഹൃദയം എന്റെ അ

ഭയസ്ഥാനവും, എൻെറ നിവാസവും എൻെറ ആശംസയും എൻെറ രക്ഷയും ആയിരിക്കും. മേലാൽ എപ്പോഴും അതിൽ ജീവിക്കാനും അതിനകത്തുകിടന്നു മരിച്ചു നിത്യമായി ആശ്വസിക്കാനും ഞാൻ മനസ്സായിരിക്കുന്നു. 'സമാധാനത്തിൽ അതിൽ നിദ്രചെയ്തു ഞാൻ വിശ്രമിക്കും' (1)

ന്ന ആകാ... ശേഷവും. പ്രാർത്ഥിക്ക ഒന്നാം ദിവസത്തേപ്പോലെ.

ഈശോയുടെ പരിശുദ്ധതമ ഹൃദയം എത്ര അധികം ദുഃഖിക്കയും, കഷ്ടാനുഭവങ്ങൾ സഹിക്കുകയും, സങ്കടപ്പെട്ടുകയും ചെയ്തു. ഇതൊക്കെയും ആർക്കുവേണ്ടിയും എന്തുകൊണ്ടും ആണ്? നമുക്കുവേണ്ടിയും നമ്മെ അത്യധികം സ്നേഹിച്ചതുകൊണ്ടും ആകുന്നു. നീ അങ്ങേ സ്നേഹിക്കുകയും, കൂട്ടായിരിക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്നുവെങ്കിൽ, ദുഃഖിക്കുന്ന അങ്ങേ ഹൃദയത്തോടു സഹതപിക്കുകയും, നന്ദിപറയുകയും, ഇതിനു കാരണമായ നിൻെറ പാപങ്ങളെപ്പററി മനസ്താപപ്പെട്ടുകയും ചെയ്യുക.

അങ്ങേ സ്നേഹത്തെപ്രതിയും അങ്ങുന്നു സഹിച്ച ഇത്ര വലിയ വ്യഥയെപററിയും നീ ഒന്നും സഹിക്കാതിരിക്കുന്നതു വലിയ നന്ദിയില്ലായ്മയല്ലെ.

## എട്ടാം ദിവസം.

### സ്ലീവായിൽനിന്നു ഇറക്കപ്പെട്ടുന്ന ഈശോയുടെ തിരുഹൃദയം.

സ്ലീവായിൽ പതിക്കപ്പെട്ട ദിവ്യസ്നേഹത്തിൻെറ മൃതശരീരം സ്ലീവായിൽനിന്നു ഇറക്കപ്പെട്ടു. കുത്തിത്തുറക്കപ്പെട്ട

1) In pace in idipsum dormiam et repuiescam.

ആ വിലാവിൽകൂടി തുടിച്ചുകൊണ്ടിരുന്ന അവരുടെ നാഥന്റെ ഹൃദയം ആദ്യമായി കണ്ട അറമത്തായക്കാരൻ യൌസേപ്പും നിക്കൊദേമൂസും ഭാഗ്യവാന്മാർതന്നെ. സഹതാപവും സ്നേഹവുംകൊണ്ടു പൂരിതമായിരുന്ന അവരുടെ മുഖഭാവം, ആ മുറിവുകളിലെ രക്തത്തെ അവരുടെ കണ്ണുനീരുകളാൽ കഴുകുകയും അവയെ സുഗന്ധവസ്തുക്കളാൽ പൂശുകയും ചെയ്യുമ്പോൾ എന്തെല്ലാം സ്ഫുരിപ്പിച്ചിരിക്കണം. ഉപരിയായി അങ്ങേ മാതാവായ മറിയത്തിന്റെ പ്രലപനം ഏതുതരം. അവളുടെ ചങ്കു തന്റെ തിരുകുമാരന്റെ ചങ്കിനോടു ചേർന്നു ഒന്നിക്കുന്നതിനു അവളുടെ നെഞ്ചുകൂട്ടിൽനിന്നു വേർപെടുവാൻ പോകുന്നതായിട്ടു അവൾക്കു തോന്നിയിരിക്കണം. സ്നേഹത്തിന്റെയും ദുഃഖത്തിന്റെയും എത്രയൊ ശരങ്ങളാണു് ഈശോയുടെ ഹൃദയത്തിൽനിന്നു പുറപ്പെട്ടു മറിയത്തിന്റെ ഹൃദയത്തെ മുറിപ്പെടുത്തിയതു്. ഓ! എത്രയൊ നല്ല മനസ്സോടെ മറിയം ആ പ്രിയതമഹൃദയത്തിലെ മുറിവിൽ തന്റെ പ്രാണനെ വിടുമായിരുന്നു.

മഗ്ദലേത്തായും യോഹന്നാനും ഇതാ അടുക്കുന്നു. ഒരിക്കൽ മഗ്ദലേത്തായ്ക്കു സമാധാനം പ്രദാനം ചെയ്ത സ്നേഹപൂരിതമായ ഹൃദയത്തെ അവളുടെ സ്വന്ത കണ്ണുകൊണ്ടു കാണുന്നു. യോഹന്നാൻ ഒടുക്കത്തെ അത്താഴവേളയിൽ ആ തിരുനെഞ്ചിന്മേൽ തലചായിച്ചുകൊണ്ടിരുന്നതു ഓർത്തു ധ്യാനിക്കുന്നു. ഈ രണ്ടു ഭക്തിതീക്ഷ്ണതയുള്ള ആത്മാക്കൾക്കും, മുറിവേററിരിക്കുന്ന ഈ ഹൃദയത്തോടുള്ള സ്നേഹത്തെ കണ്ടു്, ആ ഹൃദയത്തോടു പിരിയാതെ യോജിച്ചു സ്ഥിതിചെയ്യുന്ന ദൈവ വചനത്തിന്റെ സ്നേഹം, അത്യന്തം സന്തോഷിക്കുന്നു. യോഹന്നാനിൽ അങ്ങേ വരപ്രസാദത്തിന്റെ ജയഫലമായ ബ്രഹ്മചാരിത്വലംഘനമില്ലായ്കയും, മഗ്ദലേത്തായിൽ അങ്ങേ അനുഗ്രഹത്തിന്റെ ജയഫലമായ ദുഃഖമനസ്താപത്തെയും, അവിടുന്നു കാണുന്നു. ഇവർ രണ്ടുപേരോടും, ഈ ഹൃദയത്തോടു അടുക്കുക, എന്നാൽ നിങ്ങളുടെ അ

ത്മാവുകൾക്ക സമാധാനവും, രക്ഷയും സംപ്രാപ്തമാകും എന്നു കല്പിക്കുന്നതായി തോന്നിപ്പോകുന്നു.

ഈശോയുടെ തിരുഹൃദയം പാപംചെയ്യാത്തവരെ പററിമാത്രമല്ല ആനന്ദിക്കുന്നതു്. പാപം ചെയ്തുപോയതിന്മേൽ മനസ്തപപ്പെടുന്നവരെപററിയും, ആനന്ദിക്കുന്നു. അവിടുന്നു വെറുക്കുന്നതു ദൈവശുശ്രൂഷയിൽ മന്ദന്മാരായിരിക്കുന്നവരെയും, അനുതപിക്കാത്ത പാപികളെയും, മാത്രമാണു്. ഈ തരക്കാർ നിന്ദിക്കുകയും തിരസ്കരിക്കുകയും ചെയ്യു ആ ഹൃദയത്തിലേയ്ക്കുള്ള പ്രവേശനം അവസാനത്തുങ്കൽപോലും സിദ്ധിക്കുകയില്ല. അവരെമാത്രമെ അവിടുന്നു ഉപേക്ഷിച്ചുകളയുകയുള്ളു. അവർ അങ്ങേ തിരുഹൃദയത്തിനു പ്രതിഷ്ഠിക്കപ്പെട്ടവരാണെങ്കിലും, അവരുടെ തണുപ്പും അനാസ്ഥയും കാരണം ലഭിക്കാത്ത ആനന്ദം മനസ്താപപ്പെടുന്ന ആത്മാവുകൾക്ക എത്രയൊ പ്രാവശ്യം അവിടുന്നു കൊടുക്കുന്നു. അവിടുന്നു സ്നേഹത്താൽ ജീവിക്കുകയും, സ്നേഹിക്കുന്നവരുടെയിടയിൽ മേയുകയും, മഞ്ഞുകട്ടിപോലെ തണുത്തതും കല്ലുപോലെ കട്ടത്തുമായ ഹൃദയങ്ങളിൽനിന്നു അകലുകയും ചെയ്യുന്ന സ്നേഹമാകുന്നു. നീ ഈശോയുടെ ഹൃദയത്തിൽ ആനന്ദവും സന്തോഷവും കണ്ടെത്തുന്നില്ലായിരിക്കാം. അതു നിനക്കു യോഹന്നാൻെറ പാപരാഹിത്യമൊ, മഗ്ദലേനായുടെ അനുതാപമോ, അവർക്കുണ്ടായിരുന്ന സ്നേഹവും തീക്ഷ്ണതയുമൊ ഇല്ലാഞ്ഞിട്ടാണു്.

ജപം.

എൻെറ ഈശോയുടെ ഹൃദയമെ, ഞാനും ഇതുവരെയും അങ്ങേ സ്നേഹിച്ചില്ല. ഈ സ്നേഹാഭാവത്തിൻെറ ശിക്ഷയാണു ഞാനിപ്പോൾ അനുഭവിക്കുന്നതു എന്നുള്ളതു വാസ്തവംതന്നെ. അങ്ങേ ദിവ്യഹൃദയത്തിനു വെളിയിൽ, ദുഃഖിതനായും, പരീക്ഷകൾക്കു അധീനനായും, സമാധാനരഹിതനായും, വ്യസനാക്രാന്തനായും, ഞാൻ ജീവിക്ക

ന്നു. ഞാൻ ഒരു പൊടിയും ചാമ്പലും ജീവനില്ലാത്ത ഒരു ആത്മാവും ആയി തീൎന്നിരിക്കുന്നു. അങ്ങേ സ്നേഹിക്കാൻ ഇതുവരെ താമസിച്ചുപോയെങ്കിലും ഇനി സ്നേഹിക്കാൻ മേലായെന്നായിട്ടില്ല. മനസ്താപപ്പെട്ടും വിലപിച്ചുംകൊണ്ടും അങ്ങേ അനുഗ്രഹവും പൊറുതിയും യാചിക്കുന്ന ഒരു ഹൃദയത്തിന്റെ പ്രലപനംകൊണ്ടു ശാന്തപ്പെട്ടുതാൻ മേലാത്തവണ്ണം അത്ര എന്നോടു കോപിച്ചിരിക്കുന്ന ഒരു ഹൃദയമാണോ, അങ്ങേ ദയാലുതമഹൃദയം? അഥവാ അങ്ങേ അനുഗ്രഹത്തിന്മേൽ നിരാശപ്പെട്ടുകൊണ്ടു ഒരു അധിക്ഷേപംകൂടി അങ്ങയോടു കാണിക്കുകയോ? ഇതു ഒരിക്കലും സംഭവിക്കാതിരിക്കട്ടെ. അതിനാൽ പാപംനിറഞ്ഞ എന്റെ ഹൃദയത്തെ അങ്ങേ ഹൃദയത്തോടു യോജിപ്പിക്കണമെ. അപ്പോൾ നാം ഒന്നായി തീരുകയും, നമ്മുടെ സ്നേഹം നിത്യമായിരിക്കുകയും ചെയ്യും. അങ്ങുന്നു എന്നിലും ഞാൻ അങ്ങിലും; അങ്ങുന്നു എന്റെ രക്ഷയ്ക്കും ഞാൻ അങ്ങേ മഹത്വത്തിനും; അങ്ങുന്നു എന്റെ കിരീടത്തിനും ഞാൻ അങ്ങേ തിരുചിത്തം നിറവേറുന്നവനും; അങ്ങുന്നു എനിക്കു നന്മചെയ്യുന്നവനും ഞാൻ അങ്ങേ എപ്പോഴും സ്തുതിക്കുന്നവനും; അങ്ങുന്നു എല്ലായ്പോഴും എന്റെമേൽ സദാ ചിന്തയുള്ളവനും ഞാൻ അങ്ങേ സദാ ഓൎക്കുന്നവനും ആയി ഭവിക്കും. ഈ മനോഗുണം എനിക്കു ചെയ്തുതരുന്നതിനു അവിടുന്നു് എന്തുകൊണ്ടു താമസിക്കുന്നു? ഞാൻ അത്യന്തം ആഗ്രഹിക്കുകയും ആശിക്കുകയും, ഞങ്ങളുടെ ആത്മാവുകളുടെ താപശമനത്തിനായിട്ടു അങ്ങേ ഹൃദയത്തിന്റെ നിക്ഷേപങ്ങളെ തുറന്നുതരുവാൻ അങ്ങേ മനസ്സാക്കിയ അമിത സ്നേഹത്തെക്കുറിച്ചു അപേക്ഷിക്കുകയും ചെയ്യുന്നു. അവിടുന്നു എന്നോടു കോപിച്ചിരിക്കുന്നതായി ഭാവിക്കുന്നതു അങ്ങേ സ്നേഹിക്കാൻ എന്നെ ഉത്സാഹിപ്പിക്കാൻവേണ്ടി മാത്രമാണെന്നു എനിക്കറിയാം. അങ്ങയോടു പൊറുതി ചോദിക്കുന്നവന്റെ അഭ്യൎത്ഥനയെ അവിടുന്നു കേൾക്കുകയില്ലെങ്കിൽ, അവനെ കേൾക്കാൻ അവനിൽ എന്താണു് (യോഗ്യത) അ

വിടുന്ന കണ്ടെത്താവുന്നതു്? ഓ! സ്നേഹമേ, ഇതുവരെയും തെററുകൾ ചെയ്തുകൂട്ടുന്നതിൽ ഞാൻ മഗ്ദലേത്തായെ അനുകരിച്ചുപോയിരുന്നാലും, അവൾക്കു അങ്ങെയോടുള്ള അതിരററ സ്നേഹത്തെ അനുകരിക്കുമാറു് അവിടുന്നു് എൻെറ ആത്മാവിൻെറയും ഹൃദയത്തിൻെറയും ജീവനാകണമെ. ഇപ്രകാരം ഭവിക്കട്ടെ.

നു ആക... ശേഷവും. പ്രാർത്ഥിക്ക ഒന്നാംദിവസത്തെപ്പോലെ.

ഈശോയുടെ തിരുഹൃദയത്തിലേക്കു നിന്നെ കൊണ്ടുചെന്നാക്കുന്നതിനുവേണ്ടി മറിയത്തിൻെറ ഹൃദയത്തിലേക്കു ചെല്ലുക. ഓ, മറിയമേ! സ്നേഹയോഗ്യയായ ഞങ്ങളുടെ മധുരമേ, ഞങ്ങളുടെ ആശംസയെ, അങ്ങേപക്കലേക്കു ഞങ്ങൾ ദീർഘശ്വാസം വിടുന്നു, അങ്ങേ ഞങ്ങൾ കരഞ്ഞുവിളിക്കുന്നു. സകല സൃഷ്ടികളെക്കാൾ അങ്ങേ ദിവ്യപുത്രനെ സ്നേഹിച്ച അവിടുന്നു ആ പവിത്ര വിലാവിനകത്തും, ആ വിശുദ്ധ ഹൃദയത്തിലും, ഞാൻ സ്ഥാനംപിടിച്ചു ഈശോയുടെ സ്നേഹത്താൽ എരിഞ്ഞു ദഹിക്കുന്നതിനുള്ള മനോഗുണം അപേക്ഷിച്ചുതരണമെ. സിയെനായിലെ വി. കത്രീനായോടുകൂടെ 'മധുരമുള്ള ഈശോയെ മധുരമുള്ള മറിയമെ' എന്നു വിളിക്കുക.

## ഒൻപതാം ദിവസം.

### ക്രിസ്തീയാത്മാവിൻെറ നാശത്തെപ്പററി ഈശോയുടെ ഹൃദയം വിലപിക്കുന്നു.

നീതിമാന്മാരുടെ ആത്മരക്ഷയെ സംബന്ധിച്ചു മാത്രമല്ല, പാപികളുടെ ആത്മരക്ഷയെപ്പററിയും ഈശോയുടെ തിരുഹൃദയത്തിനുള്ള ആകാംക്ഷ എത്രമാത്രമാണെന്നു ഗ്രഹിക്കാൻ വശമുള്ളവരാർ? ഓ! പരിതാപമേ! പാപികളുടെ എണ്ണം പ്രതിദിനം വർദ്ധിച്ചുവരുന്നതും,

പാപാക്രമങ്ങളിൽ അവരുടെ ഹൃദയം കട്ടത്തുവരുന്നതും, അവിട്ടത്തെ സ്നേഹാങ്കം ഒരിക്കൽ തകൎത്തു ദൂരത്തു എറിഞ്ഞുകളഞ്ഞതു നന്നായിപ്പോയിയെന്നു ഭാവിക്കുന്നതും, അവിടന്നു കാണുന്നു. 'മറുതലക്കാരെ! എന്റെ ഹൃദയത്തിലേക്കു തിരിച്ചുവരിക' എന്നു് അഭിവാദ്യംചെയ്തു്, അങ്ങേ ഹൃദയത്തിലേക്കു അവരെ അവിടന്നു വിളിക്കുന്നു. അവരാകട്ടെ ദ്വേഷത്തോടും നിന്ദയോടുംകൂടി ഞങ്ങൾ നിന്നെ വിട്ടുപിരിഞ്ഞു. ഇനി അങ്ങോട്ടു വരുവാൻ ഞങ്ങൾക്കു ഒട്ടും മനസ്സില്ല, എന്നാണു് ഉത്തരിക്കുന്നതു്. അവൎക്കു ഐഹിക വിപത്തുകൾ അയച്ചുകൊണ്ടു ലോകത്തെ വെറുപ്പിക്കാൻ അവിടന്നു നോക്കുന്നതുകൊണ്ടു എന്തു ഉപകാരം. അവർ കോപാന്ധന്മാരായിതീൎന്നു് അവിട്ടത്തെ ദൈവപരിപാലനയെ ശപിക്കുന്നു. അവിടന്നു, അങ്ങേ ഹൃദയത്തെ, അവരുടെമേൽ വീഴാനിരിക്കുന്ന അങ്ങേ പിതാവിന്റെ നീതികോപത്തെ തടുത്തു നിറുത്തുന്നതിനായിട്ടു ഒരു പരിചപോലെ ഇരു പാൎശ്വകരുടെയും മദ്ധ്യേ സ്ഥാപിക്കുന്നതുകൊണ്ടും എന്തു് ഫലം? അവൎക്കു വരാനിരിക്കുന്ന ശിക്ഷ, താമസിക്കുന്തോറും, ആ താമസത്തെ അവർ ദുരുപയോഗിച്ചു അവരുടെ ശിക്ഷാവിധിക്കുള്ള ന്യായങ്ങളെ വൎദ്ധിപ്പിക്കുകയാണു ചെയ്യുന്നതു്.

ഈ വിധക്കാരായ അനവധി ആത്മാക്കളുടെ, ഒഴിക്കാൻ പാടില്ലാത്ത നാശത്തെ കാണുന്നതിനാൽ, ഈശോയുടെ ഹൃദയത്തിനുണ്ടാകുന്ന ദുഃഖാധിക്യം ആരാൽ വൎണ്ണിക്കാൻ സാധിക്കും? അങ്ങേ പിതാവിന്റെ പരിശുദ്ധത, നിസ്സാരമാക്കപ്പെടുന്നതും നിരസിക്കപ്പെടുന്നതും, അങ്ങേ പരിശ്രമങ്ങളെല്ലാം വ്യൎത്ഥമാകുന്നതും, അശ വഞ്ചിക്കപ്പെടുന്നതും, അങ്ങേ ഹൃദയം ഹാൎദ്ദവമായി സ്നേഹിക്കുന്ന സ്വന്ത മക്കൾ കൂടുതൽ ശിക്ഷയ്ക്കു അൎഹന്മാരായി തീൎന്നു നിത്യമായി ശിക്ഷിക്കപ്പെടുവാൻ പോകുന്നതും, അവിടന്നു കാണുന്നു. അവരിൽ ഓരോരുത്തരുടെ ആത്മാവുകൾക്കുവേണ്ടി എത്രമാത്രം കഷ്ടനഷ്ടങ്ങൾ സ

ഹിച്ചുവെന്നു അങ്ങേ ബോധത്തിൽ വരുന്നു. അങ്ങേ രക്തം മുഴുവനും കൊടുത്താണ് അവരെ വീണ്ടുകൊണ്ടതെന്നും, അങ്ങേ വരപ്രസാദങ്ങളാലും വചനങ്ങളാലും അവരെ പോഷിപ്പിച്ചതാണെന്നും, അങ്ങേ മാംസംകൊണ്ടു അവരെ തീറ്റുകയും ചോരകുടിപ്പിക്കുകയും 'അവളെ വീണ്ടുകൊള്ളുകയും തീറ്റുകയുംചെയ്തു. അവൾ തന്റെ അപ്പത്തിൽനിന്നു തിന്നുകയും പാനപാത്രത്തിൽനിന്നു കുടിക്കുകയും തന്റെ മടിയിൽ കിടന്നുറങ്ങുകയും ചെയ്തിരുന്നു, അവൾ ഒരു പുത്രിയെപ്പോലെയായിരുന്നതനിക്ക്' (രാജാക്കളുടെ 2-ാം പുസ്തകം 12-ാം അ.) എന്നുള്ള വേദവാക്യപ്രകാരം ഒരു കൊച്ചുമകളെപ്പോലെ അങ്ങേ നെഞ്ചത്തു അങ്ങേ ഹൃദയത്തോടു അടുപ്പിച്ചു കിടത്തുകയും ചെയ്തതാണെന്നും, പ്രതിക്ഷണം അവിടുന്നു ഓർക്കുന്നു. ഇങ്ങനെയുള്ള ഈ ആത്മാവ് നിത്യനരകപാതാളത്തിൽ വീഴാൻ പോകുന്നതു കാണുമ്പോൾ എങ്ങനെ അവിടുന്നു ദുഃഖിക്കാതിരിക്കും?

ഇതുകൊണ്ടൊക്കെ അങ്ങേ ഹൃദയം കുപിതമായതാണോ? അതിനുള്ള കാരണങ്ങളൊക്കെയുമുണ്ട്. അങ്ങേ നീതി അനുസരിച്ചു പ്രവർത്തിക്കുന്നതിനു ഇടവരുത്തുന്ന ദുഷ്ടന്മാരുടെ ദുരിതം. അവിടുന്നാകട്ടെ കല്പിക്കുന്നതു, കോപിച്ചിരിക്കുന്നുവെന്നല്ല, പിന്നയൊ ദുഃഖിക്കുന്നുവെന്നാണ്. 'എന്റെ വിലാപം വലിയതാകുന്നു; എന്റെ ഹൃദയം ദുഃഖിക്കുന്നു' (വിലാപം 1- 22.) തെറ്റിപോയവരെ അങ്ങേ ഹൃദയത്തിലേക്കു തിരികെ കൊണ്ടുവരുന്നതിനും, അവരെ ശിക്ഷിക്കാനിരിക്കുന്ന ദിവ്യപിതാവിന്റെ കോപത്തെ ശമിപ്പിക്കുന്നതിനും, അങ്ങയോടുകൂടെ ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ഉത്സാഹിക്കുകയും ചെയ്യുന്നവർ ചുരുക്കമേയുള്ളുവെന്നു കാണുമ്പോൾ അങ്ങേ ദുഃഖം വർദ്ധിക്കുകയാണു ചെയ്യുന്നതു. ഇതിനാൽ ഈശോകർത്താവു വി. മറിയം അലക്കോക്കിനോട് 'ദൈവനീതി പാപികളോടു കോപിച്ചിരിക്കുകയാണെന്നു നിന്നെ ഞാൻ ഗ്രഹിപ്പിക്കുമ്പോൾ നീ ദിവ്യകാരുണ്യം ഉൾക്കൊണ്ടു അങ്ങേ

യോഗ്യമായ കോപത്തെ ശമിപ്പിക്കുന്നതിനും അവരോടു കെപാറ്റ്ക്കമാറു അനുഗ്രഹത്തെ യാചിക്കുന്നതിനും എന്നെ കാഴ്ചവയ്ക്കണം' എന്നു അരുളിച്ചെയ്യുകയുണ്ടായി. ആകയാൽ ദുഃഖനിമഗ്നമായ ഈശോയുടെ ഹൃദയത്തെ നീ സ്നേഹിക്കുകയും, അതിനോടു സഹതപിക്കുകയും ചെയ്യുന്നുവെങ്കിൽ, കുറഞ്ഞപക്ഷം നാളെയെങ്കിലും നീ ചെയ്യേണ്ടതു ദിവ്യകാരുണ്യം സ്വീകരിച്ചു, പാപികളുടെ മനസ്സുതിരിവിനായിട്ടു ഈശോയെ തന്നെ നിത്യപിതാവിനു കാഴ്ചവെയ്ക്കണം. ഒരു പാപിയുടെയെങ്കിലും ആത്മാവിനെ ഈശോയുടെ തിരുഹൃദയത്തിലേയ്ക്കു കൊണ്ടുവരുവാൻ നിനക്കു സാധിച്ചുവെങ്കിൽ നീ ഭാഗ്യവാനായി.

## ജപം.

എത്രയും മഹാ ക്ഷമയും ശാന്തഗുണവും ഉള്ള ഈശോയെ, പാപികളുടെ മാനസാന്തരത്തിന്മേൽ അങ്ങേക്കുള്ള പൊരിയുന്ന ദാഹംകൊണ്ടു, കുത്തിത്തുറക്കപ്പെട്ടിരിക്കുന്ന അങ്ങേ ഹൃദയത്തിൽനിന്നു പുറപ്പെടുന്ന നെടുവീപ്പുകളെ ഞാൻ കേൾക്കുന്നു. അങ്ങേ ആഗ്രഹത്തെ തൃപ്തിപ്പെടുത്തുവാൻ എന്നെക്കൊണ്ടു സാധിക്കുകയില്ലയോ? നാശക്കുപത്തിൽ പതിഞ്ഞുകിടക്കുന്ന ആത്മാക്കളെ തിരക്കിപ്പിടിച്ചു, അവർ ഉപേക്ഷിച്ചുപോയ സ്നേഹത്തിന്റെ ഭവനത്തിലേക്കു കൊണ്ടാക്കുന്നതിനുവേണ്ടി ലോകമെങ്ങും ഓടിനടന്നു എല്ലാം ഇടവും എന്റെ ചോരയാൽ നനയ്ക്കാൻ സാധിച്ചുവെങ്കിൽ, അതെത്രയൊ ഭാഗ്യമായിരുന്നു. ഞാനും അവരെ അങ്ങേ ഹൃദയത്തിൽനിന്നു അകററി കൊണ്ടുപോയി അങ്ങേക്കു ദുഃഖത്തിനു കാരണഭൂതനായി ഭവിച്ചല്ലൊ! എത്രയൊ വലിയ അക്രമമാണ് ഞാൻ പ്രവത്തിച്ചതു്. എന്റെ ദൈവമെ! എത്രയൊ വലിയ സാഹസം, എത്രയൊ വലിയ ദുഷ്ടത! എന്റെ മായ ഗവ്വപാശത്താൽ ബന്ധിച്ചു അങ്ങേ മക്കളായ ആത്മാവുകളെ അവരുടെ ആശ്രയസ്ഥാനമായിരുന്ന

അങ്ങേ ഹൃദയത്തിൽനിന്നു ഞാൻ അകററി കൊണ്ടുപോ
യി. എന്റെ അശുദ്ധ നോട്ടങ്ങളായ അമ്പുകളാൽ
ഞാൻ അവരെ മുറിവേൽപ്പിച്ചു. എന്റെ കപട ദുരുപ
ദേശത്താൽ, ചതിയാലെ അവരെ കൊല്ലുന്നതിനായിട്ട്
അവിടം വിട്ടുപോരുന്നതിനു ഞാൻ ഇടയാക്കി. എന്റെ
പിതാവെ, എന്റെ പാപാക്രമങ്ങൾ നിമിത്തം എന്നെ
കുററം ആരോപിക്കുന്ന അങ്ങേ ഹൃദയത്തിലോട്ടു നോക്കു
വാൻപോലും ഞാൻ ലജ്ജിക്കുന്നു. ഞാൻ നടത്തിയ അ
പഹരണത്തേയും അങ്ങയോടു കാണിച്ച വലിയ നന്ദി
ഹീനതയേയും കുറിച്ച് എന്നോടു പ്രതികാരം ചെയ്യുക.
എന്നാൽ ഒരിക്കൽ ഞാനും അങ്ങേ വാത്സല്യ മകനായി
രുന്നുവെന്നുള്ളത് അങ്ങുന്നു ഓർക്കണമെ. അങ്ങുന്നു എന്നെ
ശിക്ഷിക്കുന്നപക്ഷം ദുഃഖാധിക്യത്തിൽ മുഴുകിയിരിക്കുന്ന
അങ്ങേ ഹൃദയത്തിനു കൂടുതൽ നഷ്ടം വന്നുകൂടുമെ. അ
തിൽപരം ഉത്തമം, അങ്ങേ ആശ്ലേഷത്തിൽനിന്നു ഞാൻ
വിളിച്ചുകൊണ്ടുപോയ ആത്മാവുകളുടെ പരിഹാരാർത്ഥം
എന്നെ സ്വീകരിക്കുന്നതായിരിക്കുമല്ലോ, സ്നേഹംനിറഞ്ഞ
ദിവ്യഹൃദയമെ അങ്ങേക്കു മാത്രമായി ഇതാ എന്റെ ഹൃ
ദയത്തെ ഞാൻ തരുന്നു. ഇനി വേറൊരുത്തക്കും വേറൊ
ന്നിനും എന്റെ ഹൃദയത്തെ ഞാൻ കൊടുക്കയില്ല. എന്തു
കൊണ്ടെന്നാൽ പാപത്തെ ദ്വേഷിക്കുകയും അങ്ങയോടു
പൊറുതി യാചിക്കുകയും ചെയ്യുന്നവന്റെ നെടുവീർപ്പു
കൊണ്ടു ശാന്തപ്പെടുന്നതാണ് അങ്ങേ ഹൃദയമെന്നു ഞാ
നറിയുന്നു. ഞാൻ ചെയ്തുകൂട്ടിയ പാപാക്രമങ്ങളുടെ പ
രിഹാരാർത്ഥം ഒരു പൂർണ്ണദഹനബലിയായി അങ്ങേക്കു കാ
ഴ്ചവെക്കുന്ന എന്റെ ആത്മാവിനെ സ്വീകരിക്കാറാകണ
മേയെന്നു ഞാൻ വീണ്ടും പ്രാർത്ഥിക്കുന്നു. അങ്ങേ ഹൃദയ
ത്തിൽനിന്നു സ്വർഗ്ഗീയ സ്നേഹത്തിന്റെ അഗ്നിയിറക്കി അ
തിനെ ദഹിപ്പിക്കണമെ. ഇങ്ങനെ അങ്ങേ വ്യാകുലതയി
ലും വ്യഥയിലും അങ്ങേ ആശ്വസിപ്പിക്കുന്ന ഒരു വസ്തു
വായി അതു തീരട്ടെ. അപ്രകാരം ഭവിക്കട്ടെ.

ന്ന ആകാ... ശേഷവും. പ്രാൎത്ഥിക്ക ഒന്നാം ദിവസത്തേപ്പോലെ.

സ്നേഹപൂരിതമായ ഈശോയുടെ ഹൃദയം വഴിയായി പാപികൾ മനസ്സുതിരിയുന്നതിനും, ദുഃഖിതന്മാൎക്കു ആശ്വാസം ലഭിക്കുന്നതിനും സാധുക്കൾക്കു് സഹായം കിട്ടുന്നതിനും മരണാവസ്ഥയിൽ സ്ഥിതിചെയ്യുന്നവരുടെ മരണപ്രമാദത്തിൽ അവൎക്കു സഹായം ഉണ്ടാകുന്നതിനുമായിട്ടു ദിവ്യകാരുണ്യത്തെ ഒരു പ്രാവശ്യം സന്ദൎശിക്കുക.

---

## ഈശോയുടെ തിരുഹൃദയ തിരുനാൾ.

ഈശോയുടെ തിരുഹൃദയതിരുനാൾ അങ്ങേ സ്നേഹത്തിന്റെ മഹോത്സവമാകുന്നു. അതു ആചരിക്കണമെന്നു അവിടുന്നു കല്പിച്ചതു, അങ്ങേ ദിവ്യസ്നേഹത്തിനു, ശീതളിച്ച നമ്മുടെ ഹൃദയങ്ങളിൽനിന്നു പ്രതിസ്നേഹവും, പരിഹാരവും, പാരിതോഷകവും ലഭിക്കുന്നതിലേക്കാണ്. അതിനായിട്ടു, നമ്മെ പ്രേരിപ്പിക്കാൻവേണ്ടിയാണ് അങ്ങേ നെഞ്ചിനകത്തു വാസ്തവത്തിൽ സ്ഥിതിചെയ്യുന്നതും, അങ്ങേ ദിവ്യസ്നേഹത്തിന്റെ ചിഹ്നവും പ്രതിരൂപവും ആയിരിക്കുന്ന അങ്ങേ തിരുഹൃദയം ഈ തിരുനാളിന്റെ വിഷയമാക്കിയിരിക്കുന്നതു്. ആകയാൽ നമ്മുടെ വണക്കത്തേയും ആരാധനയേയും സീമാതീതമായി അൎഹിക്കുന്ന ഈ ദിവ്യ ഹൃദയത്തിന്റെ വണക്കത്തിനും, സ്നേഹത്തിനുമായി പ്രത്യേക വിധത്തിൽ ഈ ദിവസം വിനിയോഗിക്കേണ്ടിയിരിക്കുന്നു. എന്നാൽ ഈ അനുഷ്ഠാനം ദൈവപുത്രനായ ഇശോമിശിഹാ, നമ്മെയും ശേഷം മനുഷ്യരേയും സ്നേഹിക്കുന്ന സ്നേഹത്തിനു് യോജിക്കുന്നതായ പ്രതിസ്നേഹത്തെ നമ്മിൽ ജനിപ്പിക്കാനും, എ

ത്രയും അധികം നമ്മെ അവിടുന്ന് സ്നേഹിച്ചിട്ടും, പ്ര തിസ്നേഹം കാണിക്കാതിരിക്കുന്നതിനാൽ, നാമും ശേ ഷം മനുഷ്യരും പ്രദർശിപ്പിക്കുന്ന നന്ദിഹീനതയെ പരി ഹരിക്കാനും, ഉപകരിപ്പിക്കുന്നതായിരിക്കണം.

ആയതിനാൽ ഈ ദിവസാരംഭത്തിൽതന്നെ മേൽപ്ര സ്താവിച്ച ഉദ്ദേശങ്ങൾക്കായിട്ടു, നിങ്ങളുടെ ഹൃദയത്തേ യും, നിങ്ങൾ ചെയ്യുന്ന സകല സത്പ്രവൃത്തികളേയും നിങ്ങളുടെ ദിവ്യമണവാളന്റെ സ്നേഹപാത്രമായ ഹൃദ യത്തിനു കാഴ്ചവയ്ക്കുകയും, പലപ്പോഴും ഈ ദിവസത്തിൽ ആ കാഴ്ചവയ്പിനെ പുതുപ്പിക്കുകയും ചെയ്യണം. ഈ ദി വസം മുഴുവനും ഈശോയുടെ ദിവ്യഹൃദയത്തോടുള്ള നി രന്തര സ്നേഹത്തിന്റെയും, അനുകമ്പയുടെയും, സേവയു ടെയും പ്രവൃത്തികളായിരിക്കട്ടെ. കഴിയുന്നത്ര മൌന വും, ഏകാന്തവും, അനുഷ്ഠിക്കുക. നിങ്ങളുടെ ബാഹ്യ പ്ര വൃത്തികളും മേൽപറഞ്ഞ ഉദ്ദേശത്തിനുവേണ്ടിയുള്ളതാ യിരിക്കട്ടെ. നിയമങ്ങളും, വിവേകവും, ശരീരസുഖവും, അനുവദിക്കുന്നിടത്തോളം അവിരതം ദിവ്യകാരുണ്യത്തി ലിരിക്കുന്ന ഈശോയോടുകൂടി വസിക്കുക. ദിവ്യകാരു ണ്യസ്വീകരണം, നിങ്ങളുടെയും മററു സകല മനുഷ്യരു ടെയും തണുപ്പോടുകൂടിയതും അയോഗ്യമായതുമായ സ്വീ കരണത്തിന് പരിഹാരമായതും വലിയ ഉത്സാഹത്തോ ടുകൂടിയ ഒരുക്കത്തോടെയും ആയിരിക്കണം. ഉപകാരസ്മ രണ കൂടുതൽ തീക്ഷ്ണതയോടുകൂടിയതായിരിക്കട്ടെ.

എന്നാൽ ഇന്ദ്രിയാനന്ദവും ഭക്തിയും തോന്നാത്ത പ്പോൾ, സത്പ്രവൃത്തികളെ വിട്ടുപേക്ഷിക്കുന്ന പല ആ ത്മാക്കളുടെ അബദ്ധത്തിൽ നിങ്ങളും പതിയരുതെന്നു ഈശോമ്ശിഹായുടെ സ്നേഹത്തെപ്രതി ഞാൻ നിങ്ങ ളോടു അപേക്ഷിക്കുന്നു. ഇവ നിങ്ങൾ തേടുന്നപക്ഷം, ഇന്നു നിങ്ങൾക്കു ഒന്നും ചെയ്വാൻ സാധിക്കുകയില്ല. തോന്നൽ ഒന്നും കണ്ടവയ്ക്കാതെ ചെയ്യുവാനുള്ളതു നല്ല മ

നസ്സോടെ ചെയ്യുക, ഭക്തി തോന്നുമ്പോൾ ചെയ്യുന്നതി ല്ലൊന്നും, അതു് തോന്നാതിരുന്നാലും ചെയ്യാതിരിക്ക രുതു്.

ഈശോയുടെ ദിവ്യഹൃദയത്തെ അഞ്ചുപ്രാവശ്യമെ ങ്കിലും ഇന്നു നിങ്ങൾ സന്ദർശിക്കണം. ഓരോ സന്ദർശന ത്തിലും ഉണ്ടാകേണ്ട ഉദ്ദേശം താഴെ കാണിക്കാം.

1. ഈശോമ്ശിഹാ ദിവ്യകാരുണ്യം സ്ഥാപിച്ച തിനാൽ മനുഷ്യരോടു കാണിച്ച സ്നേഹത്തെക്കുറിച്ചു ന ന്ദിപറയുന്നതിനു്.

2. ഇത്രയധികംപ്രാവശ്യം ദിവ്യകാരുണ്യംവഴിയാ യി അവിടുന്നു നമ്മളിൽ എഴുന്നരുളിയതിനും, അതുവ ഴിയായി നമുക്കു ചെയ്ത ഉപകാരത്തിനും ആയി, അങ്ങേ ക്കു സ്തോത്രം ചെയ്യുന്നതിനും.

3. ഈ ദിവ്യകൂദാശയോടു, അവിശ്വാസികളും പ തിതരും കാണിക്കുന്ന നിന്ദാപമാനങ്ങളെ പരിഹരിക്കു ന്നതിനും.

4. അങ്ങയോടു ക്രിസ്ത്യാനികൾ കാണിക്കുന്ന അ നാചാരങ്ങളും, ദൈവദ്രോഹവും, ഭക്തിഹീനതയും പ രിഹരിക്കുന്നതിനും.

5. പട്ടണങ്ങളിലും ഗ്രാമങ്ങളിലും ഉള്ള എല്ലാ ദേ വാലയങ്ങളിലും ഇരിക്കുന്ന ഈശോമ്ശിഹായെ ആത്മീ യവിധത്തിൽ ആരാധിക്കുന്നതിനും, അങ്ങേക്കു യോഗ്യ മായ ബഹുമാനവും, ആചാരവും സന്ദർശനവും ചെയ്യ പ്പെടാതെയിരിക്കുന്ന ഇത്ര അധികം പള്ളികളിൽ അങ്ങേ വണങ്ങുന്നതിനും.

നിങ്ങൾ ദിവ്യകാരുണ്യത്തെ സന്ദർശിക്കുന്ന അവ സാന സന്ദർശനത്തിൽ ആ ആരാധനയ്ക്കു പാത്രമായ ദി വ്യഹൃദയത്തോടു രണ്ടു വാക്കു ഇതു എഴുതിതന്നവനുവേ ണ്ടികൂടി ബോധിപ്പിക്കാറാകണമെ.

## ധ്യാനം.

ധ്യാനരൂപീകരണം— ഈശോമ്ശിഹാ ദിവ്യകാരുണ്യത്തിൽ ഇരുന്നുകൊണ്ടു വി. അലക്കോക്കിനു കാണിച്ചതുപോലെ, മുറിവേററിരിക്കുന്നതും ചുററും അഗ്നി എരിയുന്നതും, മുൾമുടിയാൽ ചുററപ്പെട്ടിരിക്കുന്നതും, മീതെ സ്ലീവാ നാട്ടപ്പെട്ടിരിക്കുന്നതുമായ അങ്ങേ ദിവ്യഹൃദയം കാണിച്ചുകൊണ്ടു, അങ്ങേ സ്നേഹത്തേയും മനുഷ്യർക്കുവേണ്ടി അവിടുന്നു അനുഭവിച്ച പാടുകളേയും, സൂചിപ്പിക്കുന്ന ചിഹ്നങ്ങളുടെ ഗൂഢാൎത്ഥം വെളിപ്പെടുത്തുന്നതായി രൂപീകരിക്കുക.

ധ്യാനജപം— ഇത്രയധികം നമ്മെ സ്നേഹിക്കുകയും, നമ്മാൽ സ്നേഹിക്കപ്പെടാതെയും, ഇരിക്കുന്ന ആ ദിവ്യഹൃദയത്തിനെ സന്തൃപ്തിവരുന്നതിനു നിങ്ങളാൽ കഴിയുന്നതു പ്രവൎത്തിക്കാൻ വ്യവസ്ഥചെയ്യുമാറു അഗ്രാഹ്യങ്ങളായ അവിടുന്നു നമ്മുടെമേൽ വച്ചിരിക്കുന്ന മഹാസ്നേഹവും, നമ്മൾ അങ്ങയോടു കാണിക്കുന്ന ഇത്ര വലിയ നന്ദിഹീനതയും അറിയുന്നതിനും അനുകമ്പ തോന്നുന്നതിനുമുള്ള ദൈവ വരം അങ്ങയോടു പ്രാൎത്ഥിക്കുക.

1-ാം നിൎച്ച്— ദിവ്യകാരുണ്യത്തിലിരിക്കുന്ന ഈശോയുടെ തിരുഹൃദയത്തിനു മനുഷ്യരോടുള്ള ഭാവം എന്താകുന്നു. ഏററം ഉജ്ജ്വലിക്കുന്ന പരമാൎത്ഥ സ്നേഹമാണു അതിനു മനുഷ്യരുടെമേലുള്ളതു്. മദ്ധ്യാഹ്നം ദിവസത്തിനു ഉച്ചസ്ഥാനമായിരിക്കുന്നതുപോലെ, ഈശോയിക്കു നമ്മോടുള്ള സ്നേഹത്തിൻെറയും എരിവിൻെറയും ഉച്ചാവസ്ഥയും, അത്യുന്നത സ്ഥാനവും, ആകുന്നു ദിവ്യകാരുണ്യം. ഈ ദിവ്യകാരുണ്യത്തിൽ ഈശോ എന്താണു ചെയ്യുന്നതു്? അവിടുന്നു നമ്മെ സ്നേഹിക്കുന്നു. അതിൽ അങ്ങേ സംബന്ധിച്ച എല്ലാ ചോദ്യങ്ങൾക്കു സമാധാനമായിട്ടു പറയാവുന്ന ഒരുത്തരമാണു അവിടുന്നു നമ്മെ സ്നേ

ഹിക്കുന്നതുകൊണ്ടു എന്നല്ലത്. എന്തുകൊണ്ടാണു ന
മ്മുടെ പക്കലേയ്ക്കു വന്നതു്? നമ്മെ അവിടുന്നു സ്നേഹി
ക്കുന്നതുകൊണ്ടു, നമുക്കു അവിടുന്നു ആരാണ്? സ്നേഹി
ക്കുന്ന ഒരു ദൈവം, എന്താണ് അവിടെനിന്നു ആവശ്യ
പ്പെടുന്നതു്? അവിടുന്നു ആവശ്യപ്പെടുന്നതു സ്നേഹമ
ത്രേ. എന്തിനാണ് ഇതു ഇത്രയധികം വർദ്ധിപ്പിക്കുന്നതു്.
എന്തിനാണു ഇത്ര ദീർഘനാൾ അവിടെ ഇരിക്കുന്നതു, എ
ന്തിനാണു അങ്ങേ മറയ്ക്കുന്നതു്? നമ്മെ സ്നേഹിക്കുന്ന
തുകൊണ്ടു്. സ്ലീവായിൽ സ്നേഹവും നീതിയും പ്രത്യ
ക്ഷപ്പെടുകയും, നീതി സ്ലീവാമരണം ഉപകരിക്കുകയും
ചെയ്തു. ദിവ്യകാരുണ്യത്തിൽ സ്നേഹം മാത്രമാണു പ്ര
ത്യക്ഷപ്പെടുകയും, സകലവും സ്നേഹത്തിനു ഉപയുക്ത
മായി ഭവിക്കയും ചെയ്യുന്നു. അവിടുന്നു കാണിക്കുന്ന ക്ഷ
മയും ശക്തിയും, പരിപാലനയും അപരിമാണത്വവും,
സ്നേഹപൂർത്തീകരണത്തിനു സാഹായ്യങ്ങളായിട്ടത്രെ വ
ർത്തിക്കുന്നതു്. ഓ! അന്ധന്മാരായ മനുഷ്യരെ ഇതിൽ
നിങ്ങളുടെ ദൈവത്തിന്റെ ഹൃദയം എന്തായിരിക്കുന്നു
വെന്നു നിങ്ങൾ ആലോചിപ്പിൻ. പരീക്ഷിച്ചുനോക്കുക.
പാപികളായ ആത്മാക്കളെ നിങ്ങളെ എത്രയൊ വലി
യ സ്നേഹത്തോടെ ഇതിൽ അവിടുന്നു സ്വീകരിക്കുന്നു.
അവിടുത്തെ ആവലാധിയും, വിലാപവും, ശാസനയും,
ഭയപ്പെടുത്തലും, സ്നേഹത്തിൽനിന്നു വരുന്നതാണ്. മ
ന്ദിഭവിച്ചതും, കുററവും കറവുള്ളതുമായ ആത്മാക്കളെ, നി
ങ്ങളെ ഒരുവേള അവിടുന്നു അകററിക്കളയുകയൊ പ്ര
ത്യൗഷധവും, വെട്ടവും, ആശ്വാസവും, പ്രചോദനം
നൽകാതിരിക്കുകയൊ ചെയ്യുന്നുണ്ടോ? നിർമ്മലതയും, തീ
ക്ഷ്ണതയും ഉള്ള ആത്മാക്കളെ നിങ്ങൾ വേണം, പ്ര
ത്യേകം ദിവ്യകാരുണ്യത്തിലെ ആ ദിവ്യഹൃദയത്തെക്കുറി
ച്ചു സാക്ഷീകരിക്കാൻ. എത്രയൊ വലിയ അനുജ്ഞ, അ
വിടുത്തെ മഹത്വത്തിന്മേൽ വിസ്മരണ! എത്രയൊ സൗ
മൃതി! എത്ര നല്ല തോന്നലുകൾ എത്രയോ പരിപാലന
ങ്ങൾ! എത്രയോ സ്നേഹസംഘങ്ങൾ! ഭക്തിയുള്ള ആത്മാ

വേ, അവിടെ നിലയുറപ്പിച്ചു ഈ സംഗതികളിന്മേൽ ആലോചിക്കുക. ഒരുവേള മുമ്പു നീ ആയിരുന്ന അവസ്ഥയും, അനന്തരം ഇപ്പോൾ നീയായിരിക്കുന്ന പാപിയുടെയും, വാസ്തവ ഭക്തൻെറയും, മദ്ധ്യനില അവലംബിക്കുക. ഏതുനില നിങ്ങൾ അവലംബിച്ചാലും നിങ്ങളിൽ വരുത്തേണ്ട ചൈതന്യം അത്ഭുതത്തിൻെറയും, സ്തോത്രത്തിൻെറയും, കൃതജ്ഞതയുടെയും ആയിരിക്കണം. ഓ ദുഃഖമേ, ഒരുവേള നിങ്ങളുടെ ജീവിതകാലത്തിൽ ഒരിക്കലും, ഈ അസീമ സ്നേഹത്തെക്കുറിച്ചു ആ ദിവ്യഹൃദയത്തിനു നിങ്ങൾ സ്തോത്രം ചെയ്തിട്ടുമില്ലായിരിക്കും.

2-ാം നിത്ത്- ദിവ്യകാരുണ്യത്തിൽ സ്ഥിതിചെയ്യുന്ന ഈശോമ്ശിഹായോടുള്ള, മനുഷ്യരിൽ ഭൂരിപക്ഷത്തിൻെറയും മനോഭാവവും പെരുമാററവും ആലോചിക്കുക. അവരിൽ എത്രയോ അധികംപേരാണ് തങ്ങളുടെമേലുള്ള സ്നേഹത്താൽ ഒരു ദൈവം, അതെ ഈ അവസ്ഥയിൽ ആക്കിയിരിക്കുന്നുവെന്നു അറിഞ്ഞിട്ടുപോലുമില്ലാത്തവർ. ഈശോയാവട്ടെ ഈ ക്രൂദാശയിൽ സകലരുടെമേലുള്ള സ്നേഹത്താൽ അവിഷ്ടനായിരുന്നു, സദാ പ്രവൎത്തിച്ചുകൊണ്ടിരിക്കുന്നു. ഈ തരക്കാരായ അന്ധന്മാരിൽ ചിലർ, ഈ മഹാ ദാനത്തെക്കുറിച്ചുള്ള അറിവുണ്ടാകുന്നതിനും അതിനെക്കുറിച്ചു ചിന്തിക്കുന്നതിനും അവസരം ലഭിച്ചിട്ടും, അതിന്ന് മനഃപൂൎവ്വം വഴിപ്പെടാത്തവരാകുന്നു. ഇതു് അങ്ങേ സ്നേഹത്തോടു കാണിക്കുന്ന അതിഭീഭത്സ നന്ദിഹീനതയല്ലയൊ? എൻെറ ഈശോയെ അല്ല, ഇതിലും കവിഞ്ഞ കൂടുതൽ ക്രൂരത്വമാണ് ക്രിസ്ത്യാനികളിൽ പലരും സ്നേഹിക്കുന്ന അങ്ങേ ഹൃദയത്തോടു പ്രദശിപ്പിക്കുന്നതു്. ഈ നന്ദിഹീനന്മാർ ദിവ്യകാരുണ്യത്തിലെ അവരുടെ ദൈവത്തിൻെറ അമിതസ്നേഹം ഗ്രഹിച്ചിരിക്കുന്നവരും വിശ്വസിക്കുന്നവരുമാണ്. എന്നുവരികിലും അതിന്ന് അനുയോജ്യമായതാണോ അവരുടെ പ്രവൃത്തി? ഇവിടെ ഭക്തിയുള്ള അ

ത്മാക്കളെ ക്രിസ്ത്യാനികളിൽനിന്നു ഈശോ ഈ കൂദാശയിൽ അനുഭവിക്കുന്ന വിസ്മൃതിയും, അനാചാരങ്ങളും, അപമാനങ്ങളും, ദൈവദോഷങ്ങളും, നിന്ദകളും ഓൎക്കുക. ഇവയുടെ കാഠിന്യം പ്രവൎദ്ധിപ്പിക്കുന്ന സമയത്തിൻെറയും, വിധത്തിൻെറയും, ആളുകളുടെയും, എണ്ണത്തിൻെറയും സാഹചൎയ്യങ്ങൾ ആലോചിച്ചു കണ്ടു നിങ്ങളിൽ ഇത്രമാത്രം ധിക്കാരത്തെപററി ഒരു വലിയ പരിപൂർണ രോഷം ജനിപ്പിച്ച ശേഷം നിങ്ങളെതന്നെ ഒന്നു പരിശോധിക്കുക. ആ കഷ്ടമെ, നീ തന്നെയും ദൈവസ്നേഹത്തെ ദണ്ഡിപ്പിച്ചിട്ടില്ലെ. നിൻെറ കഴിഞ്ഞ ജീവിതത്തെ ആരാഞ്ഞു നോക്കുക. ഓ! ദുഃഖമെ, നിൻെറ നന്ദിഹീനത പ്രതിവത്സരം ഒരുവേള അധികരിച്ചല്ലെ വന്നിട്ടുള്ളതു്. നിൻെറ ആദ്യകുർബാന കൈക്കൊള്ളപ്പാടിൽ നിനക്കുണ്ടായിരുന്ന പവിത്രതയും, ഭക്തിയും, എരിവും ഒന്നിനൊന്നു കുറഞ്ഞല്ലെ വന്നിരിക്കുന്നതു്. എത്രയൊ അധികം പരിതാപകരം, ഇതാണ് നിൻെറ അവസ്ഥയെങ്കിൽ മനസ്സുംപപ്പെട്ടും ലജ്ജിച്ചും നിന്നെ താഴ്ത്തി, ആത്മീയവിധത്തിൽ സ്നേഹത്തിൻെറ ആ സിംഹാസനത്തിൻെറ ചുവട്ടിൽ സാഷ്ടാംഗംവീണു നിന്നെത്തന്നെ അറിഞ്ഞു ദ്വേഷിക്കുന്നതിനുള്ള വെളിച്ചവും യോഗ്യമായ പ്രതിജ്ഞ ചെയ്യുന്നതിനുള്ള വരത്തേയും യാചിക്കുക.

3-ാം നിത്ത്. ആ ദിവ്യഹൃദയത്തോടു മനുഷ്യർ ഈ വിധം അയോഗ്യമായി വൎത്തിക്കുന്നതിനാൽ ആ ദിവ്യഹൃദയത്തിൻെറ മനോഭാവം എന്താണെ, അതു് ഗ്രഹിക്കുന്നതിനു ആദ്യംതന്നെ ന്യായമായി എന്തായിരിക്കും എന്നു ആലോചിക്കുക. പൂൎവ്വകാലങ്ങളിൽ എബ്രായക്കാരുടെ ദേവാലയത്തിലും, അവരോടുകൂടിയും, ദൈവം വസിപ്പാൻ തിരുമനസ്സായ അനുഗ്രഹത്തിനു, യോഗ്യമായ നന്ദിയും സ്നേഹവും അവർ കാണിക്കാതെവന്നപ്പോൾ ഏതുവിധമാണ് അവരോടു പ്രവൎത്തിച്ചതു്? ആ ദേവാലയത്തെ അവിടുന്നു ഉപേക്ഷിക്കുകയും, കല്ലിന്മേൽ കല്ലു ശേഷി

ക്കാതാക്കകയും, ആ ജനത്തിൽനിന്ന് എന്നന്നേക്കമാ യി അവിടുന്ന് മാറിയിരിക്കുന്നതായി പ്രസ്താവിക്കുകയും ചെയ്തു. അവരെക്കാൾ കൂടുതൽ അനുഗ്രഹവും പ്രസാദങ്ങ ളും പ്രാപിച്ചിരിക്കുന്ന ക്രിസ്ത്യാനികൾക്കും ഇതുപോലെത ന്നെയാണ് സംഭവിക്കേണ്ടതു്. പക്ഷേ അവിടുത്തെ സ്നേ ഹം നമ്മുടെ പാപാക്രമങ്ങളെ സീമാതീതമായി ഉല്ലം ഘിക്കുന്നതാണ്. എത്രയൊ വലിയ ക്ഷമയും, സ്നേഹവും, അജയ്യ സാധുത്വവും ആണ് അവിടുന്നുദ്യോതിപ്പിക്കുന്നതു്. അവിടുന്ന് ഇപ്പോഴും മുറിപ്പെട്ടത്തിയിട്ടും, കരയാത്ത കു ഞ്ഞാടിനെപ്പോലെ വർത്തിക്കുന്നു. അങ്ങേ ഇഷ്ടന്മാരോട് ഇവയെക്കുറിച്ചു രഹസ്യത്തിൽ വിലപിക്കുന്നുണ്ടെങ്കിൽ അതു് അങ്ങേടുക്കുള്ള് കൂടുതൽ സ്നേഹംകൊണ്ടു മാത്രമാ കുന്നു. മനുഷ്യർക്ക് അങ്ങേമേലുള്ള വിസ്മൃതിയേയും നന്ദി ഹീനതയേയുംപററി വി. അലക്കോക്കായോട്ട് ഇപ്രകാ രം കല്പിക്കുകയുണ്ടായി. "ഞാൻ എന്റെ കഷ്ടാനുഭവ ത്തുങ്കൽ അനുഭവിച്ച എല്ലാ ബാധകളെക്കാൾ എന്നെ അത്യധികം വ്യസനിപ്പിക്കുന്നതു്, അവർക്കു കൂടുതൽ ഉപ കാരം ചെയ്തുകൊടുക്കാൻ ഉദ്യമിച്ചുകൊണ്ടിരുന്നിട്ടും അ വർ അനാസ്ഥയും അപ്രീതിയും തിരസ്കാരവും പ്രദർശി പ്പിക്കുന്നതാണ്. എന്നോട്ട് അവർ പ്രതിസ്നേഹം കാണി ച്ചിരുന്നുവെങ്കിൽ ഞാൻ ഇതുവരെ സഹിച്ചതൊക്കയും ഒന്നുമല്ലായെന്നു ഗണിച്ചു സാദ്ധ്യമായിരുന്നാൽ കൂടുതൽ സഹിച്ചേനെ. പക്ഷെ അവർക്കു ഉപകാരം ചെയ്യുവാൻ ഞാൻ എത്രയധികം ബദ്ധപ്പെടുന്നോ അത്രയും അധി കം അവർ അനാദരവും വിരക്തിയുമാണ് കാണിക്കു ന്നതു്. ഈ വിലാപങ്ങൾ എന്തു മനോഭാവത്തെയാ ണ് നിന്നിൽ ജനിപ്പിക്കുന്നതു്. അവിടുന്നു മറെറാര വസരത്തിൽ 'എന്നെ കൂടുതലായി വ്യസനിപ്പിക്കുന്ന തു എനിക്കു പ്രതിഷ്ഠിതങ്ങളായ ആത്മാക്കൾ ഇപ്രകാ രം വർത്തിക്കുന്നതുകൊണ്ടാണു' എന്നരുളിച്ചെയ്യുകയുണ്ടാ യി. ക്രിസ്ത്യാനി ആത്മാവേ, തണുത്തതും, അവിശ്വ സ്തമായി പ്രവർത്തിച്ചതും സത്യസന്ധനമല്ലാത്തതും അ

വിട്ടത്തോട്ട പ്രദശ്ശിപ്പിക്കപ്പെടുന്ന ധിക്കാരങ്ങളെപ്പററി അനാർദ്രതചിത്തനുമായ ആത്മാവേ, നിന്നോടാണു, ഈശോ ഇവിടെ വിലപിക്കുന്നത്. ഇനിയും നീ ഇങ്ങനെ ത്തവനായി വത്തിക്കാനാണൊ ഭാവിക്കുന്നത്? അങ്ങനെയല്ലെങ്കിൽ ഇത്ര മഹാ സ്നേഹത്തെക്കുറിച്ചു പ്രതിനന്ദിയും, ഇത്ര വലിയ നന്ദിഹീനതയെക്കുറിച്ചുള്ള സജ്ജീവ ദുഃഖവും, നിൻെറ സ്നേഹവും വണക്കവും കാണിച്ചുകൊണ്ടു ഇവ പരിഹരിക്കാമെന്നുള്ള ഫലസിദ്ധമായ ആഗ്രഹവും നിന്നിൽ വരുത്തുക. ഇതായിരിക്കട്ടെ ഈ ധ്യാനത്തിൻെറ ഫലം. ഈ മൂന്നു പ്രവൃത്തികളാണു ആരാധനക്കു പാത്രമായ ഈശോയുടെ തിരുഹൃദയഭക്തിയുടെ പ്രത്യേക ലക്ഷണങ്ങൾ. ഇതിനു തക്ക പ്രതിജ്ഞകളെ ചെയ്യുക, നിന്നെത്തന്നെ കാഴ്ച്ചവക്കു, അതിനുവേണ്ട മനോഗുണങ്ങൾ അപേക്ഷിക്കുക. ഇങ്ങനെ നിന്നെ മുഴവനും ഒരു മഹാബലിയും യാഗവും ആകുന്നതിനു നിന്നെ സജ്ജീകരിക്കുക.

ഈശോയുടെ സ്നേഹത്തിനു നിന്നെ പ്രതിഷ്ഠിച്ചുകൊണ്ടും നിൻെറയും ശേഷം മനുഷ്യരുടെയും നന്ദിഹീനതക്കു പരിഹാരം ചെയ്തുകൊണ്ടും (ഇതൊന്നും ഒരു നേർച്ചയാകുകയില്ലെന്നു ഓത്തുകൊണ്ടു) കുർബാന കൈക്കൊള്ളപ്പാട്ട കഴിഞ്ഞിട്ടുള്ള നിൻെറ ഉപകാരസ്മരണ അവസാനിപ്പിക്ക.

## പ്രതിഷ്ഠാജപം.

സകല സുകൃതങ്ങളുടെ ആസ്ഥാനവും സകല വരപ്രസാദ വരങ്ങളുടെ വററാത്ത ഉറവയും ആയ ഏററം സ്നേഹപാത്രമായ എൻെറ ഈശോയുടെ തിരുഹൃദയമേ,

നിരവധി പാപാശുദ്ധങ്ങളാൽ മലിനമായിരുന്ന എന്റെ ആത്മാവിൽ, അനാസ്ഥയും ഹൃദയകാഠിന്യവും അല്ലാതെ അങ്ങയോടുള്ള സ്നേഹത്തിന്റെ ഒരു കണികപോലും ഇല്ലാതിരുന്നപ്പോൾ, അതിരററ സ്നേഹത്താൽ എന്നെ സ്നേഹിച്ചതെങ്ങനെ? ഞാൻ അങ്ങയെ സ്നേഹിക്കാതിരുന്നപ്പോൾപോലും, അങ്ങുന്നു പ്രത്യക്ഷീകരിച്ചിരിക്കുന്ന ധാരാളമായ അങ്ങേ സ്നേഹത്തിന്റെ ലക്ഷ്യങ്ങൾ, എന്റെ സ്നേഹത്തിന്റെ ഏതു പ്രവൃത്തിയും, അങ്ങയെ പ്രസാദിപ്പിക്കുന്നതായിരിക്കുമെന്നുള്ള പ്രത്യാശ എന്നിൽ അങ്കുരിപ്പിക്കുന്നു. ആകയാൽ അങ്ങേ ദിവ്യഹൃദയത്തിന്റെ ബഹുമാനത്തിനും സ്തുതിക്കുമായി എന്നെ മുഴുവനും വിനിയോഗിക്കാനുള്ള ആഗ്രഹത്തെ, ഏററം സ്നേഹപൂരിതനായ രക്ഷിതാവെ അവിടുന്നു സദയം സ്വീകരിക്കാറാകണമെ. എന്റെ സകല പ്രവൃത്തികളും പാടുപീഡകളും എന്റെ ആയുസ്സും എന്നെ മുഴുവനും അങ്ങേക്കു ഞാൻ കാഴ്ചവയ്ക്കുന്നു. മേലാൽ ഞാൻ മുഴുവനും അങ്ങേ സ്തുതിക്കായുള്ള പ്രതിഷ്ഠിത വസ്തുവായിരിക്കാൻ ഞാൻ മനസ്സായിരിക്കുന്നു. അങ്ങുന്നു തിരുമനസ്സാകുന്നപക്ഷം ഞാൻ മുഴുവനും അങ്ങേ സ്നേഹത്താൽ ജ്വലിച്ചു ഇപ്പോൾതന്നെ ഇല്ലാതാകട്ടെ. എന്റെ ദൈവമെ, എന്റെ കർത്താവേ, ഇതാ എന്റെ ഹൃദയവും അതിന്റെ സകല അനുരാഗങ്ങളും അങ്ങേക്കു ഞാൻ കാഴ്ചവയ്ക്കുന്നു. മേലാൽ എപ്പോഴും അങ്ങേ ഇച്ഛാനുസരണം ഞാൻ പ്രവർത്തിക്കുകയും അവിടുന്നു ദ്വേഷിക്കുന്നതു ഞാൻ മുഴുഹൃദയത്തോടെ ദ്വേഷിക്കുകയും ചെയ്തുകൊള്ളുന്നതാണ്. അതിനാൽ എല്ലാം അങ്ങയുടെതും അങ്ങേയ്ക്കുള്ളതും ആയിരിക്കും. എന്റെ സ്നേഹകർത്താവെ, എന്നോടുള്ള അങ്ങേ അനുഗ്രഹം എത്രയൊ സീമാതീതമായതു്. എന്റെ ദൈവമേ, മഹോന്നത ദൈവമെ, എന്റെ ഹൃദയസമർപ്പണം അങ്ങേയ്ക്കു ഇഷ്ടമായതാകാൻ ഞാൻ എന്താകുന്നു; മേലാൽ എന്റെ ഹൃദയം മുഴുവനും അങ്ങേയ്ക്കുള്ളതായിരിക്കും; യാതൊരു സൃഷ്ടിക്കും അതിൽ സ്ഥാനമുണ്ടായിരിക്കുകയില്ല; അതിനു

അവസ്ഥ യോഗ്യതയുമില്ല. മേലാൽ സ്നേഹയോഗ്യനായ ഈശോയെ അവിടുന്നു എന്റെ പിതാവും, എന്റെ സംരക്ഷകനും, എന്റെ സർവ്വവും ആയിരിക്കണമെ. അങ്ങേക്കുവേണ്ടിയല്ലാതെ ജീവിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ആരാധനക്കു പാത്രമായ നരരക്ഷകനെ, മാനുഷരിൽവച്ച് ഏററം നന്ദിഹീനനായ ഞാൻ സമർപ്പിക്കുന്ന ഈ സമർപ്പണത്തെ, അങ്ങേ സ്നേഹത്തിനു അനുയോജ്യമായി പ്രവർത്തിക്കാഞ്ഞതിനാൽ അങ്ങയോടു കാണിച്ചുവരുന്ന നിന്ദാപമാനങ്ങൾക്കു പരിഹാരമായിട്ടു ദയാപുരസ്സരം സ്വീകരിക്കാറാകണമെ. ഇതു ഏററം നിസ്സാരമായ ഒന്നാണ്. എന്നാൽ എനിക്കു സ്വന്തമായുള്ളതു ഇതേയുള്ളു, അവിടുന്നു ആഗ്രഹിക്കുന്നതും ഇതാണ്. ഇനി ഒരിക്കലും അതു ഞാൻ തിരിച്ചെടുക്കാതിരിക്കത്തക്കവണ്ണം അതിനെ ഞാൻ അങ്ങേക്കു സമർപ്പിക്കുന്നു. അപ്രകാരം ഭവിക്കട്ടെ.

---

## ഈശോയുടെ തിരുഹൃദയത്തോടു ചെയ്യപ്പെടുന്ന നിന്ദാപമാനങ്ങൾക്കു പരിഹാരജപം.

അത്യുന്നത സ്നേഹത്തിനും ആരാധനക്കും യോഗ്യനായ എന്റെ ഈശോയെ അങ്ങുന്നു സദാ ഞങ്ങളുടെ മേലുള്ള സ്നേഹത്താൽ ആവിഷ്ടനും ഞങ്ങളുടെ നിർഭാഗ്യത്തിന്മേൽ സദാ അനുകമ്പിതനും അങ്ങേ നിക്ഷേപങ്ങൾക്കു അടിയങ്ങളെ ഭാഗഭാക്കുകളാക്കി അങ്ങയെ മുഴുവനും ഞങ്ങൾക്കു തരണമെന്നുള്ള ആഗ്രഹാധിക്യത്താൽ ഉള്ളിപൂർണ്ണമായിരിക്കുന്നു! എന്റെ രക്ഷകനും ദൈവവുമായ ഈശോയെ, അങ്ങുന്നു, ഉജ്ജ്വലിക്കുന്ന ആശ്ചര്യകരവുമായ ഏററം വലിയ സ്നേഹാധിക്യത്താൽ, ദിവ്യകാരുണ്യത്തിൽ പ്രതിദിനം ലക്ഷോപലക്ഷം പ്രാവ

ശ്യം അങ്ങയെതന്നെ ഞങ്ങൾക്കുവേണ്ടി പൂജിച്ചുകൊണ്ടു ള്ള ബലിവസ്തുവായിരിക്കാൻ തിരുമനസ്സായല്ലൊ: ഇവ യൊക്കെയും അവിടുന്നു ചെയ്തിട്ടും മനുഷ്യരിൽ ഭൂരിപ ക്ഷത്തിൻെറയും ഹൃദയങ്ങളിൽ, കാഠിന്യവും വിസ്മൃതി യും നന്ദിഹീനതയും നിന്ദയും അല്ലാതെ കാണാത്തതി നാൽ അങ്ങുന്നു അനുഭവിക്കുന്ന മനോവേദന ഏതുപ്രകാ രം ഉള്ളതായിരിക്കും?

എൻെറ ദിവ്യരക്ഷിതാവെ, അങ്ങുന്നു സഹിച്ചതിൽ കുറഞ്ഞ വ്യഥകൾ സഹിച്ചുകൊണ്ടു, ഞങ്ങളുടെമേൽ അങ്ങേയ്ക്കുള്ള നിസ്സീമ സ്നേഹം പ്രത്യക്ഷീകരിക്കാൻ പാടു ണ്ടായിരിക്കെ, ഞങ്ങളെ രക്ഷിക്കുന്നതിനു അങ്ങേക്കു കൂടു തൽ ഉപദ്രവവും അനൎത്ഥാവഹങ്ങളുമായ മാൎഗ്ഗങ്ങളെ ഉപയോഗപ്പെടുത്തിയതു മതിയായിരുന്നില്ലെ? അങ്ങുന്നു ചുമക്കാൻ തിരുമനസ്സായ ഞങ്ങളുടെ പാപഭാരത്തിൻെറ ഭയങ്കരഓൎമ്മ വരുത്തിക്കൂട്ടിയ ആ പീഡാകരമായ മരണ വ്യഥയും അതിവേദനയും ഒരിക്കൽ സഹിച്ചതു പോരാ ഞ്ഞൊ? പിന്നെ എന്തിനാണു മനുഷ്യരുടെയും പിശാചു ക്കളുടെയും ഏററം വലിയ കഠിന ദുഷ്ടതകളാൽ അങ്ങ യോടു അനുനിമിഷം കാണിക്കുന്ന സകലവിധ നിന്ദകൾ ക്കും അനാചാരങ്ങൾക്കും അങ്ങയെ വിധേയനാക്കിയിരി ക്കുന്നതു! ഓ! എൻെറ ദൈവമേ, അനന്ത സ്നേഹമായ രക്ഷിതാവെ, ഇത്ര മഹാ നന്ദിഹീനതയും ഇത്ര ഏറെ പാപാക്രമങ്ങളും അങ്ങുന്നു ദൎശിക്കുമ്പോൾ അങ്ങേ തിരു ഹൃദയത്തിനുണ്ടാകുന്ന ദുഃഖം എത്ര വലുതായിരിക്കും. ഇ ത്ര മഹാ ധിക്കാരങ്ങൾ അങ്ങേ ഹൃദയത്തെ എത്രയും വ ലിയ കൈപ്പാൽ നിറച്ചിരിക്കണം.

ഈ എല്ലാവിധ അപമാനങ്ങളെയും അനാചാരങ്ങ ളെയുംപററി അത്യന്തം ദുഃഖിച്ചും മനസ്സുംപപ്പെട്ടും ഹൃ ദയം തകൎന്നുംകൊണ്ടു, ഈ ദിവ്യകൂദാശയുടെ സ്ഥാപ നംമുതല്ക്കു, വിശുദ്ധ പീഠങ്ങളിൽ വസിക്കുന്ന അങ്ങ

യോട്ടു ചെയ്യപ്പെടുന്ന സകല നിന്ദാപമാനങ്ങൾക്കും പാപാക്രമങ്ങൾക്കും ധിക്കാരങ്ങൾക്കും ആകാശത്തിൻെറയും ഭൂമിയുടെയും മുമ്പാകെ പരിഹാരം ചെയ്യുന്നതിനു എന്നെത്തന്നെ താഴ്ത്തി അങ്ങേ സന്നിധിയിൽ സാഷ്ടാംഗപ്രണാമം ചെയ്യുന്നു. എളിമപ്പെട്ടും ദുഃഖിച്ചും, ഈ പാതകങ്ങളെക്കുറിച്ചു ആയിരംപ്രാവശ്യം ഞാൻ പൊറുതി അപേക്ഷിക്കുന്നു. എൻെറ ദൈവമെ, അങ്ങേ ദിവ്യഹൃദയം നീചമായി നിരസിക്കപ്പെടുന്ന സ്ഥലങ്ങളും അങ്ങേ ദിവ്യസ്നേഹത്തിൻെറ അമൂല്യ അച്ചാരം പരുഷമായി അവഗണിക്കപ്പെടുന്ന ഇടങ്ങളും എൻെറ കണ്ണുനീരുകളാലും ചോരയാലും കഴുകി വെടിപ്പാക്കാൻ സാധിച്ചുവെങ്കിൽ ഞാൻ എത്ര ഭാഗ്യവാനായിരുന്നു. ഒരു നവവിധ ആരാധന ചെയ്തുകൊണ്ടും എളിമപ്പെട്ടുകൊണ്ടും, എന്നെത്തന്നെ ഇല്ലാതാക്കിക്കൊണ്ടും, ഇത്രവളരെ ദൈവദോഷങ്ങളും അനാചാരങ്ങളും പരിഹരിക്കാൻ എന്നെക്കൊണ്ടു സാധിക്കുകയില്ലന്നോ? അങ്ങേ അറിവാൻ മനസ്സുവയ്ക്കാത്ത സകലരുടെയും വിസ്മൃതിയേയും, അനാസ്ഥയേയും, അങ്ങേ അറിഞ്ഞവർ യോഗ്യമാംവണ്ണം അങ്ങേ സ്നേഹിക്കാതിരിക്കുന്നതിനെയും, ഒരുവിധമെങ്കിലും പരിഹരിക്കുമാറു ഞാൻ അർപ്പിക്കുന്ന ഈ ബലിയോടൊന്നിച്ചു, അവരുടെ തിനെയും അങ്ങേക്കു കാഴ്ചവയ്ക്കുന്നതിനു, അവരുടെയും ഹൃദയങ്ങളിന്മേൽ സ്വല്പനേരത്തേക്കെങ്കിലും എനിക്കു അധികാരമുണ്ടായിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു.

സകലരുടെയും ആരാധനയ്ക്കു പാത്രമായ രക്ഷിതാവേ, എന്നെ കൂടുതൽ വ്യാകുലപ്പെടുത്തുന്നതും കണ്ണുനീർ വാർത്തു ഞാൻ കരയേണ്ടതും ഈ നന്ദിഹീനന്മാരിൽ ഒരുവൻ ഞാനുമായിരുന്നുവെന്നുള്ളതാണു്. എൻെറ ഹൃദയത്തിൻെറ അഴമ്പോലും കാണുന്ന എൻെറ ദൈവമേ, അങ്ങയോടു ഇത്ര അനാദരവായി പ്രവർത്തിച്ച എൻെറ നന്ദിഹീനതയെപററി എനിക്കുള്ള അപാരമായ ദുഃഖത്തേയും അവയുടെ പരിഹാരാർത്ഥം ചെയ്യേണ്ടതൊക്കെയും

ചെയ്യുവാനും സഹിക്കേണ്ടതൊക്കെ സഹിക്കുവാനുമുള്ള എൻെറ സന്നദ്ധതയേയും തൃക്കൺപാക്കണമെ. ഓ! കൎത്താവേ! എൻെറ ഹൃദയം ദുഃഖത്താൽ തകൎന്നും [illegible]ള്ളമറിച്ചിട്ടും അങ്ങയോടു കാണിച്ച ഇത്രവലിയ ധിക്കാരങ്ങളുടെ പരിഹാരാൎത്ഥം അങ്ങേ ദിവ്യകരങ്ങളിൽനിന്നു അയക്കുവാൻ തിരുമനസ്സാകുന്നതൊക്കയും സ്വീകരിക്കാൻ ഒരുക്കമുള്ളവനായി ഇതാ ഞാൻ സാഷ്ടാംഗം വീണുകിടക്കുന്നു. അടിക്കുക കൎത്താവേ, അടിക്കുക; എൻെറമേൽ അങ്ങേ നീതിയായ ശിക്ഷ അയക്കുന്ന അങ്ങേ കരങ്ങളെ ഞാൻ ചുംബിക്കുകയും വാഴ്ത്തുകയുംചെയ്യും. ഇത്ര മഹാദ്രോഹങ്ങളെ പരിഹരിക്കുന്നതിനു എനിക്കു ഒരു ബലിയായി തീരരുതോ? അങ്ങേ പരിശുദ്ധ തിരുശരീരം വലിച്ചിഴയ്ക്കപ്പെട്ടുകയും ചവിട്ടിമെതിയ്ക്കപ്പെട്ടുകയും ചെയ്യ സ്ഥലങ്ങളെല്ലാം എൻെറ ചോരയാൽ കഴുകുവാൻ പാടില്ലാത്തതെന്തുകൊണ്ടു. ഇത്ര മഹാ ധിക്കാരങ്ങളും കടന്ന അപമാനങ്ങളും വലിയ അനാചാരങ്ങളും സൎവ്വവിധ പീഡകളും സഹിച്ചുകൊണ്ടു പരിഹരിക്കാൻ സാധിച്ചുവെങ്കിൽ എനിക്കു എത്രയൊ വലിയ ഭാഗ്യമായിരുന്നു. ഈ ഭാഗ്യത്തിനു ഞാൻ അയോഗ്യനാണെങ്കിലും എൻെറ അഗ്രഹത്തെ സദയം അങ്ങുന്ന് സ്വീകരിക്കാൻ കൃപയുണ്ടാകണമെ,

നിത്യപിതാവെ, പൂജ്യപുരസ്സരം ഞാൻ ചെയ്യുന്ന പരിഹാരത്തെ, ഗാഗുൽത്താമലയിൽ അങ്ങേ തിരുക്കുമാരൻെറ ദിവ്യഹൃദയവും, പരിശുദ്ധ ദൈവമാതാവു് തൻെറ തിരുക്കുമാരൻെറ സ്ലീവാ ചുവട്ടിൽ നിന്നുകൊണ്ടു ചെയ്യുതിനോടുംകൂടി കൈക്കൊള്ളുമാറാകണമെ. അങ്ങേ തിരുക്കുമാരൻെറ ദിവ്യഹൃദയം അങ്ങയോടു പ്രാൎത്ഥിച്ച പ്രാൎത്ഥന കേട്ടു്, ഞാൻ പ്രവൎത്തിച്ചുപോയ അനവധി അനാചാരങ്ങളും ധിക്കാരങ്ങളും എന്നോടു പൊറുക്കുകയും ആരാധനയ്ക്കു പാത്രമായ ദിവ്യകാരുണ്യത്തിൽ സത്യമായി നിബദ്ധനായിരിക്കുന്നുവെന്നു ഞാൻ വിശ്വസിക്കുന്ന എൻെറ രാജാവും രക്ഷകനും ന്യായാധിപതിയും ആയ

ഈശോയെ, പരിപൂർണ്ണ തീക്ഷ്ണതയോടെ സ്നേഹിക്കാനും എന്നാൽ പാടായ എല്ലാവിധത്തിലും ബഹുമാനിക്കാനും എനിക്കുള്ള ആഗ്രഹത്തെയും അങ്ങനെ ചെയ്യുന്നുണ്ടെന്നുള്ള പ്രതിജ്ഞയേയും അങ്ങേ പ്രസാദവരത്താൽ സഫലമാക്കണമെ.

എന്റെ ഈശോയെ, അവിടുന്നു യഥാർത്ഥത്തിൽ എഴുന്നള്ളിയിരിക്കുന്നുവെന്നു ഞാൻ വിശ്വസിക്കുന്ന അങ്ങേ സന്നിധിയിൽ ഭയഭക്തിയോടെ വർത്തിക്കാനും അങ്ങേ ആരാധിക്കുന്നതിനു ഉത്സാഹത്തോടുകൂടി വരുവാനും ഞാൻ ഉറച്ചിരിക്കുന്നു. അങ്ങേ പരിശുദ്ധതമ ദിവ്യഹൃദയത്തെ, പ്രത്യേകവിധത്തിൽ ബഹുമാനിക്കാനായി എന്നെ ഞാൻ പ്രതിഷ്ഠിച്ചിരിക്കകൊണ്ടു, ശേഷിച്ചിരിക്കുന്ന എന്റെ ജീവിതകാലമൊക്കയിലും ഞാൻ അതു എന്റെ വാസസ്ഥലമാക്കും. എന്റെ മരണസമയത്തിലെ അന്ത്യശ്വാസം അതിൽ നിക്ഷേപിക്കുന്നതിനുള്ള നൽവരം എനിക്കു നൽകുമാറാകണമെന്നു സാദ്ധ്യപ്പെട്ടു ഞാൻ അപേക്ഷിക്കുന്നു. അപ്രകാരം ഭവിക്കട്ടെ.

Printed and Pub'ished for the Proprietor by
P. K. Joseph at the St. Joseph's Press,
Mannanam. 1950.

KOTTAYAM PUBLIC LIBRARY
KOTTAYAM.

Cl. No. M200 Acc. No. 14190

This book should be returned on or before the date last stamped below.

ന൨൦൦ 14190

ഉഗ്നാസിയോസന്റ്

മാസാദ്യ/വെള്ളിയാഴ്ച ധ്യാന

ന ങ്ങൾ

# മാസാദ്യവെള്ളിയാഴ്ച
# ധ്യാനങ്ങൾ.

Indic Digital Archive Foundation
gpura.org